# പുരോഗതിയുടെ മാർഗ്ഗത്തിൽ

ബി. ജി. കൊച്ചുവേലു

13376.

828

۱۰۴۳۶.

# പുരോഗതിയുടെ മാർഗ്ഗത്തിൽ

എസ്. എച്ച്. ലീങ്

ഒന്നാംപതിപ്പ്

കോപ്പി 2000

മാർച്ച്, 1956.

(പകർപ്പവകാശം എസ്. എച്ച്. ലീഗിന്)

Printed at the J. M. Press, Alwaye.

# പുരോഗതിയുടെ മാർഗ്ഗത്തിൽ

13376

രചയിതാവ്:

ബി. ജി. കൊച്ചുവേള്ളി

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത്. P. O.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

വില 11 ണ.

NIHIL OBSTAT

Fr. Aurelian, O. C. D.,

*Alwaye,*
*10-2-1956.*

*Rector, Ap. Seminary.*

IMPRIMATUR

† Joseph Attipetty,

*Ernakulam,*
*19-2-'56.*

*Abp. of Verapoly.*

# ഒരു വാക്ക്

ക്രിസ്തീയപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ഇന്നത്തെ സാമൂഹികപ്രശ്നങ്ങളിലേക്കെത്തിനോക്കവാനാണ ഞാനിവിടെ ശ്രമിച്ചിരിക്കുന്നതു്. "The Social Message of Jesus," by Igino Giordani; "The Social Value of the Gospel," by Garriguet, എന്നീ വിശിഷ്ട ഗ്രന്ഥങ്ങൾ എനിക്ക മാർഗ്ഗദർശനം നല്കിയിട്ടുണ്ട്.

വായനക്കാരുടെ സൗകര്യത്തേയും പ്രതിപാദനത്തിൻെറ ക്രമത്തേയും മുൻനിറുത്തി ക്രിസ്തുവും സാമൂഹികവിപ്ലവവും, ക്രിസ്തുമതത്തിൻെറ സാമൂഹിക പരിപാടികൾ, ക്രിസ്തുമതവും അധുനികപ്രശ്നങ്ങളും എന്നിങ്ങനെ പുസ്തകം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുകയാണു്. ആദ്യത്തെ ഭാഗത്തു സാമൂഹികപ്രശ്നങ്ങളോടു ബന്ധപ്പെട്ട ക്രിസ്തുവിൻെറ വ്യക്തിത്വത്തിൻെറ ഒരു വശം വിശകലനം ചെയ്യുന്നു. അവിടുത്തെ ചെയ്തികളുടെ സാമൂഹിക പ്രാധാന്യത്തേയും പഠിക്കുന്നുണ്ട്. രണ്ടാംഭാഗത്തു ക്രിസ്തുമതത്തിൻെറ പ്രായോഗികമായ സാമൂഹിക പരിപാടികളെപ്പററി ചർച്ചചെയ്യുന്നു. മൂന്നാം ഭാഗത്തു അധുനികകാലത്തു സാമൂഹികമണ്ഡലത്തിൽ കാററും പിശറുമിളക്കുന്ന ചില മാനുഷികപ്രശ്നങ്ങൾക്ക സഭ എങ്ങനെ പരിഹാരമുണ്ടാക്കുന്നുവെന്നു കാണാം. പ്രശ്നങ്ങളെല്ലാം അവയുടെ മുഴുവൻ ആഴത്തിലും വീതിയിലും സ്പർശിച്ചിട്ടുണ്ടെന്നു് അഭിമാനിക്കുന്നില്ല. സാധാരണക്കാരനും ഇടത്തരക്കാരനും വേണ്ടത്ര സാമൂഹികജ്ഞാനം ക്രൈസ്തവതത്വങ്ങളുടെ പശ്ചാത്തലത്തിൽ നല്കണമെന്നേ ഉദ്ദേശ്യമുള്ളു.

'പുരോഗതിയുടെ മാർഗ്ഗത്തിൽ' പലരും എന്നെ സഹായിച്ചിട്ടുണ്ട്. അവരെ സ്നേഹപൂർവ്വം അനുസ്മരിക്കുന്നു. എല്ലാവർക്കും നന്ദി.

തിരുവനന്തപുരം
19—3—'56.

ബി. ജി. കൊച്ചുവേളി

# വിഷയവിവരണിക

## I

## ക്രിസ്തുവും സാമൂഹികവിപ്ലവവും


i നിറക്കണ്ണാടികളിലൂടെ

1. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ആദ്ധ്യാത്മികമെന്നതിനെക്കാൾ സാമൂഹികമാണ്. 3
2. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ സാമൂഹികപ്രശ്നങ്ങളെ സ്പർശിക്കുന്നതേയില്ല. 12

ii യാഥാർത്ഥ്യത്തിനു മുമ്പിൽ 22

1. ക്രിസ്തു സാമൂഹികവിപ്ളവത്തിനു കുഴൽ വിളിച്ചോ? 30
2. ക്രിസ്തു രാഷ്ട്രീയവിപ്ളവകാരിയോ? 32


## II

## ക്രിസ്തുമതത്തിന്റെ സാമൂഹികപരിപാടികൾ


i വ്യക്തികളെ പരിപൂർണ്ണരാക്കുന്നു 42

1. നിയമം ഹൃദയത്തെ മാററുമോ? 43
2. മതം ഹൃദയത്തെ സ്പർശിക്കുന്നു 45

ii കുടുംബഭദ്രത 50

1. കുടുംബം ക്രിസ്തുമതത്തിനു മുമ്പ് 51
2. സ്ത്രീ ക്രിസ്തുമതത്തിനു മുമ്പ് 54
3. സ്ത്രീത്വം മാനിക്കപ്പെടുന്നു 56
4. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ 58
5. വിവാഹം ശാശ്വതമാണ് 59
6. കുഞ്ഞുങ്ങളുടെ നേരെ 64

iii മാനുഷികമൂല്യങ്ങൾ 71

1. പുതിയൊരു സാമൂഹികശാസ്ത്രം 75
2. ഏഴകൾ ഉയരുന്നു 76
3. നാമെല്ലാം സഹോദരരാണ് 78
4. മനുഷ്യരെല്ലാം തുല്യരാണ് 81
5. മനുഷ്യർക്കെല്ലാം സ്വാതന്ത്ര്യത്തിന് അവകാശമുണ്ട് 84

iv സാമൂഹികസുകൃതങ്ങൾ 90

1. സ്നേഹം—ക്രിസ്തുവിൻെറ പുതിയ കല്പന 90
2. നീതി—പുതുക്കിയ പഴയനിയമം 99
3. ക്രിസ്തു നീതിമാനായിരുന്നു 100
4. നീതിയും സ്നേഹവും 104

# III

## ക്രിസ്തുമതവും ആധുനികപ്രശ്നങ്ങളും

i ക്രിസ്തുമതവും ജനാധിപത്യവും 109

1. എങ്ങനെയാകുന്നു? 111
2. ക്രൈസ്തവനാഗരികതയിലെ ജനാധിപത്യം വളരു 113

ii തൊഴിലിനെപ്പററി 116

1. ക്രിസ്തുവിനു മുമ്പ് "
2. ക്രിസ്തുവിനുശേഷം 118

iii ധനം മനുഷ്യജീവിതത്തിൽ 124

1. ധനം നിത്യരക്ഷയെ ദുഷ്പ്രാപമാക്കുന്നു 126
2. ധനം നിത്യരക്ഷയെ അസാദ്ധ്യമാക്കുന്നില്ല 129
3. പുണ്യപരിപൂർണ്ണതയിലേക്കുള്ള എളുപ്പവഴി 132
4. സ്വകാര്യസ്വത്തു നിഷിദ്ധമോ? 133
5. ദാരിദ്ര്യത്തിൻെറ കല്പന 137

# പുരോഗതിയുടെ മാർഗ്ഗത്തിൽ

ഒന്നാംഭാഗം

## ക്രിസ്തുവും സാമൂഹികവിപ്ലവവും

ഒന്നാം അദ്ധ്യായം

### നിറക്കണ്ണാടികളിലൂടെ

വളരെയധികം സാമൂഹികസാമ്പത്തികപ്രശ്നങ്ങളും അനീതികളും നിലവിലിരുന്ന ഒരു ലോകത്തും കാലത്തുമാണു് ക്രിസ്തു ജീവിച്ചതു്. അവിടുന്നു്, ആദ്യമായി പൊതുജനങ്ങൾക്കു നന്മ ചെയ്തു് അവരുടെ സ്നേഹം സമാർജ്ജിക്കുകയും കുറെപ്പേരെ തന്റെ അനുയായികളായി തിരഞ്ഞെടുക്കുകയും ചെയ്തു. ക്രിസ്തീയപ്രബോധനങ്ങളെ ശാശ്വതമാക്കുവാനും അവയെ പരമ്പരയാ തലമുറകളിലേയ്ക്കു പകരുവാനുമായി അവർ ഏകോപിച്ചു പ്രവർത്തിച്ചു.

ഏകാന്തതയെ എന്നതിനെക്കാൾ പൊതുജനസഹവാസത്തെ ക്രിസ്തു ഇഷ്ടപ്പെട്ടു. അവരുടെ സന്തോഷത്തിലും സന്താപത്തിലും പങ്കുകൊണ്ടു. പലരും പല പല സാമൂഹികപ്രശ്നങ്ങളുമായി അവിടുത്തെ സമീപിച്ചു. പ്രൊഫസർ പീബഡി (Peabody) പറയുന്നതുപോലെ, ചിലർ ആ പ്രശ്നങ്ങളെക്കുറിച്ചു ക്രിസ്തുവിന്റെ അഭിപ്രായമെന്തെന്നറിയുവാനും, ചിലർ അവിടുത്തെ കുടുക്കിൽപ്പെടുത്തുവാനും, മററു ചിലർ

അവിടുന്ന് എങ്ങനെ ആ കുഴഞ്ഞ പ്രശ്നങ്ങളെ അഭിമുഖീകരിക്കുമെന്നറിയുവാനുമാണ് കൂടിയതു്. എന്നാൽ, ക്രിസ്തു തനിക്കു കിട്ടിയ സന്ദർഭമെല്ലാം ഉപയോഗിച്ചു കുടുംബത്തിന്റെ അലംഘനീയതയെ, പണക്കാരനും പാവപ്പെട്ടവനും തങ്ങൾക്കിടയിൽ വച്ചുപുലർത്തേണ്ട ബന്ധത്തെ, അടിമയും ഉടമയും പരസ്പരം പാലിക്കേണ്ട കടമയെ വിവരിച്ചു കൊടുത്തു. സ്വത്തുക്കളെല്ലാം കുന്നുകൂട്ടി വച്ചിരുന്ന ധനവാന്മാർ അവയുടെമേൽ തങ്ങൾക്കുള്ള ഉത്തരവാദിത്വങ്ങൾ മറന്നുകൊണ്ടു സുഖിക്കാൻ ശ്രമിച്ചു. ക്രിസ്തു അവരെ തട്ടിയുണർത്തി സാമൂഹികമായ അവരുടെ കർത്തവ്യങ്ങൾ അനുസ്മരിപ്പിച്ചു. എന്നാൽ, മനുഷ്യനെ മനുഷ്യനെതിരായി അണിനിരത്തുവാനല്ല അവിടുന്നു ശ്രമിച്ചതു്. സാമൂഹികജീവിതത്തിന്റെ ഉപരിതലത്തെമാത്രം സ്പർശിക്കുന്ന ഒരു സിദ്ധാന്തസംഹിത ആവിഷ്കരിക്കുകയെന്നതിനെക്കാൾ മനുഷ്യവ്യക്തികളുടെ ആന്തരികപരിവർത്തനംവഴി സർവ്വവിധ മാനുഷികപ്രശ്നങ്ങൾക്കും പരിഹാരം നേടുകയായിരുന്നു അവിടുത്തെ ഉദ്ദേശ്യം.

എന്നാൽ, സുവിശേഷത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ക്രിസ്തുവിന്റെ സാമൂഹികപ്രബോധനങ്ങളെല്ലാം ഒന്നിച്ചാൽത്തന്നെയും സാമൂഹികജീവിതക്രമത്തിനു ക്ലിപ്തവും പൂർണ്ണവുമായ ഒരു ധാർമ്മികനിലവാരം ഉറപ്പിക്കുവാൻ സാധിക്കുമോ? ആധുനികലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന സാമ്പത്തികപ്രശ്നങ്ങൾക്കും മററുപല പ്രശ്നങ്ങൾക്കും പ്രതിവിധി നേടാൻ സുവിശേഷപ്രബോധനങ്ങൾക്കു സാധിക്കുമോ? സാധിച്ചാൽത്തന്നെ അതു് നാം മനഃപൂർവ്വം നമുക്കു വേണ്ടുന്നവയെ സുവിശേഷവ്യാഖ്യാനങ്ങളിൽനിന്നു സമാഹരിക്കുകയായിരിക്കുകയില്ലേ? അവയുടെ യഥാർത്ഥസ്വഭാവത്തേയും ഉദ്ദേശ്യത്തേയും നാം തെററിദ്ധരിക്കുകയായിരിക്കുകയില്ലേ? ഈ സംശയങ്ങൾ കൺമുമ്പിൽവച്ചുകൊ

ണ്ട് നമുക്കു സുവിശേഷപ്രബോധനങ്ങളെ ഒന്നു വിശകലനം ചെയ്യാം.

സുവിശേഷപ്രബോധനങ്ങളുടെ സാമൂഹികപ്രാധാന്യത്തെക്കുറിച്ചു ഭിന്നാഭിപ്രായങ്ങളാണുള്ളത്. ചിലർ അഭിപ്രായപ്പെടുന്നു അവ സർവോപരി സാമൂഹികമാണെന്ന്. എന്നാൽ, മററു ചിലർ പറയുന്നു അവ തികച്ചും മതാത്മകമാണെന്നും സാമൂഹികമായ പ്രശ്നങ്ങൾക്കു യാതൊരു പ്രതിവിധിയും അവയിൽ കാണുകയില്ലെന്നും. ഇനി രണ്ടും കൂടിക്കലർന്ന മൂന്നാമതൊരു വാദവുമുണ്ട്: ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മതാത്മകമെങ്കിലും സാമൂഹികം കൂടിയാണെന്ന്; സമുദായത്തിൻെറ സകല ഘടകങ്ങളേയും നിയന്ത്രിക്കുന്ന തത്വങ്ങൾ അവയിലുണ്ടെന്ന്. ഈ അഭിപ്രായങ്ങളെ നമുക്കൊന്നു പരിശോധിക്കാം.

## I

## ക്രിസ്തുവിൻെറ പ്രബോധനങ്ങൾ ആദ്ധ്യാത്മികമെന്നതിനെക്കാൾ സാമൂഹികമാണ്.

ഈ അഭിപ്രായക്കാർ ക്രിസ്തുവിനെ ഒരു മതസ്ഥാപകനെന്നോ മതപ്രചാരകനെന്നോ കരുതുന്നില്ല. അവിടുത്തെ ദിവ്യസ്വഭാവത്തെ അംഗീകരിക്കുന്നുമില്ല. അവരുടെ നോട്ടത്തിൽ അവിടുന്ന് ഒരു മഹാൻ, ഒരു വീരപുരുഷൻ; അതിനാൽ, സമാരാദ്ധ്യൻ. സാഹോദര്യം, നീതി, സ്നേഹം, സമാധാനം എന്നീ ആശയങ്ങളെ പുനഃപ്രകാശനം ചെയ്ത ഒരു സമുദായ പരിഷ്കർത്താവ്—അത്രമാത്രം. അവർ പറയുന്നു, സാമ്പത്തികവ്യവസ്ഥിതിയിൽ ഒരു പരിവർത്തനം വരുത്തുകയായിരുന്നു ക്രിസ്തുവിൻെറ പ്രവൃത്തികളുടെ ഏകോദ്ദേശ്യമെന്ന്. അവിടുത്തെ പ്രബോധനങ്ങൾ വെ

രും മാനുഷികങ്ങളും ഏററിയക്കുറും സമൂഹത്തെ സംബന്ധിക്കുന്നവയുമായിരുന്നെന്നു്.

"ക്രിസ്തുമതം ആദ്ധ്യാത്മികമായ ഒരുസംവിധാനമല്ല, വെറുമൊരു ജീവിതവ്യാഖ്യാനംമാത്രമാണു്. അതൊരു ആരാധനക്രമമല്ല, സാമൂഹികമായ ഒരാദർശംമാത്രം" (Nitti quoted by Peabody, p. 63) " . . . . . ഗിരിപ്രഭാഷണം സമുദായത്തിൻെറ സയൻസാണു്, രാഷ്ട്രമീമാംസയെക്കുറിച്ചുള്ള ഒരു പ്രബന്ധമാണു്. ഒരു വ്യാവസായിക ജനാധിപത്യം ക്രിസ്തുമതത്തിൻെറ സാമൂഹികസാക്ഷാൽക്കരണമായിരിക്കും. അതു ഗിരിപ്രഭാഷണത്തിൻെറ ആകത്തുകയായിരിക്കും" (Herron: Social meanings of Religious Experience, quoted by Peadody, p. 63).

"തൻെറ പ്രബോധനങ്ങളെ അസ്പഷ്ടമാക്കുന്ന ദൈവശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ എടുത്തു മാററിയാൽ തൊഴിലാളിപ്രസ്ഥാനത്തിൻെറ സ്വവിശേഷമായിരിക്കും ക്രിസ്തുവിൻേറതു്. സാമൂഹികവിപ്ലവകാരികളുടെ ഭാഷയായിരിക്കും, ജനാധിപത്യത്തെക്കുറിച്ചുള്ള ആധുനികാശയങ്ങളുടെ സമാഹാരമായിരിക്കും അതു്." (Peabody: Jesus Christ and the Social Question p. 57)

ഒരു പ്രോട്ടസ്റ്റൻറു് പാസ്റ്ററും എണ്ണപ്പെട്ട പലഗ്രന്ഥങ്ങളുടെ കർത്താവുമായ നൗമൻ (Nauman) പറയുന്നു: "ക്രിസ്തു ജനങ്ങളുടെ നേതാവാണു്. മനുഷ്യാത്മാക്കളെ സംരക്ഷിക്കുവാൻവേണ്ടി സമ്പത്തിൻെറ ശത്രുവായി അദ്ദേഹം മാറിനില്ക്കുന്നു. എന്നാൽ, സമ്പന്നരെ അദ്ദേഹം വെറുക്കുന്നില്ല; സ്നേഹിക്കുകയാണു്. കാരണം, ധനം ത്യജിക്കുവാൻ തയ്യാറുണ്ടെങ്കിൽ ആത്മാവിനെ സ്വതന്ത്രമാക്കുവാൻ അവർക്കു സാധിക്കുമെന്നു് അദ്ദേഹത്തിനറിയാം. സാന്മാർഗ്ഗികമായ അടിസ്ഥാനത്തിൽ മുതലാളിത്തത്തിൻെറ വലിയൊരുവിരോധിയാണവിടുന്നു്. മതത്തിൻെറയോ കുററമേററുപറയുന്നതിൻെറയോ മാനദണ്ഡം

വച്ചുകൊണ്ടല്ല അവസാനം നാം എല്ലാവരും വിധിക്കപ്പെട്ടുക. പ്രത്യുത, മാനുഷികാവശ്യങ്ങളുടെനേരെ നമുക്കുണ്ടായിരുന്ന മനോഭാവമെന്തായിരുന്നു, നാം പരോപകാരപ്രേമികളായിരുന്നോ എന്നു പരിഗണിച്ചായിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. വിശപ്പിൻെറ വിളി കേൾക്കാത്ത ഒരു തലമുറ, നഗ്നരെ ഉടുപ്പിക്കാത്ത ഒരു ജനത, വേദന തിന്നുന്ന രോഗികളേയും യാതനവിഴുങ്ങുന്ന കുററവാളികളേയും ആശ്വസിപ്പിക്കാത്ത ഒരു വർഗ്ഗം നരകാഗ്നിക്കിരയാവുമെന്ന് അദ്ദേഹം തീർത്തു പറയുന്നു." (Pastor Nauman of Frankfort, quoted by Peabody, op. cit., 62.)

"നിലവിലിരിക്കുന്ന ക്രിസ്തുമതം വളരെയധികം വ്യഭിചരിക്കപ്പെട്ടിട്ടുണ്ട്. ഈ നില എന്നും തുടർന്നുപോകാൻ അനുവദിച്ചുകൂടാ. ഇന്നുള്ള ക്രിസ്തുമതത്തെ തച്ചുടച്ച് ക്രിസ്തുവിൻെറ പ്രബോധനങ്ങളുടെ യഥാർത്ഥവെളിച്ചത്തിൽ അവയെ വീണ്ടും വാർത്തെടുക്കണം. ഇന്നലെവരെ ക്രിസ്തുമതം ആദ്ധ്യാത്മികമായിരുന്നെങ്കിൽ നാളെമുതൽ സാമൂഹികമായിരിക്കും ...... ഇന്നലെവരെ ക്രിസ്തുവിൻെറ വ്യക്തിത്വം ദൈവികമായി കരുതപ്പെട്ടുവെങ്കിൽ ഭാവിയിൽ അതു സാമൂഹികമായി എണ്ണപ്പെടും. ഇന്നലെവരെ വിശ്വാസത്തിൻെറ വെളിച്ചത്തിൽ വെളിപ്പെടുത്തിയത് നാളെമുതൽ വ്യവസ്ഥിതിയുടെ വെളിച്ചത്തിൽ പ്രകാശിതമാകും. ക്രിസ്തുമതം ഇന്നലെവരെ കത്തോലിക്കരുടെ കുത്തകാവകാശമായിരുന്നെങ്കിൽ ഇനിമുതൽ മനുഷ്യവർഗ്ഗത്തിൻെറ അവകാശമായിരിക്കും. നാളെമുതൽ ക്രിസ്തുവിൻെറ പ്രവൃത്തികളെ പരോപകാരപ്രവാഹങ്ങളെന്ന് ലോകം പ്രഖ്യാപിക്കും." (Wilfrid Monod: The End of a Christianity, p. 74, 75) ഇക്കൂട്ടർ പറയുന്നു: ക്രിസ്തുമതം ആവിർഭവിച്ചതു് നിലവിലിരുന്ന അനീതിയെ ആട്ടിയോടിക്കുവാനും മനുഷ്യരുടെ ദുരിതത്തെ ദൂരീകരിക്കുവാനുമാണ്. ഇതു

യാഥാർത്ഥ്യം സുവിശേഷ വചസ്സുകളിൽ നിന്നുതന്നെ നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. അവ സ്നേഹത്തിൻെറയും കരുണയുടേയും പവിഴമൊഴികളാണു്; അവശരെ ആശ്വസിപ്പിച്ച വത്സലവചസ്സുകളാണു്; ദുഷിച്ചു നാറിയ സമുദായ വ്യവസ്ഥിതിയോടു സഹതപിച്ചു പാടിയ ഒരു ശോകഗാനത്തിൻെറ പതിത പല്ലവികളാണു്. അതേ, കടുത്ത അനീതിയും പെരുത്ത യാതനയും മുഴുത്ത അസമത്വവും കണ്ടു് ക്രിസ്തുവിൻെറ ഹൃദയം ത്രസിച്ചു; രക്തം തിളച്ചു. നീതിയുടെ നിറവിലും ക്ഷേമത്തിൻെറ തികവിലും സമത്വസുന്ദരമായ ഒരു വ്യവസ്ഥിതിക്കു രൂപം കൊടുക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. അതിന്നായി ജനങ്ങളെ അദ്ദേഹം ആഹ്വാനംചെയ്തു. പണക്കാരോടു് പരിത്യാഗവും അഹങ്കാരികളോടു് സമഭാവനയും സ്വാർത്ഥതൽപരരോടു് പരസേവനവും സുഖഭോഗികളോടു് ഊർജ്ജസ്വലതയും അദ്ദേഹം ആവശ്യപ്പെട്ടു. സകലരോടും സഹതാപവും കരുണയും കാണിക്കണമെന്നും നീതിയും നിർമ്മലതയും പാലിക്കണമെന്നും ബലഹീനരെ വിശേഷാൽ സഹായിക്കണമെന്നും ഉൽബോധിപ്പിച്ചു. കടമകളെ ആദരിക്കുക, അവയെ വിസ്മരിക്കരുതു്; അന്യരെ സഹായിക്കുക, അവരെ ദ്രോഹിക്കരുതു് എന്നും ക്രിസ്തു ആഹ്വാനം ചെയ്തു. ഇങ്ങനെ സുവിശേഷപ്രബോധനങ്ങൾ സർവ്വോപരി വിശ്വോത്തരമായ സാമൂഹികസന്ദേശമായി നിലകൊള്ളുന്നു. "ദൈവത്തിൻെറ സാമ്രാജ്യം സമീപിച്ചിരിക്കുന്നു"— ഇതിനെ ഇവർ വ്യാഖ്യാനിക്കുന്നതു് ഇപ്രകാരമാണു്: "ഇപ്പോഴത്തെ ക്രിസ്ത്യാനികൾ ദൈവസാമ്രാജ്യമെന്നു ക്രിസ്തു പറഞ്ഞതിനെ സ്വർഗ്ഗമെന്നു വ്യാഖ്യാനിക്കുന്നു. എന്നാൽ, അതല്ല ശരി. ശരിയായ വ്യാഖ്യാനമിതാണു്: ആ സാമ്രാജ്യം അത്ര വിദൂരത്തല്ല. യഹൂദരും വിജാതീയരും കരുതിയതുപോലെ ക്രിസ്തുവിൻെറ സാമ്രാജ്യം തികച്ചും ഭൗതികമാണു്. അതിൻെറ അടിസ്ഥാനതത്വങ്ങളെയാണു് ക്രിസ്തു പ്രസംഗിച്ചു

ത്. അതിൻെറ ഐശ്വര്യത്തെ ലാക്കാക്കിയത്രെ അദ്ദേഹം പ്രവൎത്തിച്ചതും."

യാഥാൎത്ഥ്യമാണോ ഇതു്? എങ്കിൽ ക്രിസ്തുവാണ് ഒന്നാമത്തെ വിപ്ലവകാരി. ഇന്നത്തെ സാമൂഹികവിപ്ലവത്തിൻെറ കൊടി പിടിക്കുന്ന നാസ്തികരും ആസ്തികരുമായ ട്രെയിഡ് യൂണിയൻ പ്രവൎത്തകരാണ് അവിടുത്തെ ഏററം വിശ്വസ്തരായ അനുയായികൾ. അവരുടെയെല്ലാം ആദൎശങ്ങളും വ്യവസ്ഥിതിവാദങ്ങളും സുവിശേഷപ്രബോധനങ്ങളുടെ പശ്ചാത്തലത്തിലാണ് രൂപം പ്രാപിച്ചിട്ടുള്ളതും.

"ആധുനിക സോഷ്യലിസത്തിനും കലൎപ്പില്ലാത്ത ക്രിസ്തുമത തത്വങ്ങൾക്കും തമ്മിൽ വ്യത്യാസമില്ലെന്ന് ഇന്ന സൎവ്വസമ്മതമായിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ ക്രിസ്തുമതത്തിനും സോഷ്യലിസത്തിനും തമ്മിൽ എന്തെങ്കിലും പൊരുത്തക്കേട കാണുന്നുണ്ടെങ്കിൽ അതിനു കാരണം സഭയുടെ ഭരണമണ്ഡലവും പൗരോഹിത്യദുഷ്പ്രഭുത്വവും ഉടനീളം തേർവാഴ്ച നടത്തിയെന്നതാണ്" (Edmond picard: The Sermon on the mount and the Contemporary Socialism, p. 20).

"ഡ്യൂണിയർ, ക്യാബെററ് തുടങ്ങിയവരും കഴിഞ്ഞ നൂററാണ്ടിലെ തീക്ഷ്ണവാദികളായ ഒട്ടേറെ സാഹിത്യകാരന്മാരും പറയുന്നതു ശരിയാണെങ്കിൽ സ്വകാര്യസ്വത്തുടമകളില്ലാത്ത ഒരു സോഷ്യലിസ്ററു വ്യവസ്ഥിതി സുവിശേഷത്തിലും പുരാതന ക്രിസ്തുമതത്തിലും ഉണ്ടായിരുന്നെന്നു വിശ്വസിക്കണം. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ആധുനിക വൎഗ്ഗസമരത്തിൻെറ എല്ലാ തത്വങ്ങളും സുവിശേഷം ഉൾക്കൊള്ളുന്നുണ്ട്." "നിരീശ്വരത്വം മാററിവച്ചാൽ സോഷ്യലിസത്തെ സുവിശേഷത്തിൻെറ പേരിൽ നിഷേധിക്കുക സാധ്യമല്ല. കാരണം, സുവിശേഷ തത്വങ്ങൾതന്നെയാണ് സോഷ്യലിസത്തിലുമുള്ളതു്. സാമൂഹിക പ്രശ്നങ്ങളുമായി

ഇടപഴകി അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കു വാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതു് ഇടതു കൈയിൽ രാഷ്ട്രമീമാംസയും വലതു കൈയിൽ ശാസ്ത്രീയ സോഷ്യലിസവും മുമ്പിൽ പുതിയനിയമവും തുറന്നു വയ്ക്കുകയായിരിക്കണം." (റൊഡോൾഫ് റേറാഡ്റവ്)

ക്രിസ്തു ഒരു സോഷ്യലിസ്റ്റായിരുന്നു. അദ്ദേഹം ഈ നൂററാണ്ടിൽ ജീവിച്ചിരുന്നെങ്കിൽ മനുഷ്യത്വത്തിൻെറപേരിലും നീതിയുടെപേരിലും തൊഴിലാളിവർഗ്ഗത്തിൻെറപേരിലും മുതലാളിത്തത്തിനെതിരായി ഇന്നു നടക്കുന്ന സമരത്തിൻെറ പ്രമുഖ നേതാവായിരുന്നേനെ.

ക്രിസ്തുവിനെ ഒരു സാമൂഹികപ്രവൎത്തകനായും ഭരണ പരിഷ്കൎത്താവായുംമാത്രം കാണുന്നവരുടെ വാദങ്ങളുടെ പോക്കു് ഇതാണു്. അവർ അവിടുത്തെ ദിവ്യോദ്യോഗത്തെയും ദൈവികസ്വഭാവത്തെയും മറച്ചു പിടിക്കുന്നു. പണക്കാരുടെ ഔദ്ധത്യത്തെ ശാസിച്ച ക്രിസ്തുവിനെമാത്രമേ ഇക്കൂട്ടർ ശ്രദ്ധിക്കുന്നുള്ളു. ശ്രദ്ധിച്ചതിനുശേഷം അവയെ സ്വകാര്യസ്വത്തിനെതിരായി പുറപ്പെടുത്തിയ ശാപവാക്യങ്ങളെന്നു് ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നു.

ചിലർ ഇതിലും ഒരു പടികൂടി കടക്കുന്നു. അവർ ക്രിസ്തുവിനെ ഒരു വിപ്ലവകാരിയായി മാററുന്നു. ഒരു അരാജകത്വവാദിയായിപ്പോലും ക്രിസ്തുവിനെ അവർ ചിത്രീകരിക്കുന്നു. യുക്തിവാദരാക്ഷസനായ റെനാൻ ക്രിസ്തുവിൻെറ ജീവിതത്തെ നീചമായി പരാമർശിച്ചെഴുതിയ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "ചിലകാര്യങ്ങളിൽ ക്രിസ്തു ഒരു അരാജകത്വവാദിയായിരുന്നു. കാരണം, അദ്ദേഹം ഭരണാധികാരത്തെ അംഗീകരിച്ചില്ല. അതിനെ ഒരു ദുരുപയോഗമായി മാത്രമേ കരുതിയുള്ളു. അദ്ദേഹത്തിൻെറ തത്വങ്ങൾ തികച്ചും ഒരു തരം എബിയോനിസം ആയിരുന്നു. അതായതു്, ഒരു തരം വിശ്വാ

സം. ആ വിശ്വാസമനുസരിച്ച് ദരിദ്രർക്കമാത്രമേ രക്ഷ കിട്ടൂ.... ലോകത്തെക്കറിച്ചുള്ള അദ്ദേഹത്തിൻെറ ആശയം ഗലിലേയൻ അതൃപ്തിയുമായി കൂടിക്കലർന്ന ഒരു സോഷ്യലിസമാകുന്നു. എല്ലാവർഗ്ഗങ്ങളേയും കൂട്ടിക്കലർത്തി, എല്ലാ അധികാരത്തേയും ഇല്ലാതാക്കി ഒരു വലിയ സാമൂഹികവിപ്ലവം സൃഷ്ടിക്കവാനാണ് അദ്ദേഹം ശ്രമിച്ചതു്."

ക്രിസ്തുവിൻെറ ശിഷ്യന്മാർ ആരംഭത്തിൽത്തന്നെ ഗ്രീക്ക-റോമൻ സാമ്രാജ്യവാദികളെ ആക്രമിച്ചു തകിടംമറിക്കവാൻ ശ്രമിച്ചുവെന്നു പറയപ്പെടുന്നു. റെനാൻ തൻെറ ഗ്രന്ഥത്തിൽ പറയുന്നതു്, സെയിൻറു് പോൾ പട്ടണംതോറും ചുററിനടന്നു മനുഷ്യഹൃദയങ്ങളിൽ സുവിശേഷതത്ത്വം പാകിയതിനോടൊത്തു് അന്നത്തെ സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥിതിക്കെതിരായി വിദ്വേഷം വളർത്തിയെന്നാണ്. പുതിയനിയമത്തിൽ ഒരു സോഷ്യലിസ്ററു മാനിഫെസ്റ്റോ മറഞ്ഞുകിടക്കുന്നുണ്ടെന്നാണ് അവരുടെ അഭിമതം. ക്രിസ്തു പന്നിക്കൂട്ടത്തെ കടലിലേക്ക ചാടിച്ചു സ്വകാര്യസ്വത്തിനോടുള്ള തൻെറ പൂർണ്ണമായ പ്രതിഷേധം പ്രകടിപ്പിച്ചു. അത്ഭുതംകൊണ്ടു് അപ്പം വർദ്ധിപ്പിച്ചു ജനക്കൂട്ടത്തെ തീററിയതു്, സാമ്പത്തികപ്രശ്നങ്ങൾ ആദ്ധ്യാത്മികപ്രശ്നത്തെക്കാൾ ഉപരിയാണെന്നു വ്യക്തമാക്കവാനായിരുന്നു. നാണയ വ്യാപാരികളെ ദൈവാലയത്തിനകത്തുവച്ചു ചാട്ടകൊണ്ടടിച്ചു പുറത്തു ചാടിച്ചു. മുതലാളിത്തത്തിനും അതു വരുത്തിവയ്ക്കുന്ന തിന്മയ്ക്കും നേരെയുള്ള തൻെറ പ്രതിഷേധം കാണിക്കവാനായിരുന്നു അതു്. ക്രിസ്തു ഒരു വിപ്ലവകാരിയായിരുന്നു. അദ്ദേഹത്തെപ്പോലെ ഇന്നു വല്ലവരും പ്രസംഗിക്കുകയാണെങ്കിൽ കൽത്തുറുങ്കായിരിക്കും അവരുടെ വിധി.

ക്രിസ്തുവിൽ ഒരു സാമൂഹിക പരിഷ്ക്കർത്താവിനെ കാണാൻ ആഗ്രഹിക്കുന്നവർ ഒരു വശത്തേയ്ക്കേ നോക്കുന്നുള്ളു; അതും ഏററവും അപ്രധാനമായ ഒരു വശത്തേയ്ക്കു് —പാവങ്ങളോ

ടു കരുണ കാണിക്കുന്ന, അവഹേളിക്കപ്പെടുന്നവരോടും കഷ്ടത അനുഭവിക്കുന്നവരോടും സഹതാപം കാണിക്കുന്ന, അഹങ്കാരികളോട്ട് അവജ്ഞയും സ്വാർത്ഥമതികളായ ധനികരോടു വിരസതയും കാണിക്കുന്ന ഒരു വ്യക്തിയേയ്ക്കു്. അവർ ചിത്രീകരിക്കുന്ന ക്രിസ്തു ദൈവമല്ല; വെറുമൊരു മനുഷ്യൻ. ആലംബഹീനന്മാരുടേയും ഹീനന്മാരുടേയും ഒരു സ്നേഹിതൻ. ഒരു ജർമ്മൻ തൊഴിലാളിയുടെ വാക്കുകളിൽ പറഞ്ഞാൽ: "ക്രിസ്തു വാക്കിൽമാത്രമല്ല പ്രവൃത്തിയിലും തൊഴിലാളിവർഗ്ഗത്തിന്റെ ഉത്തമമിത്രമായിരുന്നു. ഇന്ന് അധികാരികൾ കമ്മ്യൂണിസ്റ്റുകളെ വെറുക്കുന്നതുപോലെ അന്ന് അദ്ദേഹത്തെ അവർ വെറുക്കുകയും ഞെരുക്കുകയും ചെയ്തു. . . . അദ്ദേഹം ഇന്നു ജീവിച്ചിരുന്നെങ്കിൽ സംശയമെന്നിയേ ഞങ്ങളിൽ ഒരുവനാകുമായിരുന്നു . . . . ഇതുവരെ ഞങ്ങൾ വിചാരിച്ചു, ക്രിസ്തു പുരോഹിതവർഗ്ഗത്തിന്റെ കണ്ടുപിടിത്തമാണെന്ന്. എന്നാൽ ഇപ്പോഴല്ലേ മനസ്സിലാവുക അദ്ദേഹവും ഞങ്ങളെപ്പോലെയായിരുന്നെന്ന്. ജീവരക്തംവരെ ചൊരിഞ്ഞു പാവങ്ങളെ സ്നേഹിച്ച പാവപ്പെട്ട ഒരു തൊഴിലാളിയായിരുന്നെന്ന്. ഈ യാഥാർത്ഥ്യം ഇപ്പോഴെങ്കിലും ഞങ്ങൾ മനസ്സിലാക്കുന്നു. ക്രിസ്തുവാണു ഞങ്ങളുടെ വഴികാട്ടി, ഞങ്ങളുടെ മിത്രം."

ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ അവർ കാണുന്നതു്, മുതലാളിത്തത്തിനെതിരായി പടവെട്ടുവാനുള്ള ആജ്ഞയും വർഗ്ഗസമരം തുടർന്നുകൊണ്ടുപോകുവാനുള്ള അനുശാസനവുമാണു്. അവരുടെ ക്രിസ്തു പരലോകത്തു പരമപിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന 'മിസ്റ്റിക്ക്' ക്രിസ്തുവല്ല; പ്രത്യുത, നസ്രേത്തിലെ ഒരു മരപ്പണിക്കാരൻ, പാവങ്ങളുടെ ഒരു അഭിഭാഷകൻ, തൊഴിലാളിസ്നേഹിതന്മാരുടെ അവശതകൾ പരിഹരിക്കുവാൻ പരിശ്രമിച്ച വിശാലഹൃദയനും കരുണാനിധിയുമായ ഒരു സാമൂഹികപരിഷ്കർത്താവ്. അവിടുത്തെ ദൈവസ്വഭാവത്തെ അവർ പരിപൂർണ്ണമായി

നിഷേധിക്കുന്നു. എന്നാൽ, അവർ സമ്മതിക്കുന്നു, അദ്ദേഹത്തിന് ഏററം വലിയ സാമ്രാജ്യികശ്രേഷ്ഠതകളുണ്ടെന്ന്. മനുഷ്യവർഗ്ഗത്തിൻെറ ഏററം വലിയ ഉപകാരിയാണു ക്രിസ്തുവെന്നും അവർ പ്രഖ്യാപിക്കുന്നു. ഗലിലേയനായ ഒരു പരിഷ്കർത്താവിനേയും നിയമം, മുതലാളിത്തം—ഇവയുടെ ശത്രുവായി പ്രത്യക്ഷപ്പെടുന്ന ഒരു ആധുനികവിപ്ളവകാരിയേയും ക്രിസ്തുവിൽ കൂട്ടിയിണക്കാൻ ആദ്യമായി ശ്രമിച്ചതു് റെനാൻ ആണു്.

കേവലം നിരർത്ഥകമാണു് ഇവരുടെ ഈ പ്രസ്താവനകളെല്ലാം. ചരിത്രപരമായി അവയ്ക്കു് ഒരു വിലയുമില്ല. ഇവർ ചിത്രണം ചെയ്തിരിക്കുന്ന ക്രിസ്തുവിനും യഥാർത്ഥക്രിസ്തുവിനും തമ്മിൽ ഇരുളും വെളിച്ചവും, ഭൂമിയും സ്വർഗ്ഗവുംപോലുള്ള വ്യത്യാസമാണുള്ളതു്. യഥാർത്ഥക്രിസ്തു ഒരു വിപ്ലവകാരിയല്ല; കലഹപ്രിയനുമല്ല. ആധുനികസ്ഥിതിസമത്വവാദികളുടെ മുന്നോടിയായ വെറുമൊരു സാമൂഹികോദ്ധാരകനാണു് ക്രിസ്തു എന്നു പറയുന്നതിൽ കഥയില്ല. അഭൗമികതയിലേക്കു് മനുഷ്യവർഗ്ഗത്തിനു വഴിതുറന്നുകൊടുക്കുന്ന ദൈവികമായ ഒരു മതം സ്ഥാപിക്കുകയായിരുന്നു അവിടുത്തെ ജീവിതോദ്ദേശ്യം. ആ ദൈവികമതത്തിൻെറ ശീതളച്ഛായയിൽ ഒന്നിച്ചുകൂടുന്ന ജനപദങ്ങളുടെയിടയിൽ എല്ലാ മാനുഷികാവകാശങ്ങളും ആദരിക്കപ്പെടുകയും പെയ്ഗൻ നാഗരികതയിലെ ഉച്ചനീചത്വങ്ങൾ നിരപ്പാക്കപ്പെടുകയും ചെയ്യുമെന്നുള്ളതു വാസ്തവമാണു്.

ക്രിസ്തുവിനെ ഇങ്ങനെ വെറുമൊരു സമുദായ പരിഷ്കർത്താവായോ വിപ്ലവകാരിയായോ കരുതുന്നവരിൽ ചിലർ യുക്തിവാദികളും മററുചിലർ പ്രോട്ടസ്റ്റൻറുകാരും—പ്രത്യേകിച്ചു് ഡോക്ടർ സ്റ്റോക്കറിൻെറ അനുഗാമികളും— ആണെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

II

## ക്രിസ്തുവിൻെറ പ്രബോധനങ്ങൾ സാമൂഹികപ്രശ്നങ്ങളെ സ്പർശിക്കുന്നേയില്ല.

"ക്രിസ്തു ഒരിക്കലും ഒരു സമുദായോദ്ധാരകനായിരുന്നില്ല. ആത്മാക്കൾ ദൈവസന്നിധിയിലേക്കു നടന്നടുക്കുവാൻ വഴി തുറന്ന ദൈവകുമാരനാണവിടുന്ന്. അവിടുന്നൊരു പ്രകാശകൻ; പ്രക്ഷോഭകനല്ല. അവിടുത്തെ ദൗത്യമോ തികച്ചും മതാത്മകം. മനുഷ്യഹൃദയങ്ങളെ സ്വർഗ്ഗീയപിതാവിനോടടുപ്പിക്കുകയായിരുന്ന ആ പ്രകാശകൻെറ ഏകോദ്ദേശ്യം" (Peabody: Jesus Christ and the Social Question, p. 77)

"ക്രിസ്തുവിനെ ഒരുതരം ലോകോപകാരിയും സോഷ്യലിസ്ററു പരിഷ്കർത്താവുമായി മാററുന്നതിൽപ്പരം അബദ്ധം മറെറാന്നില്ല. ഒരേ ഒരു പരിഷ്കാരമേ അവിടുന്നു അനുഗ്രഹിച്ചുള്ളൂ. ആത്മാക്കളുടെ അഭിവൃദ്ധിമാത്രമായിരുന്നു അതു്. അവിടുന്നു വിഭാവനം ചെയ്ത ഏക സമുദായം സ്വർഗ്ഗവും." (Paul Janet: History of the Political science 1., p. 287)

ലൗകികമായ യാതൊന്നിലും അവിടുത്തെ ശ്രദ്ധ പതിഞ്ഞില്ല. തൻെറ അനുഗാമികളും ലൗകികകാര്യങ്ങളെക്കുറിച്ചു വ്യഗ്രത കാണിക്കരുതെന്ന് അവിടുന്നാഗ്രഹിച്ചു. അവരുടെ എല്ലാ ശ്രദ്ധയും ആത്മവിശുദ്ധീകരണത്തിലും നിത്യരക്ഷയിലും കേന്ദ്രീകരിച്ചിരിക്കണം. മററുള്ളതെല്ലാം വെറും നിസ്സാരങ്ങളാണ്. അവിടുന്നു തുടന്നു ചോദിക്കുന്നു: "ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ മനുഷ്യാ, നിനക്കെന്തു പ്രയോജനം?" (വി. മാത്യു, XVI: 26–വി. മാക്ക് VIII: 36–വി. ലൂക്ക് IX: 25) "അതുകൊണ്ട് ആദ്യമായി നിങ്ങൾ ദൈവത്തിൻെറ രാജ്യത്തെയും അവിടുത്തെ നീതിയെയും അന്വേഷിക്കുക; അപ്പോൾ ഇവയെല്ലാംകൂടെ നിങ്ങൾക്കു ലഭി

ക്കുന്നതായിരിക്കും"(വി. മാത്യു, VI: 33-വി. ലൂക്ക് XII: 33). പൂർണ്ണമായ പരിത്യാഗത്തിൽ പുണ്യപരിപൂർണ്ണത അടങ്ങിയിരിക്കുന്നു. "നിനക്കു പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ നിൻെറ സമ്പത്തുകൾ വിററു ദരിദ്രർക്കു കൊടുക്കുക. നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. അതിനുശേഷം വന്നു എന്നെ അനുഗമിക്കുക." (വി. മാത്യു XIX: 21) യഹൂദന്മാർ പ്രതീക്ഷിച്ച ഭൗതികസാമ്രാജ്യത്തെക്കുറിച്ചല്ല ക്രിസ്തു പ്രസംഗിച്ചതു്. പ്രത്യുത, തികച്ചും വ്യത്യസ്തമായ ഒരു സ്വർഗ്ഗീയസാമ്രാജ്യത്തെ— ആരംഭംമുതൽ അനുഗൃഹീതർക്കുവേണ്ടി തൻെറ പിതാവിനാൽ ഒരുക്കപ്പെട്ട ഒരു സ്വർഗ്ഗീയസാമ്രാജ്യത്തെ—ക്കുറിച്ചായിരുന്നു. മറിച്ചു വ്യാഖ്യാനിക്കുന്നതു് തികച്ചും അവിവേകവും അബദ്ധവുമായിരിക്കും. അലൗകികമായ ആശയങ്ങളാണു് എപ്പോഴും അവിടുത്തെ ചിന്തയിൽ തെളിഞ്ഞുനിന്നിരുന്നതു്. അവയിൽ ആമഗ്നനായിരുന്ന അവിടുത്തേക്കു ലൗകികകാര്യങ്ങളെക്കുറിച്ചു ചിന്തിക്കുവാനേ സമയമില്ലായിരുന്നു. അവിടുത്തെ പ്രബോധനങ്ങൾക്കു സാമൂഹികജീവിതവുമായി ബന്ധമൊന്നുമില്ലായിരുന്നു. ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നകന്നു ജീവിച്ച ഒരു വ്യക്തിയായിരുന്നു അവിടുന്നു്, സാമൂഹികസുകൃതങ്ങളായ നീതിയേയും സ്നേഹത്തേയും, ഐകമത്യത്തേയും പരസ്പരസഹായത്തേയുംകുറിച്ചു് അവിടുന്നു പ്രസംഗിച്ചു; പരമാർത്ഥം. പക്ഷെ, ഉദ്ദേശ്യം ആത്മാവിനെ പരിപോഷിപ്പിച്ചു പുണ്യത്തിൽ അഭിവൃദ്ധിപ്പെടുത്തുക എന്നതായിരുന്നു. എല്ലാവരോടും അവിടുന്നു കരുണ കാണിച്ചു; പ്രത്യേകിച്ചു പാവങ്ങളോടു്. അവിടുന്നു പ്രസംഗങ്ങൾവഴി പണക്കാരുടെനേരെ ക്രൂരമ്പുകൾ എയ്തുവിട്ടു. അനീതിയേയും അക്രമത്തേയും അവിടുന്നു ശപിച്ചു. മനുഷ്യർക്കെല്ലാം നന്മ ചെയ്തുകൊണ്ടു് അവിടുന്നു് എല്ലായിടത്തും ചുററിനടന്നു. ഇതിനെക്കാൾ കരുണാർദ്രമായ ഒരു കരളിനെ, സഹതാപാർദ്രമായ ഒരു ഹൃദയത്തെ വിഭാവനം ചെയ്യുക അസാദ്ധ്യം. എന്നാലും അവിടുന്നാരംഭിച്ച പ്രസ്ഥാനം സാമൂഹികമെന്നു പറഞ്ഞു

ക്കടാം. അവശരുടെനേരെ ഒരു അലസമായ മനോഭാവമല്ല തീർച്ചയായും അവിടുത്തേക്കുണ്ടായിരുന്നത്. എങ്കിലും സാമൂഹികക്ഷതങ്ങളെ സുഖപ്പെടുത്തുകയും അനീതിയേയും അസമത്വത്തേയും തുടച്ചു നീക്കുകയുമായിരുന്നില്ല അവിടുത്തെ പ്രധാന ലക്ഷ്യം. പുതിയൊരു സാമ്പത്തികവ്യവസ്ഥിതിക്കായി അവിടുന്നു കാഹളമൂതിയുമില്ല. അതിനെക്കാൾ ശ്രേഷ്ഠമായ കാര്യങ്ങളും ആദർശങ്ങളുമാണ് എപ്പോഴും അവിടുത്തെ ചിന്താമണ്ഡലത്തിൽ സ്ഥലംപിടിച്ചിരുന്നത്. "ലോകം, അതിലുള്ള വസ്തുക്കൾ, മാനുഷികനിയമങ്ങൾ, നാഗരികത ഇവയുടെനേരെ ക്രിസ്തുവിനുണ്ടായിരുന്ന മനോഭാവം ചരിത്രപരമായി തിട്ടപ്പെടുത്തുന്നതിലും എളുപ്പമായി വേറൊന്നില്ല. ....സുവിശേഷതത്വങ്ങളനുസരിച്ചു പണിതുയർത്തേണ്ട പരിപൂർണ്ണമായ ഒരു സമുദായത്തെക്കുറിച്ചുള്ള ആശയം സമീപസ്ഥമായിരുന്ന ആ സാമ്രാജ്യത്തെ സംബന്ധിക്കുന്നതാണ്. ആ സാമ്രാജ്യത്തിൽ പണക്കാരനും പാവപ്പെട്ടവനും വ്യത്യാസമില്ല. സ്വകാര്യസ്വത്തിനും പൊതുസ്വത്തിനും അവിടെ സ്ഥാനമില്ല. സ്വർഗ്ഗീയസുഖമനുഭവിക്കുക— അതത്രേ പൊതുവായ അഭിലാഷം.... മനുഷ്യസമുദായത്തിൽ നിലവിലിരിക്കുന്നു ഘടനയെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഒരു പ്രസ്താവനയും സുവിശേഷത്തിൽ കാണുകയില്ല. മാനുഷികങ്ങളും രാഷ്ട്രീയസാമൂഹികങ്ങളുമായ പ്രശ്നങ്ങളെല്ലാം അഗണ്യമെന്നേ സുവിശേഷം കരുതുന്നുള്ളൂ........" (Loisy: the Gospel and the Church pp. 23, 29, 32, 33)

ഇതിൽനിന്ന് ഒരു പടികൂടിക്കടന്ന് വേറൊരു കൂട്ടർ പറയുന്നു, ക്രിസ്തുവിന്റെ പ്രബോധനങ്ങൾ സമൂഹത്തെസ്സംബന്ധിക്കുന്നവയല്ല, അതിനെതിരായവയാണെന്ന്. ക്രിസ്തുമതത്തിന്റെ വിരോധിയും വിശ്വസാഹിത്യകാരനുമായ എമിലിസോളായുടെ അഭിപ്രായത്തിൽ: "സുവിശേഷപ്രബോധനം സമുദായത്തിനും വ്യക്തിക്കും വിരുദ്ധമായ ഒരു തത്വസം

ഹിതയും ജീവിതസുഖത്തേയും സൗഭാഗ്യപൂർണ്ണമായ ഈ ലോകത്തേയും കരണ്ടുതിന്നുന്ന വിനാശകരമായ ഒരു സിദ്ധാന്തസമുച്ചയവുമാണ്. ഇതെന്തിനെന്നോ? ഭൂമിക്കപ്പുറമുണ്ടെന്ന് അവർ വിശ്വസിക്കുന്ന ഒരു ലോകത്തെ— വഞ്ചനനിറഞ്ഞ ആ 'വഴിപ്പൊതിയെ' പിടിച്ചുപറിക്കാൻ, പ്രവേശിക്കാൻ പ്രയാസമേറിയ ആ ആദർശസാമ്രാജ്യത്തിൽ ചെന്നുപററാൻ."

ക്രിസ്തു എല്ലാ സാമൂഹികബന്ധത്തേയും തച്ചുടച്ചു. കുടുംബത്തിന്റെ അടിത്തറയെത്തന്നെ തകിടംമറിച്ചു. ഏററം സമൃജ്യവും മഹനീയവുമായ പ്രേമത്തെ ശ്വാസംമുട്ടിച്ചു കഴിച്ചുമൂടാൻ അഗ്രഹിച്ചു. ഹൃദയത്തിന്റെ സ്വാഭാവികമായ അഭിനിവേശങ്ങൾപോലും അദ്ദേഹത്തിന്റെ നോട്ടത്തിൽ പാപമത്രെ. ഇന്നും ക്രിസ്തു ആവശ്യപ്പെടുക പരിപൂർണ്ണമായ പരിത്യാഗമാണ്. പ്രകൃതിവിരുദ്ധമായ ഒരാത്മസമർപ്പണമാണത്. "യാതൊരുത്തൻ തന്റെ പിതാവിനേയും, മാതാവിനേയും, ഭാര്യയേയും, മക്കളേയും, സഹോദരന്മാരേയും, സഹോദരിമാരേയും, മാത്രമല്ല തന്റെ പ്രാണനെക്കൂടെയും ദ്വേഷിക്കാതെ, എന്റെ അടുക്കൽ വന്നാൽ, അവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല. അപ്രകാരംതന്നെ തനിക്കുള്ള സമസ്തവും പരിത്യജിക്കാതെ നിങ്ങളിൽ യാതൊരുത്തനും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല." (വി. ലൂക്ക് 15: 26, 33) "ഞാൻ ഭൂമിയിൽ സമാധാനം സ്ഥാപിക്കുവാൻവന്നുവെന്നു നിങ്ങൾ വിചാരിക്കുന്നുവോ? അല്ലാ വേർപിരിവിനത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്തുകൊണ്ടെന്നാൽ ഇനിമേൽ മൂന്നുപേർ രണ്ടുപേർക്കു വിരോധമായും, രണ്ടുപേർ മൂന്നുപേർക്കു വിരോധമായും വർത്തിക്കും. പിതാവു സ്വപുത്രനെതിരായും, പുത്രൻ പിതാവിനെതിരായും, അമ്മ മകൾക്കെതിരായും, മകൾ അമ്മയ്ക്കെതിരായും, അമ്മായി അമ്മ മരുമകൾക്കെതിരായും, മരുമകൾ

അമ്മായി അമ്മയ്ക്കു് എതിരായും ഭിന്നിക്കും.” (വി. ലൂക്ക് 12: 51, 52, 53) കൃത്രിമമായ സുകൃതങ്ങളഭ്യസിക്കുവാൻ ക്രിസ്തു ഈ വാക്കുകൾവഴി തന്റെ അനുയായികളെ അനുശാസിക്കുന്നു. ഇതിനെക്കാൾ കക്കശമായ സാമൂഹികവിരുദ്ധ പ്രബോധനം മറെറാന്നില്ല. ഈ സുകൃതങ്ങൾ ഉൾക്കരുത്തിനടവുവരുത്തുന്നു; ആത്മാഭിമാനത്തെ തട്ടി തരംതാഴ്ത്തുന്നു; ഭൗതികകാര്യങ്ങളുടെ നേരെ അവജ്ഞയും പുരോഗതിയുടെ നേരെ ഒരുതരം അലസമനോഭാവവും പ്രവത്തനോന്മുഖതയുടെനേരെ നിന്ദയുമുളവാക്കുന്നു. ജോലിചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതിനുപകരം ക്രിസ്തു ഗഹനവും അലസവുമായ ഒരുതരം ശാന്തിയിലേക്കു് അവനെ നയിക്കുന്നു. വിതയ്ക്കാനും കൊയ്യാനും അറകളിൽ ശേഖരിക്കാനും ഒരുമ്പെടുന്നവരോട്, അതായത്, ഉപകാരപ്രദവും ഫലവത്തുമായ ജോലി ചെയ്യുവാനും, യഥാർത്ഥമായ സാമൂഹികപ്രവത്തനം നിർവ്വഹിക്കുവാനും സന്നദ്ധരാകുന്നവരോടു ക്രിസ്തു പറയുന്നു: “അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ ജീവനെ സംബന്ധിച്ച് അതിനെ പോററുന്നതിനു് എന്തു തിന്നണം, എന്തു കുടിക്കണം എന്നോ, നിങ്ങളുടെ ശരീരത്തെസംബന്ധിച്ച് എന്തുടുക്കണമെന്നോ നിങ്ങൾ ഉൽകണ്ഠാകുലരായിക്കരുതെന്നു്. ഭക്ഷണത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും കൂടുതൽ പ്രാധാന്യമുള്ളതല്ലയോ? ആകാശത്തിലെ പക്ഷികളെ നോക്കുക; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറപ്പുരകളിൽ ശേഖരിക്കുന്നുമില്ല; നിങ്ങളുടെ സ്വർഗ്ഗീയപിതാവു് അവയെ തീററുന്നു. നിങ്ങൾ അവയെക്കാൾ ശ്രേഷ്ഠതയുള്ളവരല്ലയോ? നിങ്ങളിൽ ആക്ക് ചിന്താകുലതകൊണ്ടു് തന്റെ കിളരം ഒരു മുഴം കൂട്ടാൻ കഴിയും? വസ്ത്രത്തിനായി നിങ്ങൾ എന്തിനു ബദ്ധപ്പെടുന്നു? വയലിലെ ലില്ലിപ്പുഷ്പങ്ങൾ എങ്ങനെ വളരുന്നു എന്നു ചിന്തിക്കുവിൻ: അവ അദ്ധ്വാനിക്കുന്നില്ല, നൂൽനൂല്ക്കുന്നുമില്ല. എന്നാൽ, സോളമൻപോലും താൻ അതിപ്രതാപവാനായിരുന്നിട്ടും, ഇവയിൽ ഒന്നിനെ

പ്പോലെ കോമളമായ വേഷം അണിഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.........

"അതുകൊണ്ടു് ആദ്യമായി നിങ്ങൾ ദൈവത്തിൻെറ രാജ്യത്തെയും അവിടുത്തെ നീതിയേയും അന്വേഷിക്കുവിൻ; അപ്പോൾ ഇവയെല്ലാംകൂടി നിങ്ങൾക്കു ലഭിക്കുന്നതായിരിക്കും. നാളെയ്ക്കുവേണ്ടി നിങ്ങൾ ബദ്ധപ്പെടാതിരിക്കുവിൻ; നാളത്തെ ദിവസംതന്നെ നാളത്തേക്കുവേണ്ടി ബദ്ധപ്പെട്ടുകൊള്ളും. ഇന്നത്തേക്ക് ഇന്നത്തെ ബദ്ധപ്പാടുകൾതന്നെ വേണ്ടുവോളമുണ്ടു്." (വി. മാത്യു 6: 25–34)

ഭൗതികാവശ്യങ്ങളെക്കുറിച്ചുള്ള ആകുലത ഉപേക്ഷിക്കുവാൻ അവിടുന്നു ജനങ്ങളോടുപദേശിക്കുന്നു. ഈ ഉപദേശത്തിൻെറ ഉൾപ്പൊരുൾ കരുതൽധനം സൂക്ഷിക്കരുതെന്നാണു്. ദൈവത്തിൽ കൂടുതൽ ശരണപ്പെടുക. അപ്പോൾ ജീവിതാവശ്യങ്ങളെല്ലാം താനേ നിറവേറിക്കൊള്ളും. 'ആദ്യം ദൈവരാജ്യം നേടുക; ശേഷമുള്ളതു നിങ്ങൾക്കു നല്കപ്പെടും.' ആകാശത്തിലെ പറവകളെ തീററുകയും വയലിലെ ലില്ലിപ്പുഷ്പങ്ങളെ അലങ്കരിക്കുകയും ചെയ്യുന്ന പിതാവു നമുക്കു ഭക്ഷണത്തിനോ വസ്ത്രത്തിനോ ബുദ്ധിമുട്ടു വരുത്തുകയില്ല. പിന്നെന്തിനു 'നാളെ'യെക്കുറിച്ചു ചിന്തിച്ചു് ആകുലരാകണം? എന്തിനു പണിയെടുക്കണം? നാളത്തേക്കു കരുതിവയ്ക്കുന്നതിൻെറ ആവശ്യമെന്തു്? നാളത്തെയ്ക്കു നാളെ മതി. ഇന്നത്തെ പ്രശ്നം തീരട്ടെ. അലസതയേയും വിവേകശൂന്യതയേയും ആശ്ലേഷിക്കാനുള്ള ആഹ്വാനമാണിതു്.

അവർ പറയുന്നു: ജീവിതാവശ്യങ്ങളെ ഇത്രത്തോളം വിഗണിക്കാനും സാമൂഹികസുസ്ഥിതിക്കു വിരുദ്ധമായി നില്ക്കാനും ഈ സുവിശേഷതത്വങ്ങൾ മനുഷ്യനെ പ്രേരിപ്പിക്കുന്നു. സന്യാസികൾക്കും വിരക്തർക്കുമേ ഈ തത്വങ്ങൾ കൊണ്ടു പ്രയോജനമുള്ളു. ഇന്നത്തെ കൊടുംപിരികൊണ്ട സാമൂഹികപ്രശ്നങ്ങൾക്കു് ഇതുമൂലം സമാധാനം കണ്ടെത്തു

ക സാദ്ധ്യമല്ല. കൂടാതെ, ക്രിസ്തുവിന്റെ പ്രബോധനങ്ങൾ മനുഷ്യനെ ഭീരുത്വത്തിലേക്കും ബലഹീനതയിലേക്കും നയിക്കുന്നു. തന്റെ ശിഷ്യന്മാർ പ്രഹരിക്കപ്പെടാനും ആക്രമിക്കപ്പെടാനുമാണു ക്രിസ്തു ആഗ്രഹിക്കുന്നതു്. തന്റെ അനുയായികളോടു ക്രിസ്തു ആജ്ഞാപിക്കുന്നു: "ഒരു ചെകിട്ടിൽ അടിക്കുന്നവനു മററത്തും കാണിച്ചുകൊടുക്കുക; നിന്നിൽനിന്നു (നിന്റെ) മേലങ്കി അപഹരിക്കുന്നവൻ (നിന്റെ) കുപ്പായവും (എടുത്തുകൊള്ളുവാൻ) നീ വിരോധിക്കേണ്ടാ. (വി. ലൂക്ക് 6: 29) ക്രിസ്തുവിന്റെ പ്രബോധനങ്ങൾ കൈക്കൊണ്ടാൽ ആർക്കും ധീരമായ ഒരു സ്വഭാവം രൂപീകരിക്കാൻ സാധിക്കയില്ല. മനുഷ്യനെ പുരുഷത്വവും ചുണ്ണുററവുമററവനാക്കാനേ അവയ്ക്കു കഴിയൂ. വ്യക്തമല്ലാത്ത ഒരു ആന്തരിക പരിപൂർണ്ണതയെ ഉന്നംവയ്ക്കുന്നുവെന്ന നാട്യത്തിൽ സാധാരണ ജീവിതത്തെപ്പററി മനുഷ്യനിൽ വെറുപ്പുളവാക്കുന്നു. തന്നിമിത്തം, സമുദായത്തിലെ അംഗമെന്ന നിലയിൽ സ്വന്തം കർത്തവ്യം അനുഷ്ഠിക്കുവാൻ അവൻ അശക്തനാകുന്നു.

മിക്ക ഓർത്തഡോക്സ് പ്രോട്ടസ്റ്റൻറുകാരുടേയും യുക്തിവാദികളുടേയും അഭിപ്രായവും ഇതുതന്നെ. ചില കത്തോലിക്കർപോലും സുവിശേഷപ്രബോധനങ്ങളുടെ സാമൂഹികപ്രാധാന്യത്തെ അവഗണിച്ചു കളയാറുണ്ടു്. ക്രിസ്തുവിന്റെ മനസ്സിലുണ്ടായിരുന്നതു ദൈവസാമ്രാജ്യം—പിതാവിന്റെ മഹത്വവും മനുഷ്യരുടെ ആത്മരക്ഷയും ആയിരുന്നുവെന്നാണു് അവരുടേയും അഭിപ്രായം. അവർ പറയുന്നു:"ക്രിസ്തു തന്റെ ജീവിതകാലം മുഴുവൻ, നിലവിലിരുന്ന നിയമത്തിനും ആചാരത്തിനും പാരമ്പര്യത്തിനുമൊപ്പിച്ചു ജീവിതത്തെ ക്രമവൽക്കരിച്ചു. ലൗകികമായ ഏതെങ്കിലും പരിഷ്ക്കാരം നടപ്പാക്കണമെന്നു് അവിടുന്നു ചിന്തിച്ചെന്നോ അതനുസരിച്ചു പ്രവർത്തിച്ചെന്നോ അവിടുത്തെ ഒരു വാക്കെങ്കിലും എടുത്തു തെളിയിക്കുവാൻ നമ്മെക്കൊണ്ടാവുകയില്ല. അഭൗമമായ ഒരു ദൗത്യ

ത്തിൻെറ നിർവ്വഹണത്തിനുവേണ്ടിയാണു ക്രിസ്തു ലോക ത്തിൽവന്നത്. ഭൗതികകാര്യങ്ങളെക്കുറിച്ച് അവിടുന്ന് അ ശേഷം ശ്രദ്ധിച്ചില്ല. അവ മനുഷ്യർക്കുതന്നെ വിട്ടുകൊടുത്തു. സ്വശിഷ്യരോടു ക്രിസ്തു കല്പിച്ചു, ലൗകികകാര്യങ്ങളെക്കുറിച്ചു ചിന്തിക്കരുതെന്ന്. സാമൂഹികമായി യാതൊരുകാര്യത്തിലും ഇടപെടരുതെന്ന്. സുവിശേഷനിഷ്ഠമായ വ്യവസായം, അഥ വാ, വ്യാപാരം എന്നൊന്നില്ല. സുവിശേഷത്തിൻെറ മുദ്രാവാ ക്യങ്ങളനുസരിച്ചു ജീവിക്കുന്ന വ്യാപാരികളും തൊഴിലാളി കളും മാത്രമേ ഉള്ളു. സുവിശേഷാധിഷ്ഠിതമായ സാമൂഹിക ശാസ്ത്രമോ രാഷ്ട്രമീമാംസയോ ഇല്ല. സാമ്പത്തികവികേന്ദ്രീ കരണത്തേയും സാമൂഹികജീവിതത്തേയും സംബന്ധിക്കുന്ന സുവിശേഷതത്വങ്ങൾ ചില പ്രത്യേകസാഹചര്യങ്ങളിൽമാ ത്രമേ പ്രായോഗികമാവുകയുള്ളു. ചില സന്യാസസഭകൾ അ വയെ പ്രായോഗികമാക്കുന്നു. എന്നാൽ, ആകമാനമായ സാ മൂഹികപ്രശ്നങ്ങൾക്കുള്ള പ്രതിവിധികൾ സുവിശേഷപ്രബോ ധനങ്ങളിൽ കാണുക സാധ്യമല്ല. പ്രകൃതിനിയമംപോലും അനുശാസിക്കുന്നുണ്ട് ഏററം വലിയ സാമൂഹികസുകൃതങ്ങ ളായ നീതിയും സ്നേഹവും പാലിക്കണമെന്ന്. സുവിശേഷ പ്രബോധനങ്ങൾ അവയെ കുറച്ചുകൂടി ശക്തമായി ഉൗന്നിപ്പ റയുന്നു. എന്നു പറഞ്ഞാൽ, എല്ലാ മനുഷ്യരേയും അവ അനു സ്മരിപ്പിക്കുന്നു, അത്രമാത്രം." (A Lester: Review about Apologetics Nov. 1st 1905, p. 121-2)

## III

## ക്രിസ്തുവിൻെറ പ്രബോധനങ്ങൾ ആദ്ധ്യാത്മികമാണ്; സാമൂഹികവുമാണ്.

മുൻപറഞ്ഞ രണ്ടഭിപ്രായങ്ങളുടേയും മധ്യത്തിൽ നില്ക്കു ന്നു മൂന്നാമത്തേത്. ക്രിസ്തുവിൻെറ ദൗത്യം എല്ലാററിനുമുപ രി ആദ്ധ്യാത്മികമായ ഒരു ക്രമത്തിൻേറതാണ്. അവിടുന്നു

ലോകത്തിൽവന്നു, ഒരു മതം സ്ഥാപിക്കുവാനും നിത്യരക്ഷ യെക്കുറിച്ചു പ്രസംഗിക്കുവാനും, അങ്ങനെ, ആത്മാക്കളെ സ്വ ർഗ്ഗത്തിലേക്കാനയിക്കുവാനും. ഇതാണു് അവിടുത്തെ ചെയ്തി കളുടെയെല്ലാം പരമോദ്ദേശ്യം. സ്വർഗ്ഗസ്ഥനായ പിതാവിനെ ലോകത്തിനു വെളിപ്പെടുത്തുവാൻ അവിടുന്നു പ്രയത്നിച്ചു. എല്ലാ മനുഷ്യരുടേയും പരമാന്ത്യം ലോകാതീതമെന്നു് അവി ടുന്നു പഠിപ്പിച്ചു. നല്ല പ്രവൃത്തികൾ അത്യന്താപേക്ഷിതമെ ന്നു ജനങ്ങളെ അവിടുന്നുപദേശിച്ചു. ആ പ്രവൃത്തികൾ ഏവ യെന്നുകൂടി അവിടുന്നു ചൂണ്ടിക്കാണിക്കാതിരുന്നില്ല. അവ യെ അനുഷ്ഠിക്കുവാൻ തൻെറ അനുയായികളെ നിർബന്ധി ക്കുകയും ചെയ്തു. ജീവിതത്തിന്നു് ഒരുദ്ദേശ്യമുണ്ടെന്നും അതി നെ വിശ്വാസംമൂലം ധന്യമാക്കണമെന്നും ക്രിസ്തു പ്രസം ഗിച്ചു.

അവിടുന്നു് ഒരു പരിഷ്ക്കർത്താവായിരുന്നു. എല്ലാററി നുമുപരി ഒരു മതപരിഷ്ക്കർത്താവു്. അന്നുവരെ ലോകത്തി നജ്ഞാതമായിരുന്ന ഒരു മതവിശ്വാസത്തേയും സാന്മാർഗ്ഗിക നിയമാവലിയേയും അവിടുന്നു നടപ്പിൽ വരുത്തി.

പക്ഷേ, ഇക്കാരണത്താൽ തികച്ചും ആദ്ധ്യാത്മികമല്ലാ ത്തതിലൊന്നിലും ക്രിസ്തു തൽപരനല്ലെന്നു പറയുന്നതു തെ ററാണു്. അവിടുന്നു മനുഷ്യനെ പരിപൂർണ്ണനാക്കുവാൻ വന്നു. മുഴുമനുഷ്യനേയും അവിടുന്നു സ്പർശിച്ചു; അവൻെറ ശരീര ത്തേയും, നിരവധിയായ ജീവിതാവശ്യങ്ങളേയും ജീവിതധ ർമ്മങ്ങളേയും വിശദമാക്കി. ആദ്ധ്യാത്മികത, ലോകത്തിൻെറ തായവ എല്ലാം അവഗണിച്ചുകളയുന്നുവെന്നുള്ള ചിലരുടെ ധാരണ തെററാണു്. ഈ ലോകത്തെക്കുറിച്ചും അവിടുന്നു തൽ പരനായിരുന്നു. കാരണം, മററാരെയുംകാൾ അവിടുത്തേയ്ക്ക റിയാമായിരുന്നു ഈ ലോകം സ്വർഗ്ഗത്തിലേക്കു മനുഷ്യനെ നയിക്കുന്ന ഒരു പാതയാണെന്നു്. ക്രിസ്തുവിൻെറ മുൻപിൽ ഭൗതികകാര്യങ്ങൾക്കു മുൻഗണന ഇല്ലായിരുന്നെന്നു കരുതി

അവയെ അവിടുന്നു മറന്നുകളഞ്ഞെന്നു പറഞ്ഞുകൂടാ. അതിൽ താൽപര്യം പ്രകടിപ്പിച്ചവരെ നിരുത്സാഹപ്പെടുത്തിയുമില്ല. എന്നാൽ, ദൈവത്തിന്റെ സ്ഥാനത്ത് ലോകത്തെ പ്രതിഷ്ഠിച്ചു സേവിക്കരുതെന്ന് ക്രിസ്തു ആജ്ഞാപിച്ചു. ധനത്തെ അവിടുന്ന് അപലപിച്ചില്ല; എന്നാൽ, അതിന്റെ ദുരുപയോഗത്തെ അപലപിച്ചു. ലൗകികസമ്പത്തുകളെ കരസ്ഥമാക്കരുതെന്ന് അവിടുന്നു മനുഷ്യരെ വിലക്കിയില്ല; അവ എങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിച്ചു. ക്രിസ്തു നിരുപാധികമായും ദൈവശാസ്ത്രപരമായ വിഷയങ്ങളിലാണ് മുഴുകിയിരുന്നതെന്നും മറ്റൊന്നിലും അവിടുത്തേയ്ക്കു താൽപര്യമില്ലായിരുന്നെന്നും സ്വന്തം അനുയായികളിൽ വെറും അഭൗമവും വ്യക്തിഗതവുമായ ഒരു സ്വഭാവമാണു കുത്തിവെച്ചിട്ടുള്ളതെന്നും പറയുന്നവർ പൂർണ്ണമായും ക്രിസ്തുവിന്റെ ദിവ്യോദ്യോഗത്തേയും ഉദ്ദേശ്യങ്ങളേയും തെറ്റിദ്ധരിക്കുകയാണു ചെയ്തിട്ടുള്ളത്. മനുഷ്യനെ അനുദിനസാഹചര്യങ്ങളിൽനിന്നു ക്രിസ്തു അകറ്റിയില്ല. അവന്റെ സ്വഭാവത്തിനു വ്യതിയാനം വരുത്തി. സാഹചര്യങ്ങളിൽ സ്വാധീനത ചെലുത്തി. സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള കടമകളോടനുബന്ധിച്ച് പരസ്പരമുള്ള കടമകളേയും ക്രിസ്തു മനുഷ്യരെ ഓർമ്മപ്പെടുത്തി. അവിടുത്തെ സാന്മാർഗ്ഗികപ്രമാണങ്ങൾക്കു പ്രത്യേകമായ ഒരു സാമൂഹികഭാവമുണ്ട്. മതപരവും അതുപോലെതന്നെ സാമൂഹികവുമായ സംഗതികളിൽ അവിടുന്നു ധാർമ്മികപ്രേരണ ചെലുത്തിയെന്നതു സ്പഷ്ടമാണ്. തികഞ്ഞ ആത്മാർത്ഥതയോടെ ലഖ്ളായ് പറയുന്നു: "ക്രിസ്തു ലോകത്തിൽ വന്നില്ലായിരുന്നെങ്കിൽ മനുഷ്യരാശിയുടെ ഹൃദയത്തെ വ്രണപ്പെടുത്തിക്കൊണ്ടിരുന്ന സ്വേച്ഛാധിപത്യത്തെ നമുക്കു ചെറുത്തു നില്ക്കുവാൻ എങ്ങനെ സാധിക്കുമായിരുന്നെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഞാനിപ്പോൾ സംസാരിക്കുന്നതു് ഒരു ക്രൈസ്തവനെന്ന നിലയിലല്ല; മതാത്മകമായ പ്രശ്നങ്ങളെല്ലാം മാ

ററിവച്ച വെറുമൊരു ചരിത്രകാരൻ എന്ന നിലയിൽമാത്രം ഈ വീക്ഷണഗതിയിൽ ഞാൻ ഉറപ്പിച്ചുപറയുന്നു, സുവിശേഷപ്രബോധനങ്ങൾ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ കാര്യങ്ങളിൽമാത്രമല്ല സന്മാർഗ്ഗത്തിലും തത്വശാസ്ത്രത്തിലും മനുഷ്യന്റെ ആത്മാവിനെ നവീകരിച്ചിട്ടുണ്ടെന്ന്. ക്രിസ്തുമതത്തോടുകൂടിയാണല്ലോ പുതിയ ഒരു നൂററാണ്ടു ചരിത്രത്തിൽ ആരംഭിക്കുന്നത്. ഇതു് എത്രയും സയുക്തികവുമാകുന്നു."

രണ്ടാം അദ്ധ്യായം

## യാഥാർത്ഥ്യത്തിൻ മുമ്പിൽ

അതിരുകടന്ന ആദ്യത്തെ രണ്ടഭിപ്രായങ്ങളേയും—സുവിശേഷപ്രബോധനങ്ങൾ സർവ്വോപരി സാമൂഹികമെന്നും മതാത്മകം മാത്രമെന്നുമുള്ള രണ്ടഭിപ്രായങ്ങളേയും—തിരസ്കരിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ സന്ദേശം തികച്ചും ആദ്ധ്യാത്മികമായിരുന്നു. അവിടുത്തെ പ്രബോധനങ്ങൾ പ്രധാനമായി ദൈവികസ്വഭാവമുള്ളതെന്ന് നിഷ്പ്രയാസം തെളിയിക്കാൻ സാധിക്കും. മനുഷ്യാത്മാക്കളെ രക്ഷയുടെ വഴിയിലേക്കു നയിക്കുവാൻ പര്യാപ്തമായ ഒരു ദൈവികമതത്തിന്റെ സ്ഥാപനമായിരുന്നു ക്രിസ്തുവിന്റെ ജീവിതോദ്ദേശ്യമെന്ന് അവിടുത്തെ ചെയ്തികളെല്ലാം വിളിച്ചുപറയുന്നുണ്ടു്.

സുവിശേഷത്തിൽ ഇത്ര വ്യക്തമായി ഉയർന്നുകാണുന്ന യാഥാർത്ഥ്യങ്ങളുടെനേരെ കണ്ണടച്ചുകൊണ്ടു് ക്രിസ്തുവിന്റെ രക്ഷാകരകൃത്യത്തേയും അവിടുത്തെ മററു പ്രവർത്തനങ്ങളുടെ

പ്രകൃത്യതീതമായ സ്വഭാവത്തേയും നിഷേധിക്കുന്നവർ എത്ര ടിസ്ഥാനത്തിൽ ഉറച്ചുനില്ക്കുന്നുവെന്നു മനസ്സിലാകുന്നില്ല. ക്രിസ്തു ഇതരസാമൂഹികപരിഷ്ക്കർത്താക്കളിൽനിന്ന് എത്രയോ വ്യത്യസ്തനാണെന്നു മനസ്സിലാക്കുന്നതിന് അവിടുത്തെ ദൈവികമായ വ്യക്തിത്വത്തെക്കുറിച്ച് ഗഹനമായ ഒരു പഠനം നടത്തുക ആവശ്യമില്ല. ക്രിസ്തുവിനെ ഏററവും വലിയ പണ്ഡിതനും മഹാനുഭാവനും അമാനുഷികനായ സാമൂഹികപരിഷ്കർത്താവുമായി ചിത്രീകരിക്കുന്നവർ അവിടുത്തെ പരമപ്രധാനമായ ദൗത്യത്തെ വെട്ടിത്തുറന്നു പറയാൻ വിസമ്മതിക്കുന്നു. മററു സാമൂഹികപരിഷ്കർത്താക്കളെക്കാൾ പതിന്മടങ്ങു മഹാനായ അവിടുന്ന് ഉന്നംവച്ചതു വിണ്ണിനടുത്തവയെയാണ്. ആത്മാക്കളുടെ ആന്തരികവിശുദ്ധിയിലൂടെ ദൈവികസാമ്രാജ്യത്തിന്റെ നീളവും വീതിയും വിപുലമാക്കുവാനാണ് അവിടുന്നു പണിപ്പെട്ടതു്. അസ്ഥിവാരത്തെ സ്പർശിച്ചപ്പോൾ ആകമാനം മാറി. മനുഷ്യരുടെ ആന്തരികജീവിതം നവീകരിക്കപ്പെട്ടപ്പോൾ സാമൂഹികമായും സാന്മാർഗ്ഗികമായും മതാത്മകമായും ഒരു വ്യതിയാനം താനെ സംഭവിച്ചു. മനുഷ്യജീവിതത്തിന്റെ ഉപരിതലത്തിൽ കണ്ട വിപ്ളവകരമായ പരിവർത്തനങ്ങൾ ഉൽക്കടമായ ഒരു ആന്തരികവിപ്ലവത്തിന്റെ ബഹിർപ്രവാഹം മാത്രമായിരുന്നുവെന്നതു നാം മറക്കരുതു്. ക്രിസ്തുവിന്റെ പരമോദ്ദേശ്യം ദൈവരാജ്യസ്ഥാപനമായിരുന്നു. ദൈവരാജ്യം സ്ഥാപിതമായപ്പോൾ ധർമ്മവും നീതിയും സന്മാർഗ്ഗവും ജനങ്ങൾക്കിടയിൽ നിലവിലായി.

"ശാസ്ത്രീയോൽപാദനങ്ങളിൽ ഉദ്ദിഷ്ടമായ ഉൽപാദിതത്തിനുപുറമെ ഉപോൽപാദിതവും ലഭിച്ചെന്നുവരും. ഇതുപോലെയാണു ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ സാമൂഹികമായ പ്രമേയങ്ങളും തത്വങ്ങളും കടന്നുകൂടിയിട്ടുള്ളതു്. എന്നാൽ, അതായിരുന്നില്ല ക്രിസ്തുവിന്റെ പരമമായ ലക്ഷ്യം. അതു

വഴിൽ വന്നുകൂടിയെന്നേ ഉള്ളു. സുവിശേഷങ്ങളെ പ്രാഥമികമായും സാമൂഹികസിദ്ധാന്തമായി കരുതുന്നതു് മാർഗ്ഗത്തിൽ കണ്ടുമുട്ടിയ ഉപഫലത്തെ ലക്ഷ്യമായി തെററിദ്ധരിക്കുകമാത്രമാണു്." (Peabody; Jesus Christ and the Social Question p. 79)

സുവിശേഷപ്രബോധനങ്ങൾ സാമൂഹികസിദ്ധാന്തങ്ങൾക്കെന്നതിനെക്കാൾ ആദ്ധ്യാത്മികസിദ്ധാന്തങ്ങൾക്കു പ്രാമാണ്യം നല്കിയിരിക്കുകൊണ്ടും അങ്ങിങ്ങായും സാന്ദർഭികമായുംമാത്രം സാമൂഹികപ്രശ്നങ്ങൾ ഉന്നയിച്ചിരിക്കുകൊണ്ടും അവ നമ്മുടെ തലമുറയ്ക്കു ചേരുന്ന പൊതുതത്വങ്ങൾ അല്ല എന്നു വിധിക്കുവാൻ പാടുള്ളതല്ല. ക്രിസ്തു മനുഷ്യൻെറ അനിശ്ചിതാവസ്ഥകൾക്കും കാലത്തിൻെറ പ്രത്യേകമായ സാമൂഹികപ്രശ്നങ്ങൾക്കും ഉപരിയായി നിന്നതുകൊണ്ടാണു് അവിടത്തെ പ്രബോധനങ്ങൾ ഇത്രമാത്രം വിജ്ഞാനവും ദീർഘവീക്ഷണവും ഉൾക്കൊള്ളുന്നതു്. എന്തെങ്കിലും ശരിയായി നിരീക്ഷിച്ചറിയണമെങ്കിൽ നിരീക്ഷകൻ ഉയന്ന ഒരു മണ്ഡലത്തിൽ നില്ക്കേണ്ടതാണു്. ക്രിസ്തു ലൗകികവ്യാപാരങ്ങളിൽനിന്നു് ഉയൎന്നുനിന്നില്ലായിരുന്നെങ്കിൽ വസ്തുതകളെ നോക്കിക്കാണുവാനുള്ള ആ ശക്തി അവിടത്തേക്കു് ഉണ്ടാകുമായിരുന്നില്ല. അങ്ങനെയെങ്കിൽ, മററു് ഏതൊരു സാമൂഹികപരിഷ്കൎത്താക്കളിലും മേല്പെട്ടവനായി അവിടത്തെ ആരും പരിഗണിക്കുമായിരുന്നില്ല. ഇന്നു മതാത്മകമായ ആചാര്യത്വമാണു് സാമൂഹികമായ അവിടത്തെ അഭിപ്രായങ്ങൾക്കു കൂടുതൽ പ്രാമാണ്യം ഉണ്ടാക്കിക്കൊടുക്കുന്നതു്. അതുകൊണ്ടാണു നമ്മുടെ ഭൗതികമായ ദൗർഭാഗ്യങ്ങളെ അനുകമ്പയോടെ വീക്ഷിക്കുന്നതിനും അവയ്ക്കു സ്വാഭാവികവും അതിസ്വാഭാവികവുമായ പ്രതിവിധികൾ കല്പിച്ചുതരുന്നതിനും അവിടത്തേക്കു കഴിവുണ്ടായതു്.

സുവിശേഷപ്രബോധനങ്ങൾക്കു സാമൂഹികമായി ഏ

ററവും വലിയ പ്രാധാന്യം ഉണ്ട്. മനുഷ്യർ പുലർത്തേണ്ട സാമൂഹികബന്ധത്തെക്കുറിച്ച് വിലയേറിയ തത്വങ്ങൾ അവ ഉൾക്കൊള്ളുന്നു. എന്നാൽ, ഇന്നത്തെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ അതു് കൃത്യമായും വ്യക്തവും വിശദവുമായി പ്രതിപാദിക്കുന്നില്ല. സാമൂഹികശാസ്ത്രത്തിന്റെ പരിപൂർണ്ണമായ ഒരു പ്രതിപാദനം സുവിശേഷത്തിൽ പണ്ടുപിടിക്കുവാൻ ശ്രമിക്കേണ്ടാ. സാമ്പത്തികസംവിധാനത്തെ പുരസ്കരിച്ചുള്ള ഒരു ഉൽപാദനസമ്പ്രദായവും ഒരു വിതരണമാർഗ്ഗവും സുവിശേഷത്തിൽ നാം കാണുന്നില്ല. മുതലാളി തൊഴിലാളിബന്ധത്തെക്കുറിച്ച് അതിൽ പറഞ്ഞിട്ടില്ല. തൊഴിൽനിയമം, കൂലിനിരക്ക് ഇവ സുവിശേഷം വായിച്ചു തിട്ടപ്പെടുത്തുക സാധ്യമല്ല. 13376.

ഈ പ്രശ്നങ്ങൾ ഇന്നു തുടങ്ങിയതല്ല. അതു ക്രിസ്തുവിന്റെ കാലത്തും അതിനു മുൻപും ഉണ്ടായിരുന്നു. എല്ലാക്കാലത്തിന്റേയും എല്ലാ സ്ഥലത്തിന്റേയും പ്രശ്നങ്ങളാണവയെല്ലാം. സാമൂഹികപ്രശ്നങ്ങൾ ആധുനിക കണ്ടുപിടിത്തമാണെന്നു ശഠിക്കുന്നവർ ചരിത്രം പഠിച്ചിട്ടില്ലെന്നുവേണം പറയുവാൻ. ഇന്നത്തെ മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വർഗ്ഗസമരത്തിന്റെ പേരിലല്ലെങ്കിലും ഈ സാമൂഹികപ്രശ്നങ്ങൾ മുമ്പും ഉണ്ടായിരുന്നു. അതിനു ലോകത്തോളംതന്നെ പഴക്കമുണ്ടെന്നു പറയുന്നതിൽ തെററില്ല. സമുദായത്തിന്റെ ആവിർഭാവം മുതൽ ലോകത്തിൽ കടുത്ത അനീതിയും മുഴുത്ത അസമത്വവും കൊടിയ യാതനയും കൊട്ടുംപിരികൊണ്ട അഭ്യന്തരകലഹവും മതിമറന്ന സ്വാർത്ഥതൽപരതയും ഉണ്ടായിരുന്നു. യുഗങ്ങളിലൂടെ ഈ ദുരവസ്ഥക്ക് ഒരു പരിഹാരം കണ്ടെത്തുവാൻ പല ധാർമ്മികോപദേഷ്ടാക്കളും ശ്രമിച്ചിട്ടുണ്ട്. സമുദായത്തെ നേരായ വഴിയിലാക്കുവാൻ പല പരിപാടികളും ആവിഷ്കരിക്കപ്പെട്ടു; പല നിബന്ധനകളും നടപ്പിലാക്ക

പ്പെട്ടു; പല പ്രതിവിധികളും നിർദ്ദേശിക്കപ്പെട്ടു; പല തത്വസമുച്ചയങ്ങളും രൂപംകൊണ്ടു. സാമൂഹിക തിന്മകളെ ഉച്ചാടനം ചെയ്യുവാനും അങ്ങനെ ലോകത്തിൽ നീതിയുടേയും സ്നേഹത്തിൻേറയും നീർച്ചാലുകൾ വെട്ടി നീട്ടുവാനും പലരും മുമ്പോട്ടു വന്നു.

അരിസ്റ്റോട്ടലും പ്ളേറേറായും ഈ വിഷയങ്ങളെക്കുറിച്ചു പല പ്രബന്ധങ്ങളും നിർമ്മിച്ചു. അരിസ്റ്റോട്ടൽ 'പൊളിററിക്സ്' എന്ന ഗ്രന്ഥത്തിൽ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ആശയങ്ങളെ വിശദമായി വിവരിച്ചിട്ടുണ്ട്. പ്ളേറേറായുടെ 'റിപ്പബ്ളിക്കി'ൽ ഇതിനെക്കുറിച്ചെല്ലാം പ്രസ്താവിച്ചിട്ടുണ്ട്. സുപ്രസിദ്ധങ്ങളായ ഈ ഗ്രന്ഥങ്ങളിൽ ചില ബീഭത്സങ്ങളായ സിദ്ധാന്തങ്ങൾ കണ്ടു നാം ഞെട്ടിപ്പോയേക്കാം. പ്രകൃതി ശപിക്കുന്ന, മനുഷ്യവർഗ്ഗത്തിന്ന് അപമാനകരമായ കിരാതവഴക്കങ്ങൾ വേണമെന്ന്, ഏററം സംസ്കാരസമ്പന്നരെന്ന സമ്മതി പ്രാപിച്ചിട്ടുള്ള, ഏററം വ്യക്തമായ നിരീക്ഷണപാടവവും ഏററം പ്രസിദ്ധിയുമാർജ്ജിച്ചിരുന്ന ഈ രണ്ടു വ്യക്തികൾ ശഠിച്ചിട്ടുള്ളതു നമുക്ക് ഇന്നും ദുർഗ്രഹമായിത്തന്നെയിരിക്കുന്നു.

ഈ ഗ്രന്ഥങ്ങളിൽനിന്നു സുവിശേഷത്തിലേക്കു കണ്ണുകൾ ഉയർത്തുക. അപ്പോഴാണു സുവിശേഷഗ്രന്ഥങ്ങൾ എത്ര മഹത്തായവയെന്നു നാം കാണുക. ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് ഉയരുന്ന ഒരു പ്രതീതി. മാനവസമുദായത്തിൽ ക്രൈസ്തവപ്രബോധനങ്ങൾ വരുത്തിയ പരിവർത്തനം സുവിശേഷഗ്രന്ഥത്തിൻെറ വിജയത്തെക്കുറിക്കുന്നു. സുവിശേഷഗ്രന്ഥവുമായി ഈ യവനശാസ്ത്രജ്ഞന്മാരുടെ പ്രബന്ധങ്ങൾ താരതമ്യപ്പെടുത്തുക. ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ള അന്തരമാണ് അവിടെ നാം കാണുക. അവരുടെ ഗ്രന്ഥങ്ങൾ ഇന്നു പഴകിപ്പോയി. ഉപരിപ്ളവവും ക്ഷണികവുമായ ഒരു പ്രേരണ സമുദായത്തിൽ ചെലുത്തിക്കൊണ്ട് അവ അസ്തപ്രഭങ്ങ

ളായി. ഇന്നു ചിലർ ആ പുസ്തകങ്ങൾ വായിക്കുന്നു. പക്ഷെ, അതു കഴിഞ്ഞ കാലത്തെക്കുറിച്ചു വല്ലതും അറിയുവാനുള്ള ആഗ്രഹംകൊണ്ടുമാത്രം. ഏററം വലിയ ചിന്തകന്മാർക്കുകൂടി എത്ര വലിയ അബദ്ധം പിണയാമെന്നു കാട്ടുന്നതിനുമാത്രമേ ഇന്ന് ആ ഗ്രന്ഥങ്ങൾ ഉപകാരപ്പെടുന്നുള്ളു. അവ ഇന്നു തീത്തും നിരുപയോഗങ്ങളാണ്. ഏതാനും ചില പണ്ഡിതന്മാർ മാത്രമേ അവ നോക്കുവാൻ മെനക്കെടുന്നുള്ളു.

ഈ ഗ്രന്ഥങ്ങൾ വളരെ വേഗം വിസ്മൃതിയുടെ അടിത്തട്ടിൽ ആണ്ടുപോയി. കാരണം, അവ നീതിക്കും സത്യത്തിനും പ്രകൃതിക്കും വിരുദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളുന്നു എന്നതുതന്നെ. അവയുടെ അബദ്ധപ്രബോധനങ്ങൾ വിജയത്തിന് ഒരു വിലങ്ങുതടിയായിരുന്നു.

തങ്ങളുടെ കൺമുമ്പിൽ കണ്ട ജീവിതാവശ്യങ്ങളേയും അനീതികളേയും മുൻനിറുത്തിയത്രേ ഇവർ സാമൂഹികപരിപാടികൾ ആവിഷ്കരിച്ചതും ഗ്രന്ഥങ്ങൾ നിർമ്മിച്ചതും. പക്ഷെ, ആ സാമൂഹികപരിപാടികളും ഗ്രന്ഥങ്ങളും എല്ലാക്കാലങ്ങൾക്കും എല്ലാ സാഹചര്യങ്ങൾക്കും പററിയതല്ലായിരുന്നു കാരണം, അന്നു നിലവിലിരുന്ന അനാചാരങ്ങളെ നിർമ്മാർജ്ജനം ചെയ്യുക—അതായിരുന്നു അവയുടെയെല്ലാം പരമമായ ഉദ്ദേശ്യം. ആ ദുഷിച്ച പരിതസ്ഥിതികൾ മാറിത്തുടങ്ങിയപ്പോൾ ആ സാമൂഹികപരിപാടികളും അപ്രായോഗികമായിത്തീർന്നു. വളരെ വേഗം വ്യതിയാനത്തിനു വിധേയമാകുന്ന ഒരു ലോകത്തിൽ സാഹചര്യങ്ങളും മാറി മാറി വന്നുകൊണ്ടിരിക്കും. സാമൂഹികശാസ്ത്രത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം അൻപതുകൊല്ലത്തിനകം പഴമയുടെ പരിധിക്കുള്ളിൽ നീക്കി നിറുത്തപ്പെടും.

രാഷ്ട്രീയതത്വശാസ്ത്രത്തെക്കുറിച്ചാണ് അന്നു ക്രിസ്തു പ്രസംഗിച്ചിരുന്നതെങ്കിൽ ആ പ്രബോധനങ്ങൾ ഇന്നു മിക്കവാറും നാമാവശേഷമാകുമായിരുന്നു; മററുള്ള സാമൂഹിക പ

രിഷ്കർത്താക്കളുടെ ദുർവിധി ക്രിസ്തുവിനും വന്നു ഭവിക്കുമായിരുന്നു. ഒരു പ്രത്യേക സാഹചര്യത്തിനും കാലത്തിനും ദേശത്തിനുംവേണ്ടിയാണ് അവിടുന്നു പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നതെങ്കിൽ അവയെല്ലാം ഇന്ന് അപ്രായോഗികമായേനെ. അന്നു തൻെറ ചുററുമുണ്ടായിരുന്ന ഉച്ചനീചത്വങ്ങളേയും ദുരാചാരങ്ങളേയുംഇല്ലാതാക്കുവാൻവേണ്ടി മാത്രമാണ് അവിടുന്നു പുതിയ പുതിയ നിയമങ്ങളും പരിഷ്കാരങ്ങളും ആവിഷ്കരിച്ചതെങ്കിൽ അവ യഹൂദജനതയുടെ പരിതസ്ഥിതിക്കു മാത്രമല്ലേ യോജിക്കുമായിരുന്നുള്ളു. അക്കാലത്തെ ഗ്രീക്കുകാർക്കും റോമാക്കാർക്കുപോലും അവ പ്രയോജനപ്പെടുകയില്ലായിരുന്നു. കാരണം, സാമൂഹികാവശ്യങ്ങൾ എങ്ങും എപ്പോഴും ഒന്നുപോലെ ആയിരിക്കുകയില്ല. പോരെങ്കിൽ, അക്കാലത്ത് അവയെല്ലാം പരിപൂർണ്ണവും പ്രായോഗികവും ആയിരുന്നെന്നു സമ്മതിച്ചാൽത്തന്നെയും ഇന്നവ മിക്കവാറും അപ്രായോഗികവും ചിലപ്പോൾ ഉപദ്രവകരവും മാത്രമേ ആകുമായിരുന്നുള്ളു.

ക്രിസ്തുവിൻെറ പ്രബോധനത്തിൻെറ സാമൂഹിക സവിശേഷതയും പ്രയോഗക്ഷമതയും അടങ്ങിയിരിക്കുന്നത് അവയുടെ പൊതു സ്വഭാവത്തിലും സാർവ്വലൗകികതയിലുമാണ്. പഴയനിയമത്തിലെ പ്രവാചകന്മാർ രാഷ്ട്രീയനീതിയെപ്പററി തങ്ങളുടെ ജനങ്ങളെ ഉപദേശിക്കുന്നതിലും ശാസിക്കുന്നതിലും വ്യാപൃതരായിരുന്നു. അവർ സാമൂഹികാസ്വാസ്ഥ്യങ്ങളാകുന്ന തിരമാലകളുമായി മല്ലടിച്ചു; ക്രിസ്തു അവയ്ക്കു മീതെ നടന്നു. ഒരു സാമൂഹികപരിഷ്കർത്താവിൻെറ പ്രവർത്തനങ്ങൾ ആ തലമുറയ്ക്കുവേണ്ടി മാത്രമേ ആയിരിക്കൂ. ഒരു ദിവ്യപ്രകാശകൻെറ പ്രവർത്തനങ്ങൾ എല്ലാ തലമുറയ്ക്കുംവേണ്ടിയാണ്.

എല്ലാ സമുദായത്തിനും യോജിച്ചതാണ് ക്രിസ്തുവിൻെറപ്രബോധനങ്ങൾ. കാരണം, ഒരു പ്രത്യേകസമുദായത്തിനുവേ

ങ്ങടിമാത്രമുള്ളതല്ല അവ. നൂററാണ്ടുകളും തലമുറകളും കടന്നു പോയാലും ഗിരിപ്രഭാഷണത്തിന്റെ സാമൂഹിക പ്രാധാന്യം കുറയുകയില്ല. അങ്ങനെയെങ്കിൽ,രാഷ്ട്രമീമാംസയെക്കുറിച്ചുള്ള പ്രബന്ധങ്ങളോ പരിഷ്കാരങ്ങളുടെ ഒരു പരിപാടിയോ ആണു് സുവിശേഷം ഉൾക്കൊള്ളുന്നതെന്നു പറയുന്നവരുടെ അബദ്ധം എത്രമാത്രം വലുതാണു്? ഈ ജാതി പ്രബന്ധങ്ങളും പരിപാടികളും വേഗം പഴകും. എന്നാൽ, ക്രിസ്തുവിന്റെ പ്രബോധനങ്ങൾ ഇന്നുള്ള ആ പ്രാമാണ്യത്തോടെ എന്നുമെന്നും പുതുമയെ പുല്കി നിലനില്ക്കും.

ക്രിസ്തു തന്റെ കാലത്തുണ്ടായിരുന്ന അനേകമനേകം സാമൂഹികപ്രശ്നങ്ങളെ നേരിടുകയും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. ഒരിക്കലും അവയിൽനിന്ന് അവിടുന്നു ഒഴിഞ്ഞുമാറിയില്ല. എന്നാൽ, ആ പ്രശ്നങ്ങളിലെല്ലാം അവിടുന്നു വ്യാപൃതനായതു വ്യക്തവും നിഷ്കൃഷ്ടവുമായ ഒരു പ്ളാനനുസരിച്ചല്ല. ഇന്നതിന് ഇന്നതെന്നു പറയിച്ചതു് സാഹചര്യങ്ങളാണു്. ചില സന്ദർഭങ്ങളിൽ ചില പ്രത്യേക കേസുകൾ അവിടുത്തെ തീരുമാനത്തിനു വയ്ക്കപ്പെട്ടു. ചില കുഴഞ്ഞ പ്രശ്നങ്ങൾക്കു് അവിടുന്നു സമാധാനം നിർദ്ദേശിക്കേണ്ടിയിരുന്നു. അപ്പോൾ അവയെക്കുറിച്ചു തന്റെ അഭിമതം എന്തെന്ന് അവിടുന്നു വ്യക്തമാക്കി. ക്രിസ്തുവിന്റെ സാമൂഹിക പ്രബോധനങ്ങൾ "സാന്ദർഭികവും എന്നാൽ അപൂർണ്ണവുമാണു്." എന്നാൽ സുവിശേഷത്തിൽ ചിന്നിച്ചിതറിക്കിടക്കുന്ന സാമൂഹികതത്വശകലങ്ങളെ ക്രമവൽക്കരിക്കുവാനും ഒന്നിക്കുവാനും സുവിശേഷത്തിൽ കാണുന്ന മററു തത്വങ്ങളെപ്പോലെ, തമ്മിൽ തമ്മിൽ സംയോജിപ്പിക്കുവാനും എളുപ്പമാണു്. ഇപ്രകാരം സുവിശേഷത്തിൽനിന്ന് സാമൂഹികാശയങ്ങളെ തരംതിരിക്കുവാനും അവയിൽനിന്ന് പൊതുവായ തത്വങ്ങളേയും പരിപാടികളേയും രൂപവൽക്കരിക്കുവാനും അങ്ങനെ ഒരു ക്രൈസ്തവസാമൂഹികശാസ്ത്രത്തിന് അടിത്തറ പാ

കുവാനും സാധിക്കും. എന്നാൽ, ക്രിസ്തുവിൻെറ വാക്കുകളുടെ അർത്ഥം ശരിക്കു മനസ്സിലാക്കണമെങ്കിൽ അവയുടെ സന്ദർഭം, ശ്രോതാക്കളുടെ പരിതസ്ഥിതി, മനോഭാവം, അവരുടെ പ്രശ്നങ്ങളുടെ സ്വഭാവം, ഉദ്ദേശ്യം ഇവ ശരിയായി മനസ്സിലാക്കിയേ മതിയാവൂ. അപ്പോൾ പ്രഥമവീക്ഷണത്തിൽ തോന്നിയേക്കാവുന്ന വിപരീതാർത്ഥവും പൊരുത്തമില്ലായ്മയും അപ്രത്യക്ഷമാകും.

ക്രിസ്തുവിൻെറ സാമൂഹികപ്രബോധനങ്ങൾ അപൂർണ്ണവും സന്ദർഭത്തിനനുസരിച്ചുള്ളവ മാത്രവുമായതുകൊണ്ട് അതിനു ശാസ്ത്രീയമായ ഒരു പ്രതിപാദനരീതി ഉണ്ടായിരിക്കുകയില്ല. എന്നാലും മനുഷ്യൻെറ എല്ലാജീവിതത്തുറകളിലും സ്വാധീനത ചെലുത്തുന്നതിന് ആ കുറവ് ഒരു തടസ്സമായി നില്ക്കുകയില്ല.

## ക്രിസ്തു സാമൂഹികവിപ്ലവത്തിനു കുഴൽ വിളിച്ചോ?

ക്രിസ്തു എല്ലാ സാമൂഹിക പരിഷ്കർത്താക്കളുടേയും മാർഗ്ഗദീപമായിരുന്നെങ്കിൽ അവിടുന്നു സമാധാനത്തിൻെറയും സാഹോദര്യത്തിൻെറയും കേദാരവുമായിരുന്നു. അവിടുന്ന് ഒരുതരത്തിലും ഒരു വിപ്ളവകാരിയോ പൊതുജനപ്രക്ഷോഭകനോ ആയിരുന്നില്ല. വിധ്വംസകമായ വൈരാഗ്യവും തീവ്രമായ വിപ്ളവവികാരവുമല്ല അവിടുത്തെ കാലടികളെ നയിച്ചിരുന്നത്. വർഗ്ഗത്തെ വർഗ്ഗത്തിനെതിരായി അവിടുന്ന് ഇളക്കിവിട്ടില്ല. അധികാരിവർഗ്ഗത്തിനെതിരായി തൊഴിലാളിസഹോദരങ്ങളെ അണിനിരത്തി പടവാളുകൾ കൊടുത്തു പോരിനയച്ചില്ല; മുഷ്ടി ചുരുട്ടുവാൻ അവരെ പ്രേരിപ്പിച്ചുമില്ല. പ്രക്ഷോഭണമോ ഭ്രാതൃഹത്യയോ നിണച്ചൊരിച്ചിലോ വിനാശമോ വിപ്ളവമോ കൂടാതെ അവിടുന്നു തൻെറ നവീകരണം സാധിച്ചു. സാമുദായികവ്യവസ്ഥിതിക്കു വ്യതിയാനം വരുത്തുന്നതിന് ഒരു രക്തവിപ്ളവത്തെയല്ല,

പ്രത്യുത, തന്റെ ദൈവികതത്വങ്ങളുടെ അമേയമായ ധാർമ്മികശക്തിയെയാണ് അവിടുന്ന് ഉപയോഗിച്ചതു്. ക്രിസ്തുവിന്റെ കാലത്തും കടുത്ത അനീതിയും കൊടിയ ഉച്ചനീചത്വങ്ങളും നടമാടിയിരുന്നു. അവിടുത്തെ ധാർമ്മികബോധം അതു സഹിച്ചില്ല നിലവിലിരുന്ന സാമൂഹികക്രമത്തിനും ഭരണസമ്പ്രദായത്തിനും ഒരു സമൂലപരിവത്തനം വരുത്തുവാൻ അവിടുന്നാഗ്രഹിച്ചു. എന്നിട്ടും വ്യവസ്ഥാപിതഭരണകൂടത്തിനെതിരായി പടവാളുയത്തുവാൻ ക്രിസ്തു ആഹ്വാനം ചെയ്തില്ല. പെട്ടെന്നുള്ള ഒരു തകിടം മറിക്കലും തട്ടിനിരത്തലുമല്ല അവിടുന്നാഗ്രഹിച്ചതു്. ക്രമാനുഗതമായി വളർന്നുവരുന്ന വിത്തുകളാണ് ക്രിസ്തു വിതറിയതു്. കാലതാമസം കൊണ്ടു ഫലം കൂടുതൽ സമൃദ്ധവും പക്വവുമായി വരുമെന്നു അവിടുന്നറിഞ്ഞു. സ്വന്തം തലമുറയ്ക്കുവേണ്ടിമാത്രമല്ല അവിടുന്നു പ്രവത്തിച്ചതു്. സ്വയം സാമൂഹികപ്രവത്തകനായി പ്രത്യക്ഷപ്പെടുവാൻ അവിടുന്ന് ആഗ്രഹിച്ചതുമില്ല. ആ മനുഷ്യസ്നേഹിക്കു ചുററും വളരെയധികം ദീനരും ദരിദ്രരും ദുഃഖിതരുമുണ്ടായിരുന്നു. അവരെ അവിടുന്നു സ്നേഹിച്ചു, സമാശ്വസിപ്പിച്ചു. അവർക്കുവേണ്ടി എന്തും ചെയ്യുവാൻ എപ്പോഴും സന്നദ്ധത പ്രകടിപ്പിച്ചു. അവർക്കു നന്മ ചെയ്യുന്നതിൽനിന്ന് അവിടുന്ന് ഒരിക്കലും പിൻതിരിഞ്ഞില്ല. അവരുടെ നേരെ അതിരററ ആർദ്രത കാണിച്ചു. എങ്കിലും അവർക്കുവേണ്ടി അവരുടെ മർദ്ദകരോടു പ്രത്യക്ഷമായി അവകാശവാദം നടത്തിയിട്ടില്ല. പലപ്പോഴും അവിടുന്നു പണക്കാരോടു കർക്കശമായി സംസാരിച്ചു. പക്ഷേ, അവർക്കെതിരായി പാവങ്ങളെ അണിനിരത്താൻ ക്രിസ്തു ശ്രമിച്ചില്ല. വിപ്ലവത്തിലും രക്തച്ചൊരിച്ചിലിലുംകൂടി മററുള്ളവർ നേടുവാൻ പണിപ്പെട്ട സാമൂഹികനീതി തന്റെ ദിവ്യപ്രബോധനങ്ങളുടെ മഹത്തായ ധാർമ്മികപ്രേരണകൊണ്ടു സാധിക്കുവാൻ അവിടുന്നു കാത്തിരുന്നു. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ

പൊതുസ്ഥാപനങ്ങളിൽ ധർമ്മചൈതന്യവും നിയമങ്ങളിൽ സത്യദീപ്തിയും ആചാരങ്ങളിൽ ഉത്കൃഷ്ടതയും കൈവരുത്തി. ഭൂമുഖത്തുനിന്നു തുരത്തപ്പെട്ട ദീനാനുകമ്പ, നീതി, സഹോദരസ്നേഹം മുതലായ സാമൂഹികസുകൃതങ്ങളെ പുനസ്ഥാപിച്ചു. മനുഷ്യചരിത്രം പുതുക്കിയെഴുതിയ പരിപൂർണ്ണവും അത്ഭുതാവഹവുമായ ഒരു വിപ്ളവം ക്രിസ്തു തുടങ്ങിവച്ചു. എന്നാൽ, ഇന്നത്തേതിൽനിന്നു തികച്ചും വിഭിന്നമായ മാർഗ്ഗങ്ങളുപയോഗിച്ചത്രേ ആ വിപ്ളവം അവിടുന്ന് ആരംഭിച്ചതു്. ആദ്ധ്യാത്മികതയുടെ മധുരവും മയപ്പെട്ടതുമായ ആയുധങ്ങളുപയോഗിച്ച് അവിടുന്നു ഭൂമുഖത്തെ നവീകരിച്ചു. 'പ്രവൃത്തിയിൽ ഉഗ്രനും വചസ്സിൽ പ്രശാന്തനും' എന്ന വാക്കുകൾ മററാരേയുംകാൾ ക്രിസ്തുവിനെസംബന്ധിച്ച് അന്വർത്ഥങ്ങളാണ്.

## ക്രിസ്തു രാഷ്ട്രീയ വിപ്ലവകാരിയോ?

ക്രിസ്തു താനുന്നംവച്ച സാമൂഹികപുനരുദ്ധാരണം ഒരു രാഷ്ട്രീയവിപ്ളവത്തിൽക്കൂടി സാധിക്കുവാനാണു പണിപ്പെട്ടതു്; അങ്ങനെ റോമാധിപത്യവുമായി ഏററുമുട്ടേണ്ടിവന്നതിനാൽ അവിടുന്നു കുരിശുവധത്തിനു വിധിക്കപ്പെട്ടു. ഈ വാദഗതിയും ചിലരുന്നയിച്ചുകാണാറുണ്ട്. എന്നാൽ, അവിടുന്നൊരു രാഷ്ട്രീയവിപ്ളവകാരിയായിരുന്നോ?

വി. സ്നാപകയോഹന്നാനെ അധികാരത്തിൻെറ അവസരസേവകന്മാർ കല്ത്തുറുങ്കിൽ അടച്ചു പൂട്ടിയതും തല കൊയ്തു കൊന്നതുമെന്തിന്? നിലവിലിരുന്ന സ്ഥാപിത താൽപര്യങ്ങൾക്കെതിരായി ഗൂഢാലോചന നടത്തി എന്ന കുററത്തിനാണെന്നു പുരാതന ചരിത്രകാരനായ ഫ്ളേവിയസ് ജോസഫ് സമാധാനം തരുന്നു. യേശുവിനെക്കുറിച്ച് ഫ്ളേവിയസ് ജോസഫ് തന്നെ പറയുന്നു: "ഏതാണ്ട് അക്കാലത്തു പലസ്തീനായിലുണ്ടായിരുന്ന ഒരു പണ്ഡിതൻ. അ

ദ്ദേഹം അനേകമനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. വളരെയധികം യഹൂദന്മാരും പുറജാതിക്കാരും ആ പണ്ഡിതന്റെ പക്കൽ ഓടിക്കൂടി. ജനങ്ങൾ അദ്ദേഹത്തെ ക്രിസ്തുവെന്നു വിളിച്ചുവന്നു. യഹൂദപ്രമാണികളുടെ അഭീഷ്ടത്തിനു വിധേയനായി പീലാത്തോസ് ആ ക്രിസ്തുവിനെ ക്രൂശിക്കാൻ തീർപ്പെഴുതി. പലരും ആ പുണ്യപുരുഷനെ ഹൃദയംഗമമായി സ്നേഹിച്ചു. അവരിൽ ചിലർ അവസാനവിനാഴികയിലും അദ്ദേഹത്തെ ഉപേക്ഷിച്ചില്ല. പ്രവചനാനുസരണം മൂന്നാം നാൾ ക്രിസ്തു ഉയിർത്തെഴുന്നേററ് അവർക്കു പ്രത്യക്ഷനായി . . . . അദ്ദേഹത്തിന്റെ അനുയായികളായ ക്രൈസ്തവരുടെ വംശം ഇന്നും നിലനിൽക്കുന്നു." (Ant., xviii, 63-64).

ക്രിസ്തു മരിച്ച് അധികകാലം കഴിയുന്നതിനു മുൻപ് എഴുതപ്പെട്ടവയാണു നാലു സുവിശേഷങ്ങളും സെയിൻറ് പോളിന്റെ ലേഖനങ്ങളും. ക്രിസ്തുവിന്റെ വധത്തിനുവേണ്ടി ആർത്തുവിളിച്ച അനേകം യഹൂദർ അന്നും ജീവിച്ചിരുന്നു. ഫ്ളേവിയസ് ജോസഫ് രേഖപ്പെടുത്തിയിരിക്കുന്നതു ചരിത്ര പ്രസിദ്ധനായ ക്രിസ്തുവിനെക്കുറിച്ചല്ലെങ്കിൽ, സെയിൻറ് പോളും സുവിശേഷകന്മാരും ലേഖനങ്ങളിലും സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളത് അതേ ദിവ്യപുരുഷനെക്കുറിച്ചല്ലെങ്കിൽ വേറെ ആരെക്കുറിച്ചായിരിക്കും? ക്രിസ്തു രാഷ്ട്രീയവിപ്ളവകാരിയായിരുന്നെങ്കിൽ, കൊള്ളത്തലവനായിരുന്നെങ്കിൽ മരണത്തെ അതിജീവിച്ചു മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുമായിരുന്നോ? ക്രിസ്തു ഉയിർത്തെഴുന്നേററില്ലെങ്കിൽ ഏതടിസ്ഥാനത്തിലാണ്, എന്തുദ്ദേശ്യത്തിലാണു ലക്ഷക്കണക്കിനാളുകൾ അദ്ദേഹത്തിൽ വിശ്വസിച്ചു ക്രൈസ്തവരായത്. വാസ്തവമാണ്, ചില പണ്ഡിതന്മാരും മതവിരോധികളും ക്രിസ്തുവിനെ സമാധാനഭഞ്ജകനായും രാഷ്ട്രീയവിപ്ളവകാരിയായും വരച്ചുകാട്ടി. കാരണം, രാഷ്ട്രീയകുററത്തിനുള്ള ശിക്ഷയായിരുന്നു അന്നു കുരിശുമരണം. ക്രിസ്തുവും കുരിശുമരണത്തിനു വിധിക്ക

പ്പെട്ടു. ആ അടിസ്ഥാനത്തിലായിരിക്കണം അവർ അവിടുത്തെ രാഷ്ട്രീയവിപ്ളവകാരിയായി മുദ്ര കുത്തിയത്.

യഹൂദനിയമവും റോമൻനിയമവും തമ്മിൽ ഒരു ഒത്തുതീർപ്പുനടന്നു. അതിൽനിന്ന് ഉടലെടുത്തതാണു യൂദയായിൽ അന്നു നിലവിലിരുന്ന സിവിൽ നിയമം. യഹൂദവർഗ്ഗം വിഭാവനം ചെയ്തത്, അല്ല, ധരിച്ചുവച്ചതു ശക്തനായ ഒരു നേതാവു തങ്ങളുടെയിടയിൽ വളർന്നുവരുമെന്നും ആ നേതാവ് ഒരു സൈനികവിപ്ളവംമൂലം റോമനധികാരത്തെമാത്രമല്ല ലോകത്തെ മുഴുവനും ഒന്നാകെ തങ്ങളുടെ കൊടിക്കീഴിൽ കൊണ്ടുവരുമെന്നുമായിരുന്നു. എന്നാൽ, അവർ ക്രിസ്തുവിൽ കണ്ടതു് ഒരു രാഷ്ട്രീയ നേതാവിനെയല്ല, ഒരു പടനായകനെയുമല്ല; പ്രത്യുത, തങ്ങളുടെ ദുഷിച്ച മാമൂലുകളുടേയും കപടഭക്തിയുടേയും യഥാർത്ഥരൂപം തുറന്നു കാണിച്ച നെഞ്ഞൂറ്റമുള്ള ഒരു നിർഭയനേതാവിനെയാണ് — അനീതിയേയും അനാചാരത്തേയും നിഷ്കരുണം എതിർത്ത ഒരു സത്യവാദിയെയാണ്. അതിനാലാണു യഹൂദന്മാരുടെ നേതൃവർഗ്ഗം എപ്പോഴും അവിടുത്തെ ചെയ്തികൾക്കു രാഷ്ട്രീയഛായ വരുത്തി അങ്ങയെ റോമൻ അധികാരികളുടെ കുടുക്കിൽപ്പെടുത്താൻ ശ്രമിച്ചിരുന്നതു്. ക്രിസ്തു ഒരു രാഷ്ട്രീയവിപ്ലവകാരിയായിരുന്നെങ്കിൽ തദനുയായികളും അവിടുത്തെ വിപ്ലവാത്മകമായ പരിപാടികൾ തുടരുമായിരുന്നു; അതേ വിപ്ളവ പരിപാടികൾതന്നെ റോമൻ അധികാരികൾക്കും യഹൂദപ്രമാണികൾക്കുമെതിരായി അവരെ അണിനിരത്തുമായിരുന്നു.

രാഷ്ട്രീയകുററത്തിനാണു പീലാത്തോസ് ക്രിസ്തുവിനെ മരണശിക്ഷയ്ക്കു വിധിച്ചതെങ്കിൽ ആ ക്രിസ്തുവിൻെറ അനുയായികൾ യറൂസലേമിൽ ഒന്നിച്ചുകൂടാൻ റോമൻ അധികാരികൾ അനുവദിക്കുമായിരുന്നോ? യഹൂദപ്രമാണികളല്ലാതെ മററാരും അപ്പസ്തോലന്മാരെ ഉപദ്രവിക്കാൻ ശ്രമിച്ചതായി സുവിശേഷം സാക്ഷ്യം വഹിക്കുന്നില്ല.

യേശുവിന്റെ ശിഷ്യജനം ആദ്യമാദ്യം വിചാരിച്ചു ഒരു രാഷ്ട്രീയവിപ്ളവത്തിനുവേണ്ടിയാണു ഗുരുനാഥൻ അവരെ തിരഞ്ഞെടുത്തതെന്നും ജനക്കൂട്ടത്തെ ആഹ്വാനം ചെയ്യുതെന്നും. ക്രിസ്തുവിന്റെ സാമ്രാജ്യം ലൗകികമാണ്; അതിൽ തങ്ങൾക്കെല്ലാം ഉന്നത സ്ഥാനമാനങ്ങൾ കിട്ടുമെന്ന് അവർ ധരിച്ചുവശായി. തന്റെ സാമ്രാജ്യത്തിന്റെ സ്വഭാവം ഇന്നതെന്നു ക്രിസ്തു അവർക്കു പറഞ്ഞുകൊടുത്തു. അവിടുത്തെ സാമ്രാജ്യം തികച്ചും അലൗകികമാണ്. അതുമാത്രം മതിയായിരുന്നു ശിഷ്യഗണത്തെ നിരാശയിലാഴ്ത്താൻ. ശിഷ്യരിൽ ചിലരുടെ മാതാപിതാക്കൾപോലും വിചാരിച്ചുപോയി, ക്രിസ്തു ഭൗതിക സാമ്രാജ്യത്തിനുവേണ്ടിയാണു ജനതതിയെ ആഹ്വാനം ചെയ്യുതെന്ന്. സെബദീപുത്രന്മാരുടെ മാതാവു തന്റെ മൂത്തമകനെ വലത്തും ഇളയമകനെ ഇടത്തും ഇരുത്തണമെന്നു ക്രിസ്തുവിനോട് അപേക്ഷിച്ചതു് അതിനാലാവാം. ജനകീയഭാഷയിൽ പറഞ്ഞാൽ മൂത്തപുത്രനെ മുഖ്യമന്ത്രിയാക്കുക; ഇളയവനു സഹമന്ത്രിസ്ഥാനവും നൽകുക! മൂന്നുകൊല്ലം ക്രിസ്തുവിന്റെ പ്രസംഗങ്ങൾ കേട്ടും അനുശാസനകൾക്കു വിധേയനായും നടന്ന യൂദാസിനും അവസാന നാളുകളിലാണു മനസ്സിലായതു് ഗുരു ലൗകികസാമ്രാജ്യത്തെയല്ല ലാക്കാക്കിയതെന്ന്. അന്നുമുതൽ അവന്റെ ആശാവല്ലരിയുടെ ഇതളുകൾ ഒന്നൊന്നായി കൊഴിഞ്ഞുവീണു. ഇനി രക്ഷയൊന്നുമില്ലെന്നു അവൻ ഗ്രഹിച്ചു. ക്രിസ്തുവിന്റെ ശിഷ്യനായി വേഷം ചമഞ്ഞു നടന്നാൽ ഭൗതികമായ ഒരു നന്മയും തനിക്കു ലഭിക്കുവാൻ പോകുന്നില്ലെന്ന് അവനു ബോധപ്പെട്ടു. അപ്പോഴാണു പ്രിയഗുരുവിനെ യഹൂദപ്രമാണികൾക്കു് ഒററിക്കൊടുക്കാമെന്ന് അയാൾ വാക്കു കൊടുത്തതു്.

തന്റെ പ്രേഷിതവേല പൂർത്തിയാക്കുവാൻ ക്രിസ്തു ദൈവസഹായം അപേക്ഷിച്ചു. എന്നാൽ, സീസർ ചക്രവർത്തിയുടെ സഹായമോ അംഗീകാരമോ അവിടുന്ന് ആവശ്യ

പ്പെട്ടില്ല. ഇക്കാരണത്താൽ ക്രിസ്തു ഒരു രാജ്യദ്രോഹിയായി കരുതപ്പെട്ടു, പ്രയോഗത്തിലല്ല, സിദ്ധാന്തത്തിൽ. എന്നാൽ, രാജ്യത്തിൽ അഭ്യന്തരകലാപമോ ഭീതിയോ അവിടുന്ന വരുത്തിവച്ചില്ല. തന്മൂലം, യഥേഷ്ടം നടന്നുകൊള്ളാൻ മിശിഹായെ റോമനധികാരികൾ അനുവദിച്ചു. പക്ഷേ, രാജ്യത്തിനകത്തു ക്രിസ്തു എന്തൊക്കെയോ വ്യതിയാനങ്ങൾ വരുത്താൻ തുടങ്ങുന്നുവെന്ന് അറിഞ്ഞപ്പോൾ അവിടുന്ന് ഒരു വിപ്ളവകാരിയാണെന്നു ജനപ്രമാണികൾ പറയടിച്ചു പരത്തി. എന്നാൽ, ജനതയുടെ പ്രവർത്തനങ്ങൾക്കു രാഷ്ട്രീയാധികാരത്തിൻെറ പരിധിയിൽപ്പെടാത്ത ഏററം സ്വതന്ത്രമായ ഒരു വശമുണ്ടെന്നു ക്രിസ്തു ഊന്നിപ്പറഞ്ഞു. ആദ്ധ്യാത്മികതയുടെ ആ വശത്തിൽ തികച്ചും സ്വതന്ത്രമായി അവിടുന്നു പ്രവർത്തിക്കുകയുംചെയ്തു.

എല്ലാ രാഷ്ട്രീയത്തിനുമതീതമായ മനസ്സാക്ഷിയുടെ പ്രവർത്തനത്തെ സ്വതന്ത്രമായി വിട്ടയയ്ക്കുവാനുള്ള രാഷ്ട്രത്തിൻെറ വിരസതയാണ്, ധർമ്മത്തെ ചവിട്ടിമെതിച്ചു നശിപ്പിക്കാനുള്ള അധർമ്മത്തിൻെറ ആസക്തിയാണ്, ക്രിസ്തുവിനെ ക്രൂശിച്ചതിൽ നാം കാണുന്നതു്. കുരിശിൽ തൂങ്ങിക്കിടക്കവെ ആ പരിശുദ്ധൻ മൂകഭാഷയിൽ പറഞ്ഞിട്ടുണ്ടാവണം: "എൻെറ സഭയും ഇപ്രകാരമൊരു കുരിശാരോഹണം സഹിക്കേണ്ടിവരും" എന്ന്. അതേ, രാഷ്ട്രീയാധികാരത്തിന്ന് ഒരു പരിധിയുണ്ട്. ആ പരിധിവിട്ടു മതത്തിൻെറ അധികാരസീമയിൽ കൈകടത്താൻ ശ്രമിച്ചതും ശ്രമിക്കുന്നതുമായ രാഷ്ട്രങ്ങളുടെ പ്രതിച്ഛായയാണു ക്രിസ്തുവിൻെറ കുരിശുവധം. ക്രൈസ്തവസഭയുടെ ചരിത്രത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ കാണുവാൻ കഴിയും ആദ്ധ്യാത്മികശക്തിയുടെ ചലനത്തെ മരവിപ്പിക്കാൻ ഒരുമ്പെട്ട രാഷ്ട്രത്തിൻെറ ഞെട്ടിക്കുന്ന സംരംഭങ്ങൾ; നിത്യസത്യത്തിനു ശവക്കുഴി തോണ്ടാനുള്ള രാഷ്ട്രത്തിൻെറ ബദ്ധപ്പാടുകൾ.

ക്രിസ്തുവിനുമുമ്പുള്ള മതമെല്ലാം രാഷ്ട്രത്തിന്ന് അവ

സരസേവചെയ്തിരുന്നു. രാഷ്ട്രീയവുമായി എപ്പോഴും അലിഞ്ഞുചേൎന്ന ഒരു നേതാവിനെ ദൈവമായി ആരാധിക്കുക— അതായിരുന്നു അന്നു മിക്കമതങ്ങളും ചെയ്തിരുന്നതു്. ക്രിസ്തുവിനെ വിചാരണ ചെയ്യാൻ യഹൂദാചാൎയ്യരുടെ മുമ്പിൽ നിറുത്തിയപ്പോൾ കാവൽഭടന്മാർ ഏററം നിന്ദ്യവും നീചവുമായവിധത്തിൽ അവിടുത്തോടു പെരുമാറി. വെറുമൊരു ഭ്രാന്തനെയോ മൂഢനെയോ അല്ല അവർ ക്രിസ്തുവിൽ കണ്ടതു്. പ്രത്യുത, തങ്ങളുടെ യജമാനവൎഗ്ഗത്തിൻെറ അനീതിയേയും അക്രമത്തേയും വെറുക്കുകയും എതിർക്കുകയും ചെയ്ത ഒരു അചഞ്ചലശക്തിയെയാണു്. അവർ അവിടുത്തോടു പെരുമാറിയതും ആ നിലയിൽത്തന്നെയായിരുന്നു. അവരുടെ ആ പെരുമാററത്തിൽ പ്രവാചകന്മാരെക്കൊന്ന സ്വേച്ഛാധിപതികളുടെ ക്രൂരതയെയാണു്, സോക്രട്ടീസിനെ കുരുതികഴിച്ച അത്തേനിയൻ ജനതയുടെ കഠിനഹൃദയത്തെയാണു്, വിശുദ്ധനായ സ്നാപകയോഹന്നാനെ കൊല്ലാൻ കല്പനകൊടുത്ത ഹേറോദേസിൻെറ രക്തദാഹത്തെയാണു നാം കാണുക.

ദൈവത്തിൻെറ മുൻപിൽ എല്ലാ മനുഷ്യരും ഒന്നുപോലെ വിലയുള്ളവരാണെന്നും മനുഷ്യനെ മനുഷ്യനിൽനിന്നു കററി നിറുത്തുന്ന എല്ലാ അതിൎത്തി രേഖകളും തുടച്ചുമാററണമെന്നും ക്രിസ്തു പഠിപ്പിച്ചു.

ജീവിതത്തിൻെറ എല്ലാത്തുറകളിലുമുള്ളവർ—രാജാവോ പ്രജയോ ആയിക്കൊള്ളട്ടെ—സാന്മാൎഗ്ഗികവും സാമൂഹികവുമായ നിയമങ്ങൾക്കു വിധേയരായേ മതിയാവൂ. ഒത്തുതീൎപ്പില്ലാത്ത ഈ പ്രഖ്യാപനം ശ്രവിച്ച അധികാരിവൎഗ്ഗം അവിടുത്തെ വെറുക്കുകയും അവിടുത്തേക്കെതിരായി ഗൂഢാലോചനകൾ നടത്തുകയും ചെയ്തതിലത്ഭുതമില്ല. മനുഷ്യൻെറ അന്ത്യം ഈ ലോകമല്ല, വേറൊന്നാണു്. ഈ ലോകവും അതിനേർറതായ ചെങ്കോലുകളും കടന്നുപോകുന്നു. ലൗകികാദർശങ്ങളാൽ നയിക്കപ്പെട്ടിരുന്ന ജനപ്രമാണികളെ ഞെട്ടിച്ചുകൊണ്ടു് ആദ്ധ്യാത്മികമൂല്യങ്ങളുടെ അനൎഘത

യെ ക്രിസ്തു ഉയർത്തിക്കാട്ടി. ലോകായതികത്വം ശ്വാസം മുട്ടിക്കുവാൻ ശ്രമിച്ച ആദ്ധ്യാത്മികതയെ രക്തവും ഹൃദയവും വിലയായി കൊടുത്തു് അവിടുന്നു് അവകാശപ്പെടുത്തി. അങ്ങനെ മനുഷ്യാത്മാക്കളുടെമേൽ ക്രിസ്തു തന്റെ ധാർമ്മികാധികാരം സ്ഥാപിച്ചു. സഭയിൽക്കൂടി അവിടുന്നു് അവരെ ഭരിക്കുന്നു. രാഷ്ട്രീയാധികാരികളുടെ ചെയ്തികളെ ധാർമ്മികനിയമത്തിന്റെ പശ്ചാത്തലത്തിൽ വിധിക്കുവാൻ അതുമൂലം സഭയ്ക്കു് അവകാശവും ലഭിച്ചു. ജനതയുടെ അന്ധവിശ്വാസത്തെ താലോലിക്കുന്ന ക്രൂരദേവതകളുടെമേലുണ്ടായ സത്യൈകദൈവത്തിന്റെ വിജയരഹസ്യവും അതുതന്നെ.

അടിമകൾ സ്വതന്ത്രരാക്കപ്പെടുമ്പോൾ ആ സ്വാതന്ത്ര്യത്തെ ചിലപ്പോൾ അവർ സ്വാഗതം ചെയ്തില്ലെന്നു വരും. തങ്ങളെ സ്വതന്ത്രരാക്കിയവർക്കെതിരായി അവർ അണിനിരക്കുകപോലും ചെയ്തേക്കാം. സ്വാതന്ത്ര്യത്തിന്റെ പേരു കേൾക്കുക അവർക്കു സഹിച്ചുകൂടാ. സ്വാതന്ത്ര്യം പ്രാപിക്കണമെന്ന സ്വാഭാവികപ്രവണത ഇക്കൂട്ടരിൽ വികസിക്കുക വിഷമം. അടിമത്തത്തിന്റെ കരുംകറ അവരുടെ മാംസാസ്ഥിമജ്ജകളിൽ അത്രത്തോളം അലിഞ്ഞുചേർന്നുപോയി. ക്രിസ്തു സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്തു. അതിൽ വിജയിച്ചു. എന്നാൽ, ആ സ്വാതന്ത്ര്യത്തെ സമാശ്ലേഷിക്കുവാൻ യഹൂദ ജനത തയ്യാറായില്ല. അവർക്കു സ്വാതന്ത്ര്യംനേടിക്കൊടുത്ത ആ ത്യാഗധീരന്റെ ചുടുരക്തത്തിനുവേണ്ടി അവർ ആർത്തുവിളിച്ചു. "അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക" എന്നു് അവർ അലറി. കണ്ടാലും! സ്വാതന്ത്ര്യത്തോടുള്ള വെറുപ്പും അടിമത്തത്തോടുള്ള അടുപ്പവും. അവർ വിളിച്ചുപറഞ്ഞു, സീസറല്ലാതെ തങ്ങൾക്കു വേറെ രാജാവില്ലെന്നു്. സ്വാതന്ത്ര്യവും സമത്വവും, സാഹോദര്യവും സമാധാനവും, നീതിയും ധർമ്മവും വാഗ്ദാനം ചെയ്ത ദൈവത്തിന്റെ സാമ്രാജ്യത്തെ അവർ തിരസ്കരിച്ചു. പകരം അടിമത്തത്തിലും അനീതിയിലും കെ

ട്ടിപ്പടുത്ത സ്വേച്ഛാധിപത്യത്തെ തിരഞ്ഞെടുക്കുകയുംചെയ്തു.

യേശുവിനെ വെറുതെ വിട്ടാൽ അവിടുന്നു തങ്ങൾക്കെതിരെ ജനങ്ങളെ ഇളക്കിവിടുമെന്നു യഹൂദാധികാരികൾ ഭയന്നു. അജ്ഞതയേയും അന്ധവിശ്വാസത്തെയും ചൂഷണം ചെയ്യുന്ന, അനീതിയേയും അനാചാരത്തേയുംവച്ചു പുലർത്തുന്ന തങ്ങളുടെ സമുദായസംവിധാനത്തെ തകിടംമറിച്ചു കളയുമോ എന്നവർ സംശയിച്ചു. അതിനാൽ, ആ നിർഭയനെ നാമാവശേഷമാക്കുക തങ്ങളുടെ ഒരു ആവശ്യമായി അവർ കരുതി. അതിനുവേണ്ടി ആ യഹൂദപ്രമാണികൾ തല കാഞ്ഞാലോചിച്ചു. തിരുനാൾ ദിവസം അവിടുത്തെ പിടിക്കാൻ പാടില്ല, അവർ തീർച്ചപ്പെടുത്തി. കാരണം, അതു ചിലപ്പോൾ ജനങ്ങളുടെയിടയിൽ കലാപം ഇളക്കി വിടും. ക്രിസ്തുവിൻചുററും തടിച്ചുകൂടിയ ജനതതിയെ അകററുവാൻ പലപ്പോഴും അവർ ശ്രമിച്ചിട്ടുണ്ടു്. പക്ഷേ, ഫലം പരാജയം മാത്രമായിരുന്നു. തങ്ങളുടെ മുമ്പിൽ വഴിതടഞ്ഞുനിന്ന ആ പ്രതിബന്ധത്തെ എന്നേക്കുമായി ഇല്ലായ്മ ചെയ്യാൻ അവസാനം ഒരു പ്ളാൻ അവർ തയ്യാറാക്കി. അതു ഫലിക്കുകയുംചെയ്തു. മുപ്പതു വെള്ളിക്കാശിന്റെ വെട്ടിത്തിളക്കത്തിൽ ഗുരുവിനെ പിടിച്ചുകൊടുക്കാമെന്നു വഞ്ചകനായ യൂദാസ് ഏററു പറഞ്ഞു.

കൈഫാസും പിണിയാളുകളും ആവതു പരിശ്രമിച്ചു, ഒരു കുററമെങ്കിലും കണ്ടുപിടിക്കുവാൻ. എത്രയെത്ര കള്ളസ്സാക്ഷികളെ അവർ അണിനിരത്തി! എന്നിട്ടും അവരുടെ ഉദ്ദേശ്യം സാധിച്ചില്ല. സാക്ഷികളുടെ മൊഴികൾ തമ്മിൽ പൊരുത്തമില്ലായിരുന്നു. അവസാനം കൈഫാസ് കർക്കശവും രൂക്ഷവുമായി ചോദിച്ചു: "ദൈവത്തിന്റെ നാമത്തിൽ ഞാൻ നിന്നോടു ചോദിക്കുന്നു, നീ ദൈവകുമാരനായ ക്രിസ്തുവാകുന്നോ?" ആ ചോദ്യത്തിനു പിന്നിൽ തീവ്രമായ ഒരു പ്രചോദനമുണ്ടായിരുന്നു. യഹൂദജനതയുടെ അന്തരാത്മാവിൽ അന്നുവരെ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്ന പ്രത്യാ

ശയുടെ പ്രതിഫലനമായിരുന്നു അതു്. കൈഫാസിൻെറ ആ ചോദ്യത്തിനു ക്രിസ്തു പ്രതിവചിച്ചു: "ഞാൻതന്നെ." അത്തു നൂറാണ്ടുകളിലൂടെ അനേകമനേകം രക്തസാക്ഷികൾക്കു നീറോമാരുടെ മുമ്പിൽ അടിപതറാതെ, അധരങ്ങൾ വിറയ്ക്കാതെ ക്രിസ്തുവിൻെറ സാക്ഷ്യം വഹിക്കുവാൻ കരുത്തു നല്കി.

സെൻഹദ്രീൻ സഭ ക്രിസ്തുവിനു വധ ശിക്ഷ നിശ്ചയിച്ചു. ഔദ്യോഗികമായി വിധി കല്പിക്കുവാൻ റോമൻ ഗവർണ്ണരായിരുന്ന പീലാത്തോസിൻെറ ആസ്ഥാനമണ്ഡപത്തിലേക്ക് അവിടുത്തെ കൂട്ടിക്കൊണ്ടുപോയി. പീലാത്തോസിനു പ്രയാസമുണ്ടായിരുന്നില്ല, പ്രഥമവീക്ഷണത്തിൽ ക്രിസ്തു നിർദ്ദോഷിയെന്നു വിധി പറയാൻ. മതത്തിൻെറ പേരിൽ അനീതിയും അധർമ്മവും കാട്ടിക്കൂട്ടിയ ആ യഹൂദപ്രമാണികളുടെ കാപട്യവും ക്രൂരതയും അയാൾക്കു നന്നേ അറിയാമായിരുന്നു. റോമയേയും സീസറിനേയും അകമേ വെറുത്തിരുന്ന യഹൂദരുടെ അസൂയയിൽനിന്നു് ഉയിർക്കൊണ്ട കള്ളക്കേസാണു് അതെന്നു് അയാൾക്കു മനസ്സിലായി.

ക്രിസ്തുവിനെ റോമൻവിരുദ്ധ വിപ്ളവകാരിയാക്കി പീലാത്തോസിൻെറ മുമ്പിൽ അവർ നിറുത്തി. എന്നിട്ട് റോമാസാമ്രാജ്യത്തിൻെറ സംരക്ഷകരും സിവിൽ അധികാരത്തിൻെറ കാവൽ ഭടന്മാരുമെന്ന നാട്യത്തിൽ അവർ വിളിച്ചുപറഞ്ഞു: "ഇവൻ റോമയുടെ അധികാരത്തിനെതിരായി ജനങ്ങളെ ഇളക്കിവിട്ടു. സീസറിനു കപ്പം കൊടുക്കരുതെന്നു വിലക്കി. രാജാവാണെന്നും ദൈവകുമാരനാണെന്നും സ്വയം പ്രഖ്യാപിച്ചു." എന്നാൽ, പീലാത്തോസിനു് ആ ആരോപണങ്ങളൊന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല. കത്തിയെരിഞ്ഞ അസൂയയുടെ ആളിക്കത്തലാണു് അതെന്നു് അയാൾക്കു ബോധ്യമായി. "ഈ നിർദ്ദോഷിയുടെ രക്തത്തിൽ എനിക്കു പങ്കില്ല." പീലാത്തോസിൻെറ മനസ്സാക്ഷി വിധി പ്രസ്താവിച്ചു.

രണ്ടാം ഭാഗം

# ക്രിസ്തുമതത്തിൻെറ സാമൂഹിക പരിപാടികൾ

ക്രിസ്തുമതം വ്യക്തികളെ മാത്രമല്ല, സമുദായത്തെയും അതിൻെറ എല്ലാ ഘടകങ്ങളേയും പരിപൂർണ്ണമാക്കുവാനാണു ശ്രമിക്കുക. സമുദായത്തെ നേരായ മാർഗ്ഗത്തിൽ നയിക്കുന്നതിനും ലക്ഷ്യത്തിലെത്തിക്കുന്നതിനുമുതകുന്ന പരിപാടികളാണു ക്രിസ്തീയാദർശമുൾക്കൊള്ളുന്നതു്. നൂററാണ്ടുകളായി മനുഷ്യജീവിതത്തിൻെറ ആന്തരികവും ബാഹ്യവുമായ എല്ലാ രംഗങ്ങളിലും അതു വെളിച്ചം വീശുന്നു. മതാത്മകവും സാന്മാർഗ്ഗികവുമായ പ്രശ്നങ്ങൾക്കു മാത്രമല്ല സമുദായത്തിൻെറ ഏതേതു പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ ക്രൈസ്തവാദർശങ്ങൾക്കു കഴിയും. പ്രധാനമായി നാലുവിധത്തിൽ അവ സമുദായത്തിൽ പ്രേരണ ചെലുത്തുന്നുണ്ടു്. ഒന്നു്: വ്യക്തികളെ പരിപൂർണ്ണരാക്കാനുള്ള പരിശ്രമംവഴി; രണ്ടു്: കുടുംബത്തെ സുരക്ഷിതമാക്കിക്കൊണ്ടു്; മൂന്നു്: മാനുഷികമൂല്യങ്ങളെ അംഗീകരിച്ചുകൊണ്ടു്; നാലു്: സമുദായത്തിലെ ഓരോ അംഗത്തിലും നീതി, സ്നേഹം, സമാധാനം, ഐക്യം, കർത്തവ്യബോധം തുടങ്ങിയ സാമൂഹികസുകൃതങ്ങൾ വളർത്തിക്കൊണ്ടു്.

ഒന്നാം അദ്ധ്യായം

# വ്യക്തികളെ പരിപൂർണ്ണരാക്കുന്നു

സമുദായം നന്നാകണമെങ്കിൽ ആദ്യം വ്യക്തികൾ നന്നാകണം. കെട്ടിടത്തിനുപയോഗിക്കുന്ന കല്ലുകൾ ഉറപ്പുള്ളതാണെങ്കിലേ ചുവരുകൾക്കു ബലം കാണുകയുള്ളു. സമുദായത്തിനു രൂപംകൊടുക്കുന്നതു വ്യക്തികളാണ്. അതിനാൽ, ഉടവുതട്ടിയ സമുദായത്തിന് ഉറപ്പേകണമെങ്കിൽ വഴിതെററിയ വ്യക്തികളിൽ പരിവത്തനമുണ്ടാകണം. ഇന്നു കമ്മ്യൂണിസ്ററുകാർ പറയുന്നു: "മനുഷ്യനെ സൃഷ്ടിക്കുന്നതും അവനിൽ സ്വാധീനത ചെലുത്തുന്നതും സാഹചര്യങ്ങളാണ്. സാഹചര്യങ്ങൾ മാറിയാലേ മനുഷ്യൻ നന്നാകു. മനുഷ്യനെ വലയം ചെയ്തിരിക്കുന്ന ഉച്ചനീചത്വങ്ങളെ തുടച്ചുനീക്കാതെ വഴിപിഴച്ച ജീവിതക്രമത്തെ പിഴതെററിയ്ക്കുക സാദ്ധ്യമല്ല. അതിനാൽ, ഇന്നത്തെ ദൂഷിച്ച സാമൂഹികവ്യവസ്ഥിതിയെ ആദ്യം ഉച്ചാടനംചെയ്യുക. അപ്പോൾ വ്യക്തി നീതിയും സ്നേഹവും സമാധാനവും സന്തോഷവുമുള്ളവനായി മാറിക്കൊള്ളും." വാസ്തവമാണ്, സാഹചര്യങ്ങൾ വ്യക്തികളിൽ വളരെയധികം സമ്മർദ്ദം ചെലുത്തുന്നുവെന്നതു്. എന്നാൽ, മനുഷ്യനെ അതു ചീത്തയാക്കുകയോ നന്നാക്കുകയോ ചെയ്യുന്നില്ല. മനുഷ്യനാണു സാഹചര്യങ്ങളെ സൃഷ്ടിക്കുന്നതു്. ഒരു സമുദായം നല്ലതെന്നോ ചീത്തയെന്നോ വിധിക്കേണ്ടതു് അതുൾക്കൊള്ളുന്ന വ്യക്തികളുടെ ഗുണഗണങ്ങൾ എണ്ണി തിട്ടപ്പെട്ടുത്തിയതിനു ശേഷം മാത്രമാണ്. ഒരു വ്യക്തിയുടെ നവീകരണവും സമുദായത്തിൻെറ നവീകരണവും തമ്മിൽ ദൃഢമായ ബന്ധമുണ്ട്. സമുദായത്തിൻെറ മാഹാത്മ്യം വ്യക്തികളുടെ മാഹാത്മ്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. സുശക്തവും സുസംഘടിതവുമായ സമുദായത്തിൽമാത്രമേ വ്യക്തികൾക്കു വളരാനും വികസിക്കാനും സാധിക്കൂ. ഇതാരും നിഷേധിക്കുന്നി

ല്ല. എന്നാൽ, സമുദായത്തിൽ എന്തെങ്കിലും പരിവർത്തനം വരുത്തണമെങ്കിൽ വ്യക്തികളിലാണു പരിവർത്തനം ആരംഭിക്കേണ്ടതെന്ന വാസ്തവം വിസ്മരിക്കരുതു്.

## നിയമം ഹൃദയത്തെ മാററുമോ?

ഇന്നു കമ്മ്യൂണിസം വിഭാവനം ചെയ്യുന്ന നവ്യവ്യവസ്ഥിതി നാമ്പെടുത്താൽത്തന്നെയും യഥാർത്ഥസമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും ലോകത്തിനു പ്രദാനം ചെയ്യാൻ അതിനു കഴിയുമോ? തീർച്ചയായും ഇല്ല. കാരണം, ഇന്നുള്ള സകല വ്യവസ്ഥിതികളേയും സ്ഥാപനങ്ങളേയും തകിടംമറിച്ചുകൊണ്ടല്ല, സാമൂഹ്യാനീതികളേയും ഉച്ചനീചത്വങ്ങളേയും ഉച്ചാടനം ചെയ്യേണ്ടതും, തങ്ങൾ സ്വപ്നം കാണുന്ന 'നല്ലനാളെയെ' കെട്ടിപ്പടുക്കേണ്ടതും. ഈ തകിടംമറിക്കൽമൂലം അവർ ചെയ്യുന്നതു് ഒരു വർഗ്ഗത്തിന്റെ സ്വത്തു വേറൊരു വർഗ്ഗത്തിനു കൊടുക്കുക, ചില ആഗ്രഹങ്ങളേയും ആവശ്യങ്ങളേയും താൽകാലികമായി സാധിച്ചുകൊടുക്കുക എന്നതുമാത്രമാണു്. എന്നാൽ, സമുദായത്തിന്റെ പുഴുത്ത പുണ്ണുകളെ പൂർണ്ണമായി സുഖപ്പെടുത്തുക അവർക്കു സാദ്ധ്യമല്ല. ദുഷ്ടുകിടക്കെ വരട്ടിയാൽ പിന്നൊരവസരത്തിൽ അവ പൊട്ടുകതന്നെ ചെയ്യും. താൽകാലികമായ ഒരു പ്രശ്നം കഴിഞ്ഞാൽ അതിനെക്കാൾ രൂക്ഷമായ വേറൊന്നു മുളയെടുക്കും. മുമ്പത്തെക്കാളധികം അതു സമുദായത്തെ കരണ്ടുകരണ്ടു നശിപ്പിക്കും. വിദ്വേഷവും വിധ്വംസനവും കൂടുമ്പോൾ കൂടുതൽ ആഴത്തിൽ വേരുറയ്ക്കും. തീരാത്ത വിപ്ലവത്തിന്റെ ഫലമായി സമുദായം അരാജകത്വത്തിലേയ്ക്കും അനീതിയിലേക്കും നീങ്ങിക്കൊണ്ടിരിക്കും. കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലെ അനുഭവം വേണ്ടുവോളം ഇതു തെളിയിക്കുന്നു. ദുഷിച്ച വ്യവസ്ഥിതി മാറിയാൽ മനുഷ്യൻ നന്നാകുമെന്നു മാർക്സും കൂട്ടരും വിശ്വസിച്ചു; ലെനിൻ അതു പരീക്ഷിച്ചു. റഷ്യയിലും അതിന്റെ കൊ

ക്കീഴിൽ അമന്നിരിക്കുന്ന മററു രാഷ്ട്രങ്ങളിലും എന്തുകൊണ്ടു മനുഷ്യൻ നന്നായില്ല, നന്നാകുന്നില്ല? പത്തുനാല്പതു കൊല്ലം കഴിഞ്ഞും മുമ്പിലത്തെക്കാറം കൂടുതൽ ചാരഗണം അവിടെ ഉണ്ടാകുന്നെങ്കിൽ, വളരെയധികം ശുചീകരണങ്ങൾ അവിടെ നടക്കുന്നെങ്കിൽ, വളരെയധികം മനുഷ്യശിരസ്സുകളെ അരിഞ്ഞു വീഴ്ത്തുന്നെങ്കിൽ അതു് എന്തിനെക്കുറിക്കുന്നു? സാഹചര്യങ്ങൾ മാറിയാലും മനുഷ്യൻ നന്നാവുകയില്ല. 'വിദ്യാഭ്യാസവും പരിവത്തനവു'മെന്ന പുസ്തകത്തിന്റെ മുഖവുരയിൽ വാൻഡർവെൽഡ് (Vandervelde) പറയുന്നു: "അനപേക്ഷണീയമായ ധാമ്മികപരിവത്തനം പൂർണ്ണമായി സാധിക്കാതെയാണു തൊഴിലാളികൾ വിജയശ്രീലാളിതരാകുന്നെങ്കിൽ അവരുടെ വ്യവസ്ഥിതി വിദ്വേഷജനകമായിരിക്കും. അതിന്റെ ഫലമായി ലോകം ഒരിക്കൽക്കൂടി ഇന്നത്തെപ്പോലെ കടുത്ത കഷ്ടപ്പാടുകളിൽ, അനീതിയിൽ, അടിമത്തയിൽ മുഴുകിപ്പോകും." മനുഷ്യനിൽ ധാമ്മികവ്യതിയാനം വരുത്തുക നിയമത്തിനോ ആജ്ഞാശക്തിക്കോ ശക്യമല്ല. അവനെ നിഷ്കളങ്കനും നിരുപദ്രവിയുമാക്കാൻ രാഷ്ട്രനിയമത്തിനോ സിവിൽനിയമത്തിനോ സാധിക്കുകയുമില്ല. ഒന്നുകൂടി വിശദമായിപ്പറഞ്ഞാൽ, ഹൃദയാന്തർഭാഗത്തിലേക്കു കയറിച്ചെല്ലുകയും അതിന്റെ അഭിനിവേശങ്ങളേയും ചായ്വുകളേയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് അധികാരത്തിനോ ആജ്ഞാശക്തിക്കോ അസാധ്യം. പുരാതന വിശ്വസാഹിത്യകാരനായ സിസറോ ചോദിക്കുന്നു: "സന്മാർഗ്ഗമില്ലാതെ നിയമമെന്തു്?" "എന്നു മനുഷ്യൻ സ്വാതന്ത്ര്യം കൈവെടിയുന്നുവോ, സഹോദരന്റെ സ്വത്തുക്കൾ അഗ്രഹിക്കാതിരിക്കുന്നുവോ, തന്റെ മാത്രമല്ല, അയൽക്കാരന്റേയും സാമൂഹികജീവിതത്തെ സുരക്ഷിതമാക്കാൻ പരിശ്രമിക്കുന്നുവോ അന്നേ അനീതിക്കും അസമത്വത്തിനും അവസാനം വരൂ" എന്നത്രേ ഹെറോണി (Heron) ന്റെ അഭിമതം. മനുഷ്യന്റെ ചായ്വിൽ എപ്പോഴും സ്വാതന്ത്ര്യത്തിലേയ്ക്കാ

ണ്. "ആരുടെ കഴുത്തു കണ്ടിച്ചാലും വേണ്ടില്ല; ഞാനും എൻെറ കുടുംബവും സുഖമായി ജീവിക്കണം; എല്ലാവരെക്കാൾ കൂടുതൽ സുഖസൗകര്യങ്ങൾ എനിക്കു കിട്ടണം"—ഇതാണിന്നു സാധാരണ മനുഷ്യനെ നയിക്കുന്ന ആദർശം. ഹൃദയം നിറയെ സ്വാർത്ഥം പേറിക്കൊണ്ടാണ് അവൻെറ ഓരോ ചലനവും. ഈ സ്വാർത്ഥമാണു സാമൂഹികവികസനത്തിനു വിരുദ്ധമായി നില്ക്കുന്ന ഏററവും വലിയ ശത്രു. എ. ലൂഗൻ(A. Lugan) പറയുന്നു: "സാമൂഹിക—സാമ്പത്തികശാസ്ത്രജ്ഞന്മാർ നീതി, സ്നേഹം, സാമൂഹികസമത്വം—ഇവയെ പുരസ്കരിച്ച് എത്ര പ്രഗല്ഭമായി പ്രസംഗിച്ചാലും മനുഷ്യൻ സ്വമനസ്സാലെ സ്വാർത്ഥം ഉപേക്ഷിക്കുന്നില്ലെങ്കിൽ, ആത്മപരിത്യാഗം അനുഷ്ഠിക്കുന്നില്ലെങ്കിൽ എല്ലാം നിഷ്ഫലം. ആത്മപരിത്യാഗത്തിലാണു യഥാർത്ഥമായ ഒരു സാമൂഹികക്രമത്തിൻെറ അടിത്തറ കെട്ടിപ്പൊക്കേണ്ടതു്. സുഖസന്തോഷങ്ങൾ തേടുന്ന മനുഷ്യൻെറ ദുഷിച്ച ചായ്വിനെ സംയമനംചെയ്യാഞ്ഞാൽ അന്യരുടേതുകൂടി കവർന്നെടുക്കാനായിരിക്കും അവൻെറ അടുത്ത ശ്രമം. ഭൗതികനന്മയെ അവഗണിച്ച് ആത്മപരിത്യാഗം ചെയ്യുക വ്യക്തിപരമായ നന്മയുടെ പ്രേരണയെക്കാൾ ശക്തവും ശ്രേഷ്ഠവുമായ ഒരു ഗുണമത്രേ. അതാണ് ഒരു സമുദായത്തിൻെറ വളർച്ചയ്ക്കും വിശിഷ്യ, സാമ്പത്തികവികസനത്തിനും വ്യക്തികളിൽ അത്യാവശ്യം വേണ്ടതു്." അതിനാൽ സാമൂഹികപ്രവർത്തനം ആരംഭിക്കേണ്ടതു സ്വാർത്ഥത്തിൻെറ കട പറിച്ചെറിഞ്ഞിട്ടു പരസ്നേഹം ഹൃദയത്തിൽ നിറച്ചുവച്ചതിനുശേഷമാണ്.

## മതം ഹൃദയത്തെ സ്പർശിക്കുന്നു

തന്നെത്തന്നെ പരിത്യജിക്കുക—പ്രയാസമായ കാര്യമാണ്. കാരണം, മനുഷ്യഹൃദയത്തിൽ അത്രകണ്ടു രൂഢമൂലമായിരിക്കുകയാണു സ്വാർത്ഥം. ക്രിസ്തു മനുഷ്യനോട് ആദ്യം ആ

വശ്യപ്പെട്ടതു് ആന്തരികപരിവർത്തനം സാധിക്കുവാനാണു്. എല്ലാ മാനുഷികപ്രവൃത്തികളും ആന്തരികപ്രചോദനത്തിൽ നിന്നുളവാകുന്നു. നിസ്വാർത്ഥത, ആത്മപരിത്യാഗം, സാഹോദര്യം—ഇവ അവശ്യംവേണമെന്നു് ക്രിസ്തുവിനെപ്പോലെ അത്ര ആരും ഇതുവരെ ഉറപ്പിച്ചുപറഞ്ഞിട്ടില്ല. ദൈവത്തെയും അയൽക്കാരനേയും സ്നേഹിക്കുക അനുപേക്ഷണീയമാണു് എന്നത്രേ സുവിശേഷത്തിൽനിന്നു തെളിയുന്നതു്. "സമ്പന്നരേ, നിങ്ങൾക്കു ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. സംതൃപ്തരേ, നിങ്ങൾക്കു ദുരിതം!— നിങ്ങൾക്കു വിശക്കും. ചിരിക്കുന്നവരേ, നിങ്ങൾക്കു ദുരിതം!— നിങ്ങൾ ദുഃഖിച്ചുകരയും." (വി. ലൂക്ക് 6: 24, 25.)

ഇന്നു അന്യായമായി സുഖിക്കുന്നവനു നാളെ സുഖിക്കാൻ അവകാശമില്ലെന്നു്, ഇന്നു സന്തോഷത്തിൽ മതിമറന്നു ജീവിക്കുന്നവനു ദുരിതവും കരച്ചിലുമുണ്ടാകുമെന്നു ക്രിസ്തു മുന്നറിയിപ്പു നല്കുന്നു. ഈ ആദർശമാണു് അവിടുത്തെ ഗിരിപ്രഭാഷണത്തിൽ ഉടനീളം ഓളംകളിക്കുക. ക്രിസ്തുവിൻെറ പ്രബോധനങ്ങൾ സ്വാഭാവികങ്ങളും അതിസ്വാഭാവികങ്ങളുമാണു്. പഴയനിയമത്തിലുമുണ്ടായിരുന്നു, സ്വാഭാവികവും അതിസ്വാഭാവികവുമായ കടമകളും സുകൃതങ്ങളും. എന്നാൽ, ക്രിസ്തു അവയെ തൻെറ പുതിയ തത്വസംഹിതകൊണ്ടു സുന്ദരതമമാക്കി. ചില രാഷ്ട്രീയനേതാക്കന്മാർ ക്രിസ്തീയതത്വങ്ങളെ വിശകലനം ചെയ്യുന്നുണ്ടു്. പക്ഷേ, ആന്തരികപരിവർത്തനം സാധിക്കുകയെന്നുള്ള ക്രിസ്തുവിൻെറ ഏററം പ്രധാനമായ പ്രബോധനത്തെ അവർ തിരസ്കരിക്കുന്നു. അതാണു് അവർക്കു പിണഞ്ഞ പരാജയം. നേതൃത്വത്തിനു് ആജ്ഞാശക്തിയും അധികാരവും ഉണ്ടെങ്കിൽ മതി, സമുദായപരിവർത്തനം സാധിക്കുമെന്നാണു് അവരുടെ പക്ഷം. എന്നാൽ, ഓരോ വ്യക്തിയിലും പരിപൂർണ്ണമായ ഹൃദയപരിവർത്തനം അത്യന്താപേക്ഷിതമെന്നാണു ക്രിസ്തുമതം അനുശാസിക്കുന്നതു്.

നല്ലൊരാൾ സാമൂഹികശാസ്ത്രജ്ഞനോ ഉദ്ധാരകനോ അല്ലായിരിക്കാം; എന്നാൽ, അയാളുടെ വ്യക്തിവിലാസവും പുണ്യപരിപൂൎണ്ണതയും സമുദായസീമയിൽ നിഴലിച്ചുകാണും. ആധുനികമായ ആശയഗതികളെപ്പററി അയാൾ അജ്ഞനാവാം; എങ്കിലും, വിശക്കുന്ന വയറുകൾ ചുററുമുള്ളപ്പോൾ അവരെ തിരിഞ്ഞുനോക്കാതെ തിന്നുകയും കുടിക്കുകയും ചെയ്യുക ന്യായവും നീതിയുമല്ലെന്നു് അയാൾക്കറിയാം. നഗരവളപ്പിൽ നഗ്നരുള്ളപ്പോൾ തനിക്കു രണ്ടുടുപ്പിനു് അവകാശമില്ലെന്നും ചുററും ചെററക്കുടിലുകളുള്ളപ്പോൾ ദീനരുടെ രോദനത്തിനു കാതുകൊടുക്കാതെ മണിമാളികയിൽ മരുവുന്നതു് അനുചിതമെന്നും അയാൾക്കറിയാം; മുതലാളിതൊഴിലാളിവൎഗ്ഗസമരത്തെപ്പററി അജ്ഞനാണെങ്കിലും പരസ്നേഹം ശരിക്കു പഠിച്ചു പ്രയോഗത്തിൽ വരുത്തുന്നവനാണയാൾ. മുതലാളിയേയും തൊഴിലാളിയേയും യജമാനനേയും അടിമയേയും ഒരേ നിലയിലേ അയാൾ കാണുകയുള്ളു. കാരണം, എല്ലാവരും ദൈവത്തിന്റെ മക്കൾ; സകലരും അവിടുത്തെ സന്നിധിയിൽ സമന്മാർ.

ക്രിസ്തുമതത്തിന്റെ അസ്ഥിവാരം ഉറപ്പിച്ചിരിക്കുന്നതു പരിത്യാഗത്തിലാണു്. തന്നെത്തന്നെ പരിത്യജിക്കാത്തവൻ ക്രിസ്ത്യാനിയെന്ന നാമത്തിനേ അൎഹനല്ല. ഒരു ക്രൈസ്തവന്റെ വിശ്വാസമളക്കുന്നതു് അയാളുടെ ആത്മപരിത്യാഗത്തിന്റെ അളവുകോലുകൊണ്ടാണു്. ഇവിടെ ഹാർനാക്കിന്റെ (Harnak) വാക്കുകൾ ശ്രദ്ധാർഹങ്ങളാണു്: "നമ്മുടെ പരിത്യാഗത്തിന്റെ യഥാൎത്ഥമായ പ്രകൃതിയിൽനിന്നേ നമുക്കു ക്രിസ്തീയവിശ്വാസത്തെ അളക്കുവാൻ കഴിയൂ. നമ്മിൽ ക്രിസ്തീയവിശ്വാസം പരിത്യാഗത്തിന്റെ അരൂപിയെ ഉരുവാക്കുന്നില്ലെങ്കിൽ ആ വിശ്വാസം വെറും വ്യാജവിഭാവനം മാത്രമേ ആയിരിക്കൂ" (Social Christianity p. 150)

അധഃപതിച്ച മനുഷ്യന്റെ സ്വാൎത്ഥത്തിനെതിരായി

കത്തോലിക്കസഭ ധർമ്മസമരം ചെയ്യുന്നു. അതു വേണം; എങ്കിൽമാത്രമേ, ഒരു ഉറച്ച സാമൂഹികവ്യവസ്ഥിതി കരുപ്പിടിപ്പിക്കുവാൻ കഴിയൂ. ഇത്ര മാഹാത്മ്യവും വൈശിഷ്ട്യവും തികഞ്ഞ ഒരു മതക്രമത്തെയോ സന്മാർഗ്ഗികനിയമത്തെയോ കുറിച്ച് അന്യത്ര ചിന്തിക്കുകപോലും അസാദ്ധ്യം. നീതിയുടേയും പരിശുദ്ധിയുടേയും സ്നേഹത്തിൻേറയും സന്മാർഗ്ഗത്തിൻേറയും കടമകളെ ഇത്രകണ്ടു പ്രചോദിപ്പിക്കുന്ന ഒരു തത്വസംഹിത മറെറാരു മതത്തിൽ കണ്ടെത്തുകയില്ല. അധമവാസനകളെ അടിയറവു പറയിക്കാൻ, സാമൂഹികജീവിയെന്ന നിലയിൽ സധൈര്യം കടമകളെ നിവ്വഹിക്കാൻ മനുഷ്യനെ ക്രിസ്തീയതത്വങ്ങൾ ഉൽബോധിപ്പിക്കുന്നു. ക്രിസ്തുവിൻേറ പ്രബോധനങ്ങളെ ശരിക്കു പഠിച്ച ഏതു നാസ്തികനും സമ്മതിക്കും, അവ വേണ്ടപോലെ പാലിക്കുന്നെങ്കിൽ യഥാർത്ഥമനുഷ്യജീവിതം നയിക്കാൻ നമുക്കു സാധിക്കുമെന്ന്. അങ്ങനെ ഓരോ വ്യക്തിയും മാതൃകാപരമായ മാനുഷികജീവിതം നയിക്കുമ്പോൾ നല്ലൊരു വ്യവസ്ഥിതി സമുദായത്തിൽ താനേ ഉദയം ചെയ്യും. കഷ്ടപ്പാടുകളുടെ ക്രമ്പാരത്തിൽ കഴിഞ്ഞുകൂടിയ പീബഡി (Peabody) പറയുന്നു: "ആദ്യം സ്വന്തം ഹൃദയത്തിൻേറ ഉള്ളറകളിൽ കടന്നുചെന്നു ശരിയായ പരിശോധന നടത്തിയതിനുശേഷമേ സമുദായത്തിൻേറ ഉച്ചനീചത്വങ്ങൾക്കു കാരണവും പ്രതിവിധിയും കണ്ടുപിടിച്ചു തിട്ടപ്പെടുത്താവൂ." പ്രതികൂലപരിതസ്ഥിതികളും നിയമങ്ങളുടെ പോരായ്മയും വ്യാവസായികമാത്സര്യവുമാണു സമുദായത്തിൻേറ കുഴഞ്ഞ പ്രശ്നങ്ങൾക്കു കാരണമെന്നു ചിലർ പറയുന്നു. പക്ഷേ, കർത്തവ്യബോധത്തെ തേച്ചുരച്ചു മാച്ചുകളയുന്ന ദുഷിച്ച പ്രവണതയെക്കാൾ, സമുദായത്തിൻേറ പുരോഗതിക്കു വിലങ്ങുതടിയായി നില്ക്കുന്ന വേറൊരു മോശമായ പ്രവണത ഇന്നു ലോകത്തിലില്ല. സംഖ്യയററ വ്യക്തികളുടെ സീമയററ പാതകങ്ങളെ ശുദ്ധിവരുത്താതെ ഒരു

സാമുദായികസംവിധാതാവിനും ഒരു ക്ഷേമസമുദായം വാഗ്ദാനംചെയ്യുക സാദ്ധ്യമല്ല. വ്യക്തിമാഹാത്മ്യം വിപുലമാക്കാതെ സാമുദായികസുസ്ഥിതി കൈവരുത്താൻ കഴിയുകയുമില്ല.

"ആരുമാരും സമ്മതിക്കും, ക്രിസ്തുമതം ആദ്യംമുതൽക്കേ സംസ്കാരത്തിൽ സമുന്നതസ്ഥാനം കരസ്ഥമാക്കിയിരുന്നുവെന്ന്. കാരണം, അന്തരികമനുഷ്യനിൽ ക്രിസ്തുമതം വ്യതിയാനം വരുത്തി; ലോകത്തിൽ പ്രബലമായിരുന്ന തത്വചിന്തയേയും മനോഭാവങ്ങളേയും അതു മറിച്ചെഴുതി. സാന്മാർഗ്ഗികമായും മാനസികമായും മനുഷ്യനെ പുനർജ്ജീവിപ്പിച്ചു" (യൂറോപ്യൻ സംസ്കാരചരിത്രം 1; p. 31). കുടുംബത്തിനും അതു നവജീവൻ നല്കി. അങ്ങനെ, ഒരു പുതിയ സമുദായത്തിനു ക്രൈസ്തവസഭ അടിത്തറ പാകി.

ക്രിസ്തുമതം വ്യക്തിയെ ചില ചുമതലകളോടുകൂടി സമുദായത്തിൻെറ അവിഭാജ്യഘടകമാക്കുന്നു. സാമുദായികമായി പുരോഗമിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. ഓരോ ചലനവും നിരീക്ഷണം ചെയ്തു് അവനു മുന്നറിവു നല്കുന്നു, സദാ ജാഗരൂകനായിരിപ്പാൻ. യുദ്ധസമയത്തു് ഒരു കണ്ണുമാത്രമടച്ചുറങ്ങുന്ന പടയാളിയെപ്പോലെയായിരിക്കണം മനുഷ്യനും. അവൻെറ ഓരോ ഹൃദയത്തുടിപ്പും ദൈവത്തോടും അയൽക്കാരനോടുമുള്ള കർത്തവ്യത്തെ അവനെ അനുസ്മരിപ്പിക്കണം. ഇതു വേറൊരു നിമിഷത്തേയ്ക്കു നീക്കിവയ്ക്കുക സാദ്ധ്യമല്ല. കാരണം, ജീവിതത്തിൻെറ കണക്കുകൊടുക്കുവാൻ അവിചാരിതമായി നാം വിളിക്കപ്പെടും. അതിനാൽ, ഒരുത്തമക്രൈസ്തവൻ തൻെറ നല്ല പ്രവൃത്തികളെ ഒരിക്കലും നാളത്തേയ്ക്കു നീട്ടുകയില്ല. 'നാളെ ഞാൻ നീതികാണിക്കാം; അയൽക്കാരനെ സ്നേഹിക്കുന്നതു നാളെയാവട്ടെ' എന്നു ക്രിസ്തുവിൻെറ അനുഗാമി പറഞ്ഞുകൂടാ. എപ്പോഴും അയാൾ നീതിയുള്ളവനായിരിക്കണം. ഹൃദയത്തിൽ സ്നേഹംനിറഞ്ഞു

തുളുമ്പണം. പരിപൂർണ്ണനാകണമെന്ന ചിന്ത കൈവെടിയുകയുമരുത്. ചുരുക്കത്തിൽ, ക്രൈസ്തവാദർശങ്ങൾക്കനുസൃതമായി ജീവിതം ക്രമവൽകരിക്കുക. അപ്പോൾ ക്രിസ്തീയപ്രബോധനങ്ങൾ സാമൂഹികക്രമത്തിൻെറ ഉദ്ദേശ്യം സാധിതമാക്കും.

വ്യക്തികളുടെ വികസിക്കുന്ന പ്രകൃതിവാസനയെ ക്രിസ്തുമതം പ്രോത്സാഹിപ്പിക്കുന്നു. മതത്തിനും രാഷ്ട്രത്തിനുംവേണ്ടി നിരവധി ത്യാഗങ്ങൾ സഹിക്കുന്ന ധീരാത്മാക്കളെ ഇന്നും കത്തോലിക്കാസഭയിൽ കാണുന്നതിനു കാരണമിതാണ്. സാമൂഹികജീവിയിൽ പ്രഥമതഃ വേണ്ടതു പൂർണ്ണമായ ഹൃദയപരിവർത്തനമാണെന്നു പറയുന്നതിൻെറ ഉദ്ദേശ്യവും ഇതുതന്നെ. ക്രിസ്തു ആവശ്യപ്പെടുന്നു: "പശ്ചാത്തപിക്കുക." വേറെ വാക്കുകളിൽപ്പറഞ്ഞാൽ, ഹൃദയപരിവർത്തനം സാധിക്കുക. ജീവിതസന്തോഷങ്ങളെ നിശ്ശേഷം ത്യജിക്കാനല്ല, ജീവിതവൃത്തിയെ തീരെ ഉപേക്ഷിക്കാനുമല്ല അവിടുന്ന് ഉപദേശിക്കുന്നത്; പ്രത്യുത, തന്നെത്തന്നെ ത്യജിച്ച് ആത്മശുദ്ധി വരുത്താനും ദൈവത്തിനും സഹോദരനുംവേണ്ടി ജീവിക്കാനുമാണ്. സാമൂഹികനീതിയും സാമുദായികസുസ്ഥിതിയും അത്തരം ഹൃദയപരിവർത്തനത്തിൻെറ പരിണതഫലങ്ങളാണ്.

രണ്ടാം അദ്ധ്യായം

# കുടുംബഭദ്രത

മനുഷ്യൻെറ അഭിനിവേശം സാമൂഹികജീവിതത്തിലേക്കാണു ചാഞ്ഞിരിക്കുന്നത്. കുടുംബത്തിലേക്ക് അവനെ നയിക്കുന്ന ചില അലംഘനീയ നിയമങ്ങളും നൈസർഗ്ഗിക വാസനകളും മനുഷ്യനിലുണ്ട്. ഈ നൈസർഗ്ഗികവാസനയെ നിരോധിക്കുക ശരിയല്ല. കാരണം, സമുദായമാകെ അതുമൂലം തകിടം മറിയും.

ഒരു സമുദായം നേർവഴിയിൽ നടക്കണമെങ്കിൽ എല്ലാ അംഗങ്ങളും ശരിയായി മുന്നോട്ടു പോകണം. യാന്ത്രികപ്രവൎത്തനത്തിന്ന യന്ത്രത്തിന്റെ എല്ലാ ഭാഗങ്ങളും ഒത്തൊരുമിച്ചു ശരിയായി ചലിക്കണമല്ലോ. ആ നിലയാണ് ഒരു സമുദായത്തിനമുള്ളതു്. ചെറിയൊരു സമുദായമത്രേ കുടുംബം. വിവാഹത്തിന്റെ അസ്തിവാരത്തിലാണ് ഇതു പണിതുയർത്തുക. ഈ ചെറിയ സമുദായം പുരോഗമിക്കണമെങ്കിൽ അതിന്റെ അടിത്തറയും ബലം തികഞ്ഞതാവണം. വിവാഹത്തോടു ചെയ്യുന്ന ഏതു കുടുംകൈയും കുടുംബത്തെ തകർക്കാൻ പോരുന്നതാണ്. കുടുംബത്തിലെ ഓരോ വ്യക്തിക്കും ചില ചുമതലകളും അവകാശങ്ങളുമുണ്ട്. അവയെ വ്യഭിചരിപ്പിച്ചാൽ കുടുംബം തീരാനാശത്തിലേയ്ക്കും വിപത്തിലേയ്ക്കും നിപതിക്കും.

## കുടുംബം ക്രിസ്തുമതത്തിനു മുമ്പു്

മഹിതമായ ആദർശം, പാവനമായ ഉദ്ദേശ്യം—ഇവയാണ് കുടുംബത്തിന് ആദ്യരൂപം നല്കിയതു്. എന്നാൽ, ഈ ആദ്യരൂപത്തിൽനിന്നു വളരെ വ്യതിചലിച്ച കുടുംബത്തെയാണു ക്രിസ്തുമതം തുടക്കത്തിൽ കണ്ടതു്. ദുർബലമായ അടിത്തറ, കെട്ടുറപ്പില്ലാത്ത നിലപാട്, അംഗങ്ങൾ തമ്മിലുള്ള ശിഥിലബന്ധം ഇവയാണു ക്രിസ്തുമതം കണ്ട കുടുംബത്തിന്റെ അവസ്ഥ. കുടുംബനായകന്റെ അധികാരം സ്വേച്ഛാധിപത്യമായി മാറി. കാലത്തിന്റെയും അധമവികാരത്തിന്റെയും അടിയൊഴുക്കിൽ വിവാഹത്തിന്റെ പ്രഥമോദ്ദേശ്യം അശുദ്ധമായി. അതിന്റെ മഹനീയതയും പരിപാവനതയും മറവിയുടെ മൂറിയിൽ പൊടിയണിഞ്ഞു കിടന്നു.

"അതിനാൽ, പുരുഷൻ തന്റെ പിതാവിനോടും മാതാവിനോടും വേർപെട്ടു ഭാര്യയോടു ചേരും. അവർ ഇരുവരും ഒരു ശരീരമാവുകയും ചെയ്യും" (സൃഷ്ടി 2: 24). പഴയനിയമത്തിലെ ഈ വാക്കുകൾ വിവാഹത്തിന്റെ സ്വഭാവത്തെ വ്യ

കരമാക്കുന്നു. സന്താനലബ്ധിക്കുവേണ്ടിയാണു ദൈവം വിവാഹത്തെ സ്ഥാപിച്ചതെന്ന ധാരണ എബ്രായക്കാരിൽ പ്രബലമായിരുന്നു. ബ്രഹ്മചര്യം അവരുടെ ഇടയിൽ വളരെ കുറവായിരുന്നതിന് ഇതുതന്നെയാണു കാരണം. വന്ധ്യതയെ ദൈവത്തിൻെറ ശാപമായിപ്പോലും അവർ കരുതി. ഈ വിശ്വാസം ഈജിപ്റ്റിലും അസീറിയായിലും ബാബിലോണിലുമുണ്ടായിരുന്നു. "ബാർബേറിയന്മാർക്കിടയിൽ ജർമ്മൻകാർ മാത്രമേ ഒരു ഭാര്യയെക്കൊണ്ടു തൃപ്തിയടഞ്ഞിരുന്നുള്ളു. എന്നാൽ, അവരുടെ നേതാക്കന്മാർ ബഹുഭാര്യത്വം സ്വീകരിച്ചിരുന്നു" (Tacitus Germ. xvii, 5). മനുഷ്യൻെറ ബലഹീനതകാരണം മോസസ്സിൻെറ നിയമംപോലും വിവാഹമോചനവും ദമ്പതികൾ തമ്മിൽ വേർപിരിഞ്ഞുള്ള ജീവിതവും അനുവദിച്ചു. ബഹുഭാര്യത്വം യഹൂദന്മാരുടെ ഇടയിൽ നിയമാനുസൃതമായിരുന്നു. ഒരു പുരുഷന് ഒരു ഭാര്യ, അനേകം ഉപഭാര്യമാർ, ഈ നില അന്നു സർവസാധാരണമായിരുന്നു. നിയമം ഏകഭാര്യത്വമാണു നിർദ്ദേശിച്ചതെങ്കിലും എത്ര ഉപസ്ത്രീകളെ വേണമെങ്കിലും സ്വീകരിക്കുന്നതിനു വിരോധമില്ലായിരുന്നു. (The code of Hammurabi) ഈജിപ്റ്റിലെ പുരോഹിതന്മാർക്കു നിയമാനുസൃതം ഒരു ഭാര്യയെ മാത്രം സ്വീകരിക്കാം. എന്നാൽ, ഉപസ്ത്രീകൾ അവർക്ക് അനേകമുണ്ടായിരുന്നു. അവരുടെ ശവകുടീരത്തിൽ മറ്റുള്ള സ്തുതിവാക്യങ്ങളോടൊപ്പം ഉപസ്ത്രീകളായിരുന്ന സുന്ദരികളുടെ പേരുകളും സ്ഥലംപിടിക്കുമായിരുന്നു.

പുരുഷന്മാർക്കുമാത്രമേ ഈ സമ്പ്രദായം അനുവദിക്കപ്പെട്ടിരുന്നുള്ളു. സ്ത്രീകൾക്കു ഭർത്താക്കന്മാരെ ഉപേക്ഷിക്കാൻ അനുവാദം ഇല്ലായിരുന്നു. പുരുഷനു ഭാര്യയിൽനിന്നു വിവാഹമോചനം മോസസ്സിൻെറ നിയമം അനുവദിച്ചിരുന്നു. "വിവാഹിതനു ഭാര്യ ഇണങ്ങുന്നില്ലെങ്കിൽ വിവാഹമോചനച്ചീട്ടെഴുതി കൈയിൽ കൊടുത്തു് അവളെ പറഞ്ഞയയ്ക്കാം" (ആവ

ത്തനം: 24: 1). ഭാര്യ വ്യഭിചാരിണിയെന്നു തെളിഞ്ഞാൽ ഒരു കൂട്ടർ അവളെ നിയമാനുസൃതം ഉപേക്ഷിച്ചിരുന്നു. വേറൊരു കൂട്ടർക്കു വിവാഹമോചനത്തിന് ഏതു നിസ്സാര കാരണവും മതി. ഭാര്യ വ്യഭിചാരിണിയോ വന്ധ്യയോ ആണെങ്കിൽ, ഭർത്താവു വിവാഹജീവിതത്തിനശക്തനാണെങ്കിൽ, അയാൾക്കു ഭാര്യയിൽനിന്നു വിവാഹമോചനം നിയമാനുസൃതമായി നേടാമായിരുന്നു. ഭർത്താവു ഭാര്യയെ ഉപേക്ഷിക്കുമ്പോൾ സാധാരണമായി അവളെ വെറും കൈയ്യുമായി തെരുവിലേക്കിറക്കിവിടുക പതിവായിരുന്നു. ഭർത്താവിനു സമ്മതമാണെങ്കിൽ വല്ലതും കൊടുക്കാം; നിർബന്ധമില്ല. ഭർത്താവിൻെറ വസ്തുവകകളിൽ ഒന്നായി ഭാര്യ കരുതപ്പെട്ടിരുന്നു. പുരുഷൻ സ്ത്രീയോടു വളരെ ക്രൂരമായി പെരുമാറിയിരുന്നു. "ഒരു ഭാര്യ തൻെറ ഭർത്താവിനെ വെറുക്കുകയോ അയാളോടു പരുഷമായി പെരുമാറുകയോ ചെയ്താൽ അവളെ കൊല്ലാനോ വെള്ളത്തിൽ തള്ളിത്താഴ്ത്താനോ ഭർത്താവിന് അധികാരം ഉണ്ടായിരുന്നു" (Cf. c. w. Johns Babilonian and Assyrian laws, Contracts and Letters, New York 1904, p. 42).

ന്യായവിരുദ്ധമായ സംയോഗവും ജാരവൃത്തിയുംമൂലം കുടുംബത്തിൻെറ പരിപാവനതയും ഐക്യവും തകന്നിരുന്നു. ജനസംഖ്യ കുറഞ്ഞുവരുന്നതു കണ്ടപ്പോൾ ഏതുവിധമെങ്കിലും അതു വർദ്ധിപ്പിക്കാൻ അഗസ്റ്റസ് ചക്രവത്തി ആജ്ഞ കൊടുത്തു. അങ്ങനെ അസാന്മാർഗ്ഗികതയും കുടുംബഛിദ്രവും നാട്ടിൽ നടമാടി. ഉപസ്ത്രീക്കും ജാരജർക്കും ന്യായ്യമായ സമത്വമോ സാമുദായികനിലയോ രാഷ്ട്രം അനുവദിച്ചിരുന്നില്ല. അടിമയ്ക്കു നിയമപരമായി കുടുംബജീവിതത്തിന് അവകാശമില്ലായിരുന്നു. ഭാര്യയോ ഭർത്താവോ അടിമയായാൽ പിന്നീടു കുടുംബമില്ലാതാവും. ദാമ്പത്യപ്രേമമില്ലാത്ത ദമ്പതികൾക്ക് എപ്പോൾ വേണമെങ്കിലും വാക്കുമൂലമോ എഴുത്തുമൂലമോ വിവാഹമോചനം നേടാമായിരുന്നു. ധനാഢ്യരുടെയിടയിലാണ് ഈ സമ്പ്രദായം അതിസാധാരണമായിരുന്നതു്.

## സ്ത്രീ ക്രിസ്തുമതത്തിനു മുമ്പ്

പുരാതനകാലത്തെ സംസ്കാരവിശേഷത്തെക്കുറിച്ച്, വിശിഷ്യ, ക്രിസ്തുമതത്തിനുമുമ്പുള്ള സംസ്കാരത്തെക്കുറിച്ചു ചരിത്രം അധികമൊന്നും പറഞ്ഞു കാണുന്നില്ല. ഉള്ളതിലധികവും വീരപുരുഷന്മാരുടെ സിംഹപരാക്രമങ്ങളുടേയും യുദ്ധങ്ങളുടേയും നീണ്ട വർണ്ണനകളാണ്. സ്ത്രീയുടെ നിലയെ പരാമർശിച്ചുള്ള പ്രതിപാദനം നന്നേ കുറവാണ്.

പുരാതന ചില രാജ്യങ്ങളിൽ സമുദായം സ്ത്രീകളെ ബഹുമാനിച്ചിരുന്നു. ഈജിപ്റ്റും അക്കൂട്ടത്തിൽപ്പെടും. സ്ത്രീകളിൽ ചിലർ റാണികളായി; മറ്റു ചിലർ പ്രവാചികകളായി; വേറെ ചിലർ പുരോഹിതമാരായി. പുരുഷനോടൊപ്പം സ്ത്രീകൾക്കും സമുന്നതമായ സ്ഥാനമുണ്ടായിരുന്നു. എന്നാൽ, മദ്ധ്യ യൂറോപ്പും മറ്റു ചില രാജ്യങ്ങളും സ്ത്രീകളെ തരം താഴ്ത്തി. സമുദായത്തിൽ അവർക്ക് ഒരു സ്ഥാനവുമില്ലായിരുന്നു. പുരുഷൻെറ വിഷയാസക്തിയെ തൃപ്തിപ്പെടുത്താനുള്ള ഉപകരണമായി മാത്രമാണു സ്ത്രീ കരുതപ്പെട്ടതു്. ഭാര്യ വന്ധ്യയെന്നറിഞ്ഞാൽ ഭർത്താവു് അവളെ ഉപേക്ഷിക്കും. സ്പാർട്ടായിൽ സ്ത്രീയെ യുദ്ധാവശ്യത്തിനു കുഞ്ഞുങ്ങളെ പ്രസവിച്ചുവിടാനുള്ള ഒരു യന്ത്രമായി കരുതിപ്പോന്നു. പൊതുവിനോദത്തിനുവേണ്ടി സ്ത്രീകളെ പൊതു നിരത്തുകളിൽ നഗ്നരാക്കി നിറുത്തുമായിരുന്നു. അവർക്കു സമുദായത്തിൽ അവകാശം ഒന്നുമില്ല, സ്വാതന്ത്ര്യവുമില്ല. ചന്തയിൽ വില്ക്കപ്പെടുന്ന കന്നുകാലികൾക്കു തുല്യം സ്ത്രീകളെയും ക്രയവിക്രയം ചെയ്തിരുന്നു. റോമാക്കാരുടെയിടയിലും സ്ത്രീയുടെ നില ഇതിൽനിന്നു ഭിന്നമല്ലായിരുന്നു. ഒരു മാതാവിനു തൻെറ സന്താനങ്ങളുടെ മേൽ അധികാരമോ അവകാശമോ ഇല്ല. കുടുംബസ്വത്തിലും അവർക്ക് അവകാശമില്ലായിരുന്നു. പ്രായം തികഞ്ഞ സന്താനങ്ങളുടെ അഭാവത്തിൽപ്പോലും സ്വത്തു കൈകാര്യം ചെയ്യുകയോ അതിൽനിന്നു ഫലം അനുഭവിക്കുകയോ അവർക്കു

പാടില്ലായിരുന്നു. വിവാഹത്തിനു മക്കൾ മാതാവിൻെറ അനുമതിയോ സമ്മതമോ ആവശ്യപ്പെടേണ്ടാ. സ്വത്തുക്കളിലും സന്താനങ്ങളിലും അവകാശം പിതാവിനുമാത്രം. യഹൂദരുടെയിടയിൽ രാജ്യനിയമവും മതനിയമവുമനുസരിച്ചു പുരുഷന്മാരിൽ താണവരായി സ്ത്രീകൾ കരുതപ്പെട്ടു. "വിവാഹിതയാകുന്നതുവരെ ഒരു യുവതി തൻെറ പിതാവിൻെറ അധികാരത്തിനു കീഴ്പ്പെട്ടു ജീവിക്കുന്നു" (Kethuboth iv, 5). "പ്രായപൂർത്തിവരാത്ത ഒരു പെൺകൊടി സ്വപരിശ്രമത്താൽ എന്തെങ്കിലും നേടിവച്ചാൽ, പിതാവിൻെറ മരണശേഷം അവൾക്ക് എന്തെങ്കിലും നിക്ഷേപമുണ്ടെങ്കിൽ അവയുടെയെല്ലാം അവകാശികൾ സഹോദരന്മാരണ്" (Kethuboth iv, 5). സ്ത്രീയുടെ മാതൃത്വത്തിനു സമുദായം വില കല്പിച്ചിരുന്നില്ല. തടവുകാരനായി പിടിക്കപ്പെട്ട പടയാളിയെ എന്നപോലെയാണ്, കവർന്നുകൊണ്ടുവന്ന ധനത്തിൻെറ അംശമെന്നപോലെയാണു വിവാഹംചെയ്തു കൊണ്ടുവരുന്ന സ്ത്രീയെ യഹൂദർ കരുതിയത്. അവരുടെ ഭാഷയിൽ വിവാഹം പിതാവും ഭർത്താവും തമ്മിലുള്ള ഒരു വ്യാപാരംമാത്രം. വിവാഹശേഷം ഭർത്താവു സ്വസ്വത്തുക്കളിൽ ഒരു ഭാഗമായി ഭാര്യയെയും കരുതും.

ലൈംഗികാനന്ദങ്ങൾക്കായും സന്താനോൽപാദനത്തിനായും സൃഷ്ടിക്കപ്പെട്ട ഒരു സജീവവസ്തു—അങ്ങനെയാണ് ഒരു കാലത്ത് യഹൂദജനം സ്ത്രീയെക്കുറിച്ചു ധരിച്ചു വച്ചിരുന്നത്. ഈ രണ്ടുദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്നിന് അവൾ അപ്രാപ്തയാണെങ്കിൽ നിരാധാരയായി അവളെ തെരുവിലിറക്കിവിടാൻ യഹൂദസമുദായനിയമം അനുവദിച്ചിരുന്നു. ഇങ്ങനെ സ്ത്രീകളെ ഏററവും ശപിക്കപ്പെട്ട ഒരു വർഗ്ഗമായി ക്രിസ്തുമതത്തിനുമുമ്പുള്ള സമുദായം നീക്കിനിറുത്തി.

## സ്ത്രീത്വം മാനിക്കപ്പെടുന്നു

ക്രിസ്തുമതാവിർഭാവത്തിനുശേഷം പുരുഷനോടൊപ്പം തുല്യാവകാശത്തോടെ സമുദായത്തിൽ സ്ത്രീ പ്രവേശിക്കുന്നു. അവർക്കുമുണ്ട് അനന്തവും അമൃത്തവുമായ ഒരു ആത്മാവ്. ആത്മാക്കൾ തമ്മിൽ വർഗ്ഗവ്യത്യാസമില്ല. ഇക്കാരണത്താലാണു സ്ത്രീക്കും പുരുഷനെപ്പോലുള്ള അവകാശങ്ങൾ സമുദായത്തിൽ ഉണ്ടെന്നു പറയുന്നത്. എന്നാൽ, പുരുഷനിൽനിന്നു ഭിന്നമായ ചില ചുമതലകളോടുകൂടി സ്ത്രീ ജനിക്കുന്നു.

ക്രിസ്തുവിൻെറ ജീവചരിത്രത്തിൽ ഉടനീളം കാണാം, അവിടുന്നു സ്ത്രീകളോടു കരുണ കാണിക്കുന്നതു്. വേശ്യകൾ പോലും അവിടുത്തെ കരുണാമാധുരി ആസ്വദിച്ച് ആനന്ദനിർവൃതി അടഞ്ഞിട്ടുണ്ട്. സ്ത്രീകളോട് എപ്പോഴും വിദ്വേഷത്തോടും നിന്ദയോടുംകൂടിയാണു യഹൂദന്മാർ പെരുമാറിയിരുന്നതു്. ആദ്യകാലത്തൊക്കെ ക്രിസ്തുവിൻെറ ശിഷ്യന്മാർ പോലും സ്ത്രീകളോടു പരുഷമായി പെരുമാറി. "അവൻ സ്ത്രീയോടു സംസാരിക്കുന്നതു കണ്ട് അവർ വിസ്മയിച്ചുപോയി." (വി. ജോൺ. 4: 27) എന്നാൽ, ക്രിസ്തു സ്ത്രീകളോട് ഒരിക്കലും പരുഷമായി സംസാരിച്ചില്ല. പ്രത്യുത, അവരുടെ യജമാനന്മാരോടും മുതലാളന്മാരോടും മിക്കപ്പോഴും കർക്കശമായി സംസാരിച്ചിട്ടുണ്ട്; അവരെ നിശിതമായി വിമർശിച്ചിട്ടുമുണ്ട്. സ്ത്രീകളിൽ പ്രത്യേകമായ യാതൊരു ഹീനതയും ക്രിസ്തു കണ്ടില്ല. അവിടുന്ന് എല്ലാ സ്ത്രീപുരുഷന്മാരിലും അവരുടെ ആത്മാവിനെയാണു വീക്ഷിച്ചതു്. പാപിനികളായ സ്ത്രീകളെ ആ പതിതസ്നേഹി പാപത്തിൻെറ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞു വിമുക്തരാക്കി. അവരിൽ ചിലരെ ലോകം ഇന്നു വണങ്ങുന്നു. വ്യഭിചാരിണിയായ ഒരു സമറിയാക്കാരിയോടാണു തൻെറ ആദ്ധ്യാത്മികസാമ്രാജ്യത്തിൻെറ സ്വഭാവം ക്രിസ്തു ആദ്യമായി അറിയിച്ചതു്. കുടിക്കാൻ വെ

ഷം ചോദിച്ചുകൊണ്ട് അവിടുന്ന് അവളുടെ ആത്മാവിൻെറ ഉള്ളറയിലേക്കു കടന്നുചെന്നു. സജ്ജീവജീവനം അവൾക്കു പ്രദാനം ചെയ്തു. അങ്ങനെ പാപത്തിൻെറ തമോമയമായ കുഴിയിൽനിന്നു പുണ്യത്തിൻെറ പ്രകാശമാനമായ ഔന്നത്യത്തിലേയ്ക്കു ക്രിസ്തു അവളെ നയിച്ചു. ഫരിസേയരുടെ എതിർപ്പിനെ വകവയ്ക്കാതെ രോഗബാധിതരായ സ്ത്രീകളെ സുഖപ്പെടുത്തി. സ്നേഹമസൃണമായ ഒരു സംബോധനംമൂലം ജെയ്റസിൻെറ മൃതപുത്രിയെ ജീവിപ്പിച്ചു. രക്തസ്രാവം പിടിപെട്ടു വളരെക്കാലം നരകയാതനകളനുഭവിച്ച ഒരു രോഗിണിയെ അവിടുന്നു സുഖപ്പെടുത്തി. ധനാഢ്യരുടെ സ്വർണ്ണദാനത്തെക്കാൾ ഒരു വിധവയുടെ കൊച്ചുകാശിനെ മാതൃകയായി ലോകത്തിൻെറ മുമ്പിൽ ഉയർത്തിക്കാട്ടി.

സ്ത്രീകളെ നീതിവിരുദ്ധമായി വിധിക്കുന്ന നിയമം ക്രിസ്തു മറിച്ചെഴുതി. അന്നുമുതൽ സ്ത്രീ പുരുഷൻെറ വിഷയാസക്തിക്കു ശമനമരുളുന്ന ഒരു ഉപകരണമല്ലാതായി. പുതിയ ചില ചുമതലകളോടും സ്ഥാനങ്ങളോടുംകൂടി അവൾ സമുദായത്തിൽ പ്രവേശിച്ചു. പുരുഷൻെറ തോളോടുതോൾ ചേർന്ന് ഇന്നവൾ സമുദായത്തിൽ കർമ്മോത്സുകയായി ജീവിക്കുന്നു. ഇനി അവൾ പുരുഷൻെറ അടിമയല്ല; സഹചാരിണിയാണ്.

ക്രിസ്തുവിൻെറ പ്രബോധനങ്ങളനുസരിച്ചു സ്ത്രീക്കു ദൈവത്തോടും സമുദായത്തോടും ചില കടമകളുണ്ട്. അസാന്മാർഗ്ഗികമായ അന്തരീക്ഷത്തിലും അവൾ ചാരിത്ര്യത്തിൻെറ രക്തസാക്ഷിണിയാവണം. സ്ത്രീ തൻെറ ക്രിസ്തീയ വിശ്വാസത്തിനു വീരോചിതമായി സാക്ഷ്യം വഹിക്കണം. വേണ്ടിവന്നാൽ ചോരചിന്തിയും വിശ്വാസത്തിൻെറ വെന്നിക്കൊടി പിടിച്ചു മുന്നേറണം. ഒരു ക്രൈസ്തവമാതാവു പതിവ്രതയും പരിശുദ്ധയുമായ സ്ത്രീയാണ്. അവൾ പുരുഷൻെറ ഭോഗാസക്തിയെ ശമിപ്പിക്കാൻ ഉപയുക്തമായ ഒരു

വസ്തുവല്ല; സന്താനോൽപാദനത്തിനുവേണ്ടിമാത്രമുള്ള ഒരു ഉപകരണവുമല്ല. അവൾ മഹത്വം മുററിയ ഒരു സൃഷ്ടിയാണ്; കുടുംബത്തിൻെറ റാണിയാണ്.

## സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ

സ്ത്രീത്വത്തിൻെറ മഹത്വം സ്ഥാപിച്ചുകൊണ്ട് അവളുടെ വിജയത്തിൻെറ യുഗം തുടങ്ങിവച്ചതു ക്രിസ്തുവിൻെറ അമ്മയായ മറിയമാണ്. ക്രിസ്തു സാമൂഹികരംഗത്തു പ്രവേശിക്കുന്നതിനുമുൻപ് അവളാണ് തൻെറ "മാഗ്നിഫിക്കാത്ത്" വഴി ഏഴകളും എളിയവരും ഉയർത്തപ്പെടുമെന്നു ലോകത്തെ അറിയിച്ചതു്. ക്രിസ്തു കുരിശിൽ കിടന്നുകൊണ്ട് അവളെ മനുഷ്യവർഗ്ഗത്തിൻെറ മാതാവായി പ്രഖ്യാപിച്ചു. ദൈവത്വവും മനുഷ്യത്വവും തമ്മിൽ കണ്ടുമുട്ടുന്ന സങ്കേതത്തിൽ ക്രൈസ്തവർ ആ മാതാവിനെ കാണുന്നു. മനുഷ്യകുലം മുഴുവൻ ഇന്ന് അവളുടെ നാമം ഭക്ത്യാദരപൂർവം ഉച്ചരിക്കുന്നു. എല്ലാ ക്രൈസ്തവഹൃദയങ്ങളിലും അവളുടെ പ്രതിച്ഛായകൾ പ്രതിഷ്ഠിക്കപ്പെടുന്നു. ക്രിസ്തുമതത്തിൻെറ നായകന്മാർക്കു പ്രചോദനവും പ്രകാശവും കൊടുക്കുന്നതു് അവളാണ്. ചരിത്രപരമായി നോക്കുകയാണെങ്കിൽ ക്രിസ്തു സ്ഥാപിക്കാനിരുന്ന ധാർമ്മികസാമ്രാജ്യത്തെക്കുറിച്ച് ആദ്യമായി ലോകത്തെ അറിയിച്ചതും മറിയംതന്നെ. ആ യഹൂദവംശജയായ ഗ്രാമീണകന്യകയുടെ വാക്കുകൾ പ്രവാചകന്മാരുടേതിനെക്കാൾ ശക്തവും വ്യക്തവുമാണ്. വലിയവരെ താഴ്ത്തുകയും എളിയവരെ ഉയർത്തുകയുംചെയ്യുന്ന ദൈവനീതിയുടെ വിപ്ളവം മറിയം ലോകത്തിനു വെളിപ്പെടുത്തി.

മറിയം പുതിയൊരു പുലരിയുടെ പ്രാതിനിധ്യം വഹിക്കുന്നു. ഗലീലായിലെ ഒഴിഞ്ഞ ഒരു കോണിൽനിന്നു ദൈവം ഒരു ഗ്രാമീണയുവതിയെ ലോകത്തിൻെറ മാതാവായി തിരഞ്ഞെടുത്തു. ആ മാതാവിൽക്കൂടി സ്ത്രീ സമ്പൂജ്യയായി. അസീ

റിയാക്കാരും സമേറിയാക്കാരും ഈജിപ്റ്റുകാരും സാമൂഹികാചാരങ്ങളും രാജ്യരക്ഷാനിയമങ്ങളുംവഴി സ്ത്രീയെ തരം താഴ്ത്തി. റോമൻ നിയമത്തിൻെറ ഉരുക്കുഹസ്തങ്ങൾ സ്ത്രീക്കെതിരായി പ്രവർത്തിച്ചു, അവൾ ചപലയും അബലയുമാണെന്നു കാരണം പറഞ്ഞ്. എന്നാൽ, മറിയം സ്ത്രീത്വത്തിൻെറ നഷ്ടമായ മഹത്വവും പ്രതാപവും വനിതാലോകത്തിനു വീണ്ടെടുത്തുകൊടുത്തു. സ്ത്രീയെ ദൈവം സൃഷ്ടിച്ചതു പുരുഷൻെറ അടിമയാകാനല്ല, അവൻെറ സഹചാരിണിയാകാനാണ്. ഈ യാഥാർത്ഥ്യം സ്ത്രീലോകം ശരിക്കു മനസ്സിലാക്കിയതു മറിയത്തിൽക്കൂടിയാണ്. ദുരാചാരങ്ങളുടെ ഇരുട്ടിൽ മറഞ്ഞുകിടന്ന മഹത്തായ സ്ത്രീത്വത്തെ വെളിച്ചത്തു കൊണ്ടുവന്നതും മറിയമത്രേ. ഈ മഹാമാതാവിനു വനിതാലോകം കൊടുത്തുവീട്ടേണ്ട കടം അളക്കാനാവാത്തതാണ്.

## വിവാഹം ശാശ്വതമാണ്

വിവാഹൈക്യത്തെ സുദൃഢമാക്കാൻ ക്രിസ്തു റാബിമാരുടെ പാരമ്പര്യത്തിൻെറ പിറകേ പോയില്ല; ഷാമായുടേയും ഹെല്ലലിൻേറയും തത്വങ്ങളെ സ്വീകരിച്ചുമില്ല. പഴയനിയമത്തിൻെറ കല്പനയെ ആവർത്തിച്ചുമില്ല. ഒരിക്കൽ ക്രിസ്തുവിനെ പരീക്ഷിക്കാൻ കുറെ ഫരിസേയർ ചുറ്റുംകൂടി. "ഏതുകാരണം പറഞ്ഞും ഒരുവനു ഭാര്യയെ ഉപേക്ഷിക്കാവുന്നതാണോ?" എന്നൊരു പ്രശ്നം അവർ ഉന്നയിച്ചു. ക്രിസ്തു അവരോട് ഇങ്ങനെ മറുപടി പറഞ്ഞു: "ആദിയിൽ സ്രഷ്ടാവു മനുഷ്യരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും അതുകൊണ്ടു പുരുഷൻ അപ്പനേയും അമ്മയേയും വിട്ടിട്ടു ഭാര്യയോടു ചേരുകയും അവർ രണ്ടുപേരും ഏകദേഹമായിത്തീരുകയും ചെയ്യണം എന്നു പറഞ്ഞുവെന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? ആ സ്ഥിതിക്ക് അവർ മേലാൽ രണ്ടല്ല. ഏകദേഹമാണ്. അതുകൊണ്ടു ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വിയോജിപ്പിക്കാതിരിക്കട്ടെ." "അങ്ങനെയാണെങ്കിൽ മോ

ചനപത്രം കൊടുത്തിട്ട് ഒരുവൻ ഭാര്യയെ ഉപേക്ഷിക്കാമെന്ന് മോസസ് ആജ്ഞ നല്കിയതു് എന്തുകൊണ്ടു്?" എന്ന് അവർ അവിടുത്തോടു ചോദിച്ചു. ക്രിസ്തു അവരോടു പ്രതിവചിച്ചു. "എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ഹൃദയകാഠിന്യംനിമിത്തം നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുന്നതിനു മോസസ് നിങ്ങളെ അനുവദിച്ചു. എന്നാൽ, ആരംഭംമുതൽ അങ്ങനെയായിരുന്നില്ല. വ്യഭിചാരംനിമിത്തം അല്ലാതെ ഭാര്യയെ ഉപേക്ഷിക്കയും വേറൊരുവളെ വിവാഹം ചെയ്യുകയും ചെയ്യുന്ന ഏതൊരുവനും വ്യഭിചാരം ചെയ്യുന്നുവെന്നും ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം ചെയ്യുന്നവനും വ്യഭിചാരം ചെയ്യുന്നുവെന്നുംഞാൻനിങ്ങളോടു പറയുന്നു." "അപ്പോൾ ഭാര്യാഭർത്താക്കന്മാരുടെ സ്ഥിതി ഇപ്രകാരമാണെങ്കിൽ വിവാഹമേ ചെയ്യാതിരിക്കുന്നതാണല്ലോ നല്ലതു്" എന്നു ശിഷ്യന്മാർ അവിടുത്തോടു പറഞ്ഞു. "ഇതു് ദിവ്യാനുഗ്രഹം സിദ്ധിച്ചവർക്കല്ലാതെ എല്ലാവർക്കും ഗ്രഹിക്കാവുന്നതല്ല. അമ്മയുടെ ഉദരത്തിൽനിന്നുതന്നെ ഷണ്ഡന്മാരായി ജനിച്ച ഷണ്ഡന്മാരുണ്ടു്; മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ട ഷണ്ഡന്മാരുണ്ടു്; സ്വർഗ്ഗരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയിട്ടുള്ള ഷണ്ഡന്മാരുമുണ്ടു്. ഗ്രഹിക്കാൻ കഴിയുന്നവൻ ഗ്രഹിച്ചുകൊള്ളട്ടെ" (വി. മത്തു. 19: 3—12) എന്ന് അവിടുന്ന് അവരോടു പ്രതിവചിച്ചു.

മനുഷ്യമനസ്സിൽ രൂഢമൂലമായ അധമാംശത്തിന്റെ വഴിപിഴച്ചുള്ള ചാച്ചിലിനെ സാർവലൗകികമായി അംഗീകരിച്ച ആ പാരമ്പര്യത്തെ ഇത്ര ശക്തമായഭാഷയിൽ ക്രിസ്തുവല്ലാതെ ആരും എതിർത്തിട്ടില്ല. അവിടുത്തെ ഈ പ്രബോധനങ്ങൾക്കു നേരേ പ്രതിഷേധസ്വരമുയർന്നു. എന്നാൽ, അവിടുന്ന് അതത്ര വകവച്ചില്ല.

വ്യഭിചാരിയേയും വ്യഭിചാരിണിയേയും വ്യത്യാസമെന്നിയേ ക്രിസ്തു അപലപിച്ചു. അന്നുമുതൽ പുരുഷനും സ്ത്രീയും

—ജാരനും ജാരയും—സമുദായത്തിൻെറയും മതത്തിൻെറയും മുമ്പിൽ ഒന്നുപോലെ കുററക്കാരാണ്. വിവാഹത്തെ അതിൻെറ താറുമാറായ ശോചനീയസ്ഥിതിയിൽനിന്നു ക്രിസ്തു ഉയർത്തിയെടുത്തു. അതുകൊണ്ടുമാത്രം അവിടുന്നു തൃപ്തനായില്ല. പുരുഷൻെറയും സ്ത്രീയുടെയും ഐക്യംപരിശുദ്ധമായഒരുജീവിതാവസ്ഥയായി അവിടുന്നുയർത്തി; അങ്ങനെ വിവാഹത്തിൻെറ അടിത്തറയായി ഐക്യം, വിശുദ്ധി, അഭേദ്യത എന്നീ മൂന്നു തത്വങ്ങളെ മുദ്രവെച്ചുറപ്പിച്ചു. ഈ മൂന്നു തത്വങ്ങൾക്കും ലോകത്തിൽ സ്ഥിരപ്രതിഷ്ഠ കിട്ടിയതോടെ സമുദായത്തിൽ സ്ത്രീക്കുള്ള സ്ഥാനം ഉയർന്നു; കുടുംബത്തിൽ പുതിയ സ്ഥാനവും ചുമതലയും ലഭിച്ചു. സന്താനങ്ങളുടെമേൽ അവൾക്കുമുണ്ടു ഭർത്താവിനെപ്പോലെ അവകാശം. എന്നാൽ, ഒരു ഭാര്യ ഭർത്താവിനോട് അനവരതം അനുസരണമുള്ളവളാകണം. ക്രിസ്തുവിൻെറ പ്രബോധനങ്ങൾ ശരിക്കു മനസ്സിലാക്കിയ സെൻറ് പോൾ പറയുന്നു: "ഭർത്താവിനു ഭാര്യ കീഴ്പ്പെടണം, നമ്മുടെ ഗുരുവിനെപ്പോലെ. കാരണം, ക്രിസ്തു സഭയുടെ ശിരസ്സും ശരീരത്തിൻെറ രക്ഷകനുമായിരിക്കുന്നതുപോലെ ഭർത്താവു ഭാര്യയുടെ ശിരസ്സാകുന്നു. അതിനാൽ, സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നതുപോലെ ഭാര്യയും തൻെറ ഭർത്താവിനു കീഴ്പ്പെട്ടിരിക്കണം" (എഫേ. 5: 22–24). അദ്ദേഹം ഭർത്താവിനെയും അനുശാസിക്കുന്നു: "ക്രിസ്തു സഭയെ സ്നേഹിക്കുന്നതുപോലെ ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. തൻെറ ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാകുന്നു സ്നേഹിക്കുന്നത്. ആരും സ്വന്തംശരീരത്തെ വെറുക്കുന്നില്ല. ഇതിനാൽ, പുരുഷൻ തൻെറ മാതാപിതാക്കന്മാരെ പിരിഞ്ഞു ഭാര്യയോടു ചേരും. അവർ ഇരുവരും ഒരു ശരീരമാവുകയുംചെയ്യും" (എഫേ. 5. 28–31).

ഈ തത്വം അന്നത്തേ ലോകത്തിനു തികച്ചും നൂതനമായിരുന്നു; ഇന്നു ലോകത്തെ നയിക്കുന്ന എല്ലാ ആധുനികാ

ശയങ്ങളെയുംകാൾ പരിവത്തനോന്മുഖമായിരുന്നു അതു്. ഭാര്യയ്ക്കു വളരെക്കാലമായി നഷ്ടമായ സ്ഥാനം ഇതു് അർജ്ജിച്ചുകൊടുത്തു. ഇനി അവൾ അധികാരവും അവകാശവുമില്ലാത്ത വെറുമൊരടിമയല്ല. പുരുഷൻെറ ക്രൂരമായ ബന്ധനങ്ങൾക്ക് അവളെ വിധേയയാക്കുക ഇനി സാദ്ധ്യമല്ല. ബഹുമാനിതയായ അവൾ ഭത്താവിൻെറ സഹചാരിണിയും മക്കൾക്കു സ്നേഹയോഗ്യയുമാണ്. അവൾക്കും മിക്ക കാര്യങ്ങളിലും പുരുഷനോടു തുല്യം അവകാശമുണ്ട്.

ക്രിസ്തുമതത്തോടു സ്ത്രീലോകം കാണിക്കേണ്ട കൃതജ്ഞത അപരിമേയമത്രേ. കാരണം, അപകൃഷ്ടയും അവമാനിതയുമായ അവളെ അതു് ഉൽകൃഷ്ടയും ബഹുമാനിതയുമാക്കി. ഗൃഹത്തിലേ ഉന്നതപീഠത്തിൽ അവളെ ഉപവിഷ്ടയാക്കി. ഭത്താവിൻെറയും കുഞ്ഞുങ്ങളുടെയും സ്നേഹബഹുമാനാദികൾക്കു യോഗ്യയാക്കിയതു ക്രിസ്തുവിൻെറ സഭയാണ്. സ്ത്രീലോകം ഇന്നത്തെ അവരുടെ മഹോന്നത നിലയെ പുരാതന പരിതസ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ മനസ്സിലാവും ക്രിസ്തുമതത്തോടു് എന്തുമാത്രം കടപ്പാടു് അവർക്കുണ്ടെന്ന്. എം. ലബോളായുടെ (Labolaye) വാക്കുകൾ ശ്രദ്ധാർഹങ്ങളാണ്: "സ്ത്രീക്കു് ഇന്നു സമുദായത്തിൽ നിലയും വിലയും അവളർഹിക്കുന്ന ബഹുമാനവും സിദ്ധിച്ചതു ക്രൈസ്തവാദർശത്തിൻെറ പ്രേരണാശക്തിമൂലമത്രേ. സ്ത്രീയെസ്സംബന്ധിക്കുന്ന റോമൻനിയമങ്ങൾ കർക്കശങ്ങളായിരുന്നു. എന്നാൽ, ആ നിയമങ്ങളെ വിധ്വംസകമല്ലാത്ത ഒരു വിപ്ളവംമൂലം ക്രൈസ്തവസഭ മാററി എഴുതിച്ചു. അങ്ങനെ സ്ത്രീലോകത്തിന് അവർ അർഹിക്കുന്ന സ്ഥാനം നേടിക്കൊടുത്തു. റോമൻ ധർമ്മശാസ്ത്രത്തെ കോൺസ്റ്റൻൈറനും ജൂലിയനും തകിടംമറിച്ചെന്നു പഠിച്ചവർക്കു് ഈ നഗ്നസത്യം അജ്ഞാതമായിരിക്കാം. വാസ്തവമാണ്, ദേവതാപൂജകരുടെ ധർമ്മശാസ്ത്രത്തെ അവർ നിർമ്മാർജ്ജനംചെയ്തു. ക്രൂരതയെ മാനിക്കുന്ന

തത്വസംഹിതയെ തച്ചുടച്ചും പകരം സാഹോദര്യത്തിന്റേയും സമഭാവനയുടേയും ക്രിസ്തീയ തത്വശാസ്ത്രത്തിൽക്കൂടി സാമുദായികജീവിതത്തെ ക്രമപ്പെടുത്തി. റോമൻനിയമം നാളിതുവരെ നിലനില്ക്കുന്നതിനുള്ള കാരണവും അതുതന്നെയാണ്. അതൊരു ജനാധിപത്യത്തിന്റെ നിയമമല്ല, ക്രൈസ്തവ ചക്രവർത്തിമാരുടേതാണ്. രാജ്യഭരണവകുപ്പിൽ ക്രൈസ്തവ സാന്മാർഗ്ഗികത അംഗീകൃതമായതിനാലാണു പേയ്ഗനിസം റോമിൽ നാമാവശേഷമായത്. റോമൻ സംസ്കാരത്തിന്റെ സജീവനിയമങ്ങൾ ക്രിസ്തുമതത്തിൽനിന്നാണു നമുക്കു ലഭിച്ചിരിക്കുക. അതിനാൽ ദൈവസ്ഥാപിതമായ ഈ മതം നിലനില്ക്കുന്നിടത്തോളംകാലം റോമയുടെ സംസ്കാരവും നിയമങ്ങളും നിലനില്ക്കും." (റോമൻനിയമം Ch. VII)

## കുഞ്ഞുങ്ങളുടെനേരേ

കുഞ്ഞുങ്ങൾ ക്രിസ്തുവിന്റെ ഓമനകളായിരുന്നു. അവരെ അവഹേളിക്കുകയും അവക്ക് ഉതപ്പു നല്കുകയും ചെയ്യുന്നവരെ ക്രിസ്തു നിശിതമായി അപലപിച്ചു. അവിടുന്ന് ഒരിക്കലൊരു കൊച്ചുകുഞ്ഞിനെ അരികിലിരുത്തി അപ്പോസ്തലന്മാരോടു പറഞ്ഞു: "ഹൃദയപരിവർത്തനം വരുത്തി നിങ്ങൾ കൊച്ചുകുട്ടികളെപ്പോലെ ആയിത്തീരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു സത്യമായി നിങ്ങളോടു ഞാൻ പറയുന്നു. ഈ കൊച്ചു കുട്ടിയെപ്പോലെ വിനീതനാകുന്നത് ആരാണോ അവനത്രേ സ്വർഗ്ഗരാജ്യത്തു മഹത്തമൻ. എന്റെ നാമത്തിൽ ഇത്തരത്തിലുള്ള ഒരു ചെറിയ കുട്ടിയെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറുപൈതങ്ങളിൽ ഒരുവന്റെ മനസ്സാക്ഷിയെ വേദനിപ്പിക്കുന്നതിൽ നല്ലത് കഴുത്തിൽ ഒരു തിരികല്ലുകെട്ടി കടലിന്റെ അഗാധത്തിൽ മുങ്ങിമരിക്കുന്നതാകുന്നു........ ഈ കൊച്ചുകുട്ടികളിൽ ഒരുവനെ നിങ്ങൾ അവ

ഹേളിക്കാതെ സൂക്ഷിച്ചുകൊള്ളുവിൻ, എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തുള്ള അവരുടെ മാലാഖാമാർ സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ മുഖം അനവരതം ദർശിക്കുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു" (വി. മാത്യു 18, 3–6, 10).

ലോകചരിത്രത്തിൽ ഒരു കുഞ്ഞിനെക്കുറിച്ച് ആദ്യമായിട്ടാണ് ഇങ്ങനെ പറഞ്ഞുകാണുന്നത്. ഒരു തത്വശാസ്ത്രജ്ഞൻപോലും ഇതിനൊരുമ്പെട്ടിട്ടില്ല. മനുഷ്യത്വത്തെ മുൻപന്തിയിൽ നിറുത്തി മാനിച്ച മഹാവ്യക്തികളിൽ ഒരാൾക്കുപോലും അതിനു കഴിഞ്ഞില്ല. കുഞ്ഞുങ്ങളുടെ മഹത്വം, അവകാശം, സാന്മാർഗ്ഗികവില— ഇവയെക്കുറിച്ചുള്ള ഒരു പുതിയ വെളിപാടായിരുന്നു ക്രിസ്തുവിൻെറ ഈ പ്രസ്താവന.

കുട്ടികളുടെ താൽപര്യം സംരക്ഷിച്ച് അവകാശങ്ങളെ അംഗീകരിക്കുന്നതോടൊപ്പം ക്രൈസ്തവസഭ അവരുടെ ശിക്ഷണംകൂടി ഏറെറടുക്കുന്നു. മാതാപിതാക്കളോട് അവക്കുള്ള ചുമതലകൾ പഠിപ്പിക്കുന്നു— അനുസരണത്തിൻേറയും സ്നേഹത്തിൻേറയും ബഹുമാനത്തിൻേറയും ചുമതലകൾ. ക്രിസ്തുമതം ക്രിസ്തുവിനെത്തന്നെ അനന്തസ്നേഹവും അതിരററ അനുസരണവും ഉള്ള ഉണ്ണിക്രിസ്തുവിനെത്തന്നെ മാതൃകയായി എടുത്തുകാണിക്കുന്നു: "മക്കളേ, നിങ്ങൾ കത്താവിൽ നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവിൻ. നിങ്ങൾക്കു നല്ലതുവരാനും ഭൂമിയിൽ നിങ്ങൾ ആയുഷ്മാന്മാരാകുവാനും മാതാപിതാക്കളെ ബഹുമാനിക്കുക എന്നതു വാഗ്ദാനത്തോടുകൂടിയ ആദ്യകല്പന ആകുന്നു" (എഫേ. 6: 1–2).

എബ്രായരുടെ ഇടയിൽ മാതാപിതാക്കൾ കുട്ടികളുടെ നേരെ കക്കശമായ ശിക്ഷാനടപടികൾ സ്വീകരിച്ചിരുന്നു. മാതാപിതാക്കളെ അനുസരിക്കുക, അവരെ നിന്ദിക്കാതിരിക്കുക, അവരോടു പരുഷവാക്കുകൾ പറയാതിരിക്കുക, പിതൃസ്വത്തു നശിപ്പിക്കാതിരിക്കുക, ഇവയാണു കുട്ടികൾക്കു സാധാരണ കൊടുത്തിരുന്ന ആചാരവിധികൾ. എന്നാൽ,

ഈവിധം മക്കളെ തങ്ങളുടെ ആജ്ഞാനുവൎത്തികളാക്കിയ മാ
താപിതാക്കൾ അവരോടു പെരുമാറിയതോ ക്രൂരമായും നീച
മായും. സ്നേഹത്തിന്റെ ഒരു വാക്കോ സന്തോഷത്തിന്റെ
ഒരു പുഞ്ചിരിയോ പിതാവിൽനിന്നു മക്കൾക്കു പ്രതീക്ഷി
ക്കാവുന്നതല്ല. നിസ്സാരകുററത്തിനുപോലും തന്റെ രക്ത
ത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ സന്താന
ങ്ങളെ കല്ലെറിഞ്ഞുകൊല്ലാൻ പിതാവിന്റെ കഠിനഹൃദയം
അനുവദിച്ചിരുന്നു. പുത്രിയുടെ അസാന്മാർഗ്ഗികജീവിതത്തി
ന് എന്താണെന്നോ ശിക്ഷ? മരണം. ഈ മാതാപിതാക്കളെ
യും സെൻറ്പോൾ ഉൽബോധിപ്പിക്കുന്നു: "മാതാപിതാക്ക
ളേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്. പ്രത്യുത, ക്രിസ്തു
വിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും അവരെ വളൎത്തു
വിൻ" (എഫേ. 6: 4).

ഈജിപ്ററിൽ, മാതാപിതാക്കളോടു് അനുസരണവും
ബഹുമാനവുമുള്ളവരായിരിപ്പാൻ കുട്ടികൾക്ക് ആവശ്യമായ
ശിക്ഷണം നല്കിയിരുന്നു. ഒരു കുഞ്ഞിന്റെ പരിപൂൎണ്ണത
യുടെ മാനദണ്ഡം മാതാപിതാക്കളോടു് അവനുള്ള അനുസര
ണശീലമത്രേ. ഈ നിയമത്തിന്റെ നല്ലവശങ്ങൾ ക്രൈസ്ത
വസംസ്കാരത്തിലും നമുക്കു കാണുവാൻ കഴിയും. പഴയനിയ
മത്തിൽ മാതാപിതാക്കളെ അനുസരിക്കുക ദൈവകല്പന
യായി കരുതപ്പെട്ടിരുന്നു. ഈ നിയമം നന്നായി അനുസ
രിക്കുന്നവന്റെ പാപത്തിനെല്ലാം പൊറുതി ലഭിക്കും; അ
വന്റെ പ്രാൎത്ഥന ദൈവം കേൾക്കും. മാതാപിതാക്കളെ ബ
ഹുമാനിക്കുന്നവനു ദീർഘായുസ്സും സൽസന്താനങ്ങളും ലഭി
ക്കും. ദൈവത്തെ ഭയപ്പെടുന്നവൻ തന്റെ മാതാപിതാക്കളെ
ബഹുമാനിക്കുന്നു; അവരെ സ്നേഹിക്കുന്നു. വൃദ്ധരും രോഗികളു
മായ മാതാപിതാക്കളെ പരിചരിക്കുന്നതിനു പുത്രനു പ്ര
ത്യേക ചുമതലയുണ്ട്. "എന്തുകൊണ്ടെന്നാൽ, ദൈവം പി
താവിനെ മക്കൾക്കു ബഹുമാന്യനാക്കി. മാതാവിന്റെ വിധി

യെ പരിശോധിച്ച് അതിനെ മക്കളുടെമേൽ സ്ഥിരപ്പെടുത്തു കയും ചെയ്യു. സ്വപിതാവിനെ ബഹുമാനിക്കുന്നവൻ ഒരു നിധി സംഭരിക്കുന്നവനെപ്പോലെയാകുന്നു. സ്വപിതാവിനെ ബഹുമാനിക്കുന്നവൻ തൻെറ മക്കളിൽ സന്തോഷം കണ്ടെ ത്തും. അവൻെറ പ്രാർത്ഥനയുടെ ദിവസത്തിൽ അവൻ കേൾ ക്കപ്പെടുകയും ചെയ്യും. സ്വപിതാവിനെ ബഹുമാനിക്കുന്ന വൻ ദീർഘായുഷ്മാനായിരിക്കും. പിതാവിനെ അനുസരി ക്കുന്നവൻ മാതാവിനെ ആശ്വസിപ്പിക്കും. കർത്താവിനെ ഭയ പ്പെടുന്നവൻ തൻെറ മാതാപിതാക്കന്മാരെ ബഹുമാനിക്കുക യും തന്നെ ജനിപ്പിച്ചവരെ തൻെറ യജമാനന്മാരെയെന്ന പോലെ ശുശ്രൂഷിക്കുകയും ചെയ്യും. പ്രവൃത്തിയിലും വചന ത്തിലും പൂർണ്ണക്ഷമയോടുകൂടേയും നിൻെറ പിതാവിനെ ബ ഹുമാനിക്കുക. ഇതുമൂലം അയാളുടെ അനുഗ്രഹം നിൻെറമേൽ വരുകയും ആ അനുഗ്രഹം അവസാനംവരെ നിലനില്ക്കുകയും ചെയ്യും. പിതാവിൻെറ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ സുസ്ഥിരമാക്കും. എന്നാൽ, മാതാവിൻെറ ശാപം (അവയുടെ) അടിസ്ഥാനത്തെ ഉന്മൂലനം ചെയ്യും. നിൻെറ പിതാവിൻെറ അപമാനത്തിൽ നീ അഭിമാനിക്കരുത്. എന്തുകൊണ്ടെന്നാൽ അയാളുടെ അപമാനം നിനക്ക് ഒരു മഹിമയല്ല. എന്തുകൊ ണ്ടെന്നാൽ, ഒരുവൻെറ മഹത്വം അവൻെറ പിതാവിൻെറ ബഹുമാനത്തിൽനിന്നാകുന്നു. ബഹുമാനമില്ലാത്ത പിതാവു ത ൻെറ പുത്രന് അപമാനമാകുന്നു. മകനേ, നിൻെറ പിതാവി ൻെറ വാർദ്ധക്യത്തെ നീ താങ്ങുക; അയാളുടെ ജീവിതത്തിൽ അയാളെ നീ വ്യസനിപ്പിക്കയുമരുത്. അദ്ദേഹത്തിൻെറ ഗ്രഹ ണശക്തി ക്ഷയിക്കുന്നെങ്കിൽ അദ്ദേഹത്തോടു ക്ഷമ പ്രദർ ശിപ്പിക്കുക; നീ ശക്തനായിത്തീരുമ്പോൾ അദ്ദേഹത്തെ നി ന്ദിക്കയുമരുത്. എന്തുകൊണ്ടെന്നാൽ, നിൻെറ പിതാവി ൻെറനേക്കുള്ള ഔദാര്യം വിസ്മൃതമാവുകയില്ല. എന്തുകൊ ണ്ടെന്നാൽ, നിൻെറ മാതാവിൽനിന്നു (നീ സഹിച്ചിട്ടുള്ള)

തിന്മയ്ക്കു പകരം നിനക്കു നന്മ പ്രതിസമ്മാനിക്കപ്പെട്ടും. മാത്രമല്ല, നീതിയിൽ നിനക്കു (ഭവനം) പണിയപ്പെട്ടും. ദുരിതകാലത്തു നീ സ്മരിക്കപ്പെട്ടും. (സൂര്യ) പ്രകാശത്തിൽ മഞ്ഞെന്നപോലെ, നിൻെറ പാപങ്ങൾ ഇല്ലാതാകുകയും ചെയ്യും. സ്വപിതാവിനെ ഉപേക്ഷിക്കുന്നവൻ എത്ര ദുഷ്കീർത്തി ഉള്ളവൻ! സ്വമാതാവിനെ കോപിപ്പിക്കുന്നവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്" (പ്രഭാഷകൻ 3: 3–18).

ദേവതകൾ കഴിഞ്ഞാൽപിന്നെ മാതാപിതാക്കളോടു മക്കൾ ഏററം ഭക്തിയുള്ളവരാകണമെന്നു ഗ്രീക്കുകാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചു. എനയാസ് എന്ന പുസ്തകത്തിൽ റോമാക്കാർക്കു കുടുംബപരമായും രാഷ്ട്രീയമായുമുണ്ടാകേണ്ട ഗുണങ്ങളെ, വിശിഷ്യ, വൃദ്ധമാതാപിതാക്കളോടു കാണിക്കേണ്ട ഭക്തിയെ വെർജിൽ വിവരിക്കുന്നു. ഈ ഗുണഗണങ്ങളെല്ലാം പൂർണ്ണമായും വ്യക്തമായും സുവിശേഷപ്രബോധനങ്ങളിൽ നിഴലിച്ചുകാണുന്നു.

കുടുംബം! ആദർശപരമായ ഒരു പരിപൂർണ്ണസമൂഹമാണതു്. കുഞ്ഞുങ്ങൾമൂലം ആ കുടുംബത്തിൻെറ ഐക്യത്തിനും ഐശ്വര്യത്തിനും വിടവോ ചതവോ വരാൻ പാടില്ല. അവർ മാതാപിതാക്കളുടെ മാംസത്തിൻെറ മാംസവും രക്തത്തിൻെറ രക്തവുമാണ്. അതിനാൽ മാതാപിതാക്കളുടെ പരിപക്വമായ പരിചരണവും ശിക്ഷണവും കിട്ടുക കുഞ്ഞുങ്ങളുടെ അവകാശമത്രേ. ഉത്തമശിശുവിൻെറ സജീവമാതൃകയാണു കുഞ്ഞായ ക്രിസ്തുവിൽ നാം കാണുന്നതു്. അവിടുന്നു മുപ്പതുവയസ്സുവരെ തൻെറ മാതാപിതാക്കൾക്കു കീഴ്പ്പെട്ടു ജീവിച്ചു. ആ മുപ്പതുകൊല്ലത്തെ അജ്ഞാതജീവിതത്തെ ഒററവാക്യത്തിൽ സുവിശേഷകൻ വെളിപ്പെടുത്തിയിരിക്കുന്നു: "അവൻ അവക്കു കീഴ്പ്പെട്ടു ജീവിച്ചു" (വി. ലൂക്ക് 2: 52). മുപ്പതുവയസ്സിനുശേഷവും അവിടുന്നു ഭാഗികമായിമാത്രം സ്വതന്ത്രനായി. ദൈവകുമാരനായതിനാൽ തൻെറ ലൗകികമാതാപി

താക്കൾക്കു കീഴ്പ്പെടാതെ സ്വതന്ത്രമായി ക്രിസ്തുവിനു ജീവിക്കാമായിരുന്നു. എന്നാൽ, യുവലോകത്തിനും കുഞ്ഞുങ്ങൾക്കും ഒരു മാതൃകയാകണമെന്നു തീരുമാനിച്ചുകൂടിയാണ് അവിടുന്ന് ഇപ്രകാരം ചെയ്യാതിരുന്നതു്. ജീവിതത്തിന്റെ അവസാനവിനാഴികവരെ അവിടുന്നു തന്റെ മാതാവിനെ സവിശേഷം സ്നേഹിച്ചു. ഭൂസ്വർഗ്ഗങ്ങൾക്കു മദ്ധ്യേ കുരിശിൽകിടന്നു് ഉഗ്ഛ്വാസം വലിക്കുമ്പോഴും അവിടുന്നു തന്റെ മാതാവിനെപ്പററി ചിന്തിക്കുന്നു. നിരാധാരയായ മറിയത്തെ പ്രിയശിഷ്യനായ ജോണിനെ ഭരമേല്പിക്കുന്നു. എന്തൊരു മഹനീയമാതൃക!

താൻ സ്ഥാപിച്ച പുതിയ സമുദായത്തിൽ ഒരു വലിയ കുടുംബത്തിന്റെ അടിത്തറയാണ് അവിടുന്നു പാകിയതു്. "ദൈവത്തിന്റെ വചനമനുസരിച്ചു വർത്തിക്കുന്ന ഇവരാണ് എന്റെ അമ്മയും സഹോദരങ്ങളും" (വി. ലൂക്ക്. 8: 21).

ആരുമോരുമില്ലാത്ത കുഞ്ഞുങ്ങൾ നിരാശ്രയരല്ല. തന്റെ അനുയായികളെ അവിടുന്നു കടപ്പെടുത്തുന്നു, ആ കുഞ്ഞുങ്ങളുടെ മാതാപിതാക്കളാകുവാൻ, അവരുടെ സംരക്ഷണം സങ്കോചമെന്നിയേ ഏറെറടുക്കുവാൻ.

ഗുരുഗീതയിലെ ധൂർത്തപുത്രൻ തന്റെ പിതാവിനെതിരായും തന്മൂലം, ദൈവത്തിനെതിരായും പാപംചെയ്തു. കഷ്ടപ്പാടുകൾ അവനെ പശ്ചാത്തപിപ്പിച്ചു. സ്വന്തം പിതാവിനെ സമീപിച്ച് ഒരു ദാസനായെങ്കിലും തന്നെ സ്വീകരിക്കണമെന്ന് അവൻ കേണപേക്ഷിച്ചു. എന്നാൽ, പിതാവിന്റെ സ്നേഹം അവകാശത്തിന്റേയും കടമയുടേയും പരിധിവിട്ടു വിജൃംഭിതമാകുന്നു. അവന്റെ നന്മയും തിന്മയുമല്ല ആ പിതാവിനെ ഇളക്കിയതു്; അവന്റെ കഷ്ടപ്പാടുകളല്ല അദ്ദേഹത്തെ അലിയിച്ചതു്. സ്വന്തം വ്യക്തിത്വത്തിന്റെ പ്രതിരൂപം അവനിൽ കണ്ടപ്പോൾ ആ പിതൃഹൃദയം സ്നേഹത്തിന്റേയും കരുണയുടേയും അലകളിൽ തുടിച്ചുനീന്തി. ആ പി

താവിന്റേതുപോലുള്ള ഹൃദയവികാരത്തിലാണ കുടുംബൈ ക്യത്തിന്റെ മുഴുവൻ പരിപൂൎണ്ണതയും സ്ഥിതിചെയ്യുന്നതു്. പിതാവിന്റെ സ്നേഹത്തിന്റെ വിളി കേൾക്കാൻ ആ ധൂൎത്തപുത്രനിടവന്നതു് ഈ ഐക്യംമൂലമത്രേ. ഒരു ശരീരത്തിലേ വേർപിരിഞ്ഞ രണ്ടു രക്തധമനികൾ കൂടിച്ചേൎന്നതു് അവിടെവച്ചുതന്നെ.

നിരാശ്രയരായ മാതാപിതാക്കളെ ഉപേക്ഷിക്കുന്ന മക്കൾ ദൈവത്തിനെതിരായി പാപംചെയ്യുന്നു. ഒരിക്കൽ, ക്രിസ്തു ഫരിസേയരുടെ കപടഭക്തിയെ പരസ്യമായി അപലപിച്ചു. അവിടുന്നു് അവരെ നോക്കിപ്പറഞ്ഞു: "നിങ്ങളുടെ പാരമ്പര്യം സ്ഥാപിക്കാൻ ദൈവകല്പന നിങ്ങൾ അവഗണിക്കുന്നു. കൊള്ളാം; അപ്പനേയും അമ്മയേയും ബഹുമാനിക്കുവിൻ. അവരെ അധിക്ഷേപിക്കുന്നവൻ തീൎച്ചയായും മരിക്കണമെന്നു മോസസ് പറഞ്ഞിരിക്കുന്നു. നിങ്ങളോ, എന്നിൽനിന്നും നിനക്കു് ആദായമായിവരേണ്ടതു് എന്റെ വഴിപാടാകുന്നുവെന്നു തന്റെ അപ്പനോടോ അമ്മയോടോ ആരെങ്കിലും പറഞ്ഞാൽ അവൻ കടമ നിൎവ്വഹിച്ചു എന്നു പറയുന്നു. മാതാപിതാക്കൾക്കായി എന്തെങ്കിലും ചെയ്യാൻ നിങ്ങൾ അവനു സമ്മതം നല്കുന്നുമില്ല. ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന നിങ്ങളുടെ പാരമ്പൎയ്യം നിമിത്തം ദൈവത്തിന്റെ വചനം അവഗണിച്ചുകളയുന്നു"(വി. മാൎക്ക്. 7: 9–13). ആലംബഹീനരായ മാതാപിതാക്കളെ സഹായിക്കാനുള്ള കടമയിൽനിന്നു തങ്ങളെത്തന്നെ ഒഴിവാക്കാൻ സ്വത്തുക്കളെല്ലാം ദൈവത്തിനായി മാററിവയ്ക്കുക, ഫരിസേയരുടെ പതിവായിരുന്നു. എന്നാൽ, ഇതൊരു ചടങ്ങുമാത്രം. ആ സ്വത്തിൽ ദേവാലയത്തിനു് അവകാശമൊന്നുമില്ലായിരുന്നു. മാതാപിതാക്കൾ ആവശ്യപ്പെട്ടേക്കാമെന്നു തോന്നുന്ന സകലതും ദൈവത്തിനായി കാഴ്ചവയ്ക്കുക. യഹോവായ്ക്കു നേൎന്നതു മാതാപിതാക്കൾക്കു ചോദിക്കുവാൻ അവകാശമില്ലായിരു

ന്നു. അവരെ സഹായിക്കാനുള്ള ബാദ്ധ്യതയിൽനിന്ന് ഒഴിഞ്ഞുമാറുവാൻ മാത്രമാണ് അവർ അങ്ങനെ ചെയ്തുവന്നതു്. റാബിമാരുടെ വ്യാഖ്യാനമായിരുന്ന ഈ കുഴപ്പത്തിനെല്ലാംകാരണം. സ്വാതന്ത്ര്യത്തിനും മനുഷ്യത്വമില്ലായ്മയ്ക്കും ദൈവം കൂട്ടുനില്ക്കുമെന്നും, ദൈവത്തിൻെറ നിയമത്തെ അവിടുന്നുതന്നെ ലംഘിക്കുമെന്നും അവർ അന്ധമായി വിശ്വസിച്ചു. ഈ കാപട്യം ഫരിസേയരുടെ ഇടയിലാണ് അധികം നിലവിലിരുന്നതു്. ദൈവികനിയമം നിർദ്ദേശിക്കുന്ന കടമകൾ നിറവേററാതിരിക്കാൻ അവർ തങ്ങളെത്തന്നെ നിയമംമൂലം ന്യായീകരിക്കാൻ ശ്രമിച്ചു. എന്നാൽ, ക്രിസ്തു അവരുടെനേരെ നീതിയുടെ ഖഡ്ഗമുയർത്തി.

വിവാഹത്തിൻെറ ഐക്യം, വിശുദ്ധി, അഭേദ്യത, ഭാര്യാഭർത്താക്കന്മാർ പരസ്പരം പാലിക്കേണ്ട വിശ്വസ്തത, മാതാപിതാക്കളുടേയും യജമാനന്മാരുടേയും കടമകൾ, കുഞ്ഞുങ്ങൾക്കും വേലക്കാർക്കും അവശ്യംവേണ്ട അനുസരണശീലം—ഇവയൊക്കെ ക്രിസ്തുമതം ധാർമ്മികനിയമങ്ങളുടെ വെളിച്ചത്തിൽ മനുഷ്യകുലത്തെ നൂററാണ്ടുകളായി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ക്രൈസ്തവസഭ കുടുംബത്തിൻെറ കാവൽക്കാരിയെന്ന് ആർക്കും ഉറപ്പിച്ചുപറയാം.

ആധുനിക സാമുദായികപരിഷ്കർത്താക്കളിൽ ചിലർ കുടുംബത്തിനെതിരായി മുറവിളികൂട്ടുകയാണ്. ഭാര്യാഭർതൃബന്ധത്തെ അറുത്തുമുറിച്ചു കുടുംബത്തിൻെറ അടിത്തറ തല്ലിപ്പൊളിക്കുവാൻ അവർ ശ്രമിക്കുന്നു. മനുഷ്യസമുദായത്തിൻെറ പ്രാഥമികഘടകമായ കുടുംബത്തിൻെറമേൽ കൈവച്ചുകൊണ്ടു് ഇന്നു നിലവിലുള്ള സദാചാരക്രമത്തേയും സന്മാർഗ്ഗപ്രമാണങ്ങളേയും അവർ വെല്ലുവിളിക്കുന്നു. "സ്ത്രീകൾ പൊതുസ്വത്തു്, ആരുടേയുമല്ല; എന്നാൽ, എല്ലാവരുടേയും ആണ്." ഇരുപതു നൂററാണ്ടിനു മുമ്പുള്ള ആ കിരാത സമുദായാചാരത്തിലേയ്ക്കു സംസ്കൃതസമുദായത്തെ അവർ ഇടി

ച്ച താഴ്ത്തുകയാണു്. വിശുദ്ധമായ കുടുംബബന്ധമില്ലാത്ത വിവാഹമണ്ഡപത്തിലേയ്ക്കു്, ഉദ്ദേശശുദ്ധിയില്ലാത്ത സംയോഗത്തിലേയ്ക്കു്, സ്ത്രീയുടെമേലുള്ള പുരുഷൻെറ സ്വേച്ഛരാധിപത്യത്തിലേയ്ക്കു്, മാനവസമുദായത്തെ ഒന്നടങ്കം അടിച്ചുകയററാൻ അവർ പണിപ്പെട്ടുന്നു. എന്നാൽ, യഥാർത്ഥപുരോഗതിക്കു വിലങ്ങുതടിയിടാതെ, നൂററാണ്ടുകളായി മനുഷ്യവർഗ്ഗം ആജ്ജിച്ച നാഗരികതയെ നശിപ്പിക്കാതെ, ക്രൈസ്തവമായ കുടുംബസംവിധാനത്തെ അലങ്കോലപ്പെടുത്തുക അസാദ്ധ്യമാണു്. ആധുനികയുഗങ്ങളുടെ എല്ലാ പുരോഗതിക്കും പിന്നിൽ ക്രിസ്തുമതത്തിൻെറ ധാർമ്മികശക്തി ചലിച്ചിട്ടുള്ളതായി കാണാം. ക്രൈസ്തവാദർശങ്ങളാണു് ഇന്നും അവയ്ക്കു താങ്ങായി നില്ക്കുന്നതു്. മനുഷ്യൻെറ ഹൃദയത്തിൽനിന്നും ആ ആദർശങ്ങൾ അപ്രത്യക്ഷമാകണമെങ്കിൽ എല്ലാ പുരോഗതിയും നാഗരികതയും നാമാവശേഷമാകണം. ലോകചരിത്രത്തെ പുതുക്കി എഴുതിയ പരിവത്തനങ്ങളെല്ലാം ക്രൈസ്തവപ്രബോധനങ്ങളാണു സാധിച്ചതു്. വ്യക്തികളുടെ ആന്തരികപരിവത്തനത്തിലും കുടുംബത്തിൻെറ പുന:സ്ഥാപനത്തിലുംകൂടി ക്രിസ്തുമതം സ്ഥാപിച്ച ഈ ധാർമ്മികവിപ്ലവം എന്നും തുടർന്നുകൊണ്ടിരിക്കും.

മൂന്നാം അദ്ധ്യായം

# മാനുഷികമൂല്യങ്ങൾ

എല്ലാ മാനുഷികമൂല്യങ്ങളും ചവിട്ടി മെതിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു ക്രിസ്തുവിനു മുമ്പുണ്ടായിരുന്നതു്. സമുദായം രണ്ടു വഗ്ഗമായിതിരിഞ്ഞു. ഒരു ന്യൂനപക്ഷം —ക്ഷേമത്തിൻേറയും ഐശ്വര്യത്തിൻേറയും പൂന്തണലിൽ

ആനന്ദത്തിൻെറ പാട്ടുകളുംപാടി സുഖമാധുരി ആസ്വദിച്ചു ജീവിച്ചു. എല്ലാ അധികാരങ്ങളും എല്ലാസ്വത്തുക്കളും കൈയടക്കിക്കൊണ്ട് അവർ വിഷയസേവയിലും അമിതസുഖഭോഗങ്ങളിലും മുഴുകിക്കഴിഞ്ഞു. തങ്ങൾമാത്രം കുലമഹിമയുടെ കാഞ്ചനക്കുട്ടികളാണെന്നായിരുന്നു അവരുടെ ധാരണ. അവർക്കുവേണ്ടി പണിയെടുക്കുവാൻമാത്രം ഉരുവായവരാണു പോലും ഇതര മനുഷ്യരെല്ലാം. എല്ലാ സുഖസൗകര്യങ്ങളും ആനന്ദോപാധികളും അവർക്കു തേടിക്കൊടുക്കേണ്ടവരാണ് ആ ഹതഭാഗ്യർ. എന്നാൽ,ഇവരുടെ നേരെ ഒരു കർത്തവ്യവും ആ ഉള്ളവരുടെ വർഗ്ഗത്തിനില്ലതാനും. ഇതൊക്കെ സ്വാഭാവികവും നീതിയുക്തവുമെന്നായിരുന്നു ആ 'അനുഗ്രഹീത'രുടെ ധാരണ. എന്തൊരു ചിന്താക്കുഴപ്പം! അവരുടെ ആ കിരാതജീവിതത്തിൻെറ ഗർഹണീയത മനസ്സിലാക്കി പുരാതന ചരിത്രകാരനായ ലൂക്കൻ (Lucan) പറയുന്നു: "അഹോ! മനുഷ്യമഹാവർഗ്ഗം മുഴുവനും വെറുമൊരു ന്യൂനപക്ഷത്തിനു സുഖസൗകര്യാദികൾ സമ്പാദിച്ചുകൊടുക്കുവാൻവേണ്ടിമാത്രം ജീവിക്കുന്നു."

മറെറാരുവർഗ്ഗം—മർദ്ദനത്തിനും അനീതിക്കും വിധേയരായ ഒരു വലിയ വിഭാഗം അടിമകൾ. ഈ എളിയവരുടെ വ്യക്തിത്വത്തെപ്പോലും വകവച്ചുകൊടുക്കാൻ വലിയവർ തയ്യാറായില്ല. വളരെ പരിമിതമായ രാഷ്ട്രീയാവകാശങ്ങൾ മാത്രമേ അവർക്കുണ്ടായിരുന്നുള്ളു. ഗ്രീസ് അതിൻെറ സ്വതന്ത്രപൗരർക്കുവേണ്ടിമാത്രമേ മനുഷ്യത്വത്തിൻെറ മഹത്വം അംഗീകരിച്ചുള്ളു. റോമായും അതിൻെറ സ്വതന്ത്ര പൗരന്മാരെമാത്രമാണു വിലപ്പെട്ടതായിരുന്നത്. അടിമയ്ക്കും അമൂർത്തമായ ഒരാത്മാവുണ്ടെന്നുള്ള കാര്യം അന്നാരും ചിന്തിച്ചതേയില്ല. അന്ന് അടിമ മനുഷ്യനല്ലായിരുന്നു; വെറുമൊരു മൃഗം, പണിയെടുക്കാനുതകുന്ന ജീവനുള്ള ഒരു യന്ത്രം.

നിയമവും ആചാരങ്ങളും മനുഷ്യത്വത്തിൻെറ അതിർ

ത്തിവലയത്തിൽനിന്ന് അടിമകളെ പുറം തള്ളി. ഉടമകൾക്ക് അവരോട് എന്തും ചെയ്യാം. എന്തു ശിക്ഷവേണമെങ്കിലും കൊടുക്കാം. അവരെ അടിക്കാം, തൊഴിക്കാം, കൊല്ലാം; ഏതു മാരകായുധവും അവരുടെമേൽ പ്രയോഗിക്കാം; എത്ര ദിവസം വേണമെങ്കിലും അവരെ പട്ടിണിക്കിടാം. അതിനെയെല്ലാം ശരിവയ്ക്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതിയും അന്നു നിലവിലുണ്ടായിരുന്നു.

രാജാക്കന്മാർ സിംഹാസനങ്ങൾക്കുവേണ്ടി കടിപിടി കൂടി. എല്ലാ ആഭ്യന്തരകലഹങ്ങളിലും ചത്തു വീഴുന്നതു സാധാരണക്കാരുടെ കൂട്ടമായിരുന്നു. സ്വേച്ഛാപ്രമത്തതയുടെ അതേർവാഴ്ചയിൽ പട്ടിണിക്കാരനെ ഞെക്കിപ്പിഴിഞ്ഞെടുത്ത പണം ഉന്നതമായ സ്മാരകസ്തംഭങ്ങളും മനോഹരമന്ദിരങ്ങളും പണിയുവാനുപയോഗിച്ചു. അടിമകളുടെ അസ്ഥികൾ കൊണ്ടു നിർമ്മിച്ചതെന്നു പറയാവുന്ന ഈജിപ്തിലെ പിരമിഡുകളുടെ കാര്യം എല്ലാവർക്കുമറിയാമല്ലോ.

മോസസിൻെറ നിയമവും പ്രവാചകന്മാരും പരസ്നേഹത്തേയും പരസ്പരസഹായത്തേയും കുറിച്ച് ആവർത്തിച്ചാവർത്തിച്ച് ആളുകളെ ഉൽബോധിപ്പിച്ചു. "ഭൂമിയിൽ ജീവിക്കുന്ന ദരിദ്രനും ആവശ്യക്കാരനുമായ നിൻെറ സഹോദരനു സഹായഹസ്തം നീട്ടുക" (ആവർത്തനം 15: 11). എല്ലാവരും ദൈവത്തിൻെറ മക്കൾ; ഈലോകത്തിലുള്ള വസ്തുക്കളിൽ എല്ലാവർക്കും സമാവകാശം; പണക്കാർ ദൈവത്തിൻെറ കാര്യസ്ഥന്മാർ മാത്രം; എല്ലാവരുടേയും ആവശ്യം സാധിക്കാൻ, എല്ലാവരും സമാവകാശത്തോടെ അനുഭവിക്കാൻ ദൈവം സമ്പത്തു ദാനം ചെയ്തിരിക്കുന്നു എന്നെല്ലാം വേദപുസ്തകവും പ്രവാചകന്മാരും വീണ്ടും വീണ്ടും എടുത്തു പറഞ്ഞു. എന്നാൽ, ആരും അവയ്ക്കു ചെവി കൊടുത്തില്ല.

ഉടമകളും അടിമകളും തമ്മിലുള്ള അന്തരം ഒന്നിനൊന്നു വർദ്ധിച്ചുവന്നു. പക്ഷേ, സാധാരണക്കാർ എന്നും അടി

മകളായിരിക്കാൻ, എന്നും ചൂഷണത്തിനു വിധേയരാകുവാൻ ഒരുക്കമില്ലായിരുന്നു. പ്രതിഷേധത്തിൻെറ തീപ്പൊരികഠം നാടെങ്ങും പാറിപ്പറന്നു. അവയുടെയെല്ലാം അനന്തര ഫലങ്ങളായിരുന്നു, ബി. സി. 22–നും 20–നുമിടയ്ക്കു നടന്ന സ്പാർത്താ ലഹളയും ഹെലനിസ്റ്റിക്ക് സമരവും. എന്നാൽ, ഉടമകഠംക്കെതിരായി ഉയർന്ന കരങ്ങഠം മുറിച്ചിടപ്പെട്ടു; അനീതിക്കെതിരായി മുഴങ്ങിയ സ്വരം അടിച്ചമർത്തപ്പെട്ടു. അങ്ങനെ, അനീതിയോടുള്ള പോരാട്ടത്തിൽ, സ്വേച്ഛാധിപത്യത്തോടു നടത്തിയ സമരത്തിൽ, സാധാരണക്കാരുടെ വർഗ്ഗം പരാജയമടഞ്ഞു.

യഹൂദമതത്തിൽത്തന്നെ ഭിന്നിപ്പുണ്ടായി. അതു പല വിഭാഗങ്ങളായി പിരിഞ്ഞു. പ്രവാചകനായ മോസസിൻെറ നിയമപ്പുസ്തകമാണ് അവരുടെ എല്ലാ മതാനുഷ്ഠാനങ്ങളേയും സാമൂഹികജീവിതത്തേയും നിയന്ത്രിച്ചിരുന്നത്. എന്നാൽ, കാലക്രമേണ ഓരോ വിഭാഗക്കാരും താന്താങ്ങളുടെ സ്ഥാപിത താൽപര്യത്തിനും സ്വാർത്ഥലാഭത്തിനും അനുകൂലമായി ആ നിയമാവലിയെ വ്യാഖ്യാനിച്ചു. ആന്തരികജീവിതത്തെക്കാഠം ബാഹ്യപ്രകടനങ്ങഠംക്കാണ് അവർ പ്രഥമസ്ഥാനം കൊടുത്തിരുന്നത്. ബാഹ്യമോടിയും പുത്തടിക്കാൻ ധനവുമില്ലാത്തവർ ദൈവത്താൽ ശപിക്കപ്പെട്ടവരെന്നുകൂടി അവർ വിശ്വസിച്ചു. അഹങ്കാരത്തിൻെറ ഉന്മാദത്തള്ളലിൽ പാവപ്പെട്ടവനേയും പട്ടിണിക്കാരനേയും എല്ലാ മാനുഷികാവകാശങ്ങളിൽനിന്നും അവർ അകററി നിറുത്തി. ധനം ദൈവത്തിൻെറ ഏററം വലിയ അനുഗ്രഹമായിക്കരുതപ്പെട്ടു.

ഇങ്ങനെ നിയമവും തത്വശാസ്ത്രവും പരാജയമടഞ്ഞ മൂഢീയതയുടെ ആ യുഗത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനമാണു സാധാരണക്കാർക്ക് ആശ്വാസം നല്കിയത്. ദാവീദിൻെറ വംശത്തിൽ ഒരു രക്ഷകൻ ജനിക്കുമെന്നും, അദ്ദേഹം ഒരു പുതിയ സാമ്രാജ്യം സ്ഥാപിക്കുമെന്നും, അതിൽ

തങ്ങളനുഭവിക്കുന്ന അനീതികൾക്കും കഷ്ടപ്പാടുകൾക്കും അന്തം വരുമെന്നും അവർ വിശ്വസിച്ചു. നിലയെത്താത്ത നിരാശയുടെ നീർച്ചുഴിയിൽ നീന്തിത്തുടിച്ചു തളർന്ന സാധാരണക്കാർക്ക് ആ പ്രത്യാശയാണ് അവസാനമായി ശേഷിച്ചത്.

യഹൂദരുടെ ഇടയിലാണു ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങളുടെ സ്വരം ഏററം സജീവമായി നിലനിന്നത്. അദ്ദേഹം തങ്ങളുടെ രാജാവാകുമെന്നും അടിമത്തത്തിൽനിന്നു തങ്ങളെ സ്വതന്ത്രരാക്കുമെന്നും പുതിയ ഒരു സാമ്രാജ്യം സ്ഥാപിക്കുമെന്നും, സകല ശക്തികളും ആ യഹൂദസാമ്രാജ്യത്തിന്റെ പാദസേവകരാകുമെന്നും അവർ വിശ്വസിച്ചു. പേർഷ്യാക്കാരും റോമാക്കാരുമെല്ലാം അവരുടെ രാജ്യത്തെ കീഴടക്കി അഭിഷിക്തരായ രാജാക്കന്മാരുടെ കഴുത്തരിഞ്ഞുകൊന്നപ്പോൾ, സ്ത്രീകളേയും കുഞ്ഞുങ്ങളേയും അടിമകളാക്കി വിദൂരദേശത്തേക്കു കൊണ്ടുപോയപ്പോൾ, അവർക്ക് ആശ്വാസമരുളിയതു മിശിഹായെക്കുറിച്ചുള്ള പ്രവചനമാണ്.

അനീതിയും അക്രമവുംമൂലം സാധാരണക്കാർ വിഷമിച്ചു. സഹാനുഭൂതിയുടെ കണികയ്ക്കുവേണ്ടി അവരുടെ വരണ്ട നാവുകൾ കേണപേക്ഷിച്ചു. അപ്പോഴാണ് അനേകകാലമായി ദുരധികാരത്തിന്റെ ബലിപീഠത്തിൽ ആഹുതി ചെയ്യപ്പെട്ടുകൊണ്ടിരുന്ന സാധാരണക്കാരും കർഷകരും തൊഴിലാളികളും അടിമകളുമെല്ലാം ആ സ്വരം ശ്രവിച്ചത്. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; നിങ്ങളെ ഞാൻ സമാശ്വസിപ്പിക്കാം" (വി. മാത്യ. ii: 28).

## പുതിയൊരു സാമൂഹികശാസ്ത്രം

വർഗ്ഗവ്യത്യാസത്തിൽ അസ്തിവാരമുറപ്പിച്ച സാമൂഹികവ്യവസ്ഥിതിയ്ക്കു ക്രിസ്തു അന്തമിട്ടു. എല്ലാ മനുഷ്യർക്കും വ

ക്തിമാഹാത്മ്യമുണ്ടെന്നും, അടിമയ്ക്കും ഉടമയെപ്പോലുള്ള മാനുഷികാവകാശങ്ങളെല്ലാമുണ്ടെന്നും അവിടുന്നു വിശദമാക്കി. വ്യക്തികളുടെ അവകാശങ്ങളെ ആദരിക്കാത്തിടത്തോളംകാലം വ്യവസ്ഥാപിതമായ ഒരു സാമൂഹികജീവിതം അസാദ്ധ്യമാണെന്ന് അവിടുന്നു കണ്ടു. മനുഷ്യത്വം മാനിക്കപ്പെടുകയും വ്യക്തിത്വം വിലമതിക്കപ്പെടുകയും ചെയ്യുന്ന ഒരു നൂതന വ്യവസ്ഥിതിയെ ക്രിസ്തു വിഭാവനംചെയ്തു.

### ഏഴകൾ ഉയരുന്നു

ജീവനുള്ള ദൈവത്തിന്റെ പ്രതിച്ഛായയിൽ, നിത്യസ്വർഗ്ഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരെന്ന നിലയിൽ ക്രിസ്തു എല്ലാവരേയും ഒന്നുപോലെ വിലപ്പെടുത്തി. ഭൗതികാവശ്യങ്ങളുടെ നടുവിൽ അവശരായി തള്ളപ്പെട്ട എളിയവരുടെ വർഗ്ഗം, തങ്ങളുടെ ഉൽകൃഷ്ടത മറന്നു കളഞ്ഞു; വലിയവർ മനുഷ്യമഹത്വം അവർക്കു നിഷേധിക്കുകയുംചെയ്തു. എന്നാൽ, ക്രിസ്തു ദരിദ്രരേയും കഷ്ടതയനുഭവിക്കുന്നവരേയും ഭാഗ്യവാന്മാരെന്നു പ്രഖ്യാപിച്ചു.

ബോസ്വേ പിൽക്കാലങ്ങളിൽ ചോദിച്ചു: "ആ പണക്കാരന്റേയും പാവപ്പെട്ട ലാസറിന്റേയും ഹൃദയാവർജ്ജകവും ഉപദേശാത്മകവുമായ ഉപമയിലല്ലാതെ പാവപ്പെട്ട മനുഷ്യന്റെ മഹത്വം വേറെ എവിടെയാണ് ഇത്ര സ്പഷ്ടവും വ്യക്തവുമായി ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്?" "ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ മാർദ്ദവമുള്ള വക്കത്തുണിയും ധൂമ്രവസ്ത്രവും ധരിച്ചിരുന്നു. എല്ലാ ദിവസവും ആഡംബരത്തോടുകൂടി ആനന്ദിക്കുകയും ചെയ്തിരുന്നു. ലാസർ എന്നു പേരുള്ള ഒരു ദരിദ്രനും ഉണ്ടായിരുന്നു. അവൻ വ്രണങ്ങളാൽ ബാധിക്കപ്പെട്ടവനായി ആ ധനവാന്റെ പടിവാതിൽക്കൽ കിടന്നിരുന്നു. ധനവാന്റെ മേശയിൽനിന്നു വീഴുന്ന ഉച്ഛിഷ്ടംകൊണ്ടു വയർ നിറയ്ക്കുവാൻ അവൻ ആഗ്രഹിച്ചു. മാത്ര

മല്ല, നായ്ക്കൾവന്ന് അവൻെറ വ്രണങ്ങൾ നക്കുകയും ചെയ്തിരുന്നു. ആ ദരിദ്രൻ മരിച്ചു. മാലാഖാമാർ അവനെ അബ്രഹാമിൻെറ മടിയിലേക്കു കൊണ്ടുപോയി. ആ ധനവാനും മരിച്ച് അടക്കപ്പെട്ടു. അവൻ നരകത്തിൽ പീഡിപ്പിക്കപ്പെട്ടപ്പോൾ, ദൂരെനിന്നു തൻെറ കണ്ണുകൾ ഉയർത്തി അബ്രാഹാമിനേയും അവൻെറ മടിയിൽ ലാസറിനേയും കണ്ടു. അപ്പോൾ അവൻ: 'എൻെറ പിതാവായ അബ്രാഹാമേ', എന്നിൽ കനിയണമേ! ലാസർ തൻെറ വിരലിൻെറ അഗ്രം വെള്ളത്തിൽ മുക്കി എൻെറ നാവു തണുപ്പിക്കേണ്ടതിന് അവനെ അയയ്ക്കണമേ! എന്തുകൊണ്ടെന്നാൽ, ഇതാ! ഞാൻ ഈ അഗ്നിജ്വാലയിൽ പീഡിപ്പിക്കപ്പെടുന്നു' എന്ന് ഉയർന്ന സ്വരത്തിൽ വിളിച്ചുപറഞ്ഞു" (വി. ലൂക്ക് 16: 19–24). തങ്ങളുടെ സാമൂഹികമായ ഉയർച്ചയിൽ ദുരഭിമാനംകൊണ്ടു, പ്രഥമസ്ഥാനത്തിനുവേണ്ടി കിടമത്സരം നടത്തിയ അന്നത്തെ ധനികവർഗ്ഗത്തിന് ഇതു കുറിക്കു കൊള്ളുകതന്നെ ചെയ്തു. ഭൂമിയുടേയും സ്വർഗ്ഗത്തിൻേറയും താക്കോൽക്കാരെന്നഭിനയിച്ചവരെ എളിമപ്പെടുത്തുന്ന ഇതുപോലെയുള്ള പല പ്രഖ്യാപനങ്ങളുമുണ്ടു സുവിശേഷത്തിൽ: "ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗത്തിൽ പോകും."

തൻെറ പ്രതിനിധികളായി സഭയെ ഭരിക്കുവാൻ ഗലിലേയായിലെ വെറും സാധാരണക്കാരായ മീൻപിടിത്തക്കാരെ ക്രിസ്തു തിരഞ്ഞെടുത്തു. വിദ്യാഭ്യാസമോ സാമൂഹികമായ എന്തെങ്കിലും സവിശേഷതയോ അവർക്കില്ലായിരുന്നു. വെറും ഏഴകളായ തൊഴിലാളികൾ! അവർക്കുണ്ടായിരുന്ന സമ്പാദ്യം വലയും വഞ്ചിയുംമാത്രം.

ആചാരങ്ങളും പാരമ്പര്യങ്ങളും വർഗ്ഗങ്ങൾക്കിടയിൽ പടുത്തുയർത്തിയ വൻമതിൽക്കെട്ടുകൾ അങ്ങനെ പൊളിഞ്ഞുവീണു. എളിയവർ ഉയർത്തപ്പെടുകയും തന്നെത്താനുയർത്തുന്നവർ താഴ്ത്തപ്പെടുകയും ചെയ്യുന്ന രക്ഷയുടെ സാമ്രാജ്യം ഉദയംചെയ്തു.

## നാമെല്ലാം സഹോദരരാണ്

"നിങ്ങൾ എല്ലാവരും സഹോദരരാണ്" എന്നു ക്രിസ്തുനാഥൻ തൻെറ ചുററുംകൂടിയ ജനക്കൂട്ടത്തോടു പ്രഖ്യാപിച്ചു (വി. മാത്യൂ 23: 8). ക്രിസ്തുവൻെറ ഈ പ്രഖ്യാപനം മൂന്നു യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നു. ഒന്ന്: എല്ലാവരുടേയും രക്തധമനികളിൽക്കൂടി ഒഴുകുന്നത് ഒരേതരം രക്തമാണ്; കാരണം, നാമെല്ലാം ഒരേ പിതാവിൽനിന്നും മാതാവിൽനിന്നും പുറപ്പെട്ടുന്നു. രണ്ട്: സകല ചരാചരങ്ങളേയും കാത്തു പരിപാലിക്കുന്ന ജീവനുള്ള ദൈവം നമ്മുടെയെല്ലാം ആദ്ധ്യാത്മിക പിതാവാണ്. മൂന്ന്: ക്രിസ്തു എല്ലാവരുടേയും ജ്യേഷ്ഠസഹോദരനാണ്.

ഒരിക്കൽ, എങ്ങനെ പ്രാർത്ഥിക്കണമെന്നു പഠിപ്പിക്കുവാൻ ശിഷ്യന്മാർ ക്രിസ്തുവിനോടാവശ്യപ്പെട്ടു. അവിടുന്നു പഠിപ്പിച്ച ആദ്യവാചകം ഇതായിരുന്നു: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........" അന്നു തൊട്ടു തലമുറകൾ സ്നേഹവായ്പോടേ ദൈവത്തെ വിളിക്കുന്നതു് ഈ വിധമാണ്. മനുഷ്യസാഹോദര്യത്തേയും അതിൽനിന്നുളവാകുന്ന നാനാവിധ കടമകളേയും സ്പഷ്ടമായി കാണിക്കുന്ന ഏററവും മഹനീയമായ വെളിപാടാണ് ഈ വാക്കുകൾ. ബോസേച ഇങ്ങനെ എഴുതുന്നു: "നമ്മൾ എല്ലാവരും സഹോദരരാണെങ്കിൽ, എല്ലാവരും ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നെങ്കിൽ, എല്ലാവരും അവിടുത്തേ പുത്രന്മാരാണെങ്കിൽ സകലരും ഒരു വർഗ്ഗത്തിലുൾപ്പെടുന്നെങ്കിൽ, എല്ലാവരുടേയും ധമനികളിൽക്കൂടി ഒഴുകുന്നതു് ഒരേ തരം രക്തമാണെങ്കിൽ, നമുക്കു പരസ്പരം ശ്രദ്ധാലുക്കളായിരിക്കാം." അയൽക്കാരനെക്കുറിച്ചു ശ്രദ്ധയുള്ളവനായിരിക്കാൻ ഓരോരുത്തനേയും ദൈവം കടപ്പെടുത്തുന്നുവെന്നു വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതു കാര്യമില്ലാതെയല്ല.

സുവിശേഷത്തിൽ പല സ്ഥലത്തും ആവത്തിക്കപ്പെട്ടുന്ന ജീവിതതത്വവും ഇതാണ്. മനുഷ്യനും ദൈവവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മനുഷ്യരെല്ലാം ഒരു കുടുംബത്തിൽപ്പെട്ട അംഗങ്ങൾ. ദൈവം പിതാവ്. പിതാവു മക്കളെ അകമഴിഞ്ഞു സ്നേഹിക്കുന്നു. ആദിമനുഷ്യൻെറ പാപം മനുഷ്യനെ ആ വത്സലപിതാവിൽനിന്ന് അകററി. എന്നാൽ, മനുഷ്യകുലത്തേയും ദൈവത്തേയും തമ്മിൽ രമ്യതപ്പെടുത്താൻ ആ പരമപിതാവിൻെറ അരുമക്കമാരനായ ക്രിസ്തു ലോകത്തിൽ മനുഷ്യനായി അവതരിച്ചു. ഛിന്നിച്ചിതറിപ്പോയ അംഗങ്ങളെ അങ്ങനെ വീണ്ടും ഒരു കുടുംബത്തിലാക്കി.

ഒരു പിതാവുണ്ടെങ്കിൽ ഒരു കുടുംബവുമുണ്ട്. സകല മനുഷ്യരേയും ഒരു കുടുംബത്തിലാക്കുന്ന പിതൃത്വമാണു ദൈവത്തിൻേറതു്. ആ കുടുംബത്തിൽനിന്ന് ആരും പുറം തള്ളപ്പെട്ടിട്ടില്ല. അതിൽ സകലരും തുല്യർ. പാപിക്കും ധൂത്തനുമെല്ലാം ഇഷ്ടമുണ്ടെങ്കിൽ ആ കുടുംബത്തിലേക്കു തിരിച്ചു ചെല്ലാം. അവരെ ഹൃദയപൂർവ്വം, ഇരുകരങ്ങളും നീട്ടി സ്വീകരിക്കുവാൻ സ്വർഗ്ഗസ്ഥനായ ആ നല്ല പിതാവ് ഒരുങ്ങിയിരിക്കുകയാണ്. സജീവമായ ഈ യാഥാത്ഥ്യമാണു ക്രിസ്തു ധൂത്തപുത്രൻെറ ഉപമവഴി വ്യക്തമാക്കുന്നതു്. ഇതിലെ നല്ല പിതാവു ദൈവത്തിൻെറ സാദൃശ്യം വഹിക്കുന്നു. ആ ദൈവത്തിനു തൻെറ നഷ്ടപ്പെട്ട മക്കളുടെമേലുള്ള സ്നേഹം നിസ്സീമമാണ്. ധൂത്തപുത്രനും ആ നല്ല പുത്രനും എല്ലാം സഹോദരങ്ങളായ മനുഷ്യരുടെ പ്രതിനിധ്യം വഹിക്കുന്നു. അങ്ങനെ, രാജ്യവും ജാതിയും, മതവും പ്രകൃതിയുംകൊണ്ടു വ്യത്യസ്തരായ ആളുകൾ ഒരു പിതാവിൽ സഹോദരരാകുന്നു. ഒരു തലമുറതൊട്ട് അവസാന മനുഷ്യൻവരെ എല്ലാവരും ആ കുടുംബത്തിലെ അംഗങ്ങളാണ്.

ക്രിസ്തു മനുഷ്യരെയെല്ലാം ഒരു കുടുംബത്തിലാക്കി, അ

വരെയെല്ലാം തമ്മിൽ കൂടുതൽ അടുപ്പിച്ചു. മാത്രമല്ല, തൻെറ മനുഷ്യാവതാരംമൂലം ദൈവത്തോടും കൂടുതൽ അവരെ അടുപ്പിച്ചു. മനുഷ്യവർഗ്ഗചരിത്രത്തെ പുതിയൊരു പശ്ചാത്തലത്തിലേക്കു തിരിച്ചുവിട്ട ശോഭനമായ ഒരിടനാഴിയാണു ക്രിസ്തുവിൻെറ ഈ തത്വശാസ്ത്രവും വ്യക്തിത്വവും. ക്രിസ്തു മോസസിനെയോ മുഹമ്മദിനെയോപോലെ ഒരു നിയമദാതാവല്ലായിരുന്നു. സാമൂഹികമോ രാഷ്ട്രീയമോ ആയ യാതൊരു വിപ്ലവത്തിനുമല്ല ജനങ്ങളെ അവിടുന്ന് ആഹ്വാനം ചെയ്തതു്. പൊതുക്കാര്യങ്ങളിൽ യാതൊന്നിലും അവിടുന്നു തലയിട്ടില്ല. രാഷ്ട്രീയമായ എല്ലാ കെണികളിൽനിന്നും അവിടുന്നു ബുദ്ധിപൂർവ്വം ഒഴിഞ്ഞുമാറി. ക്രിസ്തു മനുഷ്യസമുദായത്തിൽ പരിവർത്തനം വരുത്തണമെന്നാഗ്രഹിച്ചു; എന്നാൽ, അതു് ഒരാധ്യാത്മികവിപ്ലവത്തിൽക്കൂടി സാധിക്കുവാനാണു് അവിടുന്നു പരിശ്രമിച്ചതു്. അവിടുന്നു് ഒരു സാമ്രാജ്യം സ്ഥാപിച്ചു; എന്നാൽ, അതു് ഈ ലോകത്തിൻേറതിൽനിന്നു വ്യത്യസ്തമായ സാഹോദര്യത്തിൻെറ ഒരു സാമ്രാജ്യമായിരുന്നു. സാമൂഹികോദ്ധാരണം അവിടുന്നഭിലഷിച്ചു; എന്നാൽ, അതു മനുഷ്യസാഹോദര്യത്തിൻെറ മഹത്തായ പ്രമാണംവഴി സാധിക്കാനാണവിടുന്നു ശ്രമിച്ചതു്.

ക്രിസ്തു എല്ലാവർക്കും ഒരു സഹോദരനായി ജീവിച്ചു. വനാന്തരങ്ങളിൽപ്പോയി മഹർഷിമാരെപ്പോലെ തപസ്സുചെയ്യുവാൻ ജീവിതകാലം മുഴുവൻ വ്യയംചെയ്തില്ല. എങ്കിലും, നാല്പതുദിവസം തുടർച്ചയായി അവിടുന്നു് ഉപവസിച്ചു. തൻെറ അനന്തരകർത്തവ്യങ്ങൾക്കു് ആവശ്യകമായ ഉൾക്കരുത്തു കിട്ടുന്നതിനായിരുന്നു അതു്. ആ നാല്പതുദിവസത്തെ പ്രാർത്ഥനയുടെയും ഉപവാസത്തിൻേറയുംശേഷം നാം അവിടുത്തെ കാണുന്നതു തെരുവീഥിയിൽ ദീനരുടെ ഇടയിലാണു്. പണിചെയ്തു തളർന്ന തൊഴിലാളിസഹോദരങ്ങളുടെ ക്ലേശഭാരം കുറച്ചും, വേദനതിന്നുന്ന രോഗികളെ സുഖപ്പെടുത്തിയും

നിരാശയിൽ നീറിജീവിച്ച പാവങ്ങളുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ചും, കരഞ്ഞവനും കരുണയാചിച്ചവനും സഹാനുഭൂതിയുടെ പനിനീർ പകൎന്നുകൊണ്ടും അവിടുന്നു ചുററിസ്സഞ്ചരിച്ചു. എന്നും അവിടുത്തെ ചുററും ഒരു വലിയ ജനതതി തടിച്ചുകൂടിയിരുന്നു. ക്രിസ്തുവും അവരെപ്പോലെ വിശപ്പും ദാഹവും സഹിച്ചു. അവൎക്കു വിശന്നപ്പോൾ അവിടുന്നു് അത്ഭുതം പ്രവൎത്തിച്ചു് അവരെ തീററി. ശക്തനായ ദൈവം തൻെറ മഹത്വവും പ്രതാപവും മറച്ചുകൊണ്ടു ജനങ്ങളുടെ ഇടയിൽ അവരിലൊരാളെപ്പോലെ ജീവിച്ചു. ചിരിക്കുന്നവനോടുകൂടി ചിരിച്ചും കരയുന്നവനോടുകൂടി കരഞ്ഞും കഴിഞ്ഞുകൂടി.

സന്മനസ്സുള്ളവരെയെല്ലാം ക്രിസ്തു തൻെറ സഹോദരരായിക്കരുതുന്നു. "എൻെറ മാതാവു് ആരാണു്? സഹോദരന്മാർ ആരാണു്?" ശിഷ്യന്മാരുടെനേരെ കൈനീട്ടിക്കൊണ്ടു് അവിടുന്നു തുടൎന്നു: "എൻെറ മാതാവിനേയും സഹോദരന്മാരേയും കണ്ടാലും! എന്തുകൊണ്ടെന്നാൽ, സ്വൎഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഹിതം അനുവൎത്തിക്കുന്നതാരാണോ, അവനത്രേ എൻെറ സഹോദരനും സഹോദരിയും മാതാവും" (വി. മാത്യു. 12: 48–50). അവിടുത്തെ വാക്കുകളുടെ അൎത്ഥം ഇതാണു്: ദൈവത്തിൻെറ പിതൃത്വം ആരു് അംഗീകരിക്കുന്നുവോ, അവർ ക്രിസ്തുവിൻെറ കുടുംബത്തിലെ അംഗങ്ങളും അവകാശികളുമായിത്തീരുന്നു. അതുതന്നെയാണു സുവിശേഷത്തിൻെറ സാരവും.

## മനുഷ്യരെല്ലാം തുല്യരാണു്.

മനുഷ്യരെല്ലാം സഹോദരരാണു്. അക്കാരണത്താൽ അവർ ചില കടപ്പാടുകൾക്കു വിധേയരുമാണു്. കൂടാതെ, അവരെല്ലാം യഥാൎത്ഥത്തിൽ തുല്യരുമാകുന്നു. സാൎവ്വലൗകികമായ ഈ സമത്വത്തെ ക്രിസ്തു അംഗീകരിക്കുന്നു. ചില

അസമത്വങ്ങളും അടിസ്ഥാനപരമല്ലാത്ത വ്യത്യാസങ്ങളും മനുഷ്യരുടെയിടയിൽ ഉണ്ടാകുമെന്നതിനെ അവിടുന്നു നിഷേധിക്കുന്നില്ല. ഈ വ്യത്യാസം സാമൂഹികമായി നോക്കുമ്പോൾ ആവശ്യകവുമാണ്. യഥാർത്ഥമായ സമത്വം സ്ഥിതിചെയ്യുന്നതു മനുഷ്യന്റെ പ്രാഥമികാവകാശങ്ങളിലും ചുമതലകളിലുമാണ്.

ഉത്ഭവത്തിൽ നാം തുല്യരാണ്. ദൈവമാണു നമ്മുടെയെല്ലാം പിതാവ്. മക്കളായ നമ്മളെല്ലാവരോടും ഒന്നുപോലെയാണ് അവിടുത്തെ സ്നേഹം. നമ്മുടെ നന്മയുടെ ഏററക്കുറച്ചിലനുസരിച്ച് അവിടുത്തെ മുമ്പിൽ വലിയവരോ ചെറിയവരോ ആകുന്നുവെന്നുമാത്രമേ വത്യാസമുള്ളൂ. ബോസേ്വ പറയുന്നതുപോലെ ദൈവത്തിന്റെ മുമ്പിൽ രാജാവും പ്രജയും എല്ലാം തുല്യരത്രേ.

പ്രകൃതിയിൽ നാം എല്ലാം തുല്യരാകുന്നു; നമ്മെ എല്ലാവരേയും പിശാചിന്റെ ദാസ്യത്തിൽനിന്നു വീണ്ടെടുത്തതു് ഒരേരക്തം; ഒരേനിയമം നമ്മെ എല്ലാവരേയും ഭരിക്കുന്നു; നമ്മെ എല്ലാവരേയും വിളിച്ചിരിക്കുന്നതു് ഒരേ സ്വർഗ്ഗപ്രാപ്തിക്കു്; എല്ലാവരേയും വിധിക്കുന്നതു് ഒരേതത്വത്തിന്റെ അടിസ്ഥാനത്തിൽ. എല്ലാവക്കും ജീവിക്കുവാനും വളരുവാനും വികസിക്കുവാനും അവകാശമുണ്ടു്. ആധുനികസാമൂഹിക–സാംസ്കാരിക–സാമ്പത്തികസമത്വങ്ങളെ അതേപടി ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ സ്പഷ്ടമായി കാണുവാൻ കഴിയുമെന്നു പറയുന്നില്ല. എന്നാൽ, ക്രൈസ്തവതത്വങ്ങളാണ് ഇവയുടെ ഉറവിടം. മനുഷ്യസമുദായത്തിലുള്ള ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുവാൻ മററാരേയുംകാൾ ക്രിസ്തുമതം മുൻകൈയെടുത്തു പ്രവർത്തിച്ചിട്ടുണ്ടു്. "സുവിശേഷപ്രബോധനങ്ങളിൽ ചുവടുറപ്പിച്ചിട്ടുള്ള ഒരാശയമാണു സമത്വം. ഇന്നു ക്രൈസ്തവർപോലും ശരിക്കു മനസ്സിലാക്കുന്നില്ല, സമത്വത്തിന്റെ സന്ദേശം സുവിശേഷതത്വമാണെന്നു്. ഈ യാഥാർത്ഥ്യം ശരി

ക്ക മനസ്സിലാക്കണമെങ്കിൽ ആധുനികാശയങ്ങൾ സുവിശേഷപ്രബോധനങ്ങളോട്ട തട്ടിച്ചുനോക്കണം. സുവിശേഷം വ്യക്തമായി ഉൾക്കൊള്ളുന്ന സമത്വത്തിൻെറ സന്ദേശം നൂററാണ്ടുകൾ കഴിഞ്ഞും പ്രയോഗത്തിൽ വന്നിട്ടില്ല എന്നോർക്കുമ്പോൾ അത്ഭുതം തോന്നിയേക്കാം. ഇതിനു പല കാരണങ്ങളുമുണ്ടായിരിക്കാമെങ്കിലും, ക്രൈസ്തവരാഷ്ട്രങ്ങൾക്ക ലോകം പൂർണ്ണമായി വിധേയമാകുന്നില്ല എന്നതാണു പ്രധാനമായത്. അവ നിർബാധം സമുദായജീവിതത്തിൽ സ്വാധീനത ചെലുത്താതിരിക്കുവാൻ ശത്രുനിര മുൻകരുതലുകൾ ചെയ്യു. അങ്ങനെ, ക്രൈസ്തവാരൂപിക്ക് അതിൻെറ പൂർണ്ണരൂപത്തിൽ വികസിക്കാൻ സൗകര്യം ലഭിക്കുന്നില്ല. ക്രിസ്തുവിൻെറ പ്രബോധനങ്ങൾ മുഴുവൻ ഫലവും പുറപ്പെടുത്താൻ അനുവദിച്ചിരുന്നെങ്കിൽ, അവയ്ക്കു ക്രിസ്തീയാന്തരീക്ഷത്തിൽ വികസിക്കുവാൻ സൗകര്യം കൊടുത്തിരുന്നെങ്കിൽ പണ്ടേതന്നെ ക്രിസ്തുമതം സമത്വവും ജനാധിപത്യമുറകളും നടപ്പിലാക്കിയേനേ. എന്നാൽ, ഇന്നു കാണുന്നതിൽനിന്നു തുലോം വ്യത്യസ്തമായ ഒരു രീതിയിലായിരിക്കുമെന്നുമാത്രം" (Anatole Leroy-Beuieu: Lecture on Christianity and Democracy).

ഉടമകൾ—അടിമകൾ, നാട്ടുകാർ—പുറജാതിക്കാർ, ധനവാന്മാർ— ദരിദ്രർ, എന്നിങ്ങനെ, അനവധി ഏററമിറക്കങ്ങളെ താലോലിച്ചുപുലർത്തിയ ഒരു സമുദായസംവിധാനമാണു ക്രിസ്തുവിൻെറ കാലത്തു നിലവിലിരുന്നത്. ആ ഉയർച്ചയും താഴ്ചയും തട്ടിനിരപ്പാക്കിക്കൊണ്ട് ഒരു നവ്യസമുദായത്തെ ക്രിസ്തു സ്ഥാപിച്ചു. അതിൽ മനുഷ്യൻെറ വിലയളക്കുന്ന മാനദണ്ഡം ഒന്നു വേറെയാണ്. ഒന്നാംസ്ഥാനത്തിനുവേണ്ടി മത്സരിച്ച ശിഷ്യന്മാരോടു ക്രിസ്തു പറയുന്നു: "നിങ്ങളിൽ ആരാണ് ഒന്നാമൻ, അവൻ മററുള്ളവരുടെയെല്ലാം ദാസനായിരിക്കട്ടെ" (വി. മാർക്ക് 10: 42). തന്നെത്തന്നെ ഉയർത്തുന്നവൻ ആരോ, അവൻ താഴ്ത്തപ്പെടും. മററുള്ളവരുടെമേൽ ആ

ധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നവൻ എല്ലാവരുടേയും ദാസനാകും. എല്ലാവരോടും ബഹുമാനത്തോടും സ്നേഹത്തോടും കൂടി വർത്തിക്കുക; മററുള്ളവരെക്കാൾ താണവനാണു താനെന്നു കരുതുക; അന്യരുടെ അപജയത്തിൽ സഹതപിക്കുക; അവരുടെ വിജയത്തിൽ സന്തോഷിക്കുക. ഫരിസേയന്മാരും യഹൂദപ്രമാണികളും എപ്പോഴും പ്രഥമസ്ഥാനത്തിനുവേണ്ടി മത്സരിച്ചു. മററുള്ളവരാൽ ബഹുമാനിക്കപ്പെടുന്നതിനും പ്രശംസിക്കപ്പെടുന്നതിനും അവർ ആഗ്രഹിച്ചു. എന്നാൽ, അവർക്കു ദൈവം കൊടുത്ത ശിക്ഷ ഭയാനകമായിരുന്നു. അഹങ്കാരോന്മത്തരായ അവരെ ലോകത്തിന്റെ നാനാഭാഗത്തേക്കും ചിതറിച്ചു. അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും അടിമകളായി പിടിച്ചുകൊണ്ടു പോകപ്പെട്ടു.

ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ ക്രൈസ്തവർ 'സഹോദരാ' എന്നു തമ്മിൽത്തമ്മിൽ വിളിച്ചിരുന്നു. അവർ സാക്ഷാത്തായ സാഹോദര്യത്തിലും സമത്വത്തിലും ജീവിച്ചു. ക്രിസ്തുവിന്റെ വിലതീരാത്ത രക്തമാണു് അവരെ പരസ്പരം സഹോദരന്മാരാക്കിത്തീർത്തതെന്ന ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു.

## മനുഷ്യർക്കെല്ലാം സ്വാതന്ത്ര്യത്തിനു് അവകാശമുണ്ടു്

അരിസ്റ്റോട്ടലും പെയ്ഗൻ ശാസ്ത്രജ്ഞന്മാരും പഠിപ്പിച്ചു, ചിലർ അടിമകളാകാനും ചിലർ ഉടമകളാകാനും ജനിക്കുന്നെന്നു്. മനുഷ്യരെല്ലാം സഹോദരരാണെന്നു പ്രഖ്യാപിച്ചുകൊണ്ടു ക്രിസ്തു ആ പേയ്ഗൻ തത്വശാസ്ത്രത്തെ വെല്ലുവിളിച്ചു. സഹോദരരാകകൊണ്ടു മനുഷ്യർക്കെല്ലാവർക്കും ഒന്നുപോലെ സ്വാതന്ത്ര്യത്തിനു് അവകാശവുമുണ്ടു്. "നമുക്കെല്ലാവർക്കും ഒരു പിതാവുണ്ടെങ്കിൽ തുല്യമായ അവകാശത്തോടുകൂടി നമുക്കെല്ലാം സ്വാതന്ത്ര്യവുമുണ്ടു്" (Lactantius: The Divine Institutes, Book V., C. XV).

അടിമകളേയും അടിമത്തത്തേയും പ്രത്യേകമായി പരാ

മർശിച്ചു ക്രിസ്തു പ്രസംഗിച്ചിട്ടില്ലെന്നു സമ്മതിക്കാം. എന്നാൽ, ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽനിന്ന് ഇതിനെക്കുറിച്ച് അവിടുത്തെ അഭിമതം എന്തായിരുന്നെന്ന് അനുമാനിക്കാൻ പ്രയാസമില്ല. സുവിശേഷവ്യാഖ്യാതാക്കൾ എല്ലാവരും വ്യക്തമായ ഈ നിഗമനത്തിലെത്തുകയും ചെയ്യുന്നുണ്ട്. പുരാതനകാലത്തെ സംസ്കാരപാരമ്പര്യത്തെക്കുറിച്ചു പറയുമ്പോൾ ലെക്റ്റാൻഷ്യസ് എഴുതുന്നു: "മനുഷ്യരെ ദൈവം സൃഷ്ടിച്ചപ്പോൾ എല്ലാവരും തുല്യരും സ്വതന്ത്രരുമായിരിക്കണമെന്നാണ് അവിടുന്ന് ആഗ്രഹിച്ചത്.... അവിടുന്ന് ഏവർക്കും ഒരേവിധ ജീവിതനിബന്ധനങ്ങൾ നല്കി, ഒരേവിധ ജ്ഞാനത്തിലേക്ക് എല്ലാവരേയും വിളിച്ചു, ഒരേവിധ അമർത്ത്യത എല്ലാവർക്കും വാഗ്ദാനംചെയ്തു. ഒരേ ഒരു പിതാവെങ്കിൽ തുല്യസ്വാതന്ത്ര്യം സകലർക്കുമുണ്ടാകണം.....പണക്കാരനും പാവപ്പെട്ടവനും, ബലവാനും ബലഹീനനും, രാജാവിനും പ്രജയ്ക്കും ഒന്നുപോലെ സ്വാതന്ത്ര്യത്തിനവകാശമുണ്ട്. എന്തുകൊണ്ടെന്നാൽ, എല്ലാവരും ഒന്നുപോലെ അണിനില്ക്കാത്തിടത്തു സമത്വമില്ല. സമത്വമില്ലാത്തിടത്തു നീതിക്കു സ്ഥാനമില്ല. ആരെങ്കിലും ചോദിച്ചേക്കാം നിങ്ങൾക്കിടയിൽത്തന്നെ ധനവാനും ദരിദ്രനുമില്ലേ? യജമാനനും വേലക്കാരനുമില്ലേ? വ്യക്തികൾ തമ്മിൽത്തന്നെ വ്യത്യാസമില്ലേ? പ്രകൃത്യാതന്നെ ഇങ്ങനെയെങ്കിൽ എല്ലാവരും തുല്യരും സഹോദരരുമെന്നു പറയുന്നതെങ്ങനെ? എന്നാൽ, ശരീരംകൊണ്ടല്ല, അരൂപികൊണ്ടാണു വസ്തുതകളെ അളക്കേണ്ടത്. അതുകൊണ്ട്, ശാരീരികമായ നിലപാടുകൾ വ്യത്യസ്തങ്ങളായിരുന്നാലും ആത്മനാ സഹോദരരെന്ന നിലയിലാണു നാം പെരുമാറേണ്ടത്. നമ്മുടെ ഹൃദയത്തിന്റെ സങ്കുചിതത്വംകൊണ്ട് ഉച്ചനീചത്വങ്ങൾ സൃഷ്ടിച്ചാലും സുകൃതങ്ങൾകൊണ്ടുമാത്രമേ ദൈവത്തിന്റെ ദൃഷ്ടിയിൽ നാം വ്യത്യസ്തരായിത്തീരുന്നുള്ളു." (Lactantius: The Divine Institutes, Book V., C. C. XV-XVI)

ക്രിസ്തുസഭാവൈരികൾ ഒരാക്ഷേപം പുറപ്പെടുവിക്കുന്നുണ്ട്: ക്രിസ്തുമതം അടിമക്കച്ചവടത്തെ അവസാനിപ്പിക്കുന്നതിനുപകരം അതിനെ പ്രോത്സാഹിപ്പിച്ചുവെന്ന്. ഇതു തെററിദ്ധാരണമാത്രമാണ്. കാരണം, ക്രിസ്തുമതം എവിടെ വിജയിച്ചുവിരാജിച്ചുവോ അവിടെനിന്നെല്ലാം അടിമക്കച്ചവടത്തെ വേരോടെ പിഴുതെറിയുകയാണു ചെയ്തിട്ടുള്ളതു്. ക്രിസ്തുമതം ഒരിക്കലും അടിമക്കച്ചവടത്തിനു കൂട്ടുനിന്നിട്ടില്ല; മറിച്ച്, അതിനെ എപ്പോഴും നിരുത്സാഹപ്പെടുത്തുകയത്രേ ചെയ്തതു്. കുറഞ്ഞൊരു കാലയളവിൽ അതിനെ പാടേ ഉന്മൂലനം ചെയ്യുക സഭയ്ക്കു് അസാദ്ധ്യമായിരുന്നു. കൂടാതെ, അങ്ങനെ പെട്ടെന്ന് അതിനെ നിറുത്തൽചെയ്യാൻ പുറപ്പെട്ടിരുന്നെങ്കിൽ ലോകം മുഴുവനിലും വലിയ കലാപങ്ങൾക്കും വിപ്ലവങ്ങൾക്കും അതിടയാക്കിയേനെ. അടിമക്കച്ചവടം പെയ്ഗൻലോകം അനുപേക്ഷണീയമായ ഒരാവശ്യമെന്നു വിശ്വസിച്ചിരുന്നു. കാലത്തിന്ന് ഒരു മാററം വരാതെ, യാതൊരു മുൻകരുതലുകളുമില്ലാതെ അതിനെ നിശ്ശേഷം നിറുത്തൽ ചെയ്യാൻ ശ്രമിച്ചിരുന്നെങ്കിൽ ഒരു വലിയ രക്തവിപ്ലവം തന്നെ അതുളവാക്കിയേനെ. അതുമൂലം സമുദായത്തിൽ വളരെയധികം ദുരന്തഫലങ്ങളും തീരാനഷ്ടങ്ങളും ഉണ്ടാകുമായിരുന്നു.

അടിമകളെ വിപ്ലവത്തിനുവേണ്ടി ക്രിസ്തു ആഹ്വാനം ചെയ്തില്ല. അടിമകൾ സ്വീകരിക്കുവാൻ ഒരുക്കമില്ലായിരുന്ന ആ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിന് അവരെ അണിനിരത്തിയുമില്ല. അതിനുപകരം അവരുടെ വ്യക്തിമാഹാത്മ്യത്തെ വെളിപ്പെടുത്തി, അവരെ മനുഷ്യോചിതം ജീവിക്കാൻ പഠിപ്പിച്ചു. അടിമകൾക്കും അനശ്വരമായ ആത്മാവുണ്ടെന്നും അവരുടേയും അടിമകളുടേയും പ്രകൃതികൾക്കു തമ്മിൽ വ്യത്യാസമില്ലെന്നും ക്രിസ്തു ഉടമവർഗ്ഗത്തെ ഉൽബോധിപ്പിച്ചു. ക്രിസ്തുവിൻെറ ഈ ഉൽബോധനത്തി

ൻെറ പ്രതിരൂപം ഫിലമോനിനുള്ള സെൻറ്പോളിൻെറ ലേഖനത്തിലും നിഴലിച്ചുകാണാം. ഫിലമോൻ കൊളോസിയായിലുള്ള ഒരു ക്രൈസ്തവനായിരുന്നു. ഫിലമോൻെറ അടിമ അയാളുടെ കുറെ സ്വത്തുക്കൾ മോഷ്ടിച്ചുകൊണ്ടു റോമിലേക്ക് ഓടിപ്പോയി. ആ അടിമയെ റോമിൽവച്ചു സെൻറ്പോൾ മാനസാന്തരപ്പെടുത്തി. മാനസാന്തരത്തിനുശേഷം അവനെ യജമാനൻെറ പക്കലേക്കു തിരിച്ചയച്ചു. എന്നിട്ട്, യജമാനനായ ഫിലമോനു സെൻറ്പോൾ ഇങ്ങനെ എഴുതി: "....അതിനാൽ, യുക്തമായിട്ടുള്ളവ നിന്നോടു കല്പിക്കുവാൻ ക്രിസ്തുവിൽ എനിക്കു വളരെ മനോധൈര്യമുണ്ട്.... ബന്ധനങ്ങളിൽവച്ചു ഞാൻ ജനിപ്പിച്ച എൻെറ പുത്രനായ ഒണേസിമോസിനെക്കുറിച്ചു ഞാൻ നിന്നോടപേക്ഷിക്കുന്നു. ഒരുകാലത്തു നിനക്കവൻ പ്രയോജനമില്ലാത്തവനായിരുന്നെങ്കിലും ഇപ്പോൾ നിനക്കും അവൻ വളരെ പ്രയോജനമുള്ളവനാകുന്നു. ഞാനവനെ നിൻെറ അടുക്കലേക്കയയ്ക്കുന്നു. എൻെറ പുത്രനെ എന്നപോലെ നീ അവനെ സ്വീകരിക്കുക.... ഇപ്പോൾ അവനൊരു ദാസനല്ല; ദാസനെക്കാൾ ഉപരി എൻെറ ഏററം പ്രിയ സഹോദരനാകുന്നു. എൻെറ സഹോദരനെപ്പോലെയെങ്കിൽ ശാരീരികമായും ക്രിസ്തുവിലും എത്ര അധികമായി നിൻേറയും സഹോദരനാണവൻ....അവൻ നിന്നോട് ഏതെങ്കിലും തരത്തിൽ തെററു ചെയ്തിട്ടുണ്ടെങ്കിൽ, ഏതെങ്കിലുംവിധത്തിൽ നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ അതു് എൻെറ പേരിൽ കണക്കാക്കിക്കൊള്ളുക.... നീ എൻെറ വാക്കുകൾ അനുസരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നതിനാലത്രേ നിനക്കിതെഴുതിയതു്" (ഫിലമോൻ 8-21).

വീണ്ടും സെൻറ്പോൾ എഫേസിയാക്കാക്കെഴുതുന്നു "യജമാനന്മാരേ, നിങ്ങളും നിങ്ങളുടെ ദാസന്മാരോട് ഇപ്രകാരം ചെയ്യുവിൻ. തെററുകൾ അവരോടു ക്ഷമിക്കുവിൻ. നിങ്ങളുടേയും അവരുടേയും ദൈവം സ്വർഗ്ഗത്തിലുണ്ടെന്നും

അവിടുത്തെ പക്കൽ വ്യക്തിവ്യത്യാസം ഇല്ലെന്നും ഓർമ്മിച്ചു കൊള്ളുവിൻ" (എഫേ. 6: 9). അദ്ദേഹംതന്നെ കൊറീന്ത്യാക്കാർക്കെഴുതുന്നു: "അടിമകളേ, നിങ്ങൾ സ്വാതന്ത്ര്യരായെങ്കിൽ ആ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുവിൻ.... സ്വതന്ത്രന്മാരേ, നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാകുന്നു. നിങ്ങൾ മനുഷ്യരുടെ അടിമകളാകരുത്" (1 കൊറി. 7: 21–23).

സമുദായത്തിനു യാതൊരുതരത്തിലും ഹാനി തട്ടിക്കാതെ, യാതൊരുതരം രക്തച്ചൊരിച്ചിലിനും ഇടവരുത്താതെ അടിമത്തത്തെ നിറുത്തൽചെയ്യുവാനാണു ക്രിസ്തുമതം ശ്രമിച്ചതു്. പക്ഷമതിയായ ഒരാൾക്കും അവളുടെ ഈ നയത്തെ അപലപിക്കുവാൻ സാധിക്കുകയില്ല; മറിച്ചു്, വിവേകപൂർവ്വമായ ഒരു നയമായി അതു പ്രശംസിക്കപ്പെട്ടു.

'മാർക്കസ് ഔറേലിയസ്'എന്ന ഗ്രന്ഥത്തിൽ റെനാൻ എഴുതുന്നു: "ധാർമ്മികതയോ കുലീനതയോ ഇല്ലാത്ത ജീവിയാണെന്നു പൗരാണികലോകം കരുതിയ അടിമ, ധാർമ്മികമായി തൻെറ യജമാനനു തുല്യനായ അന്നു് അടിമത്തം തകർന്നു."അടിമ യജമാനനു തുല്യനാണെന്നു പ്രഖ്യാപിക്കയും ഈ പരമാർത്ഥത്തിൻെറനേരെ അവൻെറ കണ്ണുകൾ തുറപ്പിക്കുകയും ചെയ്തതു ക്രിസ്തുമതമാണു്. അതുകൊണ്ടു, ക്രിസ്തുമതം മനുഷ്യൻെറ മാഹാത്മ്യത്തേയും വ്യക്തിത്വത്തെയും അങ്ങനെ, അവൻെറ പ്രാഥമികാവകാശമായ സ്വാതന്ത്ര്യത്തെയും വീണ്ടെടുത്തുവെന്നുറപ്പിച്ചുപറയാം. മനുഷ്യനു് അവാച്യമായ ഒരു മഹത്വമുണ്ടെന്നു പറയുകമാത്രമല്ല, അതിനുള്ള തെളിവുകളും ക്രിസ്തുമതം നല്കുന്നു. ഇതിലാണു ക്രൈസ്തവതത്വശാസ്ത്രം ഭൂതദയാതത്വശാസ്ത്രത്തിൽ (Philanthropic Philosophy) നിന്നു വിഭിന്നമെന്നു പറയുന്നതു്. ഭൂതദയാതത്വശാസ്ത്രവും മനുഷ്യമാഹാത്മ്യത്തെക്കുറിച്ചു പറയുന്നുണ്ടു്. എന്നാൽ, അതിനെ സ്ഥിരീകരിക്കത്തക്കതോ തെളിയിക്കത്തക്കതോ ആയ ഒരു കാരണമെങ്കിലും പ്രസ്താവിച്ചുകാണു

ന്നില്ല. എവിടെനിന്നു മനുഷ്യന് ഈ മാഹാത്മ്യം വരുന്നെ ന്നോ എന്തിലാണതു സ്ഥിതിചെയ്യുന്നതെന്നോ പറവാൻ അതിനു കഴിയുകയില്ല. ഭൗതികവാദത്തിനും (Materialism) വിശ്വദേവതാവാദത്തിനും (Pantheism) നാസ്തിക്യവാദത്തി നും (atheism) ഈ മാഹാത്മ്യം വെറുമൊരു പാഴ്ശബ്ദമാണ്. ഈ സിദ്ധാന്തങ്ങളിൽ, തന്നെത്തന്നെ ഉയൎത്തുന്നതായോ മനു ഷ്യമാഹാത്മ്യത്തിന്റെ പേരിൽ സഹജീവിയെ മാനിക്കുവാൻ പ്രേരിപ്പിക്കുന്നതായോ യാതൊന്നും മനുഷ്യൻ കാണുക യില്ല" (Kettler: The Labour Question and Christianity p. 122).

ക്രിസ്തുമതം മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെ അനു സ്മരിപ്പിച്ചുകൊണ്ട് അവനോടു പറയുന്നു: നീ നിന്റെ ആ ത്മാവിൽ— ആന്തരികസത്തയുടെ നിഗൂഢമായ ഉള്ളറക ളിൽ— മരണമില്ലാത്ത അനന്തസ്വരൂപനായ ജഗൽകൎത്താ വിന്റെ ഒരു രശ്മി, അവിടുത്തെ സനാതനപ്രഭാവത്തിന്റെ ഒ രു പ്രതിരൂപം സൂക്ഷിക്കുന്നു. മറെറാരു വസതിക്കായുള്ള അട ങ്ങാത്ത ദാഹം, അഭൗമികമായ ഒരാകർഷണം, നിന്നിൽ ദൃ ശ്യമാകുന്നതു് ഈ പ്രതിരൂപം നിന്നിലുള്ളതുകൊണ്ടാണ്. നീ ദൈവത്തിന്റെ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കു ന്നുവെന്നതുകൊണ്ടാണു നീ മഹത്വത്തിനവകാശിയാകുന്ന തു്. അതാണു നിന്റെ മാഹാത്മ്യത്തിന്റെ ചവിട്ടുപടി. അ താണു നിന്റെ വിശുദ്ധമായ എല്ലാ അവകാശങ്ങളുടേയും പ്രാ രംഭപദവി.

നാലാം അധ്യായം

# സാമൂഹികസുകൃതങ്ങൾ

## സ്നേഹം—ക്രിസ്തുവിൻെറ പുതിയ കല്പന

സദൂച്യരെ ക്രിസ്തു മൗനമവലംബിപ്പിച്ചു എന്നു കേട്ടു ഫരിസ്യർ ഒത്തുകൂടിവന്നു. അവരിൽ വേദപണ്ഡിതനായ ഒരുവൻ, "ഗുരോ, വേദനിയമത്തിലേ ഏററവും വലിയ കല്പന ഏതാണ്?" എന്ന് അവിടുത്തോടു ചോദിച്ചു. അത് അവിടുത്തെ പരീക്ഷിക്കുവാനായിരുന്നു. ആ ചോദ്യം യഹൂദനിയമജ്ഞന്മാരുടെ ഇടയിൽ ഒരു വാദവിഷയമായിരുന്നു. അക്കം അതിനു സമാധാനം കണ്ടുപിടിക്കാൻ കഴിഞ്ഞില്ല.

യഹൂദന്മാർക്ക് അറുപത്തിനാലു കല്പനകളുണ്ട്. അവയിൽനിന്ന് ഒന്നെടുത്തു ക്രിസ്തു തൻെറ സഭയ്ക്കു് അടിസ്ഥാനമിട്ടു. ആ വേദപണ്ഡിതനോടു ക്രിസ്തു ഇങ്ങനെ പ്രതിവചിച്ചു: "നീ നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും നിൻെറ പൂർണ്ണാത്മാവോടും നിൻെറ പൂർണ്ണമനസ്സോടുംകൂടി സ്നേഹിക്കണം. ഇതത്രേ മഹത്തമവും പ്രഥമവുമായ കല്പന. ഇതിനു തുല്യമാണ്, 'നീ നിൻെറ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം' എന്ന രണ്ടാമത്തേ കല്പന. ഈ രണ്ടു കല്പനകളും സകല വേദനിയമങ്ങൾക്കും പ്രവചനങ്ങൾക്കും അവലംബമായിരിക്കുന്നു" (വി. മാത്യു 22: 34–40; വി. മാർക്ക് 12: 30). ഈ കല്പനകൾതന്നെ പഴയനിയമത്തിലും ഉണ്ടു്. 'ആവർത്തനാഗമ'ത്തിൽ ഇങ്ങനെ വായിക്കുന്നു:"ഇസ്രായേൽക്കാരേ, കേൾക്കുവിൻ: ദൈവം ഒന്നാകുന്നു. നിൻെറ മുഴുഹൃദയത്തോടും മുഴുവാത്മാവോടും മുഴുശക്തിയോടുംകൂടി നിൻെറ ദൈവമായ കർത്താവിനെ സ്നേഹിക്കുക" (ആവർത്ത. 6: 4–5). 'ആചാര്യന്മാരി'ൽ ഇങ്ങനെ

പറയുന്നു: "പ്രതികാരം തേടാതിരിക്കുക. നിന്റെ അയൽക്കാരന്റെ സാഹസത്തെക്കുറിച്ചു ചിന്തിക്കാതിരിക്കുക. നിന്റെ സ്നേഹിതനെ നിന്നെപ്പോലെ സ്നേഹിക്കുക" (ആചാര്യ. 19: 18). ഈ കല്പനകൾ ഏറെക്കുറെ സ്നേഹിതനോടോ സ്വരാജ്യത്തോടോ മാത്രം സ്നേഹം കാണിക്കുവാൻ അനുശാസിക്കുന്നു. എന്നാൽ, മനുഷ്യനോടുള്ള സ്നേഹത്താൽ മരണംപോലും കൈവരിച്ച ക്രിസ്തു, സുവിശേഷത്തിന്റെ ഓരോ പുറത്തും, സാർവലൗകികമായ സ്നേഹത്തിന്റെ പ്രമാണം ആവർത്തിക്കുന്നു. ശത്രുക്കളെപ്പോലും സ്നേഹിക്കുവാൻ അവിടുന്നു കല്പിക്കുന്നു: "കേൾക്കുന്നവരായ നിങ്ങളോടു ഞാൻ പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ; നിങ്ങളെ ബലമായി കൊണ്ടുപോകുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. നിന്റെ ഒരു ചെകിട്ടത്തു അടിക്കുന്നവനു മറേറതും കാണിച്ചുകൊടുക്കുക! നിന്റെ പുറങ്കുപ്പായം എടുക്കുന്നവനെ നിന്റെ അങ്കിയും എടുക്കുവാൻ നീ തടയരുതു്. നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്കുക. നിന്റേതു് എടുക്കുന്നവനോടു തിരികെ ചോദിക്കരുതു്. മനുഷ്യർ നിങ്ങളോടു് എങ്ങനെ ചെയ്യണമെന്നു നിങ്ങൾ അനുഗ്രഹിക്കുന്നുവോ അങ്ങനെതന്നെ അവരോടും ചെയ്യുവിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങളുടെ മേന്മ എന്തു്? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നു. നിങ്ങൾക്കു് ഉപകാരംചെയ്യുന്നവർക്കു നിങ്ങൾ നന്മചെയ്താൽ നിങ്ങളുടെ മേന്മയെന്തു്? പാപികളും ഇങ്ങനെതന്നെ ചെയ്യുന്നു. തിരിച്ചു കിട്ടുമെന്നു നിങ്ങൾ വിചാരിക്കുന്നവനു കടം കൊടുത്താൽ നിങ്ങളുടെ മേന്മ എന്തു്? ഇപ്രകാരം തിരിയെ കിട്ടേണ്ടതിനായി പാപികളും പാപികൾക്കു കൊടുക്കുന്നു. നിങ്ങളോ ശത്രുക്കളെ സ്നേഹിക്കുവിൻ; അവർക്കു നന്മചെയ്യുവിൻ; കടംകൊടുക്കുവിൻ; ആർക്കും ഇച്ഛാഭംഗം വരു

ത്താതിരിക്കുവിൻ. നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും; നിങ്ങൾ, ദുഷ്ടന്മാരോടും പുറജാതികളോടും ദയാലുവായ അത്യുന്നതൻെറ മക്കളായിത്തീരുകയും ചെയ്യും. ആകയാൽ, നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരാകുവിൻ" (വി. ലൂക്ക് 6: 27–36). "ഇതാണു് എൻെറ കല്പന; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (വി. ജോൺ. 15:12). "നിങ്ങൾ പരസ്പരം സ്നേഹിക്കേണ്ടതിനാകുന്നു ഞാൻ ഇവ നിങ്ങളോടു കല്പിക്കുന്നതു്" (വി. ജോൺ 15: 17). "നിൻെറ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക" (വി. മാത്യു 19: 19). "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ അതുമൂലം എൻെറ ശിഷ്യന്മാരാകുന്നു നിങ്ങളെന്നു് എല്ലാവരും പറയും" (വി. ജോൺ 18: 35).

താൻ ഒരു പുതിയ കല്പനയാണു കൊടുക്കുന്നതെന്നു ക്രിസ്തു പറഞ്ഞതു് ഏററം പരമാർത്ഥമായിരുന്നു. ക്രിസ്തുവിനു മുമ്പു ജീവിച്ച തത്വശാസ്ത്രജ്ഞന്മാരുടെ ഏതെങ്കിലും ഗ്രന്ഥത്തിലോ രാജ്യനിയമസംഹിതയിലോ ഇതുപോലെ ഒരു കല്പനയോ പ്രബോധനമോ കാണുകയില്ല.

ന്യൂട്ട്സെക്കും അനുയായികളും പുലർത്തിയ സ്പാർട്ടൻപാരമ്പര്യം എങ്ങനെയുള്ളതായിരുന്നു? ബലിഷ്ഠരായ പൗരാവലിയുണ്ടാകുന്നതിനുവേണ്ടി ദുർബലരും അംഗവിഹീനരുമായവരെ കൊന്നൊടുക്കുക. അങ്ങനെ, അവർക്കു ജീവിക്കുവാനുള്ള അവകാശം നിയമംമൂലം നിഷേധിച്ചു. ഈ നൂററാണ്ടിൽ ഹിററ്ലർ ചെയ്തതും ഇതുതന്നെയാണല്ലോ. നീതിവിരുദ്ധമായ ഈ ആദർശത്തോടു ക്രിസ്തുമതം ഏററുമുട്ടി. ബലഹീനർക്കും അംഗഭംഗം വന്നവർക്കുംവേണ്ടി അതു തീവ്രമായി വാദിച്ചു; അവരുടെ അവകാശത്തെ സംരക്ഷിച്ചു.

മററുള്ളവരെക്കാൾ കൂടുതൽ ഗുരുവിനെ മനസ്സിലാക്കിയ വി. ജോൺ പ്രായാധിക്യത്താലും രോഗത്താലും ഉപദേ

ശം കൊടുക്കുവാൻ അശക്തനായിരുന്നപ്പോഴും ഈ വാക്കുകൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരുന്നു: "എൻെറ കുഞ്ഞുമക്കളേ, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. സ്നേഹിക്കുമെങ്കിൽ കർത്താവിൻെറ കല്പന നിങ്ങൾ അനുവർത്തിക്കും." ഇതാണു തങ്ങളുടെ ഗുരുവിൻെറ അന്ത്യശാസനമെന്നു മനസ്സിലാക്കിയ ആദിമക്രിസ്ത്യാനികൾ എവിടേയും എപ്പോഴും ഈ കല്പനയ്ക്കു വിധേയരായി ഒരു ഹൃദയവും ഒരു ആത്മാവും എന്നു തോന്നത്തക്കവിധം പരസ്പരം സ്നേഹിച്ചു.

ക്രിസ്തുമതാവലംബിയായിത്തീർന്ന ആദിമയുഗത്തിലെ പ്രശസ്ത സാഹിത്യകാരനായ തെർത്തുലിയൻ പറയുന്നു, ക്രിസ്ത്യാനികളെ തിരിച്ചറിഞ്ഞിരുന്നതു് അവരുടെ ഇടയിലുണ്ടായിരുന്ന പരസ്പരസ്നേഹംമൂലമാണെന്നു്. ആദിമക്രിസ്ത്യാനികൾ ഇത്രസ്നേഹത്തോടും സമഭാവനയോടുംകൂടി വർത്തിക്കുന്നതു കണ്ടു പെയ്ഗൻ ജനത വിസ്മയാധീനരായി വിളിച്ചുപറഞ്ഞു: "ഇവർ പരസ്പരം എത്രമാത്രം സ്നേഹിക്കുന്നു!" ഇന്നു ക്രൈസ്തവസമൂഹത്തെ മററെല്ലാ സമൂഹങ്ങളിൽനിന്നും മതങ്ങളിൽനിന്നും വേർതിരിച്ചറിയുന്നതു് പരസ്നേഹപ്രവൃത്തികൾകൊണ്ടുതന്നെ.

തണുത്തു മരവിച്ച ഒരു സ്നേഹമല്ല ക്രിസ്തു ആവശ്യപ്പെടുന്നതു്; പ്രത്യുത, തീക്ഷ്ണമായ, നി:സ്വാർത്ഥമായ, പ്രവൃത്തിയിൽ കാണിക്കുന്ന അതിസ്വാഭാവികമായ ഒരു സ്നേഹമാണു്. ക്രിസ്തു നന്മചെയ്തുകൊണ്ടു ചുററിനടന്നു. മാർഗ്ഗമദ്ധ്യേ ക്ലേശിതരെ ആശ്വസിപ്പിച്ചു, രോഗികളെ സൗഖ്യമാക്കി, പാപികളെ പരിശുദ്ധരാക്കി, അദ്ധ്വാനിക്കുന്നവരെ സ്നേഹപൂർവ്വം അരികത്തേയ്ക്കു വിളിച്ചു. "അദ്ധ്വാനിക്കുന്നവരേ, ഭാരം ചുമക്കുന്നവരേ, നിങ്ങൾ എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (വി. മാത്യു 11: 28).

ക്രിസ്തു പരസ്നേഹത്തിൻെറ പ്രമാണത്തിനു് എത്ര

സമുന്നതമായ സ്ഥാനമാണു കൊടുത്തിരിക്കുന്നതെന്നു താഴെക്കാണുന്ന സുവിശേഷവാക്യങ്ങൾ സ്പഷ്ടമായി കാണിക്കും. ഈയൊരു സൂക്തത്തിൽ എല്ലാ കല്പനകളും നിയമങ്ങളും പ്രവചനങ്ങളും ഉൾക്കൊള്ളുന്നുവെന്നു തോന്നിപ്പോകും. "മനുഷ്യപുത്രൻ പ്രതാപമഹിമയോടുകൂടി, സകല സ്വർഗ്ഗീയ പാരിഷദന്മാരാലും അനുഗതനായിവരും; അപ്പോൾ അവിടുന്നു തന്റെ പ്രതാപസമന്വിതമായ സിംഹാസനത്തിൽ ഉപവിഷ്ടനാകും; സകല ജാതികളും അവിടുത്തെ സന്നിധിയിൽ സമ്മേളിക്കുകയും അവിടുന്നു, ആട്ടിടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ, മനുഷ്യരെ തമ്മിൽ വേർതിരിച്ചിട്ട്, ചെമ്മരിയാടുകളെ തന്റെ വലത്തു ഭാഗത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തുകയും ചെയ്യും. അനന്തരം, അവിടുന്നു തന്റെ വലത്തു ഭാഗത്തു നില്ക്കുന്നവരോട് ഇങ്ങനെ പറയും: 'എന്റെ പിതാവിന്റെ ദൃഷ്ടിയിൽ അനുഗൃഹീതരായുള്ളോരേ, നിങ്ങൾവന്നു, ലോകാരംഭംമുതൽ നിങ്ങൾക്കായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന രാജ്യത്തെ സ്വായത്തമാക്കിയനുഭവിക്കുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നപ്പോൾ നിങ്ങൾ എനിക്ക് ആഹാരംതന്നു; എനിക്കു ദാഹിച്ചപ്പോൾ നിങ്ങൾ എനിക്കു കുടിക്കാൻ തന്നു; ഞാൻ അഭയാർത്ഥിയായ പരദേശിയായിരുന്നപ്പോൾ നിങ്ങൾ എനിക്ക് അഭയം തന്നു; നഗ്നനായിരുന്നപ്പോൾ നിങ്ങൾ എനിക്കു വസ്ത്രംതന്നു; രോഗിയായിരുന്നപ്പോൾ നിങ്ങൾ എന്നെ ശുശ്രൂഷിച്ചു; ഞാൻ കാരാഗൃഹത്തിലായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദർശിച്ചു.

"അപ്പോൾ, ആ നീതിമാന്മാർ അവിടുത്തോട് ഇങ്ങനെ പ്രതിവചിക്കും: 'കർത്താവേ, അങ്ങയെ ഞങ്ങൾ വിശപ്പുള്ളവനായും ദാഹമുള്ളവനായും കണ്ടതു് എപ്പോൾ?'........ അപ്പോൾ അവിടുന്നു മറുപടിയായി അവരോട് ഇങ്ങനെ പറയും: 'എന്റെ ഈ ഏററവും എളിയവരായ സഹോദരന്മാ

രിൽ ഒരുവനോടു നിങ്ങൾ അപ്രകാരം പ്രവർത്തിച്ചപ്പോഴൊക്കെ നിങ്ങൾ എന്നോടു തന്നെയാണു പ്രവർത്തിച്ചതെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.'

"അനന്തരം തന്റെ ഇടത്തു ഭാഗത്തു നില്ക്കുന്നവരോട് അവിടുന്ന് ഇപ്രകാരം പറയും: 'ശപിക്കപ്പെട്ടവരേ,........ അനന്തമായ അഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നപ്പോൾ, നിങ്ങൾ എനിക്ക് ആഹാരം തന്നില്ല;..........അപ്പോൾ അവരും അവിടുത്തോട് ഇങ്ങനെ മറുപടി പറയും: 'കർത്താവേ, ഞങ്ങൾ എപ്പോൾ അങ്ങയെ വിശപ്പോ ദാഹമോ ഉള്ളവനോ പരദേശിയോ നഗ്നനോ രോഗിയോ ബന്ധനസ്ഥനോ ആയി കാണുകയും അങ്ങയെ ശുശ്രൂഷിക്കാതിരിക്കുകയും ചെയ്തു?' അപ്പോൾ അവിടുന്ന് ഇങ്ങനെ മറുപടി പറയും: 'ഈ ഏററവും എളിയവരിൽ ഒരുവനോടു നിങ്ങൾ അപ്രകാരം പ്രവർത്തിക്കാതിരുന്നപ്പോഴൊക്കെ നിങ്ങൾ എന്നോടും അപ്രകാരം പ്രവർത്തിച്ചിട്ടില്ല, എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇവർ അനന്തശിക്ഷയിലേക്കും നീതിമാന്മാർ അനന്ത ജീവിതത്തിലേക്കും കടക്കും" (വി. മാത്യു 25: 31-46). സഹജീവികളിൽ ഏററം ചെറിയ ഒരുവനു ചെയ്യുന്ന ഏററം നിസ്സാരമായ ഉപകാരംപോലും തനിക്കുതന്നെ ചെയ്യുന്നതായി സ്വീകരിക്കുമെന്ന് അവിടുന്നു പ്രഖ്യാപിക്കുന്നു. ഇത്ര ഉജ്ജ്വലവും ഹൃദയംഗമവുമായ സ്നേഹം വേറെങ്ങും നാം കാണുകയില്ല.

സ്നേഹമാണു സുവിശേഷശബ്ദത്തിന്റെ പ്രതിധ്വനി. ദൈവത്തെ സ്നേഹിക്കുക; അയൽക്കാരനെ സ്നേഹിക്കുക. ക്രിസ്തു ഈ രണ്ടു കല്പനകളെ ഒരുമിച്ചു ചേർത്തു. പക്ഷേ, ആ രണ്ടിന്റേയും വിഷയം രണ്ട്: ദൈവം, അയല്ക്കാരൻ. ദൈവത്തെ സ്നേഹിക്കണം; അയൽക്കാരനേയും സ്നേഹിക്കണം. ഈ രണ്ടു കല്പനകളിലുമുണ്ടു സ്നേഹമെന്ന ഒരേ ഗുണം. ഇവയ്ക്കു് ഒരതിർത്തി തിട്ടപ്പെടുത്തിക്കൂടാ. കാരണം, ഇവ അത്രയ്ക്കു് അ

ന്യോന്യം ലയിച്ചുകിടക്കുന്നു. സ്നേഹം മനുഷ്യൻെറ ഹൃദയാ ന്തരാളത്തിൽ നിറഞ്ഞു കവിഞ്ഞൊഴുകി ഓരോ രക്തധമനി യിലും അലിഞ്ഞുചേർന്നു സ്വാത്മത്തിൻെറയും അഹന്തയു ടേയും കീടങ്ങളെ നശിപ്പിക്കണം. പരിശുദ്ധമായ സ്നേഹമി ല്ലാത്ത ഹൃദയവും വററിവരണ്ടു വാ പിളർന്നുകിടക്കുന്ന വ യൽത്തറയും ഒന്നുപോലെ ശൂന്യമത്രേ. സ്നേഹം മനുഷ്യജീവി തത്തിൽ സ്വർഗ്ഗീയ പ്രഭ വിതറുന്നു. മനുഷ്യന്നു ജീവചൈത ന്യം വേണമെങ്കിൽ അവൻെറ ഹൃദയം ലോകാതീതമായ ദൈവസ്നേഹത്താൽ പരിപൂതമാകണം.

ദൈവത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കുമ്പോൾ സ്വാ ത്മസ്നേഹം കുറഞ്ഞു കുറഞ്ഞു വരും. അയൽക്കാരനെ എത്ര മാത്രം സ്നേഹിക്കുന്നുവോ അത്രമാത്രം നാം ദൈവത്തേയും സ്നേ ഹിക്കുന്നു. കാരണം, ദൈവസ്നേഹത്തിൻെറ പ്രതിഫലനമാ ണു പരസ്നേഹം. ഒന്നു കാരണമെങ്കിൽ മറേറതു കാര്യം. ആ ദ്യത്തേതു രൂപമെങ്കിൽ രണ്ടാമത്തേതു പ്രതിരൂപം. ഒന്ന് ആത്മാവിൻെറ ആന്തരികപ്രവർത്തനമെങ്കിൽ മറേറതു് അതി ൻെറ ബാഹ്യാവിഷ്കരണം.

ക്രിസ്തുമതത്തിൻെറ നട്ടെല്ലായും ശക്തികേന്ദ്രമായും സ്നേഹത്തെ പരിഗണിക്കാം. കാരണം, സഭയുടെ പൊതുവും ഓരോ ക്രൈസ്തവൻെറ വ്യക്തിപരവുമായ സൽപ്രവൃത്തി കൾക്കെല്ലാം പ്രചോദനം ലഭിക്കുന്നതു് ഇതിൽനിന്നാണ്. 'സ്നേഹിക്കുക'—ഇത്രമേൽ ശാലീനമായ ഒരു ജീവിതതത്വ ത്തിന്മേൽ കെട്ടിപ്പടുത്ത ഒരു രാഷ്ട്രത്തെയോ സ്ഥാപനത്തെ യോ തൊട്ടു കാണിക്കുവാൻ ചരിത്രത്തിനു സാധിക്കുകയില്ല. സുന്ദരവും സുസ്ഥിരവുമായ ഒരു ക്ഷേമരാഷ്ട്രത്തെ കെട്ടിപ്പൊ ക്കുക—ഇതായിരുന്നു പേയ്ഗൻ സംസ്കാരത്തിൻെറ ഏ റവും വലിയ ആദർശവും ആശയവും. നീതിക്കുമുണ്ടായിരു ന്നു ചെറിയൊരു സ്ഥാനം അവരുടെ ഇടയിൽ. എബ്രായമത ത്തേയും മാസഡോണിയൻ മതത്തേയും നയിച്ചിരുന്ന പ്രധാന

ആശയംനീതിയായിരുന്നെങ്കിൽസൊറോവാസ്റ്റർമതത്തിൻെറ
തു സുശക്തമായ ഒരു ക്ഷേമരാഷ്ട്രാശയമായിരുന്നു. മനുഷ്യ
ൻെറ ഹൃദയാന്തരാളത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനോ അവ
ൻെറ നൈസർഗ്ഗികാഭിനിവേശങ്ങളെ മനസ്സിലാക്കുവാനോ
പേയ്ഗൻലോകത്തിനു കഴിഞ്ഞില്ല. എന്നാൽ, ക്രൈസ്ത
വാദർശത്തിനു മനുഷ്യഹൃദയത്തിൻെറ ഉള്ളറകളിലേയ്ക്കു കട
ന്നുചെന്നു തങ്ങിനില്ക്കുവാൻ സാധിച്ചു; അതിനാലാണു്, സ്നേ
ഹത്തെ പ്രഥമ കല്പനയായി ക്രിസ്തുമതം എടുത്തുയർത്തിയതു്.
പശ്ചാത്തപിച്ചു പുതിയൊരു ജീവിതം (ക്രിസ്തീയജീവിതം)
ആരംഭിക്കുവാനാഗ്രഹിച്ചവർ ആദ്യമായി ആചരിക്കുവാൻ
ക്രിസ്തു ഈ പരസ്നേഹത്തിൻെറ പ്രമാണമാണു നിർദ്ദേശി
ച്ചുകൊടുത്തതു്. "ജനസമൂഹം സ്നാപകനോടു ചോദിച്ചു:
ആകയാൽ, ഞങ്ങളെന്തു ചെയ്യണം? അദ്ദേഹം മറുപടി പറ
ഞ്ഞു: രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവനു് ഒന്നു കൊടുക്കട്ടെ.
മാമ്മോദീസാ സ്വീകരിക്കുവാൻ ചുങ്കക്കാരും വന്നു. അവർ
അദ്ദേഹത്തോടു ചോദിച്ചു: ഗുരോ, ഞങ്ങൾ എന്തു ചെ
യ്യണം? യോഹന്നാൻ മറുപടി പറഞ്ഞു: ഈടാക്കുവാൻ നി
ങ്ങളോടു കല്പിക്കപ്പെട്ടതിലധികമായി യാതൊന്നും നിങ്ങൾ
ഈടാക്കരുതു്. പട്ടാള സേവകരും ചോദിച്ചു, ഞങ്ങൾ എന്തു
ചെയ്യണമെന്നു്? അദ്ദേഹം സമാധാനം പറഞ്ഞു: നിങ്ങൾ
ആരെയും ഉപദ്രവിക്കരുതു്. ആരോടും കഠിനമായി പ്രവർത്തി
ക്കരുതു്. ശമ്പളംകൊണ്ടു നിങ്ങൾ തൃപ്തരാകണം" (വി. ലൂ
ക്ക് 3: 11–14). സ്നാപകൻെറ ഈ ആശയംതന്നെ പഴ
യനിയമത്തിലും നമുക്കു കാണുവാൻ കഴിയും. ഇസയാസ്
ദീർഘദർശി പറയുന്നു: "വിശപ്പുള്ളവനു നിൻെറ അപ്പം
കൊടുക്കുക, ഭവനരഹിതനെ നിൻെറ ഭവനത്തിൽ താമസി
പ്പിക്കുക, നഗ്നനായവനെ നീ കാണുന്നുവെങ്കിൽ അവനെ ഉ
ടുപ്പിക്കുക" (ഇസയാസ് 58: 7). ഈ ആശയമേ ക്രിസ്തുവും
എടുത്തു പറഞ്ഞുള്ളു, വർഗ്ഗം നിറം മതം ഇവയ്ക്കൊന്നും സ്ഥാനം

കൊടുക്കാതെ. ഈ കല്പനയുടെ നവ്യമോഹനതയെപ്പററി ജെനാനോ നെഗ്രി (Gaenauo Negri) പറഞ്ഞിട്ടുള്ളതു ശ്രദ്ധാർഹമാണ്. അദ്ദേഹത്തിൻെറ വാക്കുകൾ: "വെറുപ്പിൻെറ മേഖലയിൽനിന്നു സ്നേഹത്തിൻെറ ഔന്നത്യത്തിലേയ്ക്കു മനുഷ്യനെ ആനയിച്ചുകൊണ്ടു ക്രിസ്തുമതം യഥാർത്ഥവും പരിപൂർണ്ണവുമായ വിപ്ളവത്തിൻെറ ബീജം മനുഷ്യനിൽ പാകി." ശക്തവും ശുദ്ധവുമായ സന്മാർഗ്ഗത്തെ കർത്തവ്യബോധത്തിൻെറ തണലിൽ വളർത്തുവാൻ പുരാതന തത്വശാസ്ത്രജ്ഞന്മാർക്കു സാധിച്ചിട്ടുണ്ടാവാം. എപ്പിക്കൂറസും മാർക്കസ് അവ്റേലിയസും സ്റ്റോയിക്ക്സുമെല്ലാം ശ്രമലഭ്യമായ സുകൃതങ്ങളെയാണു വിഭാവനം ചെയ്തതു്. എന്നാൽ, സ്നേഹം ദൈവത്തെയും മനുഷ്യരാശിയേയും കൂട്ടിയിണക്കുന്ന ഒരു പൊന്നിഴയാണെന്നു കാണുവാൻ അവർക്കാർക്കും സാധിച്ചില്ല.

ഉന്നതമായ ആദർശങ്ങളിലധിഷ്ഠിതമായ ഒരു സാന്മാർഗ്ഗികലോകത്തെ മെനഞ്ഞെടുക്കുക അധഃപതിച്ച മനുഷ്യരാശിയുടെ ഒരാവശ്യമായിരുന്നു. ആ കൃത്യം ക്രിസ്തുമതം ഏറെറടുത്തു നടത്തുകയും ചെയ്തു. ദൈവത്തെ സ്നേഹിക്കാൻ മനുഷ്യരെ ക്രിസ്തു പഠിപ്പിച്ചില്ലായിരുന്നെങ്കിൽ മനുഷ്യരാശി ഒന്നാകെ ഇന്നും ക്രൗര്യത്തിൻേറയും മൃഗീയതയുടേയും വഴിയിലൂടെ നടന്നുപോയേനെ. ദൈവം ക്രൂരനാണ് എന്ന തെററായ ആശയത്തെ ക്രിസ്തുമതം ജനഹൃദയങ്ങളിൽനിന്നു മാററിയിട്ടു സ്നേഹസമ്പന്നനും പിതാവുമായ ഒരു ദൈവത്തെ അവരുടെ ഹൃദയഭിത്തികളിൽ ചിത്രീകരിക്കുകയും, എല്ലാവരും ദൈവത്തിൻെറ മക്കളാണെന്നു പഠിപ്പിക്കയും ചെയ്തു. അങ്ങനെ ക്രിസ്തുമതം സ്നേഹത്തിൻെറ മതമാണെന്നു ലോകത്തിനു വെളിപ്പെടുത്തി. സ്നേഹത്തിലും അതിൻെറ അവിഭാജ്യഫലമായ സേവനത്തിലുംകൂടി അവർ ജനലക്ഷങ്ങളെ തന്നിലേക്കു് ആകർഷിച്ചു. ഈ സ്നേഹവും സേവനവും ക്രിസ്തുമതത്തിനില്ലായിരുന്നെങ്കിൽ പുരോഗമനാത്മകമായ ഒരു സമുദായം

സൃഷ്ടിക്കുവാൻ അവർക്കു സാധിക്കുമായിരുന്നില്ല. ആധുനികലോകം ഇന്നു ജീവിക്കുന്നതും ശ്വസിക്കുന്നതും ക്രിസ്തീയാന്തരീക്ഷത്തിലും ക്രിസ്തീയ നാഗരികതയിലുമാണ്. നിലവിലിരിക്കുന്ന നാഗരികത, സംസ്കാരം, സന്മാർഗ്ഗം, സദാചാരം എന്നിവയെല്ലാം കടപ്പാടാരോടാണ്? തീർച്ചയായും, ക്രിസ്തുമതത്തോട്. ലോകത്തിനു കലാബോധം ഗ്രീസുരാജ്യം സംഭാവനചെയ്തുവെങ്കിൽ ക്രിസ്തുമതം സന്മാർഗ്ഗസംസ്കാരങ്ങൾ നല്കി. അവയുടെയെല്ലാം ഉറവിടം അവളുടെ പുതിയപ്രമാണമായ സ്നേഹവുമാണ്.

## നീതി—പുതുക്കിയ പഴയനിയമം

എന്താണീ നീതി? റോമൻ നിയമമനുസരിച്ചു പറഞ്ഞാൽ, അന്യന് അവകാശമായി ചെല്ലേണ്ടതു കൊടുക്കുക. വി. തോമസ് അക്വിനസ് ഇപ്രകാരം നീതിയെ നിർവചിച്ചു: "ഒരുത്തന് അവകാശമുള്ളതു മററുള്ളവർ അവന് അനുവദിച്ചുകൊടുക്കുക." ക്രിസ്തുവിനു മുമ്പു നീതി സമുദായത്തിന്റെ ഒരു ചട്ടക്കൂടായി (Frame work) മാത്രമേ കരുതപ്പെട്ടിരുന്നുള്ളു. എന്നാൽ, സമുദായത്തിന് അവശ്യംവേണ്ട ഒരു സാമൂഹികസുകൃതമായി ക്രിസ്തു നീതിയെ ഉയർത്തിക്കാണിച്ചു.

ഇന്നു ചിലർ പറയുന്നുണ്ട്, ക്രിസ്തുമതം നീതിക്കുവേണ്ടി നിലകൊള്ളുന്നില്ലെന്നും വ്യക്തിമാഹാത്മ്യത്തിനുവേണ്ടത്ര സ്ഥാനംകൊടുക്കുന്നില്ലെന്നും. ററോളസ് കലാശാലയിലെ സാമൂഹികശാസ്ത്രപ്രഫസറായിരുന്ന ബേഗൾ (Baugle) ഇങ്ങനെ എഴുതി: "ക്രിസ്തുമതത്തിൽ ഒട്ടും കാണാനില്ലാത്ത ഒരാശയമുണ്ട്—അവകാശം. സ്നേഹത്തിന്റെ ബഹിസ്ഫുരണംകൊണ്ട് അവകാശത്തിന്റെ ആശയത്തെ നികത്താമെന്നു വിചാരിക്കുന്നതു വ്യഥാവിലാണ്. നൂറു വീപ്പ പരസ്നേഹം കൂടിയാലും ഒരു തുള്ളി നീതിബോധം ഉളവാകുന്നതല്ല" (Christian Sentiments and Egalitarian Tendancies. Article in the "Revue Blew" July 1st 1905).

സ്നേഹവും നീതിയും തീർച്ചയായും വ്യത്യസ്തമായ രണ്ടു സാമൂഹികസുകൃതങ്ങൾ തന്നെയാണ്. ഒന്നിനു പകരം മററു കൊണ്ട് ആരും സംതൃപ്തരാവുകയില്ല. സ്നേഹത്തിൻെറ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപു നീതിയുടെ കടമകളെ നിർവഹിക്കേണ്ടിയിരിക്കുന്നു. ഇതാണു ക്രിസ്തുമതം പഠിപ്പിക്കുന്നതു്. താഴെ വരുന്ന പുറങ്ങളിൽ ഇതു നമുക്കു തെളിവായി കാണാം.

## ക്രിസ്തു നീതിമാനായിരുന്നു

ലോകത്തിൻെറ നീതിന്യായക്കോടതികൾ പലപ്പോഴും നീതിയുടെ സ്വരത്തെയല്ല ചെവിക്കൊള്ളുന്നതു്. നീതിമാനായ ക്രിസ്തുവിനു പകരം ഇന്നും ലോകം തിരഞ്ഞെടുക്കുന്നതു കൊള്ളക്കാരനായ ബറാബാസിനെയാണ്. അരിസ്റ്റിഡെസ് (Aristides) നീതിമാനായിരുന്നു. അക്കാരണത്താൽ യഹൂദജനത അദ്ദേഹത്തെ നാടുകടത്തി. സോക്രട്ടീസു ജനങ്ങളെ നീതി പഠിപ്പിച്ചു. അന്നത്തെ കോടതി അദ്ദേഹത്തെ കൊലയ്ക്കു വിധിച്ചു. നീതിക്കുവേണ്ടി വാദിച്ച അനേകമനേകം പ്രവാചകന്മാരേയും നീതിമാന്മാരേയും അന്ധമായ ലോകം കൊന്നൊടുക്കി. നിഷ്കളങ്കനായ സ്നാപകയോഹന്നാനെ ഹേറോദേസ് തലവെട്ടിക്കൊന്നു. അന്യായമായി വച്ചുകൊണ്ടിരിക്കുന്ന സഹോദരഭാര്യയെ പറഞ്ഞയയ്ക്കാൻ ഉപദേശിച്ചതാണു കാരണം.

ലോകത്തിൽ ജനിച്ചിട്ടുള്ള നീതിമാന്മാരിൽ ഏററം വലിയവനായിരുന്നു ക്രിസ്തു. അവിടുത്തെപ്പററി ജോയേൽ ദീർഘദർശി പ്രവചിച്ചു: "സീയോൻെറ സന്തതികളേ, നിങ്ങൾ സന്തോഷിക്കുവിൻ. നിങ്ങളുടെ ദൈവമായ കർത്താവിൽ സന്തോഷമുള്ളവരായിരിക്കുവിൻ. കാരണം, നിങ്ങൾക്കു നീതിയുടെ ഒരദ്ധ്യാപകനെ തന്നിരിക്കുന്നു" (ജോയേൽ 2: 23). നീതിയുടെ അദ്ധ്യാപകനായിരുന്ന ക്രിസ്തു അനീതിയെ നീതിയാക്കാൻ ശ്രമിച്ച ഫരിസേയരുടേയും സെൻ

ഹട്ടിൻ സഭയുടേയും കുടക്കിൽ വീണെങ്കിൽ അതിലത്ഭുത പ്പെടാനില്ല. അവിടുന്നു നീതിമാനായിരുന്നു. അതിനാലാണു നിർദ്ദയമായ കുരിശുമരണത്തിനു വിധേയനായത്.

അനീതിയുടെ മർദ്ദനങ്ങൾക്കു വിധേയരാകുന്നവരെ ലോകം ചിലപ്പോൾ ഭോഷന്മാരാക്കാറുണ്ട്. എന്നാൽ, നീതിമാനായ ദൈവം നീതിയുടെ പ്രവൃത്തികൾക്കു വില കല്പിക്കുന്നു. നീതിനിരതരോടു ക്രിസ്തു വാഗ്ദാനം ചെയ്യുന്നു: "നീതി നിമിത്തം പീഡ അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" (വി. മാത്യു 5: 10). ദൈവസാമ്രാജ്യത്തിൽ അനുഗൃഹീതരായിത്തീരുന്നതിന് അവശ്യംവേണ്ട സുകൃതമായി ക്രിസ്തു നീതിയെ കരുതി. ദൈവസാമ്രാജ്യത്തിൽ അനുഗൃഹീതരായിരിക്കാൻ നാം നീതിയുള്ളവരായിരിക്കണം. എന്നാൽ, നാം നീതിയുടെ പ്രവൃത്തികൾ ചെയ്യേണ്ടതു് ഈ ലോകത്തിൽ|വച്ചാണ്; സ്വർഗ്ഗത്തിൽ നീതിയുടെ പ്രവൃത്തികൾ ചെയ്യുക സാധ്യമല്ലല്ലോ.

"നീതിയെക്കുറിച്ചു വിശപ്പും ദാഹവും അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ. കാരണം, അവർ സംതൃപ്തിയടയും" (വി. മാത്യു 5: 6). വിശക്കുന്നവൻ അപ്പവും ദാഹിക്കുന്നവൻ വെള്ളവും കൊതിക്കുന്നതുപോലെ ഓരോ മനുഷ്യനും നീതി പാലിക്കുന്നതിൽ ജാഗരൂകനാകണം. ജീവിതം നിലനിറുത്താൻ ആഹാരം ആവശ്യമാണ്. അതുപോലെ, അനുദിനജീവിതത്തിൽ മനുഷ്യനു നീതി അവശ്യംവേണ്ടതാണ്. ഭക്ഷണവും വെള്ളവുമില്ലാതെ ജീവിക്കുക മനുഷ്യന് അസാദ്ധ്യമായതുപോലെ സാമൂഹികജീവിതത്തിൽ നീതിയില്ലാതെ പുലരുവാനും അവനു സാധിക്കുകയില്ല. ക്രിസ്തു ആജ്ഞാപിക്കുന്നു: "അതുകൊണ്ട് ആദ്യമായി നിങ്ങൾ ദൈവത്തിൻെറ രാജ്യത്തേയും അവിടുത്തെ നീതിയേയും അന്വേഷിക്കുവിൻ. അപ്പോൾ ഇവയെല്ലാംകൂടെ നിങ്ങൾക്കു ലഭിക്കുന്നതായിരിക്കും" (വി. മാത്യു 6: 32). മററു വാക്കുകളിൽ, ദൈവസാമ്രാജ്യത്തെ—നീതിയു

ടെ സാമ്രാജ്യത്തെ അന്വേഷിക്കുക. അപ്പോൾ സമത്വവും സാഹോദര്യവും സമഭാവനയും സമാധാനവുമെല്ലാം.കൈവന്നുകൊള്ളും.

മാനുഷികമാനദണ്ഡങ്ങൾകൊണ്ടുമാത്രം നീതിയുടെ ആഴം പൂർണ്ണമായി അളക്കുവാൻ കഴിയുകയില്ല. സംസ്കാരത്തിലും പരിഷ്കാരത്തിലും സമുന്നതമെന്നഭിമാനിച്ചിരുന്ന റോമൻ നാഗരികതയാണ്, സ്വസഹോദരരെ അടിമകളാക്കിയതും മൃഗതുല്യം കരുതിയതും.ആ റോമൻ നാഗരികതതന്നെയാണ് അടിമകളേയും ബലഹീനരേയും പട്ടിണികിടന്നു ചത്തൊടുങ്ങുന്നതിനു തിബേരിൻ ദ്വീപിലേയ്ക്കു കപ്പൽ കയററിയതു്. എന്നാൽ, ദൈവനീതിയുടെ സ്വരം ശ്രവിക്കുക: "മററുള്ളവർ നിന്നോടു ചെയ്യുവാൻ ഇഷ്ടപ്പെടാത്തതു നീയും മററുള്ളവരോടു ചെയ്യാതിരിക്കുക"— ഇതു പഴയനിയമത്തിൽ. ഈ ആശയംതന്നെ അതിൻെറ പരിപൂർണ്ണതയിൽ സർഗ്ഗാത്മകമായി ക്രിസ്തു പ്രകാശിപ്പിക്കുന്നു: "മററുള്ളവർ നിനക്കു ചെയ്യുവാൻ ആഗ്രഹിക്കുന്നതു മററുള്ളവർക്കും നീ ചെയ്യുക". എല്ലാമനുഷ്യരും തങ്ങളോടു മററുള്ളവർ നീതി ചെയ്യണമെന്നാഗ്രഹിക്കുന്നു. ആരും തന്നോടുതന്നെ അനീതി പ്രവർത്തിക്കുന്നില്ല. അതുപോലെ മററുള്ളവരോടും അനീതി ചെയ്യാതിരിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്.

മുന്തിരിത്തോട്ടത്തിൻെറ ഉപമയിലെ വേലക്കാർക്ക് അവിടുന്നു നീതിയുക്തമായ കൂലികൊടുത്തു. ദാനത്തിൻെറ പരിമാണമനുസരിച്ചേ പ്രതിദാനം പ്രതീക്ഷിക്കാവൂ. ശിക്ഷയും സമ്മാനവും പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്നു. ഇതുതന്നെയാണു ക്രിസ്തുവിൻേറയും ആശയം. ദയയും വിട്ടുവീഴ്ചയും കൊണ്ടു നീതി എത്രതന്നെ മയപ്പെട്ടാലും സാരാംശം അതേപടി നിലനില്ക്കുന്നു. അപ്പോൾ, ക്രിസ്തുമതത്തിൽ 'അവകാശ'ത്തിൻെറ ആശയമില്ലെന്നു പറയുന്നതിൽ യാതൊരു യുക്തിയുമില്ല. ഈ ആക്ഷേപം പുറപ്പെടുവിക്കുന്നവർക്ക് എ

ട്ടത്തുകാണിക്കുവാൻ സാധിക്കുമോ ഏതെങ്കിലും അവകാശ ത്തെ ക്രിസ്തുമതം അവഗണിക്കുന്നതായി. ഏതെങ്കിലും മാ നുഷികാവകാശത്തെ പ്രത്യക്ഷമായോ പരോക്ഷമായോ പരാ മർശിക്കാതെ ക്രിസ്തീയപ്രബോധനങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ടെ ങ്കിൽ അവർ ചൂണ്ടിക്കാണിക്കട്ടെ.

വ്യക്തിമാഹാത്മ്യത്തിന്റെ മഹത്തായ യാഥാർത്ഥ്യത്തി ന്മേൽ ക്രിസ്തുമതം നീതിയുടെ അടിത്തറ പാകി. എല്ലാ അ വകാശങ്ങളും മനുഷ്യപ്രകൃതിയെ ആശ്രയിച്ചിരിക്കുന്നു. "എ ല്ലാവരും സമന്മാരാണ്. ഈ തത്വം പ്രായോഗികമാക്കി യാൽ രണ്ടു മനുഷ്യർ തമ്മിലുള്ള ബന്ധം എന്തുതന്നെ ആയി ക്കൊള്ളട്ടെ, അവകാശങ്ങളും തൽഫലമായി കടമകളും രണ്ടു വശത്തും ഉണ്ടാകുന്നു....അസ്തിത്വമുള്ള എല്ലാമനുഷ്യർക്കും ആത്മാവുള്ളതുപോലെ, അസ്തിത്വമുള്ള എല്ലാ മനുഷ്യർക്കും 'അവകാശത്തിനും' അവകാശമുണ്ട്." (De Champagny: Christian Charity p. 7).

സ്നേഹം, സമഭാവന, കരുണ, സമാധാനം—ഈ ആശ യങ്ങൾ ലോകത്തിനു കാണിച്ചുകൊടുത്ത കത്തോലിക്കാസഭ നീതിയുടെയും ആശയം അതിനു മനസ്സിലാക്കിക്കൊടുത്തു. അ വൾ നീതിയുടെ നിയമങ്ങൾ ലോകത്തിനു നല്കി. ആ നിയമങ്ങളോടു ലോകം വിശ്വസ്തമാകുന്നെങ്കിൽ, ലിയോ പ തിമൂന്നാമന്റെ വാക്കുകളിൽ "ഇന്നു നിലവിലിരിക്കുന്ന വ ർഗ്ഗസമരത്തിന് ഒരന്ത്യം വരുത്താമായിരുന്നു. അല്ലെങ്കിൽ അ തിന്റെ കാർക്കശ്യം കുറയ്ക്കുവാനെങ്കിലും സാധിക്കുമായിരു ന്നു." (Leo XIII: The Pope and The People p. 13). ഫ്രഞ്ചു സോഷ്യലിസ്റ്റായ ക്യാബററ് ഇങ്ങനെ എഴുതി: "ക്രിസ്തുമ തത്തെ അതിന്റെ ധാർമ്മിക തത്വങ്ങളോടും തത്വശാസ്ത്ര ത്തോടുംകൂടി ക്രിസ്തുവിന്റെ അരൂപിയിൽ വ്യാഖ്യാനിക്കുക യോ അതിന്റെ തത്വങ്ങളെ പ്രായോഗികമാക്കുകയോ ചെ യ്തിരുന്നെങ്കിൽ സാമൂഹികവും രാഷ്ട്രീയവുമായി പരിപൂർണ്ണ തയിലെത്തിയ ഒരു സമുദായം താനേ ഉദയം ചെയ്തേനെ.

ഒരു വലിയ വിഭാഗം ക്രൈസ്തവർ ഇന്നും അതിൻെറ തത്വങ്ങളെ പൂർണ്ണമായി അറിഞ്ഞിട്ടില്ല; അറിയുന്ന ചിലർ പ്രയോഗത്തിൽ വരുത്തുന്നുമില്ല. അവയെ എല്ലാവരും അറിഞ്ഞെങ്കിൽ, അവയ്ക്കനുസരണം ജീവിച്ചിരുന്നെങ്കിൽ, ഇന്നത്തെ തീരാത്തവേദനകളിൽനിന്നു മനുഷ്യരാശിയെ സന്തോഷത്തിലേയ്ക്കും സമാധാനത്തിലേയ്ക്കും നയിക്കാമായിരുന്നു" (True Christianity According to Jesus Christ. preface).

## നീതിയും സ്നേഹവും

സ്നേഹമാണു ക്രിസ്തുമതത്തിൻെറ ഹൃദയം. നീതിയിൽക്കൂടി സ്നേഹത്തിൽ പ്രവേശിക്കാം. അപ്പോൾ, സ്നേഹമുണ്ടെങ്കിൽ ക്രിസ്തുമതത്തിൻെറ ഹൃദയത്തിൽ— സാരാംശത്തിൽ— നാം വന്നുകഴിഞ്ഞു. ഈ സുകൃതം പ്രകൃത്യതീതമാകുന്നു. കാരണം, ഇതു ദൈവത്തിൽനിന്നുറവെടുത്തു ദൈവത്തിലവസാനിക്കുന്നു.

നീതി സമുദായത്തിന് അടിത്തറ പാകുന്നെങ്കിൽ സ്നേഹം സമുദായത്തെ വളർത്തുന്നു. ആദ്യത്തേതു സമുദായത്തിൻെറ മസ്തിഷ്കമാണെങ്കിൽ അതിൻെറ ഹൃദയമാണു രണ്ടാമത്തേത്. ഒന്നു ശരീരമെങ്കിൽ മറേറത് അതിൻെറ ജീവരക്തം. ക്രിസ്തു തൻെറ അനുയായികളോടു പറഞ്ഞു: "നിങ്ങൾക്കുള്ളതുപോലും മററുള്ളവക്കു കൊടുക്കുവിൻ." ഈ അനുശാസനത്തോടു തട്ടിച്ചുനോക്കുമ്പോൾ ഇന്നു നിലവിലിരിക്കുന്ന സാമൂഹികനീതി എത്ര ശുഷ്കമാണെന്നു നമുക്കു കാണാം. പരിപൂർണ്ണവും സാർവ്വലൗകികവുമായ പരസ്നേഹം ക്രിസ്തു ആവശ്യപ്പെട്ടു. റോമൻസംസ്കാരത്തിനു സങ്കല്പിക്കുകപോലും അസാദ്ധ്യമായിരുന്നു, ക്രിസ്തുവിൻെറ ഗിരിപ്രഭാഷണത്തിലെ ആശയങ്ങൾ. മോസസിൻെറ പത്തു കല്പനകൾ ദൈവദത്തമെങ്കിലും അവയെ വെല്ലുന്നവയായിരുന്നു ക്രിസ്തുവിൻെറ പുതിയ കല്പനകൾ. നീതിപറയുന്നു, അന്യൻെറ വസ്തുക്കൾ മോഷ്ടിക്കരുതെന്ന്. എന്നാൽ, "നിനക്കുള്ളവ ആവശ്യക്കാരനു

കൊടുക്കുക" എന്നു പരസ്നേഹം ഉപദേശിക്കുന്നു. നീതിയിൽ നാം മററുള്ളവൎക്ക് അവകാശമുള്ളതു കൊടുക്കുന്നു. എന്നാൽ, സ്നേഹത്തിൽ നമ്മുടേതുതന്നെ അന്യനു കൊടുക്കുന്നു. അങ്ങനെ അതുമൂലം മനുഷ്യൻെറ പരസ്പരബന്ധത്തിൽ ഒരു തുല്യനില വരുത്തുന്നു കൂടാതെ, പരസ്പരബന്ധത്തെ കൂടുതൽ ശക്തമാക്കുന്നതും സമത്വസാഹോദൎയ്യങ്ങളിലേയ്ക്കു മനുഷ്യനെ നയിക്കുന്നതും പരസ്നേഹംതന്നെ. വഴിയിൽ അവശനായിക്കിടന്ന യാത്രക്കാരൻെറ നേരെ കണ്ണടച്ചുകൊണ്ടു കടന്നുപോയ പ്രീശൻ നീതിയുടെ വൃത്തത്തിൽത്തന്നെ നില്ക്കുന്നു. അവനെ കഴുതപ്പുറത്തു കയററി സത്രത്തിലാക്കിയ സമറിയക്കാരൻ നീതിയുടെ വൃത്തത്തിൽനിന്നു സ്നേഹത്തിൻെറ വിശാലതയിലേയ്ക്കു പ്രവേശിക്കുന്നു. സിവിൽനിയമത്തിൻെറ കീഴിൽ ഒരുവൻ വിശപ്പുകൊണ്ടു മരിച്ചെന്നുവരാം. എന്നാൽ, സ്നേഹത്തിൻെറ നിയമത്തിൻകീഴിൽ യാതൊരുവനും വിശപ്പുകൊണ്ടു മരിക്കുന്നില്ല. ഉള്ളവൻ ഇല്ലാത്തവനു കൊടുക്കും; എല്ലാവരും സമത്വത്തോടും സാഹോദൎയ്യത്തോടുംകൂടി ജീവിക്കും. നീതിയുടെ നിയമത്തിനു, തന്നേയും അന്യരേയുംതമ്മിൽ തിരിക്കുന്ന അതിൎത്തിരേഖ വിട്ടു സഞ്ചരിക്കാൻ സാധിച്ചില്ലെന്നുവരും. എന്നാൽ, പരസ്നേഹം തണുത്തുമരവിച്ച മനസ്സാക്ഷിയെ ചൂടുപിടിപ്പിച്ചു ഹൃദയവിശാലതയുടെ വീഥിയിലേയ്ക്കു മനുഷ്യനെ ഇറക്കിവിടുന്നു. സ്നേഹത്തിൻെറ നിയമത്തിൻകീഴിൽ തനിക്കുമാത്രം സകല ജീവിതസൗകൎയ്യങ്ങളും കിട്ടിയതുകൊണ്ട് ഒരുവൻ സംതൃപ്തനാകുന്നില്ല. മറിച്ച്, എല്ലാവൎക്കും ജീവിക്കാനും വളരാനും സുഖിക്കാനുമുള്ള സൗകൎയ്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുന്നു. ജീവിതസമരത്തിൽ പരാജയപ്പെട്ട സഹോദരനെത്തേടി തുറന്ന കൈകളും നിറഞ്ഞ ഹൃദയവുമായി പരസ്നേഹം ചുററിനടക്കുന്നു. നിയമത്തിൻെറ നാവു മൂകമായിരിക്കുമ്പോഴും പരസ്നേഹമാണു മനുഷ്യനെ മനുഷ്യനായി പരിഗണിക്കുന്നത്. അളന്നുതിട്ടപ്പെടുത്തിയ അ

തിത്തികളിൽമാത്രം നീതി കണ്ണോടിക്കുന്നു; സ്നേഹമോ കഴിയുന്നത്ര വിദൂരതയിൽ.

സാമൂഹികജീവിതത്തിലെ വേദനയും വിഷമങ്ങളും ഇല്ലാതാക്കുന്നതു നീതി, പരസ്നേഹം എന്നിവയുടെ പ്രവൃത്തികൾവഴിയാണ്. ഇതിൻെറ വെളിച്ചത്തിൽ വേണം ധൂർത്തപുത്രൻെറ ഉപമയെക്കുറിച്ചു ചിന്തിക്കുവാൻ. അപ്പൻെറ സ്വത്തിൻെറ ഒരു ഭാഗം ഇളയ മകൻ ആവശ്യപ്പെട്ടു. അപ്പനതു കൊടുത്തു. ആ പുത്രവത്സലൻ നീതിയുടെ മുമ്പിൽ തല കുനിച്ചു. എന്നാൽ, വീണ്ടുമദ്ദേഹം നീതിയെമാത്രം മുറുകിപ്പിടിച്ചിരുന്നെങ്കിലോ? എരിയുന്ന വയറോടെ ആ അല്പനഗ്നൻ തിരിച്ചുവന്നു കരുണയ്ക്കുവേണ്ടി കരഞ്ഞപ്പോൾ സ്വന്തം ഭവനത്തിൻെറ പടി അടഞ്ഞുപോകുമായിരുന്നു. പക്ഷേ, എന്തു സംഭവിച്ചു? നീതി അവിടെ തല കാണിച്ചില്ല; സ്നേഹമോ എന്നാൽ, ധൂർത്തപുത്രനു വാതിലുകൾ തുറന്നുകൊടുത്തു. ആ പുത്രൻെറ അപരാധങ്ങളും അറിവില്ലായ്മയും പിതാവിൻെറ സ്നേഹസാഗരത്തിൽ അലിഞ്ഞുമാഞ്ഞുപോയി. പിതാവു അകഞ്ഞുമകനെ കെട്ടിപ്പിടിച്ചു മാറോടണച്ചു ചുംബിച്ചു; ശേഷിച്ച സ്വത്തിൻെറ അവകാശിയുമാക്കി. അവിവേകം കാണിച്ചു പുറപ്പെട്ടുപോയ ഒരംഗത്തെയോർത്തു തേങ്ങിത്തേങ്ങി കരഞ്ഞ ആ വീട്ടിൽനിന്നു വീണ്ടും പൊട്ടിച്ചിരിയും സ്നേഹഗാനവുമുയന്നു. സമാധാനവും സംതൃപ്തിയും വീണ്ടുമവിടെ കളിയാടി. സ്നേഹം എല്ലാം ശുഭമാക്കി.

ഒരു സാമൂഹികജീവിയുടെ വിചാരത്തിലും വ്യാപാരത്തിലും നിഴലിച്ചുകാണേണ്ടവയാണ് ഈ രണ്ടു സാമൂഹികസുകൃതങ്ങളും. ഒന്നെവിടെത്തുടങ്ങുന്നു, മറേറതെവിടെ അവസാനിക്കുന്നുവെന്നു തിട്ടപ്പെടുത്തിപ്പറയുക സാദ്ധ്യമല്ല. അത്രമാത്രം സാമീപ്യത്തിലും യോജിപ്പിലുമാണ് ഈ രണ്ടു സാമൂഹികസുകൃതങ്ങളും മനുഷ്യരുടെ ഇടയിൽ ഒന്നുചേന്നു നില്ക്കേണ്ടതു്. സീനായ് മലയിൽ ഗജ്ജിക്കുന്ന മേഘങ്ങളുടേയും മിന്നല്പിണരുകളുടേയുംമദ്ധ്യേ മോസസ്സിനു ദൈവം പ

ത്തു കല്പനകൾ കൊടുത്തു. എന്നാൽ, പ്രശാന്തസുന്ദരമായ ഒരു കുന്നിൻചെരുവിൽ സ്നേഹത്തിൻെറ പശ്ചാത്തലത്തിൽ ക്രിസ്തു തൻെറ പുതിയ കല്പനകൾ മനുഷ്യരാശിക്കു കൊടുത്തു.

വ്യഭിചാരിണിയെ കല്ലെറിഞ്ഞു കൊല്ലുക—അതായിരുന്നു യഹൂദരുടെ ഇടയിലെ ഒരു പതിവ്. "അന്നൊരിക്കൽ ക്രിസ്തു ജറൂസലേം സന്ദർശിച്ചു. ആ സന്ദർഭത്തിൽ ഫരിസേയരും ശാസ്ത്രികളും ഒരു വ്യഭിചാരിണിയെ പിടിച്ചുകൊണ്ടുവന്നു ക്രിസ്തുവിൻെറ മുമ്പിൽ നിറുത്തി. എന്നിട്ട് അവർ പറഞ്ഞു: 'ഗുരോ ഈ സ്ത്രീ ഇപ്പോൾത്തന്നെ വ്യഭിചാരകർമ്മമദ്ധ്യേ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഇത്തരക്കാരെ കല്ലെറിഞ്ഞു കൊല്ലണമെന്നു മോസസ് ന്യായപ്രമാണത്തിൽ കല്പിച്ചിട്ടുണ്ട്. അങ്ങ് എന്തു പറയുന്നു?" (വി. ജോൺ 8: 8–4) അവരുടെ അന്ധമായ നിയമവ്യാഖ്യാനമനുസരിച്ചു വ്യഭിചാരിണിയോടു കരുണയുടെ കണികപോലും കാണിക്കുവാൻ പാടില്ല. ആരെങ്കിലും മറെറാരുവൻെറ ഭാര്യയുമായി വ്യഭിചരിച്ചാൽ, മരണത്തിനു വിധിക്കണമെന്നു പഴയനിയമം അനുശാസിച്ചിരുന്നു (അ.ചാ. 20: 14). കല്ലെറിഞ്ഞു കൊല്ലണമെന്നു യാതൊരു നിയമവുമില്ലായിരുന്നു. ശാസ്ത്രികളുടേയും ഫരിസേയരുടേയും കഠിനഹൃദയത്തിൻെറ ദുർവ്യാഖ്യാനം മാത്രമായിരുന്നു അതു്. അങ്ങനെ, അവർ മരണത്തെ കൂടുതൽ ഉഗ്രവും ക്രൂരവുമാക്കിത്തീർത്തു. ഇതിനെക്കുറിച്ചു ലഗ്രേജ് പറയുന്നു: "ബുദ്ധിപരമായ യാതൊരു തർക്കത്തിനും ക്രിസ്തു ഒരുമ്പെട്ടില്ല. അങ്ങനെയൊരു വിധിയും അവിടുന്നു പ്രസ്താവിച്ചില്ല. അവിടുന്നു മനുഷ്യരുടെ ഇടയിൽ വന്നു. പക്ഷേ, കർക്കശമായ നീതി നടത്തുന്ന ഒരു വിധിയാളനായിട്ടല്ല. പ്രത്യുത, പാപികളേയും പാവങ്ങളേയും അവരുടെ പാപബന്ധത്തിലും യാതനാഭാരത്തിലുംനിന്നു സ്വതന്ത്രരാക്കുവാനാണ്." അതിനാൽ, ക്രിസ്തുവിൻെറ മറുപടി നീതിയുടെ പുതിയ നിയമത്തിലേയ്ക്കു തിരിഞ്ഞു: "നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമതായി കല്ലെറിയട്ടെ" (വി. ജോൺ 8: 7).

മററുള്ളവരിൽനിന്നു നീതി ആവശ്യപ്പെടുന്നതിന്നുമുമ്പു നമ്മിൽനിന്നുതന്നെ നീതി ആവശ്യപ്പെടണം. യഹൂദരുടെ നീതിശാസ്ത്രത്തെ ക്രിസ്തു വെല്ലുവിളിച്ചു. "അനന്തരം, അവിടുന്നു വീണ്ടും കുനിഞ്ഞു നിലത്തെഴുതിക്കൊണ്ടിരുന്നു. അവിടുത്തെ മറുപടി കേട്ടപ്പോൾ പ്രായംകൂടിയവർ തുടങ്ങി ഓരോരുത്തരായി പുറപ്പെട്ടുപോയി. കരുണനിറഞ്ഞ ക്രിസ്തുവിന്റെ മുമ്പിൽ, കരയുന്ന കണ്ണുകളോടെ ആ സ്ത്രീമാത്രം അവശേഷിച്ചു" (വി. ജോൺ 8: 8–9). നീതിയുടെ നിയമമനുസരിച്ച് അവളെ കൊല്ലാമായിരുന്നു. എന്നാൽ, സ്നേഹം ശരീരത്തിന്റെ മാത്രമല്ല ആത്മാവിന്റേയും മരണത്തിൽനിന്ന് അവളെ രക്ഷിച്ചു. ക്രിസ്തു അവളോടു പറഞ്ഞു: "ഞാനും നിന്നെ വിധിക്കുന്നില്ല; നീ പൊയ്ക്കൊള്ളുക. ഇനിമേൽ നീ പാപം ചെയ്യരുത്" (വി. ജോൺ 8: 2).

നീതിയുടെ നിയമം തൂക്കമരത്തിനു വിധിക്കുന്നു; സ്നേഹത്തിന്റെ നിയമം ഹൃദയത്തെ സ്പർശിച്ചു മനുഷ്യനെ പുത്തനായി ജനിപ്പിക്കുകയും സഹോദരനും സമുദായത്തിനും കൊള്ളാവുന്നവനാക്കിത്തീർക്കുകയും ചെയ്യുന്നു. ജോവാസ് രാജാവിന്റെ ആജ്ഞയനുസരിച്ചു യഹൂദന്മാർ സഖറിയാസിനെ കൊന്നു. അന്ത്യശ്വാസം വലിക്കുമ്പോൾ കർക്കശമായ ദൈവനീതിക്കുവേണ്ടി സഖറിയാസ് ദൈവത്തോടപേക്ഷിച്ചു. ഗവർണ്ണരായിരുന്ന പീലാത്തോസിന്റെ അനുമതിയോടുകൂടി യഹൂദന്മാർ ക്രിസ്തുവിനെ കുരിശിൽ കയററി. കുരിശിൽക്കിടന്നു ഉച്ഛ്വാസനിശ്വാസം വലിക്കുമ്പോൾ തന്റെ കൊലയാളികളോടും ക്ഷമിക്കുവാൻ പ്രാർത്ഥിക്കുകയാണു ക്രിസ്തു ചെയ്തതു്. "പിതാവേ തങ്ങൾ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല; ഇവരോടു ക്ഷമിക്കേണമേ!" നീതിയും സ്നേഹവും തമ്മിലുള്ള അന്തരമിതാണ്.

ക്രിസ്തുമതം അവകാശത്തോടു ദാനവും നീതിയോടു സ്നേഹവും ചേർത്തു മനുഷ്യന്റെ സാമൂഹികജീവിതം സുഗമവും സന്തോഷപ്രദവുമാക്കുന്നു.

## മൂന്നാം ഭാഗം

# ക്രിസ്തുമതവും ആധുനികപ്രശ്നങ്ങളും

## ഒന്നാം അദ്ധ്യായം

# ക്രിസ്തുമതവും ജനാധിപത്യവും

ക്രിസ്തുമതവും ജനാധിപത്യവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുന്നു?

ചിലരുടെ അഭിപ്രായത്തിൽ ജനാധിപത്യത്തിനും ക്രിസ്തുമതത്തിനും തമ്മിൽ മൗലികമായ അന്തരമുണ്ടു്. അവ തമ്മിൽ യാതൊരു ഒത്തുതീർപ്പിനും സാദ്ധ്യതയില്ല. മററു ചിലർ പറയുന്നു, തെററിദ്ധാരണയും സാഹചര്യവും ചരിത്രപരമായ കാരണങ്ങളുംകൊണ്ടു് ഇവ തമ്മിൽ അകൽച്ച ഉണ്ടായി എന്നു്. ഇവയിലേതാണു ശരി? ഇവ രണ്ടും ശരിയല്ല. തത്വത്തിൽ ക്രിസ്തുമതവും ജനാധിപത്യസിദ്ധാന്തങ്ങളും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല; പ്രത്യുത, ക്രിസ്തുമതതത്വങ്ങളാണു ജനാധിപത്യത്തിനു് അടിത്തറപാകുന്നതു്. ആത്മാവിൻെറ അമൂല്യതയും തന്നിമിത്തം, മനുഷ്യവ്യക്തികൾക്കുണ്ടാകുന്ന അലംഘനീയാവകാശങ്ങളുമാണു ജനാധിപത്യത്തിലെ സമത്വ തത്വത്തിൻെറ താത്വികമായ അടിസ്ഥാനം. "മനുഷ്യനാത്മാവുണ്ടെന്നുള്ള ക്രിസ്തുമതത്തിൻെറ മൂഢവിശ്വാസത്തിൽനിന്നാണു ബൂർഷ്വാ ഡെമോക്രസി ജന്മമെടുക്കുന്നതെ"ന്നു കാറൽ മാർക്സുപോലും സമ്മതിക്കുന്നു. മാർക്സിൻെറ "ബൂർഷ്വാ" ഡെമോക്രസി നാം വിലമതിക്കുന്ന ജനാധിപത്യക്രമമാണു്.

ജനാധിപത്യമാകുന്ന മനുഷ്യപ്രകൃതിക്ക് ഏററവും ഇണങ്ങിയ ഭരണക്രമം—നമ്മുടെ സ്വാതന്ത്ര്യത്തിൽ നിന്നകലെ ട്ടത്ത ഭരണക്രമം. സഭ ഒരിക്കലും മനുഷ്യൻെറ നൈസർഗ്ഗികപ്രവണതകൾക്കെതിരായി നില്ക്കുകയില്ല. "നീതിയുക്തവും പ്രകൃത്യനുസൃതവുമായ എല്ലാത്തിലും അവർ" സഹകരിക്കുകയും ചെയ്യും. സഭാപിതാക്കന്മാർ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണിതു്.

ജനാധിപത്യ ഭരണവ്യവസ്ഥിതിയിൽ രണ്ടു മൗലികതത്വങ്ങളുണ്ടു്: സമത്വം, സാഹോദര്യം. രണ്ടും ഒരു വിധത്തിലും ക്രിസ്തീയവിശ്വാസത്തിനെതിരല്ല; മറിച്ച്, അവ രണ്ടും സുവിശേഷപ്രകീർത്തിതമായ ക്രൈസ്തവാദർശങ്ങളാണു്. സമത്വത്തിനും സാഹോദര്യത്തിനുംവേണ്ടി ജനാധിപത്യം മുറവിളികൂട്ടുമ്പോൾ, ക്രിസ്തുമതം അതിൻെറ ആരംഭംമുതലേ ആവശ്യപ്പെട്ടുകൊണ്ടിരുന്നതിനെ അതു് ഏററു പറയുകമാത്രമേ ചെയ്യുന്നുള്ളു. യാതൊരു നൂതനതത്വസംഹിതയും ജനാധിപത്യക്രമം ആവിഷ്കരിക്കുന്നില്ല; പ്രത്യുത, സുവിശേഷപ്രബോധനങ്ങളെ ആവർത്തിക്കുകമാത്രമേ ചെയ്യുന്നുള്ളു. എല്ലാവർക്കും മനുഷ്യോചിതം ജീവിക്കുവാനും വളരുവാനും അവസരം സൃഷ്ടിക്കുകയാണു ജനാധിപത്യം ചെയ്യുന്നതു്. ലോകത്തിലെ വസ്തുക്കൾ എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്നും എല്ലാവരും സമന്മാരാണെന്നും പ്രഖ്യാപിക്കുന്നതോടൊപ്പം താഴ്ന്നവരെ ഉയർത്തുവാനും സഭ പണിപ്പെടുന്നതു് ഇതുകൊണ്ടാണു്.

"ഡെമോക്രസിയുടെ വേറൊരു മൗലിക തത്വമാണു പ്രജാധിപത്യം (Sovereignty of the people). ക്രിസ്തീയാദർശവുമായി പ്രജാധിപത്യം പൊരുത്തപ്പെടുന്നില്ലെന്നു പ്രഥമവീക്ഷണത്തിൽ തോന്നിയേക്കാം. പ്രജാധിപത്യത്തെ പലവിധത്തിൽ മനസ്സിലാക്കുന്നു; തെററിദ്ധരിക്കുന്നു. ആ തെററിദ്ധാരണകൾ സംശയാസ്പദമായ പല ദുർവ്യാഖ്യാനങ്ങൾക്കും വഴി

തെളിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും പ്രജാധിപത്യം ക്രിസ്തീയാദർശങ്ങൾക്കെതിരല്ലെന്നു ക്രൈസ്തവരും അക്രൈസ്തവരുമായ ഭൂരിപക്ഷം പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ട്. വേദശാസ്ത്രജ്ഞനായ സെയിൻറു തോമസിനു ജനാധിപത്യാശയം അജ്ഞാതമായിരുന്നില്ല. ചില ക്രിസ്തീയ ജനാധിപത്യവാദികൾ (Christian democrats) ജനാധിപത്യത്തിൻെറ സകല തത്വങ്ങളും ആദർശങ്ങളും സെയിൻറു തോമസിൻെറ "സുമ്മ തിയോളജിക്കാ" (Summa Theologica) യിൽനിന്നാണ് എടുത്തിട്ടുള്ളത് എന്ന യാഥാർത്ഥ്യം ഇന്നും പലർക്ക് അജ്ഞാതമാണ്" (Anatole-Leroy Beaulieu: Christianity and Democracy—a lecture given at the School of Higher studies, 1904.). ഇപ്പോൾ ഉദ്ധരിച്ച ഗ്രന്ഥകർത്താവിനോടുകൂടി നമുക്കും ഉറപ്പിച്ചു പറയുവാൻ സാധിക്കും, സിദ്ധാന്തപരമായി ജനാധിപത്യത്തിനും കത്തോലിക്കാസഭയ്ക്കും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്ന്. മതവുമായി പിണങ്ങിപ്പിരിയാതെയും, ക്രൈസ്തവപാരമ്പര്യവുമായി ഏററുമുട്ടാതെയും നീതിയുക്തമായ എല്ലാ ജനാധിപത്യ പരിഷ്കാരങ്ങളും രാഷ്ട്രങ്ങൾക്കു നടപ്പിൽ വരുത്താം. അനുഭവം ഇതിനു തെളിവാണ്. ജനാധിപത്യവും കത്തോലിക്കാസഭയും തോളോടു തോൾ ചേർന്നു പുരോഗമിച്ചിട്ടുണ്ട് പല രാജ്യങ്ങളിലും. അതിനാൽ, ജനാധിപത്യവും ക്രിസ്തുമതവും സഹകരിച്ചുപോകുകയില്ലെന്നും അവ രണ്ടും എപ്പോഴും സമരത്തിലായിരിക്കാനേ തരമുള്ളുവെന്നും പറയുന്നവരുടെ വാദം തികച്ചും അടിസ്ഥാനരഹിതമാണ്.

## എങ്ങനെ അകന്നു?

ജനാധിപത്യവും ക്രിസ്തുമതവും തമ്മിൽ അകലുവാൻ കാരണം, ഭാഗികമായെങ്കിലും ഫ്രെഞ്ചുവിപ്ലവമാണെന്നു പറയാം. ഈ വിപ്ളവത്തിൻെറ ജനയിതാക്കൾ 18-ാം ശതക

ത്തിലേ തത്വശാസ്ത്രസിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ മതത്തെ അധികാരമോഹികളുടെ ആയുധമായി ചിത്രീകരിച്ചു. ജനമർദ്ദകരുടെ കെണിയാണു മതം എന്നവർ പറഞ്ഞുപരത്തി. മുതലാളിമാരുടേയും പുരോഹിതവർഗ്ഗത്തിൻേറയും കണ്ടുപിടിത്തമാണതെന്ന് അവർ വിളംബരം ചെയ്തപ്പോൾ അതു സാധാരണജനങ്ങൾ വിശ്വസിച്ചു. ഇളകിവശായ ജനം ക്രിസ്തുമതത്തെ വൃഥാ അപലപിച്ചു. ജനങ്ങളെ വഞ്ചിക്കാൻ ഉടലെടുത്ത ഒരു സംഘടനയായി അതിനെ അവർ കരുതി. ക്രിസ്തുമതത്തെ ശരിയായി മനസ്സിലാക്കുവാൻ മിനക്കെടാതെതന്നെ അതു ജനസമൂഹത്തിനു വിനാശഹേതുകമെന്നും യാഥാസ്ഥിതികരുടെ സമൂഹവും വിപ്ളവവിരോധികളുടെ പ്രതിനിധിയുമാണെന്നും അവർ പ്രഖ്യാപിച്ചു.

വിപ്ളവത്തിൻെറ തീനാളങ്ങൾ ഉയർന്നു. പാരീസിലേ തെരുവുകളിൽ മനുഷ്യരക്തം ഒഴുകി. മതസ്ഥാപനങ്ങൾ നശിപ്പിക്കപ്പെട്ടു. മതാധികാരികൾ കഴുത്തറക്കപ്പെട്ടു. അങ്ങനെ, ജനാധിപത്യത്തിൻെറ പേരിൽ മൃഗീയതകൾ കാട്ടിക്കൂട്ടിയ കിരാതമായ ഫ്രഞ്ചുവിപ്ളവം തെററിദ്ധരിപ്പിക്കപ്പെട്ട ക്രിസ്തുമതത്തിൻെറമേൽ ചാടിവീണതുകൊണ്ടു യഥാർത്ഥജനാധിപത്യവും യഥാർത്ഥ ക്രിസ്തുമതവും തമ്മിൽ സമരമാണെന്നു നമുക്കു പറയാമോ? തെററിദ്ധാരണയും ചിന്താക്കുഴപ്പവുമാണു ജനാധിപത്യവും ക്രിസ്തുമതവും വിരുദ്ധതത്വശാസ്ത്രങ്ങളുൾക്കൊള്ളുന്നുവെന്ന ധാരണ ജനങ്ങൾക്കിടയിൽ വളർത്തിയതു്. ഈ തെററിദ്ധാരണ മതത്തിനും രാഷ്ട്രത്തിനുമിടയിൽ ഇന്നും ശത്രുഭാവം പുലർത്തിക്കൊണ്ടിരിക്കുന്നു.

"മതത്തെ രാഷ്ട്രീയത്തിലേക്കു വലിച്ചിഴച്ചു. പാർട്ടികൾ തമ്മിലുള്ള സംഘട്ടനത്തിൽനിന്നു തിരിച്ചടി കിട്ടിയതു മതത്തിനു്. അവർ ഒത്തൊരുമിച്ചപ്പോഴും ഉടവു തട്ടിയതു മതത്തിനു്. രണ്ടുവശത്തുനിന്നുമുള്ള തൊഴികൾ സ്ഥിതിയെ കൂടുതൽ വഷളാക്കി. സമുദായോദ്ധാരകരെന്നു നടിച്ച ജനാധി

പത്യനേതാക്കന്മാരുടെ കൊള്ളരുതായ്മകളും, മതത്തിന്റേ
യും ക്രൈസ്തവപാരമ്പര്യത്തിന്റേയും കുത്തകക്കാരെന്നു വീര
വാദം മുഴക്കിയ ചില ക്രൈസ്തവഭരണനേതാക്കളുടെ വിട്ടുവീഴ്ച
യില്ലായ്മയും ആണു സംഗതികളെ ഇത്രത്തോളം ഗുരുതര
മാക്കിയതു്." (Anatole Leray Beaulieu op. Cit).

## ക്രൈസ്തവനാഗരികതയിലേ ജനാധിപത്യം വളരൂ

ഇന്നു നിലവിലുള്ള ജനാധിപത്യക്രമത്തിൽനിന്നു വള
രെയധികം മെച്ചപ്പെട്ട ഒന്നിനെ ക്രൈസ്തവാദർശമനുസരി
ച്ചു പടുത്തുയർത്തുവാൻ സാധിക്കും. ക്രൈസ്തവാദർശങ്ങൾ
ക്കു വിരുദ്ധമായി നില്ക്കുന്ന യാതൊരു തത്വസംഹിതയ്ക്കും യ
ഥാർത്ഥമായ ജനാധിപത്യക്രമത്തിനു രൂപം കൊടുക്കുവാൻ
കഴിയുകയില്ല.

മറേറതു ഭരണക്രമത്തിന്റേയുംകാൾ ജനാധിപത്യത്തി
ന്റെ വിജയം വ്യക്തികളുടെ സാമൂഹികസുകൃതങ്ങളെ ആശ്ര
യിച്ചിരിക്കുന്നു. ക്രിസ്തുമതത്തിനു പുറമേ സാമൂഹികവും സാ
മ്രാജ്യികവുമായ സുകൃതങ്ങൾ അഭ്യസിക്കുക സാദ്ധ്യമല്ലെന്നു
പറയുന്നില്ല. എന്നാൽ, സാധാരണഗതിയിൽ അതു വളരെ
വിഷമമാണു്. ക്രിസ്തുമതം വ്യക്തിപരവും സാമൂഹികവു
മായ സുകൃതങ്ങൾ സുഗമമായി പരിശീലിപ്പിക്കുന്നു. ഭോഗാ
സക്തിയിൽ മുഴുകുന്ന മനുഷ്യനെ പരിശുദ്ധതയുടെ പൂഞ്ചോ
ലയിലേക്കു വിളിച്ചു വരുത്തുന്നു. ഇടുങ്ങിയ മനസ്ഥിതിയിൽ
നിന്നു വിശാലമായ മാനസികഭാവത്തിലേയ്ക്കു് അവ
നെ ആനയിക്കുന്നു. റെറയിൻ പറയുന്നു: "നൂററാണ്ടുകൾ
പത്തൊൻപതു കഴിഞ്ഞു. എന്നിട്ടും ക്രിസ്തുമതം അ
ന്നു ഗലിലേയായിലെ തൊഴിലാളികളുടെ ഇടയിൽ
പ്രവർത്തിച്ചതുപോലെ ഇന്നും സ്വാർത്ഥതയെ പരസ്നേ
ഹമായിപ്പകർത്തുവാൻ പരിശ്രമിക്കുന്നു; ഇടുങ്ങിയ വീക്ഷ
ണകോണത്തിൽനിന്നു വിശാലതയുടെ ആകാശതലത്തു

മനുഷ്യൻ പറന്നുയരുവാൻ ക്രിസ്തുമതം നീതിയുടെ ശക്തവും പരിശുദ്ധവുമായ പൊൻചിറകുകൾ തുന്നുകയാണിന്നും. സഹനത്തിൻേറയും പരിത്യാഗത്തിൻേറയും പ്രത്യാശയുടേയും നീർച്ചാലുകളിലൂടെ ശാന്തിയുടെ തുറമുഖത്തേക്ക ക്രിസ്മതം മനുഷ്യനെ നയിക്കുകയാണ്. ദയയുടേയും പരിശുദ്ധിയുടേയും പെരുവഴിയിലൂടെ മനുഷ്യനെ അതു് ആത്മത്യാഗത്തിൻെറ ക്ഷേമരാജ്യത്തെത്തിക്കുന്നു. ഈ 1900 കൊല്ലങ്ങൾക്കിടയ്ക്കു മതം വച്ചുകൊടുത്ത പൊൻചിറകുകളെ വലിച്ചെറിയുവാൻ എവിടെയൊക്കെ ശ്രമിച്ചുവോ അവിടെയെല്ലാം അസാന്മാർഗ്ഗികതയുടെ അഗാധത്തിൽ മനുഷ്യൻ വീണടിഞ്ഞു. സ്വാർത്ഥത്തിൻെറ ക്രൂരസർപ്പം തല പൊക്കി ഫണം വിരിച്ചു നടമാടി. അങ്ങനെ, സമുദായത്തിൽ ക്രമേണ ഭോഗാസക്തിയും അരാജകത്വവും വളർന്നു. ലോകം അസമാധാനത്തിലേക്കും അസംതൃപ്തിയിലേക്കും നീങ്ങി."

ക്ഷേമസമുദായം നാമെടുത്തു വളരണമെങ്കിൽ രണ്ടു കാര്യം അത്യാവശ്യമാണ്. ഒന്ന്: അലംഘനീയ സത്യങ്ങളുടെ നിലനിൽപ്. രണ്ട്: സ്വാർത്ഥതയ്ക്കെതിരായി നില്ക്കുന്ന നീതിനിഷ്ഠയും സ്നേഹവായ്പും. ഇവ രണ്ടും ക്രിസ്തു സനാതനഭാണ്ഡാഗാരമായ സ്വർഗ്ഗത്തുനിന്നു ഭൂമിയിൽ കൊണ്ടുവന്നു. അവിടുന്നതിനെ തിരുസ്സഭയ്ക്കു ദാനംചെയ്തു. ഇന്നും ആ അമൂല്യനിധികളെ സഭ സൂക്ഷിക്കുന്നു, അസൂയാർഹമാംവിധം. വെറുതെ കിട്ടിയതു വെറുതെ കൊടുക്കുവാൻ തയ്യാറാണ്. എന്നാൽ, ലോകത്തിന് അതൊന്നും ആവശ്യമില്ല പോലും. ദൈവത്തിൽനിന്നുള്ള യാതൊരു നാഗരികതയും അതിന് ആവശ്യമില്ലത്രേ. നാഗരികത ലോകത്തിനു വേണം; ലോകമതാവശ്യപ്പെടുകയുംചെയ്യുന്നു. പക്ഷേ, ഏതുതരം നാഗരികതയെ? ദൈവത്തിൽനിന്നല്ലാത്തതിനെ. ആവശ്യപ്പെട്ടതു കിട്ടി. എന്നാൽ, അതിൻെറ ദുരന്തഫലം ലോകം അനുഭവിച്ചറിഞ്ഞു. എവിടെയും തുടർച്ചയായുള്ള പരാജ

ജയം. ദൈവത്തെ മാററിനിറുത്തിക്കൊണ്ടുള്ള ഏററം വലിയ ബാബേൽഗോപുരം പണിയുവാനാണു ലോകരുടെ തീരുമാനം. എന്നാൽ, അവർ മനസ്സിലാക്കുന്നില്ല, ദൈവത്തെ കൂടാതെയുള്ള ഏതു പ്രവർത്തനവും പാഴാണെന്ന്; സുശക്തവും ശാശ്വതവുമായ നാഗരികതയെ ക്രൈസ്തവാദർശങ്ങൾക്കു മാത്രമേ സംഭാവന ചെയ്യുവാനും നിലനിറുത്തുവാനും സാധിക്കുകയുള്ളുവെന്ന്.

M. A. Leroy Beaulieu പറയുന്നതുപോലെ ജനാധിപത്യം അതിൻെറ ഉദ്ദിഷ്ടമായ ലക്ഷ്യത്തിലെത്തണമെങ്കിൽ അതിനെ വലയം ചെയ്തിരിക്കുന്ന സ്വാതന്ത്ര്യതാൽപര്യങ്ങളേയും വിപ്ലവാശയങ്ങളേയും വലിച്ചെറിയണം. മതാദർശത്തിൽനിന്നും സാന്മാർഗ്ഗികാദർശത്തിൽനിന്നും വ്യതിചലിച്ച, പ്രത്യേകിച്ചു ദൈവത്തേയും ദൈവികകാര്യങ്ങളേയും പുറം തള്ളിക്കൊണ്ടുള്ള ഒരു ജനാധിപത്യക്രമത്തെയാണ് ഇനിയും പുലർത്തുവാനിരിക്കുന്നതെങ്കിൽ, അതു മനുഷ്യരാശിയെ മുഴുവനും, നികത്താനാവാത്ത നാശത്തിലേക്കും തീർക്കുവാനാവാത്ത ദുരിതത്തിലേക്കും, നയിക്കും. ലോകമെങ്ങും ഇന്നു പ്രചരിക്കുന്ന നിരീശ്വരത്വത്തെക്കുറിച്ചു കരളു കരഞ്ഞു പാടിയ കവിയുടെ വാക്കുകളെ ശ്രദ്ധിക്കൂ: "പുരോഗതിയുടെ അത്യുച്ചിയിൽ എത്തിയിരിക്കുന്നെന്നു അഭിമാനിക്കുന്ന ഈ തലമുറയിൽ, നാഗരികതയുടെ പരമകോടിയിൽ എത്തിനില്ക്കുന്നുവെന്നഹങ്കരിക്കുന്ന ഈ യുഗത്തിൽ ഓ! ദൈവമേ. ഒന്നുമാത്രം എന്നെ ഭയപ്പെടുത്തുന്നു. അതായത്, അങ്ങയുടെ സ്വരത്തിൻെറ പ്രതിധ്വനി നിലച്ചു നിലച്ചു വരുന്നുവെന്നതു്!" (Victor Hugo: Interior Ways).

## രണ്ടാം അദ്ധ്യായം

# തൊഴിലിനെപ്പററി

### ക്രിസ്തുവിനുമുൻപ്

ഇന്നു തൊഴിൽപ്രശ്നം സാമൂഹികരംഗത്തു വളരെയധികം ഒച്ചപ്പാടുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പുരാതന ധനശാസ്ത്രജ്ഞന്മാരും തത്വചിന്തകന്മാരും ഊഹിച്ചിട്ടു പോലുമില്ലാത്ത തൊഴിൽപ്രശ്നങ്ങളും തൊഴിലാളിപ്രശ്നങ്ങളും സാമൂഹികമണ്ഡലത്തെ ഇളക്കിമറിക്കുകയാണിന്ന്.

ഇന്നത്തേതിൽനിന്നു വളരെ വ്യത്യസ്തമായ ഒരു നിലവാരമാണു് തൊഴിൽരംഗത്തു ക്രിസ്തുവിനു മുമ്പുണ്ടായിരുന്നതു്. ജീവിതാവശ്യങ്ങളെ നേരിടാൻ ഇന്നു മനുഷ്യൻ തൊഴിൽ ചെയ്യുന്നുവെങ്കിൽ പുരാതന മനുഷ്യൻ കൊള്ളയും കൊള്ളിവയ്പും യുദ്ധവും കലാപവുംമൂലം അതു സാധിച്ചിരുന്നു. പ്രഭുക്കന്മാർക്കും കുബേരന്മാർക്കും തൊഴിൽ ചെയ്യേണ്ട ആവശ്യമേ ഇല്ലായിരുന്നു. യുദ്ധാവസരങ്ങളിൽ നടത്തിയ കവർച്ചയും അമിതമായി ഈടാക്കിയ പലിശയുംമൂലം ഭാരിച്ച സ്വത്തുക്കൾ അവർക്കു ലഭിച്ചിരുന്നു. കൃഷിസ്ഥലങ്ങളെല്ലാം ഏതാനും ജന്മികൾ കൈയടക്കി. അവർക്ക് ഒരുനാളും പഞ്ഞമില്ല. അന്തിയോളം കഷ്ടപ്പെട്ടു വേലചെയ്ത പണിയാളുകളെ അവർ ഏററം കുറഞ്ഞ കൂലികൊടുത്തു പറഞ്ഞുവിടുമായിരുന്നു. ആ പാവങ്ങൾ അവർ കൊടുക്കുന്നതും കൊണ്ടു പടികടന്നുകൊള്ളണം. അങ്ങനെ സമുദായത്തിൽ ഏററം താഴ്ന്നവരായ ഏതാനുംപേർമാത്രം പണിയെടുക്കാൻ നിർബന്ധിതരായി. റോമാ നഗരത്തിൽ 1,500,000 മുതൽ 3,000,000 പേർ സ്റ്റേററിൻെറ സംഭാവനകൊണ്ടുമാത്രം ജീവിച്ചു. അവരെല്ലാം ചക്രവർത്തിമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും

സിൽബന്ധികളായിരുന്നു. ശേഷിച്ച ജനതതി ഭക്ഷണമില്ലാതെ ശോഷിച്ചും നഗ്നത മറയ്ക്കാൻ തുണിയില്ലാതെ നാണിച്ചും കഴിഞ്ഞു. കുബേരർ തങ്ങളുടെ ധനം വ്യവസായത്തിലോ ഉൽപാദനത്തിലോ ഇറക്കാൻ ഇഷ്ടപ്പെട്ടില്ല. കുന്നുകൂടിയ സ്വത്തുക്കൾ അവർ അറകളിൽ വച്ചുസൂക്ഷിച്ചു. അമിത പലിശയ്ക്കു കൊടുത്തതും അതിരുവിട്ട സുഖഭോഗങ്ങൾക്കു ചെലവഴിച്ചതുമൊഴികെയുള്ള ധനമൊക്കെ ഭൂമിക്കടിയിൽ നിക്ഷേപിച്ചു.

കുബേരകുടുംബങ്ങളിലെ അംഗങ്ങൾ തൊഴിലിനെ വെറുക്കുകയും തൊഴിൽ ചെയ്യുന്നവരെ നിന്ദയോടെ വീക്ഷിക്കുകയും ചെയ്തിരുന്നു. പ്ളേറേറാ ഈ സങ്കുചിതചിന്തയെ പിൻതാങ്ങി. അരിസ്റ്റോട്ടൽ തന്റെ രാഷ്ട്രീയ വ്യവസ്ഥിതിയിൽ ഇങ്ങനെ എഴുതി: "ഒരു പരിപൂർണ്ണരാഷ്ട്രത്തിൽ യാതൊരു കൈത്തൊഴിൽക്കാരനും പൗരാവകാശമില്ല. പൗരാവകാശമുണ്ടാകുവാൻ വെറുമൊരു വ്യക്തിയോ സ്വതന്ത്രനോ മാത്രമായാൽ പോരാ, നിർബന്ധിതവേലയിൽനിന്നു കൂടി സ്വതന്ത്രനായിരിക്കണം. വേറൊരുത്തനെ സേവിക്കുന്നെങ്കിൽ അവൻ അടിമയായി കരുതപ്പെടും...."(Polit; 111, 5, 12-780).

"കൈത്തൊഴിൽക്കാർക്കും കച്ചവടക്കാർക്കും യഥാർത്ഥ പൗരന്മാരായിരിക്കാൻ അവകാശമില്ല. ഒരു പൗരനുണ്ടായിരിക്കേണ്ട ഗുണത്തിനു വിപരീതവും പൗരത്വത്തിന് അപമാനകരവുമാണു കൈത്തൊഴിൽ. കർഷകർക്കും പൗരന്മാരാകാൻ അവകാശമില്ല" (Polit, VII, 9, 1328 b - 299). അരിസ്റ്റോട്ടലിന്റെ ഈ വാക്കുകളിൽനിന്നു ക്രിസ്തുവിനുമുമ്പുള്ള ലോകം പണിയെയും പണിയാളുകളേയും എങ്ങനെ പരിഗണിച്ചിരുന്നുവെന്നു മനസ്സിലാക്കാം. തൊഴിൽ ചെയ്തു ജീവിക്കുന്നതിനെക്കാൾ, അന്യായമായി പലിശ വാങ്ങിയും കൊള്ളയും കവർച്ചയും ചെയ്തും ജീവിക്കുന്നതാണു മഹനീയമെന്നു ജന്മികളും നാടുവാഴികളും കരുതി.

ക്രിസ്തുവിനുശേഷം

ക്രിസ്തു വെറുമൊരു മരപ്പണിക്കാരന്റെ മകനായി ജനിച്ചു; മരപ്പണി തൊഴിലായി സ്വീകരിച്ചു സ്വകുടുംബത്തെ സഹായിച്ചു. അങ്ങനെ ക്രിസ്തു തൊഴിലിനെ മഹനീയവും ശ്രേഷ്ഠവുമാക്കിത്തീർത്തു. ഇന്ന് അതിനെ ആരും ഹീനമെന്നോ നിന്ദ്യമെന്നോ കരുതുന്നില്ല. സ്വാതന്ത്ര്യമനുഷ്യനു ചേരാത്തതായി അതിനെ ആരും പരിഗണിക്കുന്നുമില്ല. ആദിപിതാവായ ആദത്തിന്റെ പാപം കാരണം മനുഷ്യന്റെ ആദ്യത്തെ സൗഭാഗ്യാവസ്ഥ നഷ്ടപ്പെടുകയും തൊഴിൽ ചെയ്തു ജീവിക്കേണ്ടതായിവരികയുംചെയ്തു. മനുഷ്യനു ഭൂമി ശപിക്കപ്പെട്ടതായി. അതു മുള്ളുകളും കല്ലുകളും പുറപ്പെടുവിച്ചു. അവയുടെ ഇടയിൽ മനുഷ്യൻ ജോലിചെയ്തു തന്റെ ഭക്ഷണത്തിനുള്ള വക ഉണ്ടാക്കേണ്ടതായിവന്നു. അങ്ങനെ ദൈവാജ്ഞയനുസരിച്ചു പ്രകൃതിയുമായി മനുഷ്യൻ ഇണങ്ങിച്ചേർന്നു. പ്രകൃതിക്കൊത്തവിധം തൊഴിൽ ചെയ്യുവാൻ അവൻ ബാദ്ധ്യസ്ഥനായിത്തീർന്നു. തൊഴിൽ വിഷമമുള്ളതും ആരും ഇഷ്ടപ്പെടാത്തതുമാണ്. എന്നാൽ, ശരീരസ്ഥിതി അനുവദിക്കുന്നതുവരെ ഇന്നു മനുഷ്യൻ തൊഴിൽ ചെയ്യേണ്ടിയിരിക്കുന്നു. "തന്റെ ഭൂമി കിളച്ചു പണിയുന്നവൻ അപ്പംകൊണ്ടു സംതൃപ്തനാകും. അലസതയെ പിഞ്ചെല്ലുന്നവൻ ഏററം മടയനാകുന്നു" (സുഭാഷിതം: 12: 11). പഴയ നിയമത്തിലെ ഈ ദൈവവാക്യം തൊഴിലിനെസ്സംബന്ധിച്ച ക്രൈസ്തവപ്രമാണമായിത്തീർന്നു. സെയിൻറു പോൾ തന്റെ ലേഖനത്തിൽ പറയുന്നതു നോക്കുക: "ജോലി ചെയ്യാത്തവനു ഭക്ഷിക്കാൻ അവകാശമില്ല."

ദൈവപുത്രൻ തൊഴിലാളിയായി ജനിച്ചു; തൊഴിൽ ചെയ്തു ജീവിച്ചു. ഈ യാഥാർത്ഥ്യം തൊഴിലിനു മഹത്വവും തൊഴിലാളിക്കു സമുദായത്തിൽ ഉന്നതമായ നിലയും സമ്പാദിച്ചുകൊടുത്തു. ക്രിസ്തു മരണംവരെ തൊഴിൽചെയ്തു ജീ

വില്ലെങ്കിൽ അവിടുത്തെ അനുയായികളും അതുപോലെ ചെയ്യാൻ ബാദ്ധ്യസ്ഥരത്രേ. അവിടുന്നു മുപ്പതു വയസ്സുവരെ അദ്ധ്വാനിച്ചുകൊണ്ടു് അപ്പം സമ്പാദിച്ചു. തൻെറ വളർത്തുപിതാവിൻെറ സഹജോലിക്കാരനായി അവിടുന്നു മരപ്പണി ചെയ്തു. അദ്ദേഹത്തിൻെറ മരണത്തിനുശേഷം കുടുംബഭാരം അവിടുന്നേറെറടുത്തു. മുപ്പതു വയസ്സുവരെ മിക്കവാറും സ്വമാതാവിനു് അവശ്യംവേണ്ടതു സമ്പാദിച്ചുകൊടുത്തു് ആ കൊച്ചുവീട്ടിൽ അവിടുന്നു കഴിഞ്ഞുകൂടി. അതിനുശേഷമാവണം പ്രേഷിതപ്രവർത്തനത്തിനു് അമ്മയെപ്പിരിഞ്ഞു പോയതു്. അങ്ങനെ അന്നുമുതൽ വേലയ്ക്കു വില വന്നു. എല്ലാവരും അതിനെ ബഹുമാനിച്ചു. നിസ്സംശയമായ ഈ നഗ്നസത്യത്തെ ചില സാമൂഹികശാസ്ത്രജ്ഞന്മാർ ഇന്നു ചോദ്യം ചെയ്യുന്നുണ്ടു്. അവർ പറയുന്നു ക്രൈസ്തവസന്യാസം തൊഴിലിനോടുള്ള ഒരു അവഹേളനമാണെന്നു്. അർത്ഥശൂന്യമായ ഒരു നിഗമനമാണിതു്. സ്വർഗ്ഗം, ആത്മാവു് ഇവയേയും, ഭൂമി, ശരീരം ഇവയേയും കുറിച്ചു ക്രിസ്തു പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ, രണ്ടാമതു പറഞ്ഞവയെ അവിടുന്നു് അവഗണിച്ചിട്ടില്ല. ക്രിസ്തു അപലപിച്ചതു് അവയെപ്പററിയുള്ള മനുഷ്യരുടെ അതിരു വിട്ട ആകാംക്ഷയെയാണു്.

"ഇവൻ മരപ്പണിക്കാരൻെറ മകനല്ലയോ?" ക്രിസ്തുവിൻെറ അത്ഭുതങ്ങൾ കണ്ടും പ്രസംഗങ്ങൾ കേട്ടും വിസ്മയാധീനരായ നസ്രസിലേ ജനത പരസ്പരം ചോദിച്ചു. പാവപ്പെട്ടവനു് എങ്ങനെ പണ്ഡിതനാകാം? അതാണവരുടെ അത്ഭുതം. മർദ്ദിതനു പ്രത്യാശയും രോഗികൾക്കു സുഖപ്രാപ്തിയും എളിയവർക്കു സമാധാനവും ദുഃഖിതർക്കു് ആശ്വാസവും നല്കിയ ആ ക്രിസ്തു വെറുമൊരു സാധാരണക്കാരൻ തന്നെയായിരുന്നു. ക്രിസ്തുവിൻെറ മാതാപിതാക്കന്മാരായ മേരിയും ജോസഫും സാധാരണ തൊഴിലാളികളായിരുന്നു. അവിടുത്തെ ശിഷ്യന്മാരിൽ ഭൂരിഭാഗവും അന്നന്നു വേലചെ

ഷ്ട് ഉപജീവനം കഴിച്ചുവരായിരുന്നു. ക്രിസ്തു ഗലീലേയാ കടൽ തീരത്തു നടക്കുമ്പോൾ മീൻ പിടിച്ചുകൊണ്ടിരുന്ന രണ്ടു തൊഴിലാളി യുവാക്കളെ കണ്ടു. ജ്യേഷ്ഠാനുജന്മാരായ പീററും അൻഡ്രൂസും ആയിരുന്നു ആ രണ്ടുപേർ. ക്രിസ്തു അവരോടു പറഞ്ഞു: "എന്നെ അനുഗമിക്കുവിൻ. നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കാം" (വി. മാത്യു. 4: 18). ഉടൻതന്നെ തങ്ങൾക്കുണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ചു അവർ ക്രിസ്തുവിനെ അനുഗമിച്ചു. അവർ കുറെ നടന്നപ്പോൾ സെബദീപുത്രന്മാരായ ജോണിനേയും ജെയിംസിനേയും കണ്ടു. അവർ തങ്ങളുടെ കീറിപ്പോയ വല നന്നാക്കുകയായിരുന്നു. ക്രിസ്തു അവരേയും ക്ഷണിച്ചു, തന്നെ അനുഗമിക്കുവാൻ. ക്ഷണം സ്വീകരിച്ച് അവർ ക്രിസ്തുവിനെ അനുഗമിക്കുകയുംചെയ്തു. ചുങ്കപ്പുരയിലെ മേശയ്ക്കരികിൽ കുനിഞ്ഞിരുന്നു കണക്കു കൂട്ടിക്കൊണ്ടിരുന്ന മാത്യു ക്രിസ്തുവിൻെറ സ്വരംകേട്ടു തിരിഞ്ഞുനോക്കി. ക്ഷണമനുസരിച്ച് അദ്ദേഹവും ക്രിസ്തുവിനെ അനുഗമിച്ചു. അങ്ങനെ ശിഷ്യഗണത്തിൽ ഭൂരിഭാഗത്തേയും തൊഴിലാളിവർഗ്ഗത്തിൽനിന്നു ക്രിസ്തു തെരഞ്ഞെടുത്തു. വളരെയധികം ത്യാഗവും ധൈര്യവും ആവശ്യമുണ്ടായിരുന്ന ആ പ്രേഷിതപ്രവർത്തനം സ്വമനസ്സാലെതന്നെയാണ് അവരെല്ലാവരും സ്വീകരിച്ചത്. സമയം അനുവദിക്കുന്നിടത്തോളം അവർ തങ്ങളുടെ പഴയ ജോലി ചെയ്തുവന്നു. അവരെയൊന്നു കാണാൻ മിക്കപ്പോഴും ക്രിസ്തുവിന് അവരുടെ ജോലിസ്ഥലത്തേക്കു പോകേണ്ടിയിരുന്നു. ജോലിയിൽ ക്രിസ്തു അവരെ എപ്പോഴും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. "ജനക്കൂട്ടം ദൈവവചനം കേൾക്കുവാൻ അവൻെറ അടുക്കൽ വന്നുകൂടിയപ്പോൾ അവൻ ഗെനേസാർതടാകത്തിൻെറ കരയിൽ നില്ക്കുകയായിരുന്നു. തടാകത്തിൻെറ കരയ്ക്കടുത്തുകിടക്കുന്ന രണ്ടു പടവുകളെയും, അവയിൽനിന്നു കയറി തങ്ങളുടെ വലകൾ ക

ഴുകുന്ന മീൻപിടുത്തക്കാരേയും അവൻ കണ്ടു. അവയിൽ ഒന്നു ശെമ്ഓൻ കേപ്പായുടേതായിരുന്നു. ക്രിസ്തു അതിൽ കയറിയിരുന്ന്, അതു കരയിൽനിന്നു വെള്ളത്തിലേക്കു കുറെ നീക്കുവാൻ അരുളിച്ചെയ്തു. അവൻ പടവിൽ ഇരുന്നുകൊണ്ടു ജനക്കൂട്ടത്തോടു സംസാരിച്ചു. അവൻ സംസാരം നിറുത്തിയപ്പോൾ ശെമ്ഓനോട്: നീ ആഴത്തിലേക്കു നീക്കി മീൻ പിടിക്കുവാനായി നിങ്ങളുടെ വലയിടുവിൻ എന്നരുളിച്ചെയ്തു; ശെമ്ഓൻ ഉത്തരമായി അവനോട്: റബ്ബീ, ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കനുസരിച്ചു ഞാൻ വലയിടാം എന്നു പറഞ്ഞു. ഇങ്ങനെ ചെയ്തപ്പോൾ വളരെ മത്സ്യങ്ങൾ അവർ പിടിച്ചു. അതിനാൽ അവരുടെ വല കീറിപ്പോയിരുന്നു. അകയാൽ, വന്നു സഹായിക്കുവാൻ വേറെ പടവിലുള്ള തങ്ങളുടെ കൂട്ടുകാർക്ക് അവർ അടയാളം കാണിച്ചു. അവർ വന്നപ്പോൾ ആ രണ്ടു പടവുകളും മുങ്ങാറാകുവോളം മത്സ്യംനിറച്ചു. ശെമ്ഓൻ കേപ്പാ ഇതു കണ്ടപ്പോൾ ഈശോയുടെ കാൽക്കൽ വീണ് അവനോട്: എന്റെ കർത്താവേ, ഞാൻ പാപിയായ ഒരു മനുഷ്യനാകകൊണ്ടു നീ എന്നിൽനിന്ന് അകന്നു പോകണമേ എന്നു ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു എന്നു പറഞ്ഞു. എന്തെന്നാൽ ആ മീൻപിടിത്തത്തെപ്പററി അവനും അവനോടുകൂടിയുള്ളവരും വിസ്മയിച്ചുപോയി" (വി. ലൂക്ക്. 5: 1–9) അങ്ങനെ തന്റെ ദൈവമഹത്വം വെളിപ്പെടുത്തുവാനുള്ള മാർഗ്ഗമായിക്കൂടി ക്രിസ്തു തൊഴിലിനെ ഉപയോഗിച്ചു. പത്രോസ് ക്രിസ്തുവിന്റെ ശിഷ്യരിൽ പ്രഥമനായതിനുശേഷവും ഒരു മീൻപിടുത്തക്കാരനായിത്തന്നെ ജീവിച്ചു. ദൈവാലയത്തിൽ സംഭാവന കൊടുക്കുന്നതിനു യാതൊന്നുമില്ലാതിരുന്നപ്പോൾ പത്രോസിനെ മീൻപിടിക്കാൻ ക്രിസ്തു പറഞ്ഞയച്ചു. ഒരിക്കൽ കൊടുങ്കാററിൽപ്പെട്ടു സ്വശിഷ്യന്മാരുടെ വഞ്ചി ഉലഞ്ഞപ്പോൾ, ജലപ്പരപ്പിലൂടെ യേശു നടന്നുചെന്ന്

ഇളകി മറിഞ്ഞുകൊണ്ടിരുന്ന ആ വഞ്ചിയിൽകയറി കാററി നെശാന്തമാക്കി.വേറൊരിക്കൽ പത്രോസും കൂട്ടുകാരും തോണി തുഴഞ്ഞുകൊണ്ടിരുന്നു. അന്നു ഗുരുവും അവരുടെകൂടെ അതി ലുണ്ടായിരുന്നു. തോണി ആഴമുള്ള സ്ഥലത്തെത്തി. ഒരു കൊ ടുങ്കാററു് ആഞ്ഞടിക്കുവാൻ തുടങ്ങി. വഞ്ചി മറിഞ്ഞു്, അ തു മുങ്ങിപ്പോകുമെന്ന പതനത്തിലായി. തലയ്ക്കൽ ഒന്നുമറി യാത്ത ഭാവത്തിൽ ക്രിസ്തു ഉറങ്ങുകയായിരുന്നു. ഭയവിഹ്വല രായിതങ്ങളുടെ ഗുരുവിനെ അവർ വിളിച്ചുണർത്തി.അവിടുന്നു കാററിനെ ശാന്തമാക്കി, അത്യാപത്തിൽനിന്നു് അവരെ ര ക്ഷിച്ചു. ക്രിസ്തു ഉയിർത്തെഴുന്നേററതിനുശേഷവും പത്രോ സും കൂട്ടരും കടലിൽപ്പോയി, തോണിയും തുഴഞ്ഞു്. നേരം വെളുക്കുവോളം അവർ വല വീശി. എന്നിട്ടും ആ പാവങ്ങൾ ക്കൊന്നും കിട്ടിയില്ല. മൂന്നാംമുറ കോഴി കൂവാറായപ്പോൾ ക്രിസ്തു അവർക്കു പ്രത്യക്ഷനായി. ശിഷ്യജനത്തിൻെറ പാഴ് യത്നത്തിൽ അനുകമ്പാകുലനായി ക്രിസ്തു ആഴത്തിലേക്കു മാ റി വല വീശാൻ അവരോടാജ്ഞാപിച്ചു. വത്സലഗുരുവിൻെറ വാക്കു വിശ്വസിച്ചു് അവർ വലവീശി. അപ്പോൾ വല നിറ യെ മത്സ്യങ്ങൾ അവർക്കു കിട്ടി. തൊഴിലാളികളായ തൻെറ ശിഷ്യന്മാർക്കുവേണ്ടി ക്രിസ്തു വീണ്ടും അത്ഭുതം പ്രവർത്തിച്ചു. ആ മീൻപിടുത്തക്കാരോടൊരുമിച്ചിരുന്നു് അവിടുന്നു ഭക്ഷ ണം കഴിച്ചു. അതിനുശേഷം അവരിൽ ഒരാളായ പത്രോസിനു പ്രമുഖസ്ഥാനം കല്പിച്ചുകൊടുത്തു. സഭയുടെ പരമാധികാരി യും തൻെറ പ്രതിപുരുഷനുമായി അജ്ഞനായ ആ മീൻപിടി ത്തക്കാരനെ അവിടുന്നുയർത്തി. അന്നുമുതൽ ഇന്നുവരെ തൊ ഴിലാളിവർഗ്ഗത്തിൽപ്പെട്ട അനേകംപേർ പരമാധിപതിയാ യ പാപ്പായുടെ മഹോന്നതപദവിയുൾപ്പെടെ തിരുസഭയുടെ ഉന്നത സ്ഥാനങ്ങളലങ്കരിച്ചിട്ടുണ്ടു്.

ഇപ്പറഞ്ഞതിൽനിന്നൊക്കെ എന്തു തെളിയുന്നു? കത്തോ ലിക്കാസഭ തൊഴിലിനെ പ്രോത്സാഹിപ്പിക്കുന്നെന്നു്; അ

തിനെ മഹനീയമായിക്കരുതുന്നെന്നു്; തൊഴിലാളിയെ ബഹുമാനിക്കുന്നെന്നു്. ശിശുസഹജമായ വിശ്വാസത്തോടെ സ്വർഗ്ഗസ്ഥനായ പിതാവിനോട്ട് 'അന്നന്നത്തെ അപ്പം ഇന്നും ഞങ്ങൾക്കു തരേണമെ' എന്നു നാം പ്രാർത്ഥിക്കുന്നു. പക്ഷേ, വേലയിൽനിന്നു വിരമിക്കണമെന്നോ അത്ഭുതംകൊണ്ടു നിത്യവും ദൈവം നമ്മെ തീററിപ്പോററുമെന്നോ നാമാരും കരുതുന്നില്ല. ഒരു നല്ല കത്തോലിക്കനു നന്നായിട്ടറിയാം ജീവിതാവശ്യങ്ങൾ സാധിക്കുവാനുള്ള പോംവഴിയായി മനുഷ്യനു ദൈവം കൊടുത്തിട്ടുള്ളതു തൊഴിലാണെന്നു്. ഈ യാഥാർത്ഥ്യത്തെ മറയ്ക്കാൻ അവൻ പരീക്ഷിക്കപ്പെടുമ്പോൾ സെൻറു പോളിൻെറ വാക്കുകൾ അനുസ്മരിക്കണം. അദ്ദേഹം തെസലോണിയാക്കാർക്കു് എഴുതുന്നു: "ഞങ്ങളോടു സദൃശരാകേണ്ടതു് എങ്ങനെയെന്നു നിങ്ങൾ അറിയുന്നുവല്ലോ. എന്തെന്നാൽ നിങ്ങളുടെ ഇടയിൽ ഞങ്ങൾ ചീത്തയായി നടന്നിട്ടില്ല. നിങ്ങളിൽ ആരിൽനിന്നും വൃഥായുള്ള അപ്പം ഭക്ഷിച്ചിട്ടുമില്ല. മറിച്ചു്, നിങ്ങളിൽ ആർക്കും ഭാരമായിത്തീരാതിരിക്കുവാൻ വേണ്ടി പ്രയത്നത്തോടുകൂടിയും അദ്ധ്വാനത്തോടുകൂടിയും രാവും പകലും ഞങ്ങൾ വേല ചെയ്തിരുന്നു. ഞങ്ങൾക്കു് അധികാരമില്ലാതിരുന്നിട്ടല്ല. നിങ്ങൾ ഞങ്ങളോടു സദൃശപ്പെടുവാൻവേണ്ടി ഞങ്ങളിൽത്തന്നെ മാതൃക കാണിച്ചുതരുവാനത്രേ. വേലചെയ്യുവാൻ മനസ്സില്ലാത്ത ഒരുത്തനും ഭക്ഷിക്കയുമരുതു് എന്നു ഞങ്ങൾ നിങ്ങളുടെ അടുക്കൽ ആയിരുന്നപ്പോൾത്തന്നെ നിങ്ങളോടു കല്പിച്ചിരുന്നുവല്ലോ. എന്നാൽ ചീത്തയായി വ്യാപരിക്കുകയും വ്യർത്ഥകാര്യങ്ങളല്ലാതെ ഒന്നും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന ചിലർ നിങ്ങളുടെ ഇടയിൽ ഉള്ളതായി ഞങ്ങൾ കേൾക്കുന്നു. ഇങ്ങനെയുള്ളവരോടു്: അവർ അടങ്ങിയിരുന്നു വേലചെയ്തു തങ്ങളുടെ അപ്പം ഭക്ഷിക്കണമെന്നു നമ്മുടെ കർത്താവായ ക്രിസ്തുവിൽ ഞങ്ങൾ കല്പിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു" (2. Thes-

alonians III, 7-12) പണിയെടുക്കുന്നതിനെ ക്രിസ്തു നിരുത്സാഹപ്പെടുത്തിയെന്നും അലസതയെ പ്രോത്സാഹിപ്പിച്ചെന്നുമുള്ള ആക്ഷേപങ്ങൾ തെറ്റാണെന്നു തെളിയിക്കുവാൻ ഈ വാക്യങ്ങൾമാത്രംമതി. ഇതിൽനിന്നു മനസ്സിലാകും തൊഴിലിനെ സംബന്ധിച്ച ക്രൈസ്തവപ്രബോധനമെന്താണെന്ന്. റെനാൻ യുക്തിപൂർവ്വം പ്രസ്താവിക്കുന്നു: "തൊഴിലാളി തന്റെ പ്രതിദിനഭോജനം അന്തസ്സോടുകൂടി സമ്പാദിക്കുന്നു. അതാകുന്നു ക്രൈസ്തവാദർശം." (Marcus Aurelius p. 600)

മൂന്നാം അദ്ധ്യായം

# ധനം മനുഷ്യജീവിതത്തിൽ

കൂട്ടുടമയാണു ക്രിസ്തു പ്രസംഗിച്ചതെന്ന് ഇന്നു ചില എഴുത്തുകാർ എഴുതിത്തള്ളിവിടുന്നു. അവരുടെ വാദം ഇങ്ങനെ പോകുന്നു: "സ്വകാര്യസ്വത്തുടമയെ ക്രിസ്തു ശക്തിയായി എതിർത്തു. അവിടുന്നു പണക്കാരോടു പരുഷമായി പെരുമാറി. സ്വന്തംശിഷ്യജനങ്ങളേയും അദ്ദേഹം വിലക്കി, സ്വന്തമായി ഒന്നും സൂക്ഷിക്കരുതെന്ന്. എല്ലാ പ്രകൃതിവിഭവങ്ങളും പൊതുവായിരിക്കയും എല്ലാം എല്ലാവർക്കും എന്ന മുദ്രാവാക്യം മുഴങ്ങുകയും ഒരുവനും ഒന്നുമില്ല എന്ന നിയമം നിർദ്ദാക്ഷിണ്യം നിലവിലിരിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണു ക്രിസ്തു വിവക്ഷിച്ചത്. ആദിമക്രിസ്ത്യാനികൾ യറൂസലേമിൽ പുലർത്തിവന്ന പൊതുവുടമ തങ്ങളുടെ ഗുരുവിന്റെ ദിവ്യാദ്ധ്യാപനങ്ങളെ പ്രവൃത്തിയിൽ പകർത്തിയതുമാത്രമായിരുന്നു."

ഇതു സംബന്ധിച്ചു ക്രിസ്തുവിന്റെ ഇംഗിതം എന്താ

ണെന്നറിയണമെങ്കിൽ, ക്രിസ്തു ജീവിച്ചിരുന്ന സാഹചര്യം, അവിടുന്നു പ്രേഷിതവൃത്തി നിർവ്വഹിച്ച ചുററുപാടുകൾ ഇവ മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണ്. സമ്പത്തു് അപൽക്കരമെന്നു ക്രിസ്തു പ്രസ്താവിച്ചു. എന്നാൽ, നിത്യരക്ഷയ്ക്കു ധനമൊരു വിഘ്നമല്ല.

സമ്പത്തുകളുടെ പരിത്യാഗം പരിപൂർണ്ണതയിലേയ്ക്കുള്ള ഒരു ചുവടുവയ്പത്രേ. അതു് ആത്മാവിനെ സൃഷ്ടികളിൽ നിന്നകററുന്നു. ആദ്ധ്യാത്മികകാര്യങ്ങളിൽ പൂർണ്ണമായ ശ്രദ്ധ പതിക്കാൻ കൂടുതൽ കൂടുതൽ അവസരം കൊടുക്കുന്നു. അതിനാൽ, സമ്പത്തുകളുടെ പരിത്യാഗം പ്രശംസാർഹവും നിത്യരക്ഷയ്ക്കു് ഏററം ഉപകാരപ്രദവുമത്രേ. എന്നാൽ, ഈ പരിപൂർണ്ണ പരിത്യാഗം ആരും ഒരു ചുമതലയായി ചുമത്തിയിട്ടില്ല. കൈവശമുള്ളതെല്ലാം പരിത്യജിക്കാതെ തന്നെ നിത്യരക്ഷപ്രാപിക്കാം. പക്ഷേ, പ്രയാസമെന്നുമാത്രം. പണക്കാരോടു ക്രിസ്തു പരുഷമായ ഭാഷയിൽ സംസാരിച്ചു. അവരുടെ അഹംഭാവത്തേയും പാറപോലെയുള്ള ഹൃദയകാഠിന്യത്തേയും നിശിതമായിത്തന്നെ അവിടുന്നു് അപലപിച്ചു. ഇതൊന്നും നാം നിഷേധിക്കുന്നില്ല. അവിടുന്നു് അവരോടു താക്കീതുചെയ്തു: "ഹാ! ധനവാന്മാരേ, നിങ്ങൾക്കു ദുരിതം, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ആശ്വാസം നിങ്ങൾ പ്രാപിച്ചുകഴിഞ്ഞു. തൃപ്തരേ, ഹാ! നിങ്ങൾക്കു ദുരിതം, എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു വിശക്കും" (വി. ലൂക്ക്. 6. 24–25). അവിടുന്നു പാവങ്ങളെ പ്രശംസിച്ചു. അവർ അവിടുത്തെ പ്രത്യേകമായ സ്നേഹത്തിനും പരിഗണനയ്ക്കും അർഹരായിരുന്നു. എപ്പോഴും ക്രിസ്തു അവരോടു കരുണയോടും സഹതാപത്തോടുംകൂടി സംസാരിച്ചു. ധനവാന്മാരുടെ നേരെയുള്ള നിശിതമായ ഭാഷയെടുത്താൽ ധനത്തെ അവിടുന്നു ശപിച്ചുവെന്നു തെററിദ്ധരിക്കാനെളുപ്പമുണ്ട്. എന്നാൽ, സുവിശേഷത്തിലെ ഈ ഉദ്ധരണങ്ങൾ അതിൻെറ ശരിയായ അർത്ഥത്തിൽ മനസ്സിലാക്ക

ണമെങ്കിൽ നാം അവയുടെ പൂർണ്ണമായ ചുററുപാടുകളോടുകൂടി പഠിക്കണം.

ധനം നിത്യരക്ഷയെ ദുഷ്പ്രാപമാക്കുന്നു

വി. ലൂക്കായുടെ സുവിശേഷത്തിൽ ഇങ്ങനെയെഴുതിയിരിക്കുന്നു: "ഒരു പ്രഭു ക്രിസ്തുവിനോടു നല്ലവനായ ഗുരോ, നിത്യായുസ്സ് പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം? ക്രിസ്തു അവനോട് ഇങ്ങനെ പ്രതിവചിച്ചു: കല്പനകളെല്ലാം നിനക്കറിയാം. കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്; മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്, പിതാവിനേയും മാതാവിനേയും ബഹുമാനിക്കുക. അതിനവൻ: ഗുരോ, ഇവയെല്ലാം ബാല്യംമുതലേ ഞാനാചരിക്കുന്നു. അപ്പോൾ ക്രിസ്തു അരുളിച്ചെയ്തു: അങ്ങനെയെങ്കിൽ, ഒന്നുകൂടി ചെയ്യാനുണ്ട്. നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുക്കുക. എന്നിട്ട് എന്നെ അനുഗമിക്കുക. സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. അതു കേട്ടപ്പോൾ അയാൾ ദുഃഖിച്ചു; കാരണം, അയാൾ ഒരു വമ്പിച്ച സ്വത്തിൻെറ ഉടമസ്ഥനായിരുന്നു. ക്രിസ്തു, അവൻ ദുഃഖിക്കുന്നതു കണ്ട് ഇങ്ങനെ പറഞ്ഞു: ധനമുള്ളവർക്കു ദൈവരാജ്യത്തിൽ പ്രവേശിക്കാൻ എത്ര പ്രയാസം! ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുക എളുപ്പമാകുന്നു" (വി. ലൂക്ക് XVIII: 18-25).

ഈ പ്രയാസം നേരിടുന്നതു് പണത്തോടുള്ള അതിമോഹം മൂലമത്രേ. ധനികൻെറ ചുണ്ടണികൾ എപ്പോഴും ഉരുവിടുന്ന മന്ത്രം: പണം, പണം. അതിനെ അയാൾ പൂജിക്കുന്നു: എന്നിട്ടോ, ദൈവത്തെ ക്രമേണ മറന്നു കളയുന്നു. ഒന്നുകിൽ മാമോനെ, അല്ലെങ്കിൽ ദൈവത്തെ സേവിക്കുക. രണ്ടിനും ഒന്നിച്ചു ഹൃദയം കൊടുക്കുക സാധ്യമല്ല. കൂടാതെ, ധനത്തെ അതിരു കടന്ന അനന്ദങ്ങൾക്കുവേണ്ടി ചെലവാക്കാൻ പ

ണക്കാരൻെറ ഹൃദയം വെമ്പുന്നു. അതിൻെറ ഫലമോ? ദുർവിനിയോഗം; പാവങ്ങളുടെ നേരെ വിദ്വേഷമനോഭാവം. ദൈവം സകലത്തിൻേറയും ഉടയവനാകുന്നു. അതിനാൽ, ധനവാൻ വാസ്തവത്തിൽ ധനത്തിൻെറ ഉടമസ്ഥനല്ല; സൂക്ഷിപ്പുകാരൻമാത്രം. അക്കാരണത്താൽ, ദൈവനിശ്ചയപ്രകാരം പണം ചെലവാക്കുക പണക്കാരൻെറ ചുമതലയാണ്. സ്വാത്മസുഖാനുഭൂതികൾക്കുവേണ്ടി ഇഷ്ടാനുസരണം ധനം ദുർവിനിയോഗിക്കാൻ അയാൾക്കവകാശമില്ല. അയാൾക്കാവശ്യമുള്ളതു സൂക്ഷിക്കാം; വിരോധമില്ല. എന്നാൽ, ആവശ്യം കഴിഞ്ഞു മിച്ചമുള്ളതു പാവങ്ങൾക്കു കൊടുക്കാൻ കടപ്പെട്ടവനാണയാൾ. സകലതും സകലരുടേയും ആവശ്യങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, സ്വത്തു സ്വകാര്യമായി സൂക്ഷിക്കാമെങ്കിലും ദൈവനിർദ്ദിഷ്ടമായ ക്രമപ്രകാരം എല്ലാവർക്കും ഉപകാരപ്പെടത്തക്കവിധത്തിൽ പ്രയോജനപ്പെടുത്തണം. ദൈവസംവിധാനത്തിനൊത്തു പ്രവർത്തിക്കുവാൻ എല്ലാവരും ഒരുമ്പെട്ടിരിക്കണം. ഈ യാഥാർത്ഥ്യം മനസ്സിലാക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്ത കുറെപ്പേരെങ്കിലും എല്ലാക്കാലത്തുമുണ്ടായിരുന്നു.

ഭൗതികസമ്പാദ്യങ്ങളുടെ നേർക്കു ദൈവത്തിനുള്ള ദിവ്യമായ ഉദ്ദേശ്യത്തെ അവഗണിച്ചുകൊണ്ടു ധനവാൻ സ്വത്തുക്കളെക്കുറിച്ചു കേവലം സ്വാത്മനിഷ്ഠമായ ഒരാശയം വച്ചു പുലർത്തുന്നുവെങ്കിൽ ദുഷ്പ്രവൃത്തികൾക്കൊത്തു ശിക്ഷ സ്വീകരിക്കുന്ന ഭയാനകമായ ആ വിധിദിവസത്തിൽ നിർദ്ദാക്ഷിണ്യമായ ഈ വാക്കുകൾ അയാൾ ശ്രവിക്കേണ്ടിവരും: "ശപിക്കപ്പെട്ടവരേ, നിങ്ങൾ എൻെറ മുമ്പിൽനിന്നു പിശാചിനും അവൻെറ ദൂതന്മാർക്കുമായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന അനന്തമായ അഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്കു വിശന്നപ്പോൾ നിങ്ങൾ എനിക്ക് ആഹാരം തന്നില്ല; എനിക്കു ദാഹിച്ചപ്പോൾ നിങ്ങൾ

എനിക്കു കുടിക്കാൻ തന്നില്ല; ഞാൻ പരദേശിയായിരുന്നപ്പോൾ നിങ്ങൾ എനിക്ക് അഭയം തന്നില്ല; നഗ്നനായിരുന്നപ്പോൾ നിങ്ങൾ എനിക്കു വസ്ത്രം തന്നില്ല; രോഗിയും ബന്ധനസ്ഥനുമായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദർശിച്ചില്ല" (വി. മാത്യു. xxv. 41-43).

ധനം മനുഷ്യനെ കഠിനഹൃദയനും ഭോഗാസക്തനും അഹങ്കാരിയും അമിതസുഖഭോഗിയുമാക്കുവാനെളുപ്പമുണ്ട്. ഗുരുതരമായ പല ചുമതലതളും ധനികയാളുടെ ചുമലിൽ വച്ചുകൊടുക്കുന്നു. ഏറെ ചുമതലകൾ വരുമ്പോൾ താരതമ്യേന വീഴ്ചകളും കൂടുതലാകാം. അങ്ങനെ ധനം നിത്യരക്ഷയെ അപകടപ്പെടുത്തിയെന്നു വരാം. ധനികനു സ്വർഗ്ഗത്തിലെത്താൻ ഇനിയും പ്രയാസങ്ങളുണ്ട്. സ്നേഹിതരെന്ന ഭാവം നടിച്ച് ഓടിയടുക്കുന്ന വഞ്ചകരുടെ വ്യാജസ്തുതികൾ കേൾക്കവേ അയാൾ ശ്വസിക്കുന്നതു് അഹങ്കാരത്തിൻെറ ചൂടുപിടിച്ച വായുവാണ്. അവരുടെ ദുഷ്പ്രേരണകൾക്കു വശംവദനായി പാതകങ്ങൾ ചെയ്‌വാൻ എളുപ്പമുണ്ട്. ദ്രവ്യാഗ്രഹമാകുന്നു, പൊതുവേ സകല തിന്മകളുടേയും മൂലം.

ധനത്തിൽനിന്നുണ്ടാകുന്ന വേറൊരപകടം വിത്തുകളുടെ ഉപമയാൽ ക്രിസ്തു ചൂണ്ടിക്കാണിക്കുന്നു. മുള്ളുകളുടെ ഇടയിൽ വിതയ്ക്കപ്പെട്ട വിത്തു ഞെരുക്കപ്പെട്ടതുപോലെ ലൗകികചിന്തയുടേയും ധനത്തിൻെറ വഞ്ചനയുടേയും ഇടയിൽ ഹൃദയത്തിൽ വീഴുന്ന ദൈവവചനം ഫലശൂന്യമായിത്തീരുന്നു (വി. മാത്യു XIII. 22-വി. മാർക്ക് IV. 19). ധനത്തെപ്പററിയുള്ള ഒരു നൂറായിരം ചിന്തകൾ ഞെരുക്കുമ്പോൾ നിത്യരക്ഷയെപ്പററിയുള്ള ചിന്ത നാമ്പടഞ്ഞുപോകും. നാണയങ്ങളുടെ കിലുകിലാരവം കാതിൽ തറയ്ക്കുമ്പോൾ ക്രിസ്തുവിൻെറ ദിവ്യസ്വരം അയാൾ കേൾക്കുന്നില്ല. അങ്ങനെ അയാൾ അപകടത്തിൽ എത്തിച്ചേരുന്നു. എവിടെ നിക്ഷേപമുണ്ടോ അവിടെ ഹൃദയവും ആയിരിക്കും. "കലപ്പയിൽ കൈവച്ച്"ശേ

വരാജ്യത്തിൻെറ വേലയിൾപ്പെട്ടവരെപ്പോലും ദ്രവ്യം നാശത്തിലേക്ക നയിച്ചിട്ടുണ്ടെങ്കിൽ സാധാരണക്കാരുടെ അപകടം ഏററംവലുതാണു്.

## ധനം നിത്യരക്ഷയെ അസാദ്ധ്യമാക്കുന്നില്ല

ധനികർക്ക നല്ലവരാകാം. പൊതുവിധി ദിവസത്തിൽ പലരും സന്തോഷിക്കും, തങ്ങളെനോക്കി ക്രിസ്തു ഉച്ചരിക്കുന്ന അനുഗ്രഹ വചസ്സുകൾ കേൾക്കുമ്പോൾ: "എൻെറ പിതാവിൻെറ ദൃഷ്ടിയിൽ അനുഗൃഹീതരായവരേ, നിങ്ങൾവന്നു ലോകാരംഭംമുതൽ നിങ്ങൾക്കായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന രാജ്യത്തെ സ്വായത്തമാക്കിയനുഭവിക്കുവിൻ. എന്തുകൊണ്ടെന്നാൽ, എനിക്ക വിശന്നപ്പോൾ നിങ്ങൾ എനിക്ക് ആഹാരംതന്നു; എനിക്ക ദാഹിച്ചപ്പോൾ, നിങ്ങൾ എനിക്ക കുടിക്കാൻ തന്നു; ഞാൻ അഭയാർത്ഥിയായിരുന്നപ്പോൾ, നിങ്ങൾ എനിക്ക ഭവനം തന്നു; രോഗിയായിരുന്നപ്പോൾ, നിങ്ങൾ എന്നെ ശുശ്രൂഷിച്ചു; ഞാൻ കാരാഗൃഹത്തിലായിരുന്നപ്പോൾ, നിങ്ങൾ എന്നെ സന്ദർശിച്ചു" (വി. മാത്യു xxv 34, 35, 36). സുവിശേഷത്തിൽ ഒരിടത്തും നാം വായിക്കുന്നില്ല, ധനം നിത്യരക്ഷയെ അസാദ്ധ്യമാക്കുന്നെന്നു്. അതിൻെറ പരിപൂർണ്ണമായ പരിത്യാഗം മൂലമേ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കൂ എന്നു ക്രിസ്തു പറഞ്ഞിട്ടില്ല. ഒരുവൻ വന്നുക്രിസ്തുവിനോടു്, "നല്ലവനായ ഗുരുവേ, അനന്തജീവിതം പ്രാപിക്കുന്നതിനു ഞാൻ എന്തു നന്മ ചെയ്യണം?" എന്നു ചോദിച്ചു. "കൊലപാതകം ചെയ്യരുതു്; വ്യഭിചാരം ചെയ്യരുതു്; മോഷ്ടിക്കരുതു്; കള്ളസ്സാക്ഷി പറയരുതു്; അപ്പനേയും അമ്മയേയും ബഹുമാനിക്കുക; അയൽവാസിയെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക" എന്നു ക്രിസ്തു പറഞ്ഞു. (വി. മാത്യു xix 16–19). ഇതാരു നിവർത്തിക്കുന്നുവോ അവർക്ക നിത്യായുസ്സു പ്രാ

പിക്കാം. ഒരുത്തനുള്ള സമ്പത്തെല്ലാം പരിത്യജിക്കാതെത
ന്നെ സ്വർഗ്ഗരാജ്യം കരസ്ഥമാക്കാമെന്നു ക്രിസ്തുവിൻെറ മറു
പടി വ്യക്തമാക്കുന്നു. ധനവാനായ ഒരുവനു സ്വർഗ്ഗരാജ്യ
ത്തുപ്രവേശിക്കുന്നതിനെക്കാൾ, ഒട്ടകത്തിനു സൂചിയുടെ
ദ്വാരത്തിൽക്കൂടി കടക്കുന്നതു് എളുപ്പമാണ് എന്നു ക്രിസ്തു
പറഞ്ഞ ഉടൻ ഇതുകൂടിപ്പറയുന്നു: "മനുഷ്യനു് ഇതസാദ്ധ്യ
മാണ്; എന്നാൽ, ദൈവത്തിനു സകലവും സാദ്ധ്യമത്രേ".
ദൈവത്തിൻെറ പ്രത്യേകസഹായത്താൽ ധനത്തോടുള്ള ആ
സക്തിയിൽനിന്നു ഹൃദയത്തെ അകററാമെന്നും ധനം വരു
ത്തിയേക്കാവുന്ന അപത്തിൽനിന്നു് ഒഴിഞ്ഞുമാറാമെന്നും ഈ
വാക്കുകൾ വ്യക്തമാക്കുന്നു.

ക്രിസ്തു പലപ്പോഴും ധനവാന്മാരോടു കർക്കശമായ
ഭാഷയിൽ സംസാരിച്ചു. അതിനുള്ള കാരണം അവർ ധനവാ
ന്മാരായതല്ല; പ്രത്യുത, നാണയത്തിൻെറ മിന്നിത്തിളക്ക
ത്തിൽ അഹങ്കാരികളും ദുർമ്മോഹികളും കൂടുതൽ ധനാ
സക്തരുമായിത്തീർന്നതാണ്. ഈ ആശയം ധനവാ
ൻെറയും ദരിദ്രനായ ലാസറിൻെറയും ഉപമവഴി ക്രിസ്തു
വിശദമാക്കുന്നു. ധനമല്ല; അമിതമായ സുഖാസക്തിയും ദരിദ്ര
രുടെനേർക്കുള്ള അവജ്ഞയുമാണ് ആ ധനികനെ നശിപ്പിച്ച
തു്. മൺമറഞ്ഞ ആ ധനവാൻെറമേൽ ശിക്ഷയുടെ വിധി പ്ര
സ്താവിക്കപ്പെട്ടു. കാരണം, അവൻെറ പടിയ്ക്കൽ ദേഹം മുഴു
വൻ വ്രണം പൂണ്ടും വിശപ്പുകൊണ്ടു വലഞ്ഞുമിരുന്ന നിർഭാ
ഗ്യനായ ലാസറിൻെറമേൽ കരുണയുടെ ഒരു കണികപോലും ആ പണക്കാരൻ കാണിച്ചില്ല. സെയിൻറു പോൾ
ധനവാന്മാരെ അനുശാസിക്കുന്നു: "ഭൗമികസമ്പന്നരേ, അ
ഹങ്കാരത്തിൽ നിങ്ങളുടെ ചിന്തകൾ മുഴുകിപ്പോകാതിരി
ക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ. നമ്മുടെ ആശ്വാസത്തിനുവേ
ണ്ടി സകലതും സമൃദ്ധമായി ദൈവം തന്നിരിക്കുന്നു. ആ
സജീവ ദൈവത്തിൽ നിങ്ങൾ അവലംബം തേടുവിൻ. നശിച്ചു

പോകുന്ന സമ്പത്തിൽ ഒരിക്കലും നിങ്ങൾ ആശ്രയിക്കരുത്. നല്ല പ്രവൃത്തികൾ ചെയ്യുവിൻ. അവയിൽ നിങ്ങൾ സമ്പന്നരാകുവിൻ. അന്യരെ സഹായിക്കുവാൻ ഒരുങ്ങിയിരിക്കുവിൻ. നിങ്ങൾക്കുള്ളതിൽ പങ്കു മററുള്ളവർക്കും കൊടുത്തു സാക്ഷാത്തായ ജീവൻ കൈവശപ്പെടുത്തുവാൻ വരാനിരിക്കുന്നതിലേക്കു നല്ലൊരടിസ്ഥാനമിടുവിൻ" (I തിമോ. VI. 17–19). വ്യാഗ്രഹത്തിൻെറ നാശത്തിൽനിന്നു രക്ഷനേടുന്നതിനു ഏററവും കൂടുതൽ ആവശ്യമായിട്ടുള്ളതു ധനത്തിൽനിന്നു ഹൃദയത്തെ വേർപെടുത്തുകയാണ്. പണക്കാരനും പാവപ്പെട്ടവനും ഈ വിരക്തി പാലിച്ചേ മതിയാവൂ. എല്ലാവരിലും ഉണ്ടായിരിക്കണം ദാരിദ്ര്യത്തിൻെറ അരൂപി. പൂർണ്ണമായ പരിത്യാഗമോ എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർക്കു—ക്രിസ്തുവിനെ പരമാവധി അനുകരിക്കുവാൻ ആഗ്രഹിക്കുന്നവർക്കു—മാത്രം ആവശ്യമായിരിക്കുന്നു. അതു ശിക്ഷയിൻകീഴിൽ കല്പിക്കപ്പെട്ടിട്ടുള്ളതല്ല.

ചുരുക്കിപ്പറഞ്ഞാൽ, സുവിശേഷപ്രബോധനങ്ങളനുസരിച്ചു ധനം ആപൽക്കരമല്ല. പക്ഷേ, ഒന്നു മറക്കരുത്: അതു നിത്യരക്ഷയെ കൂടുതൽ പ്രയാസകരമാക്കിത്തീർക്കുന്നു. ധനം അതിൽത്തന്നെ തിന്മയല്ല. എല്ലാനിയമങ്ങളും പാലിച്ചുകൊണ്ടുതന്നെ ധനം സ്വായത്തമാക്കുവാൻ സാധിക്കും. ധനം ശരിയായി വിനിയോഗിച്ചു സ്വർഗ്ഗംപോലും കരസ്ഥമാക്കുകയും ചെയ്യാം. "അനീതിയുടെ ഈ മാമോനാ തീർന്നുപോകുമ്പോൾ തങ്ങളുടെ നിത്യകൂടാരത്തിൽ നിങ്ങളെ അവർ കൈക്കൊള്ളേണ്ടതിനായി അതുകൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ" (വി. ലൂക്കാ xvi. 9).

## പുണ്യപരിപൂർണ്ണതയിലേക്കുള്ള എളുപ്പവഴി

സുവിശേഷത്തിലെ യുവാവിനോടു ക്രിസ്തു പറഞ്ഞു: "നിത്യായുസ്സിൽ പ്രവേശിക്കുവാൻ നിനക്കു മനസ്സുണ്ടെങ്കിൽ കല്പനകൾ കാത്തുകൊൾക." അതിനവൻ ക്രിസ്തുവിനോട്: ഇവയെല്ലാം ബാല്യം മുതലേ ഞാൻ ആചരിയ്ക്കുന്നു. എനിക്കിനി എന്തു കുറവുണ്ട്? എന്നൊരു ചോദ്യമെടുത്തിട്ടു. "പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ നിനക്കുള്ളതെല്ലാം വിററു പാവങ്ങൾക്കു കൊടുക്കുക: എന്നിട്ട് എൻെറ പിന്നാലെ വരുക. സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും" (വി. മാത്യു xix: 17, 20, 21). ദൈവസാമ്രാജ്യത്തിലെത്താൻ രണ്ടു വഴികളുണ്ടെന്ന് ഈ വാക്കുകളിൽനിന്നു സ്പഷ്ടം. സാധാരണ ജനങ്ങൾക്കായുള്ള എളുപ്പവഴിയൊന്ന്. അവർ കല്പനകളെല്ലാം കാക്കുന്നു: കുടുംബവും തങ്ങൾക്കുള്ള സമ്പാദ്യവുമായിക്കഴിയുന്നു. നല്ലകാര്യങ്ങൾക്കായിമാത്രം പണം ചെലവാക്കുന്നവരാണവർ. കൂടുതൽ ഇടുങ്ങിയതും ദുർഘടവുമാണു രണ്ടാമത്തെ വഴി. പുണ്യപരിപൂർണ്ണത നേടുവാനാഗ്രഹിക്കുന്നവർക്കാണീവഴി—ത്യാഗത്തിൻേറയും ആത്മസമർപ്പണത്തിൻേറയും പാത. ഇതിലൂടെ നടന്നു മുന്നേറാൻ വളരെ നല്ല മനസ്സും സവിശേഷമായ ദൈവവിളിയുമുള്ളവർക്കേ കഴിയൂ.

സൃഷ്ടവസ്തുക്കളുടെ പരിപൂർണ്ണമായ പരിത്യാഗം ആത്മാവിനെ പ്രകാശിപ്പിക്കുന്നു. നശ്വരസൗന്ദര്യത്തിനു കഴിവില്ല ആത്മാവിനെ ആകർഷിക്കുവാൻ. ഭൗമികകാര്യങ്ങളിൽനിന്നും ആകുലതകളിൽനിന്നും സ്വതന്ത്രമാകുവാനാണ് എപ്പോഴുമതിൻെറ ശ്രമം. പരിപൂർണ്ണസ്വാതന്ത്ര്യം കിട്ടിക്കഴിയുമ്പോൾ ദൈവികകാര്യങ്ങളിൽ കൂടുതൽ കൂടുതൽ ആത്മാവു ബദ്ധശ്രദ്ധമാകുന്നു. "ഭൂമിയിൽ നിങ്ങൾക്കായി നിധികളെ നിക്ഷേപിക്കാതിരിക്കുവിൻ; അവിടെ അവയെ തുരുമ്പും പാററയും നശിപ്പിക്കുകയും കള്ളന്മാർ തുരന്നു കയറി മോഷ്ടിക്കുകയും ചെയ്യുന്നു. സ്വർഗ്ഗത്തു നിങ്ങൾക്കായി നിധി

കളെ നിക്ഷേപിക്കുവിൻ; അവിടെ അവയെ നശിപ്പിക്കുന്നതിനു തുരുമ്പാകട്ടെ പാററയാകട്ടെ ഇല്ല; അവിടെ തുരന്നു കയറി മോഷ്ടിക്കുന്നതിനു കള്ളന്മാരുമില്ല. നിൻെറ നിക്ഷേപം എവിടെയോ അവിടെയാകുന്നു നിൻെറ ഹൃദയവും" (വി. മാത്യു vi. 19, 20).

## സ്വകാര്യസ്വത്തു നിഷിദ്ധമോ?

ക്രിസ്തു തൻെറ പരസ്യജീവിതകാലത്തു സ്വശിഷ്യന്മാരോടുകൂടി ഒരു തരം പൊതുജീവിതം നയിച്ചു. എന്നാൽ, അതരം ഒരു ജീവിതക്രമമാണു സാമൂഹികജീവിതത്തിൻെറ നിയമാനുസൃതമായ രീതിയെന്ന് അവിടുന്നു പ്രസ്താവിച്ചിട്ടില്ല. എല്ലാവരും ആ നിലപാടു സ്വീകരിച്ചുകൊള്ളണമെന്നു ആരോടും ക്രിസ്തു ആവശ്യപ്പെട്ടുമില്ല; തന്നോട് ഏററം അടുത്തു പെരുമാറിയവരോടുപോലും.

അവിടുത്തേക്കു ചുററും കൂടിയവരിൽ പലർക്കുമുണ്ടായിരുന്നിരിക്കണം സ്വകാര്യസ്വത്ത്. എങ്കിലും സ്വകാര്യസ്വത്തിൻെറ പേരിൽ അവരിൽ ആരേയും ക്രിസ്തു പഴിച്ചില്ല. പുണ്യപരിപൂർണ്ണതയെ ആഗ്രഹിച്ചവരോടു മാത്രമേ ധനം പരിത്യജിക്കാൻ ക്രിസ്തു ഉപദേശിച്ചുള്ളു. അവരോടു പറഞ്ഞതു്, അവർക്കുള്ളതെല്ലാം വിററു പാവങ്ങൾക്കു കൊടുത്തശേഷം തന്നെ അനുഗമിക്കാനാണു്. അല്ലാതെ, അവർക്കുള്ള സകലതും പൊതുമുതലിൽ കൂട്ടിയശേഷം തന്നെ അനുഗമിക്കാനല്ല.

"ചുരുക്കത്തിൽ, ക്രിസ്തു തൻെറ സ്വകാര്യജീവിതത്തിൽ പങ്കുപററിയവർക്കുവേണ്ടിമാത്രം—അവരുടെ ആദ്ധ്യാത്മികപരിപൂർണ്ണതയ്ക്കും ശിക്ഷണത്തിനും വേണ്ടിമാത്രം—സ്ഥാപിച്ച ഒരു പ്രത്യേക ജീവിതക്രമം മാത്രമായിരുന്നു സുവിശേഷമനുസരിച്ചുള്ള കമ്മ്യൂണിസം. പാവപ്പെട്ടവരുടെ താൽപര്യങ്ങളെ പുലർത്തുന്നതിനുള്ള ഒരു സാമൂഹികവിപ്ളവ

മായിരുന്നില്ല അതു്. അന്നത്തെ ചുററുപാടുകൾക്കിണങ്ങി യവിധത്തിൽ തൻെറ സാമൂഹികനിലപാടിനെ ക്രമപ്പെടു ത്തിയിരുന്നു. എങ്കിലും, സുവിശേഷപ്രബോധനമനുസരിച്ചു ള്ള ആ കമ്മ്യൂണിസം ക്രിസ്തുവിൻെറ ഒരു സഹകാര്യജീവിത മുറമാത്രമായിരുന്നു." (Dictionary of Catholic Theology, At. Communism: p. 578).

ക്രിസ്തു എല്ലാവരുടേയും സ്നേഹം സമാർജ്ജിച്ചു; പണ ക്കാരുടേയും പാവങ്ങളുടേയുമിടയിൽ അവിടുത്തേക്കുണ്ടായിരു ന്നു സ്നേഹിതന്മാർ. അവരുടെ വീടുകൾ അവിടുന്നു സന്ദർ ശിച്ചു; ആതിഥ്യം സ്വീകരിച്ചു; അവരുമായി ഇടപഴകി ജീ വിച്ചു. കരം പിരിവുകാരനായ സക്കേവൂസ് അബ്രാഹമിൻെറ യഥാർത്ഥപുത്രനാണെന്നു് അവിടുന്നു പരസ്യമായിപ്പറഞ്ഞു. സക്കേവൂസിനെക്കുറിച്ചു സുവിശേഷത്തിൽ പറഞ്ഞിരിക്കു ന്ന ഭാഗത്തിൽനിന്നു സ്വകാര്യസ്വത്തിനെക്കുറിച്ചു ക്രിസ്തു വിൻെറ അഭിപ്രായമെന്തെന്നു് അനുമാനിക്കാം. ഈ സക്കേ വൂസ് വലിയ പണക്കാരനായിരുന്നു. സാധാരണ കരം പി രിവുകാരെല്ലാംതന്നെ തങ്ങളുടെ ആ ജോലിമൂലം കപ്രസി ദ്ധരായിരുന്നു. ക്രിസ്തു ഒരിക്കൽ അയാളുടെ ആതിഥ്യം സ്വീ കരിച്ചു. രണ്ടുപേരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചു. അവ രുടെ സംഭാഷണം പലവിഷയങ്ങളിലേക്കും തിരിഞ്ഞു. ഒടു വിൽ കറങ്ങിത്തിരിഞ്ഞു കരംപിരിവു ജോലിയിലേക്കു വ ന്നു, അവരുടെ സംഭാഷണം. തൻെറ സ്വത്തുക്കളിൽ പകു തി പാവങ്ങൾക്കു കൊടുത്തുകൊള്ളാമെന്നു സക്കേവൂസ് സമ്മതിച്ചു. അപഹരിച്ചെടുത്തവ ഒന്നിനു നാലുവീതം തിരി ച്ചുകൊടുക്കാമെന്നും അയാൾ ഏററു പറഞ്ഞു. അബ്രാഹമി ൻെറ സന്തതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുവാൻ യോഗ്യനാ ണു സക്കേവൂസെന്നു ക്രിസ്തു പ്രസ്താവിച്ചതു് അപ്പോഴത്രേ (വി. ലൂക്ക് xix. 1-10). അയാൾക്കുണ്ടായിരുന്ന സമ്പത്തെ

ല്ലാം ത്യജിക്കുവാൻ ക്രിസ്തു ആവശ്യപ്പെട്ടില്ല. പ്രത്യുത, അതിനെ സൂക്ഷിക്കാൻ അധികാരപ്പെടുത്തി, മൗനഭാഷയിൽ.

ക്രിസ്തുവിൻെറ ഈ മൗനാനുവാദം നിയമസാധുതയ്ക്കു തെളിവായി എടുക്കാം. നിഷേധ്യമായിട്ടുള്ളതു് ഏതെന്നു ക്രിസ്തു പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്: ഫരിസേയരുടെ ബാഹ്യാചാരങ്ങൾ, കപടഭക്തി, അഹങ്കാരം, ദുർമ്മോഹം, വിവാഹമോചനം, നിയമവ്യഭിചരണം, ഹൃദയകാഠിന്യം ഇങ്ങനെ പലതും. എന്നിട്ടും സ്വകാര്യസ്വത്തിനെതിരായി ക്രിസ്തു യാതൊന്നും പറഞ്ഞില്ല. തന്നിമിത്തം, സ്വകാര്യസ്വത്തിനെ അവിടുന്നു നിഷേധിച്ചില്ല എന്നാണു് അനുമാനിക്കേണ്ടതു്. എല്ലാ മനുഷ്യരും ധനം ശരിയായി വിനിയോഗിക്കണമെന്നു് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതിൽനിന്നു ക്രിസ്തു സ്വകാര്യസ്വത്തിനെ നിഷേധിക്കുന്നില്ലെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

സ്വകാര്യസ്വത്തിൻെറ നിഷേധം പ്രകൃതിനിയമങ്ങളുടെതന്നെ നിഷേധമാണു്. പ്രകൃതിനിയമത്തിനെതിരായി ക്രിസ്തു ഒരിക്കലും ഒന്നും പറഞ്ഞിട്ടില്ല. സ്വത്തു സ്വകാര്യമായി ഉപയോഗിക്കുക—പ്രകൃതിസിദ്ധമായ ഒരവകാശം മാത്രമാണതു്. ഈ അവകാശം സമർത്ഥിക്കാൻ മനുഷ്യപ്രകൃതിതന്നെയാണു തെളിവു്. തൻെറ വ്യക്തിത്വത്തെ വികസിപ്പിക്കാൻ ഓരോ മനുഷ്യനും ചുമതലയും അവകാശവുമുണ്ടു്. വിശ്വവിഖ്യാതമായ "Rerum Novarum" എന്ന ചാക്രികലേഖനത്തിൽ ലെയോ പതിമ്മൂന്നാമൻ സ്വകാര്യസ്വത്തിൻെറ അവകാശത്തേയും നിയമസാധുതയേയും സമ്യക്കായി വിവരിക്കുന്നു: "ഭൂവുടമകളുടെ വിഭജനത്തെ സംബന്ധിച്ചുള്ള മൗലികതത്വങ്ങൾ പ്രകൃതിയെക്കുറിച്ചുള്ള സൂക്ഷ്മമായ പഠനത്തിൽനിന്നും പ്രകൃതിനിയമങ്ങളിൽനിന്നും മനുഷ്യവംശം യുക്തിയോടുകൂടിത്തന്നെ മനസ്സിലാക്കിയിട്ടുണ്ടു്. മനുഷ്യപ്രകൃതിക്കു് അനുരൂപവും മർത്ത്യവംശത്തിൻെറ സ

മാധാനത്തിനും സൈ്വരത്തിനും ഏററം അനിവാര്യവുമാണെന്ന കാരണത്താൽ സ്വകാര്യസ്വത്തുടമയുടെ തത്വത്തിന് എല്ലാ യുഗങ്ങളിലും പ്രാമാണ്യം സിദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഈ തത്വത്തെ സിവിൽ നിയമങ്ങൾ സ്ഥിരീകരിക്കുകയും ബലപ്പെടുത്തുകയുമാണു ചെയ്തിട്ടുള്ളതു്. സിവിൽ നിയമങ്ങൾ നീതിയുക്തങ്ങളായിരിക്കുന്നിടത്തോളം പ്രകൃതിയിൽനിന്നുതന്നെയാണല്ലോ അവയുടെ അധീശശക്തി അവ കൈക്കൊള്ളുന്നതു്. ദൈവകല്പനയുടെ അനുശാസനമാകട്ടെ നാം അന്യരുടെ വസ്തുക്കളെ ആഗ്രഹിക്കുകപോലും ചെയ്യരുതെന്നു ആജ്ഞാപിക്കുന്നു. അവ അങ്ങനെ സ്വകാര്യസ്വത്തുടമയെ അംഗീകരിക്കുകയും ചെയ്യുന്നു. (Rerum Novarum p. 6, Natural and Divine Law)

സ്വകാര്യസ്വത്തിന്റെ നിയമസാധുതയ്ക്കു മറെറാരു തെളിവാണു് കുടുംബം. "റേരും നൊവാരും" തുടരുന്നു: "വ്യക്തികൾക്കു സ്വാഭാവികമായിത്തന്നെ ഉണ്ടെന്നു തെളിയിച്ചു കഴിഞ്ഞതായ ആ സ്വത്തവകാശം, കുടുംബത്തിന്റെ നായകനെന്നനിലയിലും ഒരു വ്യക്തിക്കുണ്ടായിരിക്കേണ്ടതാണെന്നു സിദ്ധിക്കുന്നു. കൂടാതെ, അങ്ങനെയുള്ള ഒരു വ്യക്തിക്ക് അയാളുടെ പിതൃത്വത്തിനടുത്ത ചുമതലകളുടെ അളവുതോതനുസരിച്ചു് ഈ അവകാശം ഉണ്ടായിരിക്കുവാൻ കൂടുതൽ ന്യായമുണ്ടു്. കാരണം, ഒരു പിതാവു തന്റെ സന്താനങ്ങൾക്ക് ആഹാരവും അവക്കാവശ്യമുള്ള മററുള്ളതുമെല്ലാം നല്കണമെന്നതു പ്രകൃതിനിയമമാകുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ തന്റെ സ്വന്തം വ്യക്തിവിലാസത്തെത്തന്നെ സംവഹിക്കുകയും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ആ സന്താനങ്ങൾ ഭൗമികജീവിതത്തിലെ അനിശ്ചിതങ്ങളായ സാഹചര്യങ്ങളുടെ ഇടയിൽ ദാരിദ്ര്യവും ക്ലേശവുംകൂടാതെ മാന്യമായി ജീവിക്കുന്നതിനു വേണ്ടുന്നതെല്ലാം അവർക്കു സമ്പാദിച്ചുകൊടുക്കുവാൻ ഒരു പിതാവിന് ആഗ്രഹമുണ്ടാവുക

യെന്നതു സ്വാഭാവികവുമാണ്. ഇതു സാധിതമാകണമെങ്കിൽ, ഒരു പിതാവിനു തൻെറ സന്താനങ്ങൾക്ക് അനന്തരാവകാശമായി നല്കുവാൻ സാധിക്കത്തക്ക ആദായകരമായ എന്തെങ്കിലും ഉടമസ്ഥത ഉണ്ടാകാതെ നിവൃത്തിയില്ല. ഒരു കുടുംബം രാഷ്ട്രത്തെപ്പോലെതന്നെ ഒരു യഥാർത്ഥസമുദായമാകുന്നു; അതിന്നു പ്രത്യേകമായ ഒരധികാരമുണ്ട്. അതായതു്, പിതാവിൻെറ അധികാരം. ആ അധികാരത്താലാണു കുടുംബം ഭരിക്കപ്പെടുന്നതു്. അതിൽ കുടുംബം ഏതുദ്ദേശ്യങ്ങൾക്കായി കരുതപ്പെട്ടിരിക്കുന്നുവോ, ആ ഉദ്ദേശങ്ങളാൽ പ്രേരിതങ്ങളായ സീമകളെ അതിലംഘിക്കാതെ, അതിൻെറ നിലനില്പിന്നും യഥാർത്ഥസ്വാതന്ത്ര്യത്തിന്നും ആവശ്യമുള്ളവയെ തിരഞ്ഞെടുക്കുകയും അവയനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുവാൻ കുടുംബത്തിനുമുണ്ട് അവകാശങ്ങൾ" (Rerum Novarum p. 7, Right of family to property).

## ദാരിദ്ര്യത്തിൻെറ കല്പന

ക്രിസ്തു പാവപ്പെട്ടവനായി ജനിച്ചു, പാവപ്പെട്ടവനായി ജീവിച്ചു. ദരിദ്രരോട് അവിടുന്നു സവിശേഷമായ സ്നേഹം കാണിച്ചു; അവരെ ബഹുമാനിച്ചു; അനുഗൃഹീതരെന്നു പ്രഖ്യാപിച്ചു. ഇതിനു ചിലർ കൊടുക്കുന്ന വ്യാഖ്യാനമിതാണ്: "ക്രിസ്തീയസമൂഹം ദാരിദ്ര്യം അവലംബിക്കണമെന്നതു ക്രിസ്തുവിൻെറ ആജ്ഞയാണ്. അതിനു നീക്കുപോക്കൊന്നുമില്ല. കാരണം, നിത്യരക്ഷയ്ക്കു് അത്യന്താപേക്ഷിതമാണു ദാരിദ്ര്യമെന്നു ക്രിസ്തു കല്പിച്ചു." ഈ നിഗമനം തികച്ചും യുക്തിവിരുദ്ധമാണ്. പാവങ്ങളുടെ മനുഷ്യത്വം അംഗീകരിച്ചാൽ, അവരോടു കാരുണ്യം കാണിച്ചാൽ അതു ദാരിദ്ര്യത്തെ വിലപ്പെടുത്തുകയല്ല. ദരിദ്രരോടു കരുണ കാണിക്കാത്ത കഠിനഹൃദയരായ പണക്കാരുടെ നേരെ സൂചികുഴയുയർത്തിക്കാണി

ച്ചാൽ, അതു ധനത്തെ ശപിച്ചുകൊണ്ടു ദാരിദ്ര്യത്തെ ജീവിതതത്വമായി പ്രഖ്യാപിക്കുകയല്ല. കഷ്ടപ്പെടുന്നവർക്ക് ആശ്വാസവും ആത്മധൈര്യവും കൊടുക്കുമ്പോൾ അതു ദാരിദ്ര്യത്തെ പൂജിക്കയല്ല, ദരിദ്രനേയരാൻ വഴി തുറക്കുകയാണ്.

ധനം അതിൽത്തന്നെ പൈശാചികമല്ലാത്തതുപോലെ ദാരിദ്ര്യം അതിൽത്തന്നെ സുകൃതമല്ല. എല്ലാവരും ദരിദ്രരാകണമെന്നു ക്രിസ്തു പറഞ്ഞിട്ടുമില്ല. ദാരിദ്ര്യമല്ല ധനത്തിന്റെ പരിത്യാഗമാണ് സുകൃതം. ഗിരിപ്രഭാഷണത്തിൽ ക്രിസ്തു ഭാഗ്യവാന്മാരെന്നു പ്രഖ്യാപിച്ചതു വെറും ദരിദ്രരെയല്ല, ദാരിദ്ര്യത്തിന്റെ അരൂപിയുള്ളവരെയാണ്; കഞ്ഞിക്കു വക നേടാൻ കഴിവില്ലാത്തവരെയല്ല; പണം, പ്രതാപം എന്നിവയോടു പററിപ്പിടിച്ചു നില്ക്കാത്തവരെയാണ്. ദൈവമഹത്വത്തിനായി വേണ്ടിവന്നാൽ, തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിക്കാൻ സന്നദ്ധരാകുന്നവരേ ഭാഗ്യവാന്മാരെന്ന പേരിന് അർഹരാകയുള്ളു. ഒരു മനുഷ്യൻ ഏററം ദരിദ്രനാണെങ്കിൽത്തന്നെയും അയാൾ സൃഷ്ടവസ്തുക്കളോടു കൂടുതൽ ഒട്ടിച്ചേർന്നു നില്ക്കുകയും പണത്തെ അതിരു കടന്നു പ്രേമിക്കുകയും ചെയ്യുന്നവെങ്കിൽ, ആ മനുഷ്യനിൽ ദാരിദ്ര്യത്തിന്റെ അരൂപിയില്ല. എന്നാൽ, ഇനി ഒരു പണക്കാരൻ തന്റെ സ്വത്തിനോടു മിതമായ പ്രതിപത്തിപോലും കാണിക്കുന്നില്ലെങ്കിൽ അയാളിൽ ദാരിദ്ര്യത്തിന്റെ അരൂപിയുണ്ട്. മനസ്സില്ലാതെയും പിറുപിറുപ്പോടും കൈയേൽക്കുന്ന ദാരിദ്ര്യത്തെക്കാൾ ദൈവദൃഷ്ടിയിൽ വിലപ്പെട്ടതു സ്വമനസ്സാലെ സ്വീകരിക്കുന്ന ഈ ദാരിദ്ര്യമാണ്.

ദാരിദ്ര്യം—അതിൽ രക്ഷയുടെ പൊരുളൊന്നുമില്ല. നാശത്തിന്റെ വിത്തുമല്ലതു്. എന്നാൽ, പുണ്യസമ്പാദനത്തിനുള്ള ഒരു വഴിയാണതു്. പണത്തിൽനിന്നു പൊന്തിവരുന്ന അപത്തിൽനിന്നു രക്ഷ നേടാം. എന്നാൽ, ദാരിദ്ര്യം അനിവാര്യമല്ല; സ്വഭാവികവുമല്ല. അതിനെ അകററാൻ ശ്രമിക്കണ

മെന്നുതന്നെയാണു ക്രിസ്തുവും പ്രസ്താവിച്ചിട്ടുള്ളതു്. "ദരിദർ സദാ നിങ്ങളുടെകൂടെ ഉണ്ടു്" (വി. ജോൺ. xii. 8). ചിലർ ഇതുകേട്ടു ക്രിസ്തു ദാരിദ്ര്യത്തിനു സ്ഥിരപ്രതിഷ്ഠ നല്കിയെന്നു് അനുമാനിക്കുന്നു. ഇതിനെ മുറുകെപ്പിടിച്ചുകൊണ്ടു ചില സാമൂഹികശാസ്ത്രജ്ഞന്മാർ തട്ടിവിടുന്നു, ക്രിസ്തുമതത്തിൽ സാമൂഹികബോധമില്ലെന്നും, ക്രിസ്തുമതം ദാനധർമ്മത്തിന്റെ ചുമതലയെ അവഗണിക്കുന്നുവെന്നുമൊക്കെ. പാവങ്ങൾ എപ്പോഴുമുണ്ടായിരിക്കും. അതിനാൽ, ദുരിതവും ദാരിദ്ര്യവുമകററാൻ ശ്രമിക്കേണ്ടാ. ആ ശ്രമം പാഴ്‌വേലമാത്രമായിരിക്കും. കാരണം, ദൈവപരിപാലനയുടെ ഒരു ഭാഗമത്രേ ദാരിദ്ര്യം. മനുഷ്യനെ അതു വലയം ചെയ്യുമ്പോൾ അതിൽനിന്നകന്നുപോകാൻ ശ്രമിക്കുന്നതു ദൈവപരിപാലനയുടെനേർക്കുള്ള എതിർപ്പാണു്. ഇങ്ങനെ പോകുന്നു അവരുടെ വാദം.

ഈ വ്യാഖ്യാനം തികച്ചും അടിസ്ഥാനരഹിതമാണു്. നമുക്കു് ഇതിന്റെ പശ്ചാത്തലം പരിശോധിക്കാം. ഗുരുവിന്റെ കാലുകളെ പാപിനിയായ മഗ്ദലേനാ സുഗന്ധതൈലത്താൽ അഭിഷേകം ചെയ്തപ്പോൾ പണക്കൊതിയനായ യൂദാസ് പറഞ്ഞു: "ഈ തൈലത്തിനു ചെലവാക്കിയ പണം പാവങ്ങൾക്കു കൊടുക്കാമായിരുന്നല്ലോ." അതു കേട്ടപ്പോൾ ക്രിസ്തു പ്രതിവചിച്ചു: "പാവങ്ങൾ എപ്പോഴും നിങ്ങളുടെകൂടെയുണ്ടല്ലോ. ഞാനോ, എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കയില്ല. എന്റെ ശരീരത്തിൽ തൈലം പൂശിയ ഇവൾ എന്റെ ശവസംസ്കാരത്തിനായി ഇതു ചെയ്തിരിക്കുന്നു. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. എന്റെ സുവിശേഷം പ്രസംഗിയ്ക്കപ്പെടുന്ന സ്ഥലത്തൊക്കെയും ഇവൾ ചെയ്ത കാര്യവും ഇവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കപ്പെടും" (വി. മാത്യു xxvi. 11-13). മരിയമഗ്ദലേനയുടെ പശ്ചാത്താപത്തിന്റെ ആഴവും സ്നേഹത്തിന്റെ തീക്ഷ്ണതയും അറിയു

വാൻ കഴിയാത്തവരുടെ ഹൃദയകാഠിന്യത്തെയാണു ക്രിസ്തു കുററപ്പെടുത്തിയത്. ഗുരുവിന് ഏറെത്താമസിയാതെ തങ്ങളെ വിട്ടുപിരിയേണ്ടിവരും. നേരിട്ട് അവിടുത്തെ ഇനിയൊരിക്കലും സേവിക്കാൻ അവസരം കിട്ടുകയില്ല; എന്നാൽ, അവിടുത്തെ നാമത്തിൽ, പാവങ്ങളെ സ്നേഹിച്ചു സേവിക്കുവാൻ പിന്നേയും തങ്ങൾക്ക് അവസരം കിട്ടും എന്നൊക്കെ ശിഷ്യജനങ്ങൾക്കപ്പോൾ മനസ്സിലായി. ക്രിസ്തു ഉദ്ദേശിച്ചതും അതുതന്നെയായിരുന്നു.

വിശാലമായ ഈ ലോകവും അതിലെ സ്വാർത്ഥതൽപരരായ ആളുകളും ഉള്ളിടത്തോളംകാലം പാവങ്ങൾ എന്നും പിച്ചപ്പാളയുമായി അലയേണ്ടിവരും. അവരുടെ കൂട്ടത്തിൽപ്പെടുത്താം അശക്തരേയും രോഗികളേയും. പ്രകൃതിതന്നെ കൊടുത്തിട്ടുള്ള ശാരീരികവും മാനസികവുമായ കഴിവുകേടുകളിൽനിന്നു വരുന്ന വിധികല്പിതമായ അസമത്വങ്ങൾ എല്ലായ്പ്പോഴുമുണ്ടായിരിക്കും. കണ്ണീരും കഷ്ടതയും ലോകത്തില്ലാതാകയുമില്ല. ദാരിദ്ര്യം ലോകത്തിൽ അവസാനിക്കുകയില്ലെന്നു കരുതി ദരിദ്രരുടെ നേരേയുള്ള കടമകളെ മറന്നുകളയുവാൻ തത്രപ്പെടരുത്. ഇല്ലായ്മകളെ മാററുവാനും പട്ടിണിയെ അകററുവാനുമുള്ള മനുഷ്യധർമ്മം അവഗണിക്കയുമരുത്. ക്രിസ്തുവിൻെറ ഇതരപ്രബോധനങ്ങളിൽ നിന്നിതു വ്യക്തമാകും.

അരിഷ്ടതകളെ പുലർത്തുവാനല്ല, അവയെ അകററുവാനാണു ക്രിസ്തു ആജ്ഞാപിക്കുന്നത്. പരസ്നേഹത്തിൻെറ പ്രമാണത്തെ—അയൽക്കാരനെ സ്നേഹിക്കുക എന്ന പ്രധാനമായ കല്പനയെ—ക്രിസ്തു അനുയായികൾക്കു നല്കി. പണക്കാരും പാവങ്ങളും പ്രഥമശിഷ്യന്മാരും പിന്നീടു ചേർന്നവരും എല്ലാം അനുസരിക്കേണ്ട കല്പനയാണിതു്. മനുഷ്യജീവിതത്തെപ്പററിയുള്ള ക്രൈസ്തവപ്രബോധനങ്ങളിൽ രണ്ടു

ഘടകങ്ങളുണ്ട്—സ്വർഗ്ഗീയ പിതാവിനോടുള്ള വിശ്വാസം, സാഹോദര്യം നിർദ്ദേശിക്കുന്ന ചുമതലകളോടുള്ള വിശ്വസ്തത. പ്രായോഗികമായ പരസ്നേഹത്തിൻെറ കടമ ക്രിസ്തുവിൻെറ ധാർമ്മികപ്രമാണങ്ങളിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്നുണ്ട്. ഈ പരസ്നേഹകൃത്യങ്ങളുടെ സ്തുത്യർഹമായ നിർവഹണം അനുസരിച്ചത്രേ ആദിമക്രിസ്ത്യാനികൾ ഒരുവനെ അനുഗൃഹീതനെന്നു സംബോധനചെയ്തുവന്നത്. അവരുടെ ദൃഷ്ടിയിൽ പരസ്നേഹമില്ലാത്തവർ ശാപമേററവരായിരുന്നു. "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങളെനിക്കു കുടിക്കുവാൻ തന്നു. ഞാൻ നഗ്നനായിരുന്നു; നിങ്ങളെന്നെ ഉടുപ്പിച്ചു." ഈ വാക്കുകൾ അവരുടെ കാതുകളിൽ എപ്പോഴും മുഴങ്ങിക്കൊണ്ടേയിരുന്നു.

പാവങ്ങളെ സഹായിക്കുക ക്രിസ്തീയ ജീവിതത്തിൽ അവശ്യം വേണ്ട സുകൃതമായി പരിഗണിക്കപ്പെടുന്നു. ക്രിസ്തുവിൻെറ ആഗമനത്തോടെയാണ് അതിനു ലോകത്തു സ്ഥാനം ലഭിച്ചത്. പരസ്നേഹം പുരാതന ജനങ്ങൾക്ക് അജ്ഞാതമായിരുന്നില്ല. എന്നാൽ, ക്രൈസ്തവസ്നേഹത്തിൽനിന്നു വളരെയേറെ വിഭിന്നമായിരുന്നു പേയ്ഗൻ ഭൂതദയ. അവശരും പാവങ്ങളും ക്രൈസ്തവസ്നേഹത്തിനു മുമ്പിൽ സുരക്ഷിതരും സംപൂജ്യരുമാണ്. പേയ്ഗൻ ജനത നിന്ദയോടേ പാവങ്ങളുടെനേരേ നാണയത്തുട്ടുകൾ എറിഞ്ഞുകൊടുത്തെങ്കിൽ ക്രിസ്തീയസ്നേഹം സാഹോദര്യത്തിൻെറ സ്നേഹവായ്പോടേ ദരിദ്രനെ ആശ്ലേഷിച്ചു സഹായിച്ചിരുന്നു. പേയ്ഗന് അതൊരു ശല്യമൊഴിക്കലാണെങ്കിൽ, ക്രിസ്ത്യാനിക്കതൊരു കർത്തവ്യമാണ്. അതാണു ക്രൈസ്തവസ്നേഹത്തിൻെറ സവിശേഷത. മിച്ചംവരുന്നതെല്ലാം പെട്ടിയിൽവച്ചു പൂട്ടാതെ

പാവങ്ങൾക്കു കൊടുക്കാൻ കടപ്പെട്ടവരാണു നാം. "നിനക്കു ള്ളതു പാവങ്ങൾക്കു കൊടുക്കുക; രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ." ഇങ്ങനെയുള്ള സുവിശേഷവാക്യങ്ങളാണ് അത്ഭുതാവഹമായ ഉപവിപ്രവർത്തനങ്ങൾക്കു ക്രൈസ്തവരെ പ്രചോദിപ്പിക്കുന്നതു്. മനുഷ്യരാശിയെ കരണ്ടുതിന്നുന്ന ദാരിദ്ര്യത്തെ അടിച്ചോടിക്കാൻ എക്കാലത്തേയുംകാൾ ഇന്നു പല പ്രസ്ഥാനങ്ങളും നടപ്പിലായിട്ടുണ്ടു്. മിക്കതും ക്രൈസ്തവർതന്നെയാണ് ഏറെറടുത്തിരിക്കുന്നതു്. അതിൽ നമുക്കഭിമാനിക്കാം. നീതിയുടേയും സ്നേഹത്തിൻേറയും വെന്നിക്കൊടിയുമേന്തി പട്ടിണിയോടും കഷ്ടതകളോടും ധർമ്മസമരം ചെയ്യുന്ന ഇവരുടെ വീരോചിതപ്രവൃത്തികളെ ലോകം അംഗീകരിക്കണം.

ദാരിദ്ര്യവും കഷ്ടതകളും അകററുവാൻ ഉപവിപ്രവൃത്തികളെ മാത്രമല്ല സഭ ആശ്രയിക്കുന്നതു്. അവയുടെ കഴിവിൻെറ പരിധിവരെ മനുഷ്യവർഗ്ഗത്തിൻെറ ദുരിതങ്ങൾ മാററുവാൻവേണ്ടി ഉപവിപ്രവൃത്തികൾ നേരിട്ട് ഏററടുക്കുന്നുവെന്നുമാത്രം. എന്നാൽ, കൂടുതൽ വ്യാപകമായും അടിസ്ഥാനപരമായും ദാരിദ്ര്യത്തിൻെറ പ്രശ്നത്തെ നേരിടുന്നതവളുടെ സാമൂഹികസന്ദേശം വഴിയാണ്. രാഷ്ട്രങ്ങളും സമൂഹങ്ങളും വ്യവസായസ്ഥാപനങ്ങളും ഭൂവുടമകളുമെല്ലാം അവളുടെ സാമൂഹികസന്ദേശം ചെവിക്കൊള്ളട്ടെ. ഇന്നത്തെ ദാരിദ്ര്യവും ഇല്ലായ്മയും എല്ലാം മാറി സമൃദ്ധിയുടെ ഒരു യുഗം ഉദയം ചെയ്യും. സഭയുടെ പരസ്നേഹപ്രവർത്തനവും സാമൂഹികസന്ദേശവും ഗ്രഹിച്ചിട്ടുള്ളവർക്കാർക്കും മനുഷ്യരെല്ലാം ദാരിദ്ര്യത്തിൽക്കഴിയണമെന്നാണ് അവളുടെ താൽപര്യമെന്നു പറയുക സാദ്ധ്യമല്ല.

ആധുനികലോകം പല പ്രശ്നങ്ങളേയും നേരിടുന്നുണ്ടു്. നമ്മുടെ യുഗത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും രാ

ഷ്ടങ്ങൾക്കും കെടുതികൾ ഭവിച്ചിട്ടുണ്ട്. എന്നാൽ, എല്ലാ തരം മാനുഷികപ്രശ്നങ്ങൾക്കും പ്രതിവിധി ക്രിസ്തുവിന്റെ അനന്തബുദ്ധിനിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യവർഗ്ഗം ക്രിസ്തുവിന്റെ നേതൃത്വം അംഗീകരിക്കട്ടെ. അവിടുത്തെ സന്ദേശം സ്വീകരിക്കട്ടെ. സഭയുടെ ശീതളച്ഛായയിലേയ്ക്കു പ്രവേശിക്കട്ടെ. നമ്മുടെപ്രശ്നങ്ങളെല്ലാം അവസാനിക്കുകയും സ്വർഗ്ഗീയശാന്തിയിൽ നമ്മുടെ മനുഷ്യത്വം ഒരു മോഹനരൂപം കൈക്കൊള്ളുകയും ചെയ്യും.

*L. D. V. M.*

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 200 *Acc. No.* 13376

This book should be returned on or before the date last stamped below.

22 OCT 1968
13 AUG 1977
12 DEC 1985
18 AUG 1987
9 DEC 1993
9 NOV 2002
1 JAN 2003
-4 SEP 2004

ന ൩൦൦ 13376

ഒക്കടപ്രവേശി. ജ്വി. ജി

പുരോഗതിയുടെ മാഗ്ഗ

ത്തിൽ.

വില. 6 0

2 0




Indic Digital Archive Foundation
gpura.org